www.malankaralibrary.com

# എക്യുമെനിസം



ക്ളിച്ച്മല

www.malankaralibrary.com

# എക്യുമെനിസം

www.malankaralibrary.com

# ECUMENISM

[Malayalam]

**Fr. Varghese Kilichimala**
Chunkappara

First Published December 1978

Printed at the–
St. Joseph's Printing House, Tiruvalla

Price Rs. 12.00

Copy right
Fr. Varghese Kilichimala

cover
Fr. Kuruvilla Parakadavil

Published by
Abraham K. Varghese

Distributors
Santhinilayam, Tiruvalla.

www.malankaralibrary.com

# എക്യുമെനിസം

Fr Mathew Ponnamalil

ഫാ. വറുഗീസ് കിളിച്ചിമല എം. എ

വിതരണം

ശാന്തിനിലയം, തിരുവല്ലാ

വില 12. 00

www.malankaralibrary.com

# ഫാ. വറുഗീസ് കിളിച്ചിമലയുടെ കൃതികൾ

എക്യുമെനിസം

* വിശ്രമവും വിചിന്തനവും (പ്രബന്ധങ്ങൾ)

* പുലരിപ്പൂക്കൾ (കവിതാസമാഹാരം)

* ആദർശദീപങ്ങൾ (ജീവിതചിത്രീകരണം)

* മോൺ. വടശ്ശേരി (ജീവചരിത്രം)

വി. ജോൺ വിയാനി ( ,, )

ബർണദീത്താ ( ,, )

ഐക്യത്തിന്റെ വിളി (പ്രബന്ധം)

അന്ത്യോക്യയോ റോമയോ ( ,, )

കണ്ണുതുറപ്പിച്ച വട്ടിപ്പണം (കഥാപ്രസംഗം)

## തയ്യാറാകുന്നു

എക്യുമെനിസ പ്രശ്നങ്ങൾ

* ഈ അടയാളമുള്ള പുസ്തകങ്ങൾ സ്കൂൾലൈബ്രറിക്ക് അംഗീകരിച്ചിട്ടുള്ളവയാണ്.

www.malankaralibrary.com

# പ്രസ്താവന

അനർഹരംഗത്തു പ്രവേശിച്ചുകൂടാ എന്നൊരു നിർദ്ദേശം— ഡയലോഗിനെക്കുറിച്ചുള്ള ചർച്ചയ്ക്കിടയിൽ— ഈ ഗ്രന്ഥത്തിലുണ്ട്. വേലിതന്നെ വിള തിന്നുന്നുവെന്ന പഴി, തന്മൂലം അനുവാചകൻ ഈ എഴുത്തുകാരൻെറ മേൽ ആരോപിച്ചേക്കാം. എക്യുമെനിസത്തെക്കുറിച്ചു പറയാൻ എന്നേക്കാൾ അംഗീകൃതരായ വ്യക്തികൾ നമ്മുടെ നാട്ടിലുണ്ടല്ലോ.

കേവലം നിർബന്ധത്തിൻെറ പേരിലത്രേ എക്യുമെനിസത്തിലേക്കു എൻെറ ശ്രദ്ധ തിരിഞ്ഞത്. 1964-നു ശേഷം തിരുവല്ലാ കേന്ദ്രമാക്കി സംഘടിപ്പിക്കപ്പെട്ട ചില സെമിനാറുകളിൽ ഈ വിഷയത്തെക്കുറിച്ചു സംസാരിക്കാൻ ഞാൻ നിയോഗിതനായി. ക്രൈസ്തവകാഹളം പരിഷ്കരിച്ചു പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ അതിൻെറ പത്രാധിപസമിതിയംഗമെന്ന നിലയിൽ ക്രൈസ്തവൈക്യത്തിൻെറ ഈ പ്രമുഖ വിഷയം എനിക്കു ഭരമേൽക്കേണ്ടി വന്നു. ഈ വിഷയം സംബന്ധിച്ചുള്ള എൻെറ ലേഖനങ്ങളും പ്രസംഗങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളിൽ സ്ഥാനം പിടിക്കയും ചെയ്തു.

1953 ഡിസംബർ 3—ാം തീയതി അത്യുന്നത കർദ്ദിനാൾ എവുജിൻ തിസരോങ് തിരുമേനിയിൽ നിന്നു മംഗലപ്പുഴ സെമിനാരിച്ചാപ്പലിൽ വെച്ചു പുരോഹിതാഭിഷിക്തരാകയും കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കയും ചെയ്യുന്ന വൈദികരുടെ ഒരു സമ്മേളനം 1978 മാർച്ച് 28—ാം തീയതി കൊല്ലം മാർ എപ്രേം സെമിനാരിയിൽ നടത്തപ്പെട്ടതിൽ ഞാനും സംബ

www.malankaralibrary.com



ന്ധിച്ചിരുന്നു. 8–12–53–ൽ ഞങ്ങൾക്കു ലഭ്യമായ ഭാഗ്യകർമ്മത്തിന്റെ രജതജൂബിലി 8–12–1978 ലാണെന്നുള്ള വസ്തുത തദവസരത്തിലത്രേ അവിടെ കൂടിയ ഒട്ടുമിക്കവർക്കും ഓർമ്മവന്നത്. ഗുരുപ്പട്ടവേളയിൽ വി. ജോൺ വിയാനി എന്ന പുസ്തകം പ്രകാശിപ്പിച്ചിട്ടുള്ള എനിക്ക് ഗുരുപ്പട്ട രജതജൂബിലി സ്മരണയ്ക്കായും ഒരു ഗ്രന്ഥം വേണമെന്നുള്ള ആഗ്രഹമുണ്ടായി. എക്യുമെനിസത്തെക്കുറിച്ചു വിവിധ പ്രസിദ്ധീകരണങ്ങളിലുള്ള എന്റെ ലേഖനങ്ങൾ സമാഹരിക്കുന്നതാവും ഏററം അവസരോചിതമെന്ന് ക്രൈസ്തവൈക്യസാഹിത്യരംഗത്ത് എളിയസേവനം നിർവ്വഹിച്ചിട്ടുള്ള എനിക്ക് തോന്നി.

ആധുനിക ക്രൈസ്തവചരിത്രത്തിലെ ഏററം വലിയ ചലനമായ ഈ വിഷയം കഴിവതും സമഗ്രമായി പഠിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള എക്യമെനിസചിന്തകന്മാരുടെ കൃതികളെ അങ്ങനെയാണ് ഞാൻ പരിചയിച്ചിട്ടുള്ളത്. ജോൺ ഓബ്രിയൻ, ആൽബർട്ട് കാർഡിനൽ മേയർ, ലീററൽ, മക്കഫീ ബ്രൗൺ, ക്യുങ്, കാംബാർത്ത്, യാവ് കോംഗാർ, ബർണാർഡ് സി. പൗളി, മാക്സ്തുര്യൻ, ജോസഫ് ഡെ സ്മെ, കോഴ്സൻ, കുഷിംഗ്, മാർട്ടി, റാനർ, ഗ്രിഗറി ബാം, കാർഡിനൽ ബയാ തുടങ്ങിയവരുടെ കൃതികൾ എന്റെ ചിന്തയെ സ്വാധീനിച്ചിട്ടുണ്ട്.

ഈ പുസ്തകം നാലു ഭാഗങ്ങളായി തിരച്ചിരിക്കുന്നു. എക്യുമെനിസനവോത്ഥാനം എന്ന ഒന്നാം ഭാഗത്ത് എക്യുമെനിസം എന്ത് ?, പിളർപ്പും നെടുവീർപ്പും എന്നിങ്ങനെ രണ്ടധ്യായങ്ങളാണുള്ളത്. എക്യുമെനിസത്തിന്റെ സ്വഭാവം, അ

www.malankaralibrary.com



ത്തിന്റെ ആവശ്യകത, വിവിധ തലങ്ങളിലുള്ള അതിന്റെ മുന്നേററം എന്നിവയെല്ലാം ഇവിടെ വിശദീകരിച്ചിരിക്കുന്നു. ഡയലോഗ് മനോഭാവം എന്ന മൂന്നാം ഭാഗത്ത് സൗഹൃദാന്തരീക്ഷസൃഷ്ടി, ഡയലോഗിന്റെ ലക്ഷണങ്ങൾ എന്നീ അധ്യായങ്ങളിലൂടെ പ്രായോഗിക തലത്തിലുള്ള എക്യുമെനിസം വരച്ചുകാട്ടുന്നു. പതിനാറോളം തലയെടുപ്പുള്ള ചിന്തകന്മാർ ഈ നൂതനചിന്താസരണിയ്ക്കു നല്കുന്ന സംഭാവനകളാണ് എക്യുമെനിസചിന്തകന്മാർ എന്ന നാലാം ഭാഗത്തിലെ പ്രതിപാദ്യം.

എക്യുമെനിസവും പുനരൈക്യവും എന്ന രണ്ടാം ഭാഗത്തു ആറു അധ്യായങ്ങളാണുള്ളത്. ഒരു ലക്ഷ്യം ഇരു വഴി, വിചാരപരതയോ വികാരപരതയോ ഏതാണാദ്യം ?, സഭാ ഭിന്നതയുടെ വൈകാരിക കാരണങ്ങൾ, സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം, അധുനാതനീകരണം അനിവാര്യം, മാർ ഈവാനിയോസിന്റെ പ്രസ്ഥാനവും എക്യുമെനിസവും എന്നീ അധ്യായങ്ങളിലൂടെ പുനരൈക്യവും എക്യുമെനിസവും തമ്മിലുള്ള അന്തരം വെളിപ്പെടുത്തുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള വിശദമായ പഠനം മററു കൃതികളിൽ നിന്നു ലഭിച്ചിട്ടില്ലാത്തതിനാൽ ഇവിടെ നല്കിയിട്ടുള്ളത് ഈ ലേഖകന്റെ വ്യക്തിപരമായ പഠനങ്ങളും നിഗമനങ്ങളുമാണ്. ഇവയുടെ നന്മക്കോ തിന്മക്കോ ഉള്ള ഉത്തരവാദിത്വം എനിക്കു മാത്രമാണ് നല്ല നിർദ്ദേശങ്ങൾ നല്കുമെങ്കിൽ തിരുത്തൽ വരുത്തുന്നതിനും എനിക്കു സന്നദ്ധതയുണ്ട്. എന്റെ നിഗമനങ്ങളെ താഴെപ്പറയുന്നവിധം സംഗ്രഹിക്കാം.

ഒരേ ലക്ഷ്യത്തിലേക്കുള്ള ഇരുവഴികളാണ് പുനരൈക്യവും എക്യുമെനിസവും. സഭാഭിന്നതയ്ക്കുള്ള യുക്ത്യധിഷ്ഠിത പ്രതിവിധി പുനരൈക്യം, അതിനുള്ള സ്നേഹാധിഷ്ഠിത പ്രതി

www.malankaralibrary.com



വിധി എക്യുമെനിസം. യുക്ത്യധിഷ്ഠിതവഴിയെ, സത്യാധിഷ്ഠിത മാർഗ്ഗം, സഭാഭിന്നതയുടെ ദൈവശാസ്ത്രപരങ്ങളായ ഘടക (Theological factors)ങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതി എന്നെല്ലാം വിളിക്കാം. സ്നേഹാധിഷ്ഠിത പ്രതിവിധിയെ വൈകാരിക മാർഗ്ഗം, മനശ്ശാസ്ത്രപ്രതിവിധി, സഭാഭിന്നതയുടെ ദൈവശാസ്ത്രപരങ്ങളല്ലാത്ത ഘടക(Non theological factors)ങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള പദ്ധതി എന്നെല്ലാം നാമകരണം ചെയ്യാം. ഒരേ സഭാഭിന്നതയ്ക്കു തന്നെ യുക്ത്യധിഷ്ഠിതകാരണവും വൈകാരികകാരണവും ഉണ്ടാകാം. യുക്ത്യധിഷ്ഠിത കാരണങ്ങളെക്കാരം വൈകാരികകാരണങ്ങളാണ് സഭാഭിന്നതയ്ക്കു ഏറിയകൂറും നിദാനം എന്നത്രേ മലങ്കരയിലെ ഒരു ഭിന്നതയുടെ കഥ അപഗ്രഥിച്ചു കൊണ്ടു എത്തുന്ന നിഗമനം.

വിവിധ തലങ്ങളിലുള്ള ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെ അവലംബമാക്കി നടത്തുന്ന ഉൽഗ്രഥനപഠനത്തിൽ നിന്ന് സഭാഭിന്നതയുടെ വൈകാരിക കാരണങ്ങളെ രണ്ടു ഇനങ്ങളായി തിരിക്കുന്നു. "സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം", "വ്യക്തിത്വവികസന ഭഞ്ജനം" എന്നിങ്ങനെ അവയ്ക്കു പേരു കല്പിക്കയും ചെയ്യുന്നു. ഈ രണ്ടു പ്രതിബന്ധങ്ങൾക്കും സമർത്ഥമായ പ്രതിവിധി പ്രമാണരേഖകളിലൂടെ വത്തിക്കാൻ കൗൺസിൽ നല്കുന്നുണ്ടെന്നു സമർത്ഥിക്കയും ചെയ്യുന്നു.

ബഥനി പരിവർത്തനത്തിൻെറ വ്യതിരിക്തതകൾ അതിനെ എക്യുമെനിസവുമായി അടുപ്പിക്കുന്നുവെന്നത്രേ മറെറാരു നിഗമനം.

www.malankaralibrary.com



ഈ ആശയങ്ങരം വിറയ്ക്കുന്ന കൈകളോടെയെങ്കിലും സജ്ജനസമക്ഷം വെയ്ക്കുവാൻ എന്നെ ധൈര്യപ്പെടുത്തിയത് പത്രാധിപന്മാരുടെയും അനുവാചകരുടെയും പ്രചോദനമത്രേ. കിട്ടിയ കത്തുകളിലെ ചില വരികരം ഉദ്ധരിക്കട്ടെ: "........അച്ചൻെറ മനോഹരമായ ലേഖനം കിട്ടി. നമ്മുടെ മാസികയ്ക്കു ഏറ്റം പററിയ വിഷയമാണ്. തുടർന്നു അയച്ചു തരണേ.........ജോലിത്തിരക്കിനിടയിലും ഇതിനായി സമയം കണ്ടെത്തിയ അങ്ങയുടെ സന്മനസ്സിനെ എത്ര പുകഴ്ത്തിയാലും അധികമാവില്ല". "— — — I thank you very much for your article. I went through it. — the series will be an asset for our magazine — — —" "— — — എക്യൂമെനിസവും പുനരൈക്യവും തമ്മിലുള്ള വ്യത്യാസം അച്ചൻെറ ലേഖനങ്ങളിൽ നിന്നു മാത്രമേ എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളു — — ". " — — ഡയലോഗിനെക്കുറിച്ചുള്ള ലേഖനപരമ്പര അതീവഹൃദ്യവും രസകരവുമായിരിക്കുന്നു. ഓരോ ഭാഗം കഴിയുമ്പോഴും അടുത്ത ഭാഗം കാണാൻ ഞാൻ ആഗ്രഹിച്ചുകൊണ്ടാണിരിക്കുന്നത്. സന്ദർഭത്തിന് ഏററം പററിയ ഉദാഹരണങ്ങരം നല്കിയിരിക്കുന്നതാണ് എന്നെ വശീകരിച്ച ഒരു കാര്യം — — ". "എക്യുമെനിസത്തിൻെറയുഗത്തിൽ മലങ്കരയിലെ ഐക്യപ്രസ്ഥാനത്തിൻെറ പ്രസക്തി വെളിപ്പെടുത്താൻ അച്ചനു മാത്രമാണ് സാധിച്ചിട്ടുള്ളത് — — — ". "അച്ചൻെറ ലേഖനങ്ങരം വളരെ നന്നായിട്ടുണ്ട്. അച്ചൻ ചെയ്തു തരുന്ന ഉപകാരത്തിനു നന്ദിയായി ഒരു ചെറിയ സംഖ്യ (Rs 100/—) ചെക്കായി ഇതുസഹിതം അയക്കുന്നു ".

www.malankaralibrary.com



"മാർ ഈവാനിയോസിന്റെ പ്രസ്ഥാനവും എക്യുമെനിസവും" എന്ന ലേഖനത്തെ തുറന്നഭിനന്ദിച്ചവരുടെ കൂട്ടത്തിൽ എറണാകുളം സഹായമെത്രാൻ റൈററു റവ. ഡോക്ടർ സെബാസ്ററ്യൻ മങ്കുഴിക്കരിയും ഉൾപ്പെടുന്നു.

എനിക്കു ധൈര്യം പകർന്ന മറെറാരു ശക്തി വെരി. റവ. ഡോക്ടർ സിറിൽ ഒ. ഐ. സി എം. എ., ഡി. സി. എൽ അവർകളുടേതാണ്. അദ്ദേഹം ഈ ഗ്രന്ഥത്തിന്റെ അവതാരികാകാരൻ മാത്രമല്ല. ഏതാണ്ട് ഏഴുകൊല്ലങ്ങൾക്കു മുമ്പ് എക്യുമെനിസസംബന്ധിയായ എന്റെ ചില ആശയങ്ങൾ അറിയിച്ചപ്പോൾ അദ്ദേഹം അതിനു പൂർണ്ണ അംഗീകരണം നല്കയും സ്വന്ത ഗ്രന്ഥങ്ങൾ പഠനത്തിനും പരിശോധനയ്ക്കുമായി ദീർഘകാലത്തേക്കു എനിക്കു വിട്ടുതരികയും ചെയ്തു. ബഥന്യാശ്രമസുപ്പീരിയർജനറൽ എന്ന ഭാരിച്ച ഉത്തരവാദിത്വത്തിന്റെ തിരക്കിനിടയിലും ഇതിന്റെ കൈയെഴുത്തുപ്രതിയിലൂടെ കണ്ണോടിക്കാൻ ആ സ്നേഹഹൃദയൻ സമയം കണ്ടെത്തി. ഈ പുസ്തകം പ്രകാശം കാണുമ്പോൾ അകളങ്കതയുടെ നിറകുടമായ ആ ഉപകർത്താവ് പൗരോഹിത്യത്തിന്റെ മഹോന്നതിയിലേക്കുയരുകയും ബത്തേരി രൂപതയുടെ ഇദംപ്രഥമമെത്രാനായി നിയുക്തനാകയും ചെയ്തിരിക്കയാണ്. സാരഗർഭമായ അവതാരികയിലൂടെ ഈ പുസ്തകശിശുവിനെ തഴുകി തൊടുകുറി അണിയിച്ചു അദ്ദേഹം അനുഗ്രഹിച്ചിരിക്കുന്നു. ആ അഭിവന്ദ്യതയുടെ മുമ്പിൽ ഈ ഇളംശിശു എന്നും പുളകം കൊള്ളും.

ആശംസകളും അഭിപ്രായങ്ങളും കൊണ്ടു ഈ വിനീത കൃതിക്കു ധന്യത വളർത്തുകയും ഇതി

www.malankaralibrary.com



ന്റെ ആവശ്യകത ഉറപ്പിക്കുകയും ചെയ്ത പണ്ഡിതന്മാരും എക്യുമെനിസ തല്പരരുമായ അഭിവന്ദ്യ പൗലൂസ് മാർ പീലക്സിനോസ്, മോൺ. ഐസക്ക് കൂട്ടപ്ളാക്കൽ, റവ. ഡോ. ജോൺ മേളാംപറമ്പിൽ, റവ. ഡോ. ഇഗ്നേഷ്യസ് ഒ. ഐ. സി റവ. ഡോ. ജോൺ പടിഞ്ഞാറേക്കുറ്റ്, ഫാ. ഡോമിനിക്ക് സക്കറിയാ എന്നിവരോടും എനിക്കു കൃതജ്ഞതയുണ്ട്.

ശ്രീ വറുഗീസ് കരിപ്പായിയുടെ സൗഹൃദം എനിക്കു ലഭിച്ചത് 1960 മുതലാണ്. ചെറുതും വലതുമായ ഏതുകാര്യത്തിലും ഒന്നിച്ചിണങ്ങി ഇഴുകിച്ചേരാൻ ഞങ്ങൾക്കു ബദ്ധിമുട്ടുണ്ടായിട്ടില്ല. സമുദായസ്നേഹിയായ ആ യുവസുഹൃത്തിനു എന്നെപ്പററി നല്ല വാക്കു പറയുന്നതിൽ അലംഭാവമില്ല. ആ സൗഹൃദത്തെ ഞാൻ ആദരിക്കുന്നു.

സത്യദീപം, അസീസി, കാർമ്മൽ, ഗൃഹദീപം ക്രൈസ്തവകാഹളം, ഐക്യദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലാണ്. ഇതിലെ ലേഖനങ്ങൾ പ്രകാശിതമായിട്ടുള്ളത് ഈ പുസ്തകത്തെക്കുറിച്ചുള്ള പരസ്യം ചേർത്തു സഹായിക്കുന്നതിനും പ്രസ്തുത പത്രങ്ങൾ സൗമനസ്യം കാണിച്ചു. തലയെടുപ്പുള്ള ഈ പ്രസിദ്ധീകരണങ്ങളുടെ പ്രഗൽഭരായ പത്രാധിപന്മാരോട് എനിക്ക് അതീവകൃതജ്ഞതയുണ്ട്.

റവ. ഫാ. തോമസ്സ് കൊടിനാട്ടുകുന്നേലിന്റെ നേതൃത്വത്തിലുള്ള തിരുവല്ലാ സെൻറ് ജോസഫ്സ് പ്രിൻറിംഗു ഹൗസിലെ മുദ്രണകലാ

www.malankaralibrary.com



കുശലരായ പ്രവർത്തകരുടെ സഹകരണമാണ് ഇതിൻെറ അച്ചടി അഴകുള്ളതാക്കിയത്.

ഓടിച്ചു വായിച്ചുരസിക്കുവാൻ ഇക്കൃതി ആരും കൈയിൽ എടുക്കരുതെന്നും അർഹിക്കുന്ന ഗൗരവത്തോടെ ഇതിലെ വിഷയങ്ങൾ പഠനത്തിനും പരിചിന്തനത്തിനും വിധേയമാക്കണമെന്നുമത്രെ വായനക്കാരോട് എനിക്കുള്ള അർത്ഥന. ഈവലിയ വിഷയത്തെക്കുറിച്ചുള്ള പഠനത്തിന് ഇതു ആർക്കെങ്കിലും പ്രേരണ നല്കുമെങ്കിൽ ഞാൻ കൃതകൃത്യനായി.

ചുങ്കപ്പാറ,

8-12-1978 ഗ്രന്ഥകർത്താ

ഗുരുപ്പട്ട രജത

ജൂബിലിദിനം.

www.malankaralibrary.com

## അവതാരിക

ക്രൈസ്തവലോകത്തെ ആകമാനം ഉണർത്തി ഉത്തേജിപ്പിക്കുന്ന ഒരു നൂതനചൈതന്യമാണ് എക്യുമെനിസം എന്ന ആധുനിക പ്രതിഭാസം. ആ ആവേശം പകരാത്ത ക്രൈസ്തവസഭകളോ അതിന്റെ അലയടി ഉൾക്കൊള്ളാത്ത ഐക്യപ്രവർത്തനങ്ങളോ ഇന്നു വിരളമാണ്. ആധുനിക ലോകത്തെ അത്രമാത്രം ആ ചൈതന്യവിശേഷം ചൊടിപ്പിച്ചിരിക്കുന്നു.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ഇളംതെന്നൽ പോലെ സഭാന്തരീക്ഷത്തിലേക്കു കടന്നുവന്ന ആ ചിന്താധാര സുപ്രസിദ്ധമായ രണ്ടാംവത്തിക്കാൻ സൂന്നഹദോസിന്റെ ആശയഗാംഭീര്യം ആർജ്ജിച്ചെടുത്തു ഒരു പ്രചണ്ഡമാരുതനായി രൂപാന്തരപ്പെട്ടു; അപ്രതിരോധ്യമായ ആ കൊടുംകാററ് ക്രൈസ്തവലോകത്തു ചുററിയടിക്കയും ചെയ്തു. അതിന്റെ കരുത്തേറിയ നീക്കത്തിൽ പാറപോലെ ഉറച്ചു നിന്ന വിഭജനക്കോട്ടകൾ ഉതിർന്നു വീണു; മുൻവിധിയുടെ മൺകൂനകൾ ഇടിഞ്ഞു തകർന്നു; ഇരുണ്ടുയർന്ന ഉൾപ്പോരുകളും വിദ്വേഷവിഷം കലർന്ന കാർമേഘപടലങ്ങളും സഭാന്തരീക്ഷത്തിൽ നിന്നകന്നുപോയി; ക്രൈസ്തവസഭകൾ ഒരു പുതുയുഗത്തിലേക്കു വഴുതിവീണു. ഈ നവചൈതന്യം സഭകളെ ഐക്യത്തിന്റെ പാതയിലേക്കു പൂർവ്വാധികം അടുപ്പിച്ചു. സ്നേഹത്തിന്റെ കൂട്ടായ്മയിൽ യേശുവിന്റെ സമൂഹമായി എവിടെയും എപ്പോഴും നിലനിൽക്കുന്നതിനും മാനവരാശിയെ ദൈവത്തിന്റെ മക്കളാക്കി നിത്യജീവനിൽ പങ്കുചേർക്കുന്നതിനും ക്രിസ്തീയ കൂട്ടങ്ങൾ പ്രതിജ്ഞാബദ്ധമായി,

www.malankaralibrary.com



പ്രബുദ്ധതയാർന്ന ഒരു പ്രസ്ഥാനമായി എക്യുമെനിസം വളർന്നുവെങ്കിലും വിവിധങ്ങളായ പ്രതികരണങ്ങളാണ് അതുണർത്തിയത്. ചിലർ അതിനെ നഖശിഖാന്തം എതിർത്തു, മററു ചിലർ വാനോളം പുകഴ്ത്തി; ചിലർ അതിൻെറ വളർച്ച കൊതിച്ചു: മററു ചിലർ അതിൻെറ തളർച്ച ആഗ്രഹിച്ചു; ഒരു കൂട്ടർ അതിനെ അപ്രായോഗികമെന്നു മുദ്രകുത്തി; മറെറാരു കൂട്ടർ അതിനെ പരീക്ഷണതലത്തിൽ ഒതുക്കി നിർത്തി; സഭയുടെ ഏററം പുതിയചൈതന്യ മുഖമെന്നു ഒരു ഗണമതിനെ വിശേഷിപ്പിച്ചു, അതു സഭയുടെ അടിത്തറ തന്നെ ഇളക്കിക്കളഞ്ഞുവെന്നു വേറൊരുകൂട്ടം അപലപിച്ചു. ഒന്നോ രണ്ടോ വ്യത്യസ്തഭാവങ്ങളല്ല എക്യുമെനിസം ഉണ്ടാക്കിയിട്ടുള്ളത്.

എക്യുമെനിസം എന്ന ആശയവും അതിൻെറ അടിസ്ഥാന ലക്ഷ്യവും പ്രവർത്തനശൈലിയും നേരാംവണ്ണം ഗ്രഹിക്കാത്തതു മൂലം ഉളവാകുന്നതത്രേ ഈ പുതിയ വഴിത്താരയിൽ ഇന്നു കിളർ കാണുന്ന വിലങ്ങുതടികറം എല്ലാം തന്നെ. സത്യത്തിൽ, ക്നുപ്തമായ ആശയമല്ല എക്യുമെനിസത്തെപ്പററി ജനങ്ങളുടെയിടയിൽ പരന്നിട്ടുള്ളത്. പലപ്പോഴും വികലമായിട്ടത്രേ അത് അവതരിപ്പിക്കപ്പെടുന്നത്. ഭാഷയുടെ പ്രശ്നം മാത്രമല്ല ഇവിടെ വിവക്ഷ. എക്യുമെനിക്കൽ പ്രവർത്തനങ്ങറം തന്നെയും ലക്ഷ്യം തെററിയും ഉന്നം പിഴച്ചുമാണ് നീങ്ങുക. അതിനാൽ തന്നെ ആ പ്രവർത്തനങ്ങറം അപ്രസക്തങ്ങളാകുകയും അവയെ ചുററിപ്പററിയുള്ള മുൻവിധികറക്കു ആക്കം കൂടുകയും ചെയ്യും. ഈ ദുസ്ഥിതി എക്യുമെനിക്കൽ പ്രസ്ഥാനത്തോട് വിരസത ജനിപ്പിക്കുമെന്നു മാത്രമല്ല, ഐക്യപ്ര

www.malankaralibrary.com



വർത്തനങ്ങളെത്തന്നെ നിഷ്ഫലമാക്കുക കൂടി ചെയ്യും.

അതുകൊണ്ട്, എക്യുമെനിക്കൽപ്രസ്ഥാനത്തിന്റെ അടിസ്ഥാനസ്വഭാവമെന്തെന്നും ക്രൈസ്തവ വീക്ഷണത്തിൽ അതിന്റെ ലക്ഷ്യം എന്തെന്നും പ്രവർത്തനമാധ്യമങ്ങൾ ഏതൊക്കെയെന്നും മററും വിശദീകരിക്കുക അനുപേക്ഷണീയമാണ്. ചിന്നിച്ചിതറിയ കേരള ക്രൈസ്തവജനതയെ സംബന്ധിച്ചിടത്തോളം ഇത് ഒരു ജീവൽപ്രശ്നമാണ്. കാരണം, ഇവിടെ ക്രിസ്തീയ ജീവിതം പൂർണ്ണതയിൽ എത്തുക എക്യുമെനിക്കൽ പ്രസ്ഥാനം ലക്ഷ്യം പ്രാപിക്കുമ്പോൾ മാത്രമാണ്.

എക്യുമെനിസത്തിന്റെ പാതയിൽ പ്രബുദ്ധതയാർജ്ജിക്കുന്നതിന് കേരളക്രൈസ്തവരെ സജ്ജമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനമാണ് ബ. വറുഗീസ് കിളിച്ചിമലയച്ചൻ ഈ ഗ്രന്ഥരചനയിലൂടെ നടത്തിയിരിക്കുന്നത്. ആധുനിക ക്രൈസ്തവസഭകളെ അവഗാഢം സ്പർശിക്കുന്ന പ്രബുദ്ധമായ ഈ പ്രസ്ഥാനത്തെ സമഗ്രമായി വീക്ഷിക്കുകയും അവധാനതയോടെ അപഗ്രഥിക്കയും ചെയ്ത് കേരളക്രൈസ്തവർക്ക് സുപരിചിതമാക്കുകയെന്നതാണ് അദ്ദേഹം ഏറെറടുത്ത കൃത്യം. അതൊരു ധർമ്മമായി അദ്ദേഹം കരുതിയെന്നതാണ് കൂടുതൽ ശ്ലാഘനീയം.

എക്യുമെനിസചിന്താധാരയെ പരിപോഷിപ്പിക്കയും അതിന്റെ ആഴമായ അടിത്തറ സഭാജീവിതത്തിലും സഭാശാസ്ത്രത്തിലും അരക്കിട്ടുറപ്പിക്കയും ചെയ്തിട്ടുള്ള അനേകം എക്യുമെനിസ ചിന്തകന്മാരെ സശ്രദ്ധം പഠിക്കയും അവരുടെ ചിന്തകളും എഴുത്തുകളും സമഗ്രമായി അപഗ്രഥിക്കയും ചെയ്ത ശേഷം ഫാ. കിളിച്ചിമല സമർ

www.malankaralibrary.com



ത്ഥിക്കുന്നു, സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ അനുഭവത്തിന്റെയും അനുഭൂതിയുടെയും വഴിയിലൂടെ ക്രൈസ്തവൈക്യമെന്ന ലക്ഷ്യത്തിലെത്തുന്നതിനുള്ള സഭാസമൂഹങ്ങളുടെ ആത്മാർത്ഥപരിശ്രമവും സംഘാത പ്രവർത്തനങ്ങളുമാണ് എക്യുമെനിസത്തിൽ ഉരം ക്കൊണ്ടിരിക്കുന്നതെന്ന്.

കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തി മൂലം മാനവരാശിക്ക് കൈവന്ന നേട്ടങ്ങരം മനുഷ്യജീവിതത്തിലുടനീളം അനുഭവയോഗ്യമാക്കുകയാണല്ലൊ ക്രൈസ്തവസഭയ്ക്കു നല്കപ്പെട്ടിരിക്കുന്ന ദൗത്യം. മാനവരാശിയുടെ ഐക്യം കൈവരുത്തിയും ദൈവമക്കളുടെ കൂട്ടായ്മ നിലനിർത്തിയുമാണ് ക്രിസ്തുവിന്റെ സഭ ഇതു സാധിതപ്രായമാക്കുക. അതുകൊണ്ട്, ക്രൈസ്തവസഭ ദൗത്യനിർവ്വഹണത്തിന് കെല്പുള്ളതാകണമെങ്കിൽ ഐക്യത്തിന്റെ അടയാളവും കൂട്ടായ്മയുടെ പ്രേരകശക്തിയുമായി നിലകൊള്ളേണ്ടിയിരിക്കുന്നു. എന്നാൽ, ഛിന്നഭിന്നമായ ക്രൈസ്തവസഭ ഐക്യത്തിന്റെ അടയാളമോ കൂട്ടായ്മയുടെ സങ്കേതമോ ആയി പ്രത്യക്ഷപ്പെടുന്നില്ല. പിളർപ്പുകരംകൊണ്ടു തളർന്നു, കീറിമുറിഞ്ഞു വേർപെട്ട സഭകളായി അതു നിലകൊള്ളുന്നു. യേശുവിന്റെ രക്ഷാകരനേട്ടങ്ങളായ സഭാസമ്പത്ത് വെട്ടിക്കീറി പകുത്തെടുത്ത് വേലികെട്ടി മറച്ചിടുകയും ദൈവജനത്തിന്റെ സാർവ്വത്രികസമ്പത്തായി അനുഭവിക്കുന്നതിന് പ്രാപ്യമല്ലാതാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ, സഭയിൽ നിക്ഷിപ്തമായിരിക്കുന്നതും സഭയിലൂടെ പ്രവർത്തനപരമായി പ്രത്യക്ഷപ്പെടേണ്ടതുമായ സ്വർഗ്ഗരാജ്യത്തിന്റെ മൂല്യ സമ്പത്തുകരം

www.malankaralibrary.com


രക്ഷിക്കപ്പെട്ട ജനം സാർവ്വത്രികമായി ആർജ്ജിക്കുന്നതിനും അനുഭവിച്ചാസ്വദിക്കുന്നതിനുമുള്ള സാദ്ധ്യത ഇല്ലാതാക്കുകയും ചെയ്തിരിക്കുന്നു.

ക്രൈസ്തവസഭയുടെ പിളർപ്പുമൂലമുണ്ടായിരിക്കുന്ന ഈ ദുസ്ഥിതിയുടെ അസ്വസ്ഥതയും അരാജകത്വവുമാണ് ഐക്യത്തിനുള്ള ദാഹം ദൈവജനത്തിൽ ഉളവാക്കിയിരിക്കുന്നത്. ഐക്യത്തിന്റെ വിളിയുമായി, അകന്നുനിൽക്കുന്ന സഹോദരങ്ങളെ അടുപ്പിക്കുന്നതിന്, ആത്മാവിന്റെ പ്രചോദനംമൂലം ഉയർന്നുവന്ന ചൈതന്യമാണ് എക്യുമെനിസം എന്ന പേരിൽ രൂപംപൂണ്ട പ്രസ്ഥാനം; ദൈവജനത്തിന്റെ ഐക്യമെന്ന ആദർശം ആവിഷ്കരിക്കുന്നതിനുതകുന്ന കർമ്മപരിപാടികളാണ് എക്യുമെനിക്കൽ പ്രവർത്തനങ്ങൾ. തള്ളിപ്പറഞ്ഞു വേർതിരിഞ്ഞു നിൽക്കുന്ന സഭാസമൂഹങ്ങൾ സൗഹൃദാന്തരീക്ഷത്തിൽ ഇടപഴകുന്നതിന് പരിശ്രമിക്കുകയാണ്; ചരിത്രത്തിലുതിർന്ന വ്യാഖ്യാനങ്ങളുടെ വിവിധത്വത്തിൽ യുക്തികൊണ്ടുമാത്രം വിശ്വാസസത്യങ്ങൾ അളക്കുന്നതിലല്ല, പിന്നെയോ, സൗഹൃദാന്തരീക്ഷത്തിന്റെ അനുഭവത്തിലൂടെയും അനുഭൂതിയിലൂടെയും അവ അറിഞ്ഞാസ്വദിക്കുവാനും ജീവിതയാഥാർത്ഥ്യമായി അവയെ പങ്കുചേർക്കുവാനുമുള്ള ആഹ്വാനമാണ് ഇതിലടങ്ങിയിരിക്കുന്നത്. അങ്ങനെ കാലത്തിന്റെ കടന്നുപോക്കിൽ അവിടവിടെ ചതഞ്ഞുടഞ്ഞു ചേതനയററ ക്രിസ്തീയ പാരമ്പര്യങ്ങളും വിശ്വാസസമ്പത്തും പടുത്തുയർത്തി, പുനർജ്ജീവിപ്പിച്ച്, ക്രിസ്തീയ സന്ദേശത്തിന്റെ സാർവ്വത്രികത കൈവരുത്തുന്നതിനുള്ള ഉൽക്കടമായ അഭിനിവേശവും അന്വേഷണവുമാണ് എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ പിൻപിലുള്ള പ്രചോ

www.malankaralibrary.com



ദനം. സൗഹൃദാന്തരീക്ഷസൃഷ്ടിയാണ് അതിന്റെ മാർഗ്ഗം; സ്നേഹത്തിലുള്ള പങ്കുചേരലാണ് അതിന്റെ അന്തസ്സത്ത; ഡയലോഗെന്ന സംവാദമാണ് അതിന്റെ മുഖമുദ്ര; ദൈവജനത്തിന്റെ ഐക്യത്തിൽ ദൈവമക്കൾക്കനുഭവമാകേണ്ട കൂട്ടായ്മയാണതിന്റെ ലക്ഷ്യം.

എക്യുമെനിസപ്രസ്ഥാനത്തെ ഇത്തരത്തിൽ വിലയിരുത്തി കേരളീയർക്കു വിശദീകരിച്ചു കൊടുക്കുകയാണ് ഈ ഗ്രന്ഥത്തിലൂടെ ബ. കിളിച്ചിമലയച്ചൻ ചെയ്തിരിക്കുന്നത്. ഈ വഴിക്കുള്ള പ്രാരംഭശ്രമം എന്നതുമാത്രമല്ല ഇതിന്റെ പ്രത്യേകത. ഈ ഗ്രന്ഥം ഉണർത്തിവിടുന്ന പ്രതീക്ഷകളും രൂപം കൊടുക്കുന്ന കർമ്മപരിപാടികളും ഉപരിയായ പ്രാധാന്യം ഇതിനു നല്കുന്നു. അർഹമായ രീതിയിൽ ഇന്നുവരെ ചർച്ചചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു വസ്തുത എകുമെനിസചിന്തകന്മാർക്കു തുറന്നുകാട്ടിയെന്നത് ഈ ഗ്രന്ഥത്തിന്റെ ഒരു സവിശേഷതയാണ്. അതുമൂലം എക്യുമെനിസചിന്തകന്മാരുടെ നിരയിലേക്കു കടന്നുവരുന്നതിനുള്ള അർഹതയും ബ. കിളിച്ചിമലയച്ചനു ലഭിച്ചിരിക്കുന്നു. ആഗോളസഭയിൽ നടക്കുന്ന എക്യുമെനിക്കൽ പ്രവർത്തനങ്ങളുമായി മലങ്കരസഭയെ (പൊതുവെയും മലങ്കര കത്തോലിക്കാസഭയെ പ്രത്യേകമായും) ബന്ധിപ്പിക്കുന്നതിനും ഈ നവചൈതന്യത്തിനു രൂപം കൊടുത്തു പരിപോഷിപ്പിക്കുന്നതിൽ മലങ്കര കത്തോലിക്കാസഭ വഹിച്ച പങ്കു എടുത്തുകാട്ടുന്നതിനും പ്രകടിപ്പിക്കുന്ന ശ്രദ്ധയും കഴിവുമാണ് ഗ്രന്ഥകാരനെ എകുമെനിസചിന്തകന്മാരുടെ നിരയിലേക്കു ഉയർത്തുന്നത്.

20-ാം നൂററാണ്ടിലെ സഭാചരിത്രത്തിൽ ഒരു പുതിയ അധ്യായം കുറിച്ച കേരളത്തിലെ ''പു

www.malankaralibrary.com


നരൈക്യപ്രസ്ഥാനം'', എക്യുമെനിസ ചൈതന്യ ത്തിൻെറ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നതിനും ച രിത്രപരമായും സഭാശാസ്ത്രപരമായും അതിൻെറ ആഴവും പരപ്പും വിശദീകരിക്കുന്നതിനും ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ട്. ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി നേതൃത്വം കൊടുത്ത മലങ്കരയിലെ 'പുനരൈക്യപ്രസ്ഥാന' ത്തിൻെറ പ്രാധാന്യവും പ്രാമാണികതയും ആഴമായ പഠനത്തിനും ശരിയായ വ്യാഖ്യാനത്തിനും ഇന്നുവരെ വേണ്ടത്ര വിഷയമായിട്ടില്ലെന്നുള്ളത് ഒരു ദു:ഖസത്യമാണ്. എക്യുമെനിക്കൽ പ്രസ്ഥാന ത്തിനുതന്നെ അതു ആഘാതമേല്പിച്ചിട്ടുണ്ട്. കാരണം, എക്യുമെനിക്കൽപ്രസ്ഥാനം ലക്ഷ്യം വെയ്ക്കുന്ന സഭാസംവാദത്തിനും അന്യോന്യം അംഗീകരണത്തിനും മകുടോദാഹരണമായി 20–ാം നൂററാണ്ടിലെ സഭൈക്യപ്രവർത്തനങ്ങളിൽ മുന്തി നിൽക്കുന്ന മലങ്കരസഭയിൽ നടന്ന പുനരൈക്യമ് ണ് അറിഞ്ഞോ അറിയാതെയോ വിസ്മൃതിയിലാണ്ടുപോയത്. എക്യുമെനിസത്തിൻെറ ശാസ്ത്രീയ സങ്കേതങ്ങളിലും സംജ്ഞകളിലും വിശേഷിപ്പിക്കപ്പെട്ടിരുന്നില്ലെങ്കിൽ തന്നെയും, എക്യുമെനിസത്തിൻെറ ആശയവും ചൈതന്യവിശേഷവും അന്യൂനം ഉൾക്കൊണ്ടുതന്നെയാണ് ബഥനി മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കരസഭയും കത്തോലിക്കാസഭയും തമ്മിൽ നടന്ന 'പുനരൈക്യം'. ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യത്തെത്തുടർന്ന്, കത്തോലിക്കാസഭയും മലങ്കരസഭയും തമ്മിലുണ്ടായ വിടവു നികത്തുന്നതിന് മുന്നൂറിൽപ്പരം വർഷങ്ങൾ നടന്ന സംവാദത്തിൻെറ പരിണതഫലമത്രേ 1930–ൽ ഇരുസഭകളുമായുണ്ടാ

www.malankaralibrary.com


യ പുനരൈക്യവും അന്യോന്യാശ്ലേഷവും. മലങ്കര സഭ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കുകയും ക്രിസ്തുവിൻെറ വികാരിയും പത്രോസിൻെറ പിൻഗാമിയുമായ റോമാമാർപ്പാപ്പായ്ക്കു കീഴ്വഴങ്ങുകയും ചെയ്തതോടൊപ്പം കത്തോലിക്കാസഭ മലങ്കരസഭയേയും അതിൻെറ അപ്പസ്തോലിക പൈതൃകത്തേയും അംഗീകരിക്കയും ആശ്ലേഷിക്കയും ചെയ്തു. അങ്ങനെ ചരിത്രഗതിയിലകന്നുപോയ രണ്ടു അപ്പസ്തോലികപാരമ്പര്യങ്ങളുടെ കൂടിക്കാഴ്ചയും അന്യോന്യപൂരണവുമാണിതെന്നതിന് രണ്ടു പക്ഷമില്ല. ഇപ്രകാരം, എല്ലാ സഭകളും അവയുടെ അപ്പസ്തോലികത്വത്തിൽ അടിയുറച്ച് അവരുടെ ചരിത്രത്തിലൂടെ വാർത്തെടുത്ത ആധ്യാത്മികപൈതൃകത്തിലും ക്രിസ്തീയ സമ്പത്തിലും പങ്കുചേരുന്നതിനുള്ള സാധ്യത തമ്മിൽ തമ്മിലുള്ള ഐക്യത്തിലൂടെയും കൂട്ടായ്മയിലൂടെയും കൈവരുത്തുന്നതിനുള്ള മുന്നേററമാണല്ലൊ എക്യുമെനിസം. അതിനെ ആദർശത്തിൻെറ തലത്തിൽ നിന്നു അനുഭവവേദ്യമായ ഒരു യാഥാർത്ഥ്യത്തിൻെറ മണ്ഡലത്തിലേക്കു ആനയിക്കുന്നതിന് മലങ്കരയിൽ നടന്ന പുനരൈക്യത്തിനു സാധിച്ചു. അതുകൊണ്ടുതന്നെയാണ് അതു എക്യുമെനിക്കൽ പ്രസ്ഥാനത്തിൻെറ സാദ്ധ്യതയും സാരാംശവും സമർത്ഥിക്കുന്ന ഒരു ചരിത്രസംഭവമായി– ഒരു പക്ഷേ, ഈ നൂററാണ്ടിലെ എക്യുമെനിക്കൽ പ്രവർത്തനങ്ങളിൽ ലക്ഷ്യപ്രാപ്തി നേടിയ ഏക സംരംഭമായി– നിലകൊള്ളുന്നതും. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, മലങ്കരയിൽ നടന്ന പുനരൈക്യത്തിൻെറ എക്യുമെനിക്കൽ പ്രസക്തി ഇന്നും അറിയപ്പെട്ടിട്ടി

www.malankaralibrary.com



ല്ല. മാത്രമല്ല, മലങ്കരയിൽ നടന്ന പുനരൈക്യവും തുടർന്നുടലെടുത്ത മലങ്കര കത്തോലിക്കാസഭയും എക്യുമെനിസമണ്ഡലത്തിലെ 'കണ്ഠകോടാലി' യായി ചിത്രീകരക്കപ്പെട്ടിട്ടുമുണ്ട്.

ഇതിനൊരറുതിവരുത്തുക മലങ്കരകത്തോലിക്കാസഭാതനയരുടെ അതിപ്രധാനമയ് കർത്തവ്യവും ഒഴിച്ചുകൂടാവതല്ലാത്ത ആവശ്യവുമാണ്. ''മാർ ഈവാനിയോസിൻെറ പ്രസ്ഥാനവും എക്യുമെനിസവും'' എന്നൊരദ്ധ്യായം ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചു ഈ കർത്തവ്യം നിറവേററുവാൻ ഗ്രന്ഥകർത്താവ് എടുത്ത തീരുമാനം പ്രശംസനീയമാണ്. മലങ്കരസഭയിൽ, പിറന്നുവീണ് അതിൻെറ ചരിത്രത്തിലിഴുകിച്ചേർന്നു അതിൻെറ അന്തരാത്മാവിലാമഗ്നനായി വളർന്നുവന്ന ഗ്രന്ഥകാരന് ഇതു സാധിച്ചിട്ടുണ്ട്.

സംക്ഷിപ്തമായിപ്പറഞ്ഞാൽ, എക്യുമെനിസമെന്ന ചൈതന്യവിശേഷം ആധുനിക സഭാജീവിതത്തിൻെറ അനിഷേധ്യഘടകമായി ബ. കിളിച്ചിമലയച്ചൻ ഈ ഗ്രന്ഥത്തിലൂടെ വിശദീകരിക്കുകയാണ്; കേരളസഭയെ —പ്രത്യേകിച്ചു മലങ്കരസഭയെ— ഒരു നവീകരണപന്ഥാവിലേക്കു ആഹ്വാനം ചെയ്യുകയും ആനയിക്കുകയുമാണ്; മലങ്കരയിലെ പുനരൈക്യപ്രസ്ഥാനത്തെ ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനത്തിലുറപ്പിച്ചു അതിൻെറ പ്രസക്തിയും പ്രാമാണികതയും ആഗോളവ്യാപകമായ എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ തലങ്ങളിലേക്കു ഉയർത്തുകയാണ്; സ്നേഹം വെടിയാത്ത സത്യത്തിലും സത്യം വെടിയാത്ത സ്നേഹത്തിലും സൗഹൃദാന്തരീക്ഷസൃഷ്ടിയിലും വളരുന്ന ഡയലോഗെന്ന സംവാദവും പങ്കുചേരലും

www.malankaralibrary.com



വഴി ദൈവജനത്തിന്റെ ഐക്യമെന്ന ലക്ഷ്യത്തിലെത്തുവാൻ ക്രിസ്തീയ സഭകൾ നടത്തുന്ന പരിശ്രമങ്ങളെ സഹായിക്കുകയാണ്. ഇതുതന്നെയത്രേ ഈ ഗ്രന്ഥത്തിന്റെ മേന്മയും മൂല്യവും.

ഇപ്രകാരമൊരു ഗ്രന്ഥം കേരളക്രൈസ്തവ സഭയ്ക്കും കൈരളിയ്ക്കും കാഴ്ചവെച്ച ഗ്രന്ഥകർത്താവിനെ അനുമോദിക്കുന്നതോടൊപ്പം ഈ ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിച്ചുകൊണ്ട് ഇതു ബഹുജനസമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു. സഭൈക്യപ്രവർത്തനപാതയിൽ ആയിരമായിരങ്ങൾക്കു ഇതൊരു വഴിവിളക്കായി ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

**റവ. ഡോക്ടർ സിറിൽ ഒ. ഐ. സി.**
**എം. എ., ഡി. സി. എൽ.**
ബത്തേരി രൂപതയുടെ പുതിയ
മെത്രാൻ

കോട്ടയം,
15–11–1978.

www.malankaralibrary.com

## ഗ്രന്ഥകാരനെപ്പററി

വറുഗീസ് കരിപ്പായിൽ

അവസരോചിതമായി മാത്രം പ്രവർത്തിക്കുന്നവരുണ്ട്. ആ രീതിയിലുള്ള ആളായിട്ടാണ് ഫാദർ വറുഗീസ് കിളിച്ചിമല അവർകളെ ഞാൻ കാണുന്നത്. പൌരോഹിത്യ രജതജൂബിലിസ്മാരകമായി അദ്ദേഹം പ്രസിദ്ധീകരിക്കുന്ന ''എക്യുമെനിസം'' എന്ന ഗ്രന്ഥം ഇന്ന് ഏററം അവസരോചിതം തന്നെയാണ്.

''...........വളരെ നല്ല ഭാഷ. മനോഹരമായ പ്രതിപാദനം. പ്രസ്പഷ്ടമായ ആശയങ്ങൾ. എൻെറ ഹാർദ്ദമായ അനുമോദനവും മംഗളാശംസകളും. ഈ ഗ്രന്ഥത്തിന് ധാരാളം കൊച്ചനുജന്മാർ ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു....... കിളിച്ചിമല കിളികൊഞ്ചലുമായി പുനരൈക്യഗിരിമുകളിൽ പറന്നു മധുരഗീതം മുഴക്കട്ടെ'' എന്നത്രെ ഫാ. കിളിച്ചിമല ആദ്യമായി പ്രകാശനം ചെയ്ത 'ബർണശ്ഹീത്താ' എന്ന പുസ്തകത്തെ പ്രശംസിച്ച് മോൺ. തോമസ് വടശ്ശേരി എഴുതിയത്. ഗണപതിക്കു കുറിച്ചപ്പോൾ പ്രകടിപ്പിച്ചിട്ടുള്ള അതേ പാടവം ഉപര്യുപരി വർദ്ധമാനമായിട്ടുണ്ടെന്ന വസ്തുത ബ. അച്ചൻെറ പ്രകാശിതങ്ങളായ ''ആദർശദീപങ്ങൾ'', ''വിശ്രമവും വിചിന്തനവും'', ''മോൺ സിഞ്ഞോർ വടശ്ശേരി'', ''ഐക്യത്തിൻെറ വിളി'', ''വി. ജോൺ വിയാനി'', ''പുലരിപ്പൂക്കൾ'' തുടങ്ങിയ ഒരു ഡസനോളം കൃതികളിലൂടെ ഇതിനകം തെളിഞ്ഞിട്ടുണ്ട്.

സാംസ്കാരികവും വിദ്യാഭ്യാസപരവും സുവിശേഷസംബന്ധികളുമായ വിഷയങ്ങളെ ആ

www.malankaralibrary.com



സ്പദമാക്കി ജൂബിലേറിയനായ ഈ ബഹുമാന്യ വൈദികൻ നടത്തിയിട്ടുള്ള പ്രസംഗങ്ങരം നിരവധിയാണ്. ഒരു പ്രത്യേക വശ്യശക്തിയുള്ളവയാണീ പ്രസംഗങ്ങരം. ഓരോന്നും പ്രബന്ധമാക്കി പ്രസിദ്ധീകരിക്കാൻ തക്കവിധം ഈടുററതുമാണ്.

വിദ്യാഭ്യാസമണ്ഡലത്തിലെ അഭിനവപ്രവണതകളെ സനിഷ്ർകഷം ഗ്രഹിച്ചിട്ടുള്ള ബ. കിളിച്ചിമലയച്ചൻ ഒരു മാതൃകാദ്ധ്യാപകനും അദ്ധ്യേതാക്കരംക്ക് പ്രിയംകരനുമാണ്. സ്റേററ് ഇൻസ്ററിററ്യൂട്ടിൻെറ നിർദ്ദേശപ്രകാരം വിവിധ കേന്ദ്രങ്ങളിലെ ഡി. ഇ. ഒ. മാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള അധ്യാപകസമ്മേളനങ്ങളിൽ ഇദ്ദേഹം മാതൃകാക്ലാസ്സുകരം എടുത്തിട്ടുണ്ട്. 1956—ൽ ആണ് കോതമംഗലം സെൻറ് ജോർജ് ഹൈസ്കൂളിൽ ഇദ്ദേഹം അധ്യാപനം ആരംഭിച്ചത്. സ്കൂരംസേവനത്തിന് വൈദികരെ നിയോഗിക്കേണ്ടതില്ലെന്ന നയം ഇതിനു മുമ്പുതന്നെ തിരുവല്ലാ രൂപതയിൽ എടുത്തുകഴിഞ്ഞിരുന്നു. വെ. റവ. ഫാ. ഡൊമിനിക് കോയിക്കരെ എന്ന വലിയവ്യക്തിയുടെ സഹോദരനിർവ്വിശേഷമായ പ്രേരണയും സ്വന്തം സ്കൂളിൽ നിയമനം നല്കികൊണ്ടുള്ള പ്രോൽസാഹനവും ഉണ്ടായിരുന്നില്ലെങ്കിൽ ഫാ. കിളിച്ചിമലയിലെ അധ്യാപകൻ വെളിച്ചം കാണുമായിരുന്നില്ല. ഇരുവള്ളിപ്ര സെൻറു തോമസ് ഹൈസ്കൂളിൽ 15 വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ഇദ്ദേഹം ഇപ്പോരം ചുങ്കപ്പാറ സെൻറു ജോർജ് ഹൈസ്കൂളിലാണ് പഠിപ്പിക്കുന്നത്.

സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവുമായ രംഗങ്ങളിൽ അജഗണങ്ങളേ ഉയർത്തു

www.malankaralibrary.com



വാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സഭയുടെ ബോധന പ്രവർത്തനത്തിനാണ് ഈ ബഹുമാന്യ വൈദികൻ പ്രാമുഖ്യം കല്പിച്ചിട്ടുള്ളത്. ആധ്യാത്മികതയുടെ അന്ത:സത്തയിലേക്ക് വിശ്വാസികളെ അടുപ്പിക്കുവാനും തീഷ്ണതയുടെ ദീപനാളം അവരിൽ പ്രസരിപ്പിക്കുവാനും അദ്ദേഹം യത്നിച്ചിട്ടുണ്ട്. ചാത്തമററം, നെല്ലിമററം, വാളകം, കണ്ടനാട് എന്നീ മിഷൻകേന്ദ്രങ്ങളിലും തിരുമൂലപുരം, കല്ലിശ്ശേരി, കുന്നന്താനം, ചുങ്കപ്പാറ എന്നീ ഇടവകകളിലും നടത്തിയിട്ടുള്ള സ്തുത്യർഹമായ അജപാലനധർമ്മത്തിലൂടെ അനുയായികളുടെ ഹൃദയം കവരാൻ ഇദ്ദേഹത്തിനു കഴിഞ്ഞു.

ഹൈസ്കൂൾ പഠനകാലത്ത് അല്പം കവിതക്കമ്പവും അച്ചനുണ്ടായിരുന്നു. അക്കാലത്തെഴുതിയ കവിതകളിലൊന്നായ 'അന്നത്തെ ആഹാരം' എന്ന കവിതയിൽ ഒരു കുടിയനെ ചിത്രീകരിക്കുന്നതിപ്രകാരമാണ്.

> ''ഉള്ളത്തിലെക്കള്ളതിനുള്ള ഭള്ളു
> തെല്ലും കുറഞ്ഞില്ലിവനെന്ന സത്യം
> തള്ളിഗ്ഗമിക്കുന്ന ദുഷിച്ച ഗന്ധ–
> ത്തള്ളിച്ചയാലേ തെളിയിച്ചു മൂർഖൻ
>
> പാടിത്തകർത്തും തല നാലുപാടും
> കാട്ടിക്കരങ്ങൾ നെടുതായടിച്ചും
> റോട്ടിൽ തൊഴിച്ചും കുഴിയിൽ പതിച്ചും
> തേട്ടിഗ്ഗമിച്ചാക്കുടിയൻ യഥേഷ്ടം''*

പ്രശംസനീയമായ ഈ കവിതാപാടവം അടുത്ത കാലത്തെങ്ങും പ്രയോഗിക്കാതിരിക്കുന്നതിൽ

* പുലരിപ്പൂക്കൾ

www.malankaralibrary.com



ഫാ. കിളിച്ചിമലയുടെ സാഹിത്യപ്രവർത്തനത്തെ സ്നേഹിക്കുന്നവർക്കെല്ലാം സങ്കടമുണ്ട്.

സ്വന്തം കുടുംബത്തിലുള്ളവർ കത്തോലിക്കാ ഓർത്തഡോക്സു തുടങ്ങി വിവിധ ക്രിസ്തീയ സമൂഹങ്ങളിൽ ചിതറിക്കിടക്കുന്നതാവാം എക്യുമെനിസത്തെക്കുറിച്ചുള്ള പുസ്തകരചനയ്ക്ക് ജൂബിലേറിയനെ പ്രേരിപ്പിച്ച ഒരു കാര്യം. ഫാ. ജേക്കബ് ഒ. ഐ. സി., ഫാ. വറുഗീസ് കിളിച്ചിമല, ഫാ. തോമസ് പെരുമ്പ്രാൽ എന്നീ സഹോദരന്മാരും സിസ്ററർ ഫിലോമിന, സി. മെററിൽഡാ, സി. തൈബൂസ്, സി. മേരി ഗൊരേത്തി എന്നീ ബ. സഹോദരികളും തിരുവല്ലാ കത്തോലിക്കാരൂപതയിൽ സേവനമനുഷ്ഠിക്കുമ്പോൾ അതേ കുടുംബത്തിൽപ്പെട്ട ഫാ. സഖറിയാസ് കരിവേലിൽ, ഫാ. വറുഗീസ് ഉമ്മൻ വിളക്കുപാടത്തിൽ, ഫാ. ററി. ജി. വറുഗീസ് താമരവേലിൽ (പഴയ സെമിനാരി), ഫാ. മത്തായി ഉമ്മൻ ബി. എ. ബി. ഡി. (ആലപ്പുഴ) എന്നിവർ ഓർത്തഡോക്സുസഭയിലും സഭാസേവനം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു സഭാസമൂഹങ്ങളിൽ മാത്രമല്ല മാന്നാർ കരിവേലിക്കുടുംബം പരന്നുകിടക്കുന്നത്. ഈ കുടുംബത്തിൽപെട്ട അത്തിക്കാത്ര പെരുമ്പ്രാൽ നിന്നുള്ള അഞ്ചു സഹോദരന്മാർ കുന്നന്താനത്തു കിളിച്ചിമലയിൽ താമസമാക്കി. കിളിഞ്ഞിൽ അഥവാ കിളിച്ചിൽ ധാരാളമുള്ള സ്ഥാനത്തിനു കിളിച്ചിൽമല എന്നു പറഞ്ഞുവന്നത് അക്ഷരലോപം ഭവിച്ചാണ് കിളിച്ചിമലയായത്.

കിളിച്ചിമല കിഴക്കേപ്പുറത്തു ശ്രീ. കൊച്ചിട്ടി വറുഗീസിൻെറയും ശ്രീമതി അന്നമ്മയുടെയും പുത്രനായി 1925 മെയ്മാസം 1—ാം തീയതി ഭൂജാതനായ വറുഗീസിൻെറ പ്രാഥമിക വിദ്യാഭ്യാ

www.malankaralibrary.com



സം കുന്നന്താനത്തും തിരുവല്ലായിലുമായി നടത്തി .1942-ൽ തിരുവല്ല എം. എച്ച്. സ്കൂളിൽ നിന്ന് അന്നത്തേ ഹയർ പരീക്ഷ പാസ്സാകുകയും തുടർന്ന് മല്ലപ്പള്ളി സി. എം. എസ്. ഹൈസ്കൂളിൽ പഠിച്ച് 1945-ൽ ഇംഗ്ലീഷ് സ്കൂൾ ലിവിംഗ് സർട്ടിഫിക്കററ് നേടുകയും ചെയ്തു. തിരുവല്ലാ പെററിസെമിനാരിയിൽ രണ്ടുവർഷവും മംഗലപ്പുഴ അപ്പസ്തോലിക്സെമിനാരിയിൽ ഏഴുവർഷവും പഠിച്ചശേഷം 1953 ഡിസംബർ എട്ടാം തീയതി അത്യുന്നത കർദ്ദിനാൾ എവുജിൻ ടിസ്സറാങ് തിരുമേനിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. ബി. എ., എം. എ. തുടങ്ങിയ പരീക്ഷകൾ പ്രൈവററായി പഠിച്ച് പാസ്സായിട്ടുള്ളതാണ്. 1962-ൽ ബി. എഡ്. കോഴ്സ് നിർവ്വഹിച്ചത് ത്രിശൂർ ഗവൺമെൻറ് ട്രെയിനിംഗ് കോളജിലായിരുന്നു.

ഇക്കഴിഞ്ഞ 25 വർഷക്കാലം സഭയുടെ ആശയപ്രചാരണ രംഗത്തിനു മുൻതൂക്കം കൊടുത്തുകൊണ്ട് ബ. അച്ചൻ പ്രവർത്തിച്ചു. മാർ ഈവാനിയോസ് തിരുമേനിയുടെ സഭൈക്യസംരംഭം മററു പുനരൈക്യങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നും ഈ വ്യതിരിക്തതകൾ അതിനെ എക്യുമെനിസവുമായി അടുപ്പിക്കുന്നുവെന്നുമാണ് അദ്ദേഹത്തിൻെറ ഉറച്ചനിലപാട്. പുനരൈക്യത്തിൻെറ 44-ാം വാർഷികം പ്രമാണിച്ച് 1974 സെപ്തംബർ 24-ാം തീയതി തിരുവല്ലായിൽ വെച്ചും, 48-ാം വാർഷികം പ്രമാണിച്ച് 1978 സെപ്തംബർ 21-ാം തീയതി റാന്നിയിൽ വെച്ചും സംഘടിപ്പിക്കപ്പെട്ട സിമ്പോസിയങ്ങളിൽ ഈ വിഷയം അദ്ദേഹം സമർത്ഥിച്ചിട്ടുണ്ട്.

www.malankaralibrary.com



ഏതെങ്കിലും ഗ്രൂപ്പിന്റെയോ പത്രത്തിന്റെയോ പിന്താങ്ങൽ ഫാ. കിളിച്ചിമലയ്ക്കില്ല. സ്വന്തം സമുദായത്തിന്റെ പ്രോത്സാഹനവും അദ്ദേഹത്തിനു കിട്ടാറില്ല. അതിലൊട്ടു പരിഭവവും അദ്ദേഹത്തിനില്ല. ഭൗമിക ബഹുമാനങ്ങളെക്കുറിച്ച് വിശുദ്ധ ജോൺ വിയാനിക്കുള്ള അഭിപ്രായം തന്നെയാണ് ആ വിശുദ്ധന്റെ ജീവചരിത്രരചയിതാവായ ഫാ.വറുഗീസിനുമുള്ളത് എന്നു കരുതുന്നതിൽ തെററില്ല. "........ഭൗമിക ബഹുമാനങ്ങളാകുന്ന കുമിളകളും പൊക്കിപ്പിടിച്ചു ഞാൻ ദൈവതിരുമമ്പിൽ പ്രത്യക്ഷപ്പെടേണ്ടിവന്നാൽ, ആ ന്യായാധിപൻ പറയും: പൊയ്ക്കോ !, നിന്റെ പ്രതിഫലം ലഭിച്ചുകഴിഞ്ഞുവെന്ന്". *

വിനയധനനായ ഫാദർ വറുഗീസ് കിളിച്ചിമലയ്ക്ക് ജൂബിലി മംഗളങ്ങൾ !

തിരുവല്ല,
1–12–1978

* വി. ജോൺ വിയാനി. PP. 166, 67

www.malankaralibrary.com

# ആശംസകളും അഭിപ്രായങ്ങളും

**റൈററ് റവ. പൗലോസ്**
**മാർ പീലക്സിനോസ്**

"— — — ലോകത്തിൻെറ നാനാഭാഗത്തുമുള്ള ചിന്തകന്മാർ എക്യുമെനിസത്തിൻെറ നൂതന ചിന്താസരണിയെ സഹർഷം സ്വാഗതം ചെയ്യുന്നു. മലങ്കരസഭാവിഹായസിൽ പരക്കെ അറിയപ്പെടുന്ന ഫാ. വറുഗീസ് കിളിച്ചിമലയുടെ 'എക്യുമെനിസം' എന്ന ഈടുററ ഗ്രന്ഥം കേരളക്രിസ്തീയ സാഹിത്യത്തിനു ഒരു മുതൽക്കൂട്ടുതന്നെയായിരിക്കും എന്നെനിക്കുറപ്പുണ്ട്. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും വിജയം നേരുന്നു.

(ഒപ്പ്.)

Paulose Mar Philoxinos
Titular Bishop of Chayel,
20 th Nov. 1978

**മോൺ. ഐസക്ക് കൂട്ടപ്ളാക്കൽ. D. D.**

— — എക്യുമെനിസത്തെക്കുറിച്ച് ആധികാരികമായി പറയാൻ കഴിവുള്ള വിവിധതലങ്ങളിലെ അനേകം ചിന്തകന്മാരുടെ ദൂർഗ്രഹകൃതികളെ സശ്രദ്ധം പഠിക്കയും സുസൂക്ഷ്മം അപഗ്രഥിക്കയും ബുദ്ധിപൂർവം നിഗമനങ്ങളിലെത്തുകയും ചെയ്യുന്ന ഫാ. വറുഗീസ് കിളിച്ചിമലയുടെ പ്രയോജനപ്രദവും ക്ലേശഭൂയിഷ്ഠവുമായ

www.malankaralibrary.com



ശ്രമം അത്യന്തം ശ്ളാഘനീയമായിരിക്കുന്നു. എക്യുമെനിസത്തിനു മലങ്കരയിലുള്ള പ്രസക്തി സമർത്ഥിക്കുന്നതിൽ ഗ്രന്ഥകാരൻ പ്രകടിപ്പിക്കുന്ന പ്രശംസനീയത സമൂഹത്തിൻെറ ആദരവിനും അഭിനന്ദനത്തിനും പാത്രമാകേണ്ടതാണ്.

തിരുവല്ലാ.
20–11–1978

(ഒപ്പ്)
**തിരുവല്ലാ രൂപതയുടെ**
**നിയുക്തമെത്രാൻ.**

## റവ. ഡോക്ടർ ജോൺ മേളാംപറമ്പിൽ.
## M. A., Ph.D., M.Ed., F. R. A. S.

"....ആദ്യന്തം ഹൃദയാവർജ്ജകമാണ് ഫാ. വറുഗീസ് കിളിച്ചിമലയുടെ 'എക്യുമെനിസം' എന്ന പുസ്തകം. അതിലെ രണ്ടാം ഭാഗത്തുള്ള ആറ് അദ്ധ്യായങ്ങളാണ് എന്നെ ഏററം ആകർഷിച്ചത്. ഈ അദ്ധ്യായങ്ങളിലൂടെ എഴുത്തുകാരൻെറ ഗവേഷണങ്ങളേയും നിഗമനങ്ങളേയും കാണാൻ കഴിയുന്നു. ഫാ. കിളിച്ചിമലയുടെ വ്യക്തിത്വം വെളിപ്പെടുത്താൻ ഈ പ്രബന്ധങ്ങൾക്ക് സാധിക്കുന്നുണ്ട്. ഇത്തരം രചനകൾക്കു പാശ്ചാത്യരാജ്യങ്ങളിൽ വലിയ സ്ഥാനമാണു കൊടുക്കുന്നത്. കേവലവിവരണങ്ങളേയും സ്വതന്ത്രനിഗമനങ്ങളേയും തിരിച്ചറിയാതെ ഒരേ തട്ടിൽ നിരത്തുന്ന ദുസ്ഥിതി നമ്മുടെ നാട്ടിലുണ്ട്.

——മാനുഷികമെന്നതിനേക്കാൾ ദൈവികം എന്നത്രെ എക്യുമെനിസത്തെ വിശേഷിപ്പിക്കേണ്ടത്.

www.malankaralibrary.com



കാര്യലാഭത്തിനുള്ള മാനുഷിക കൂട്ടുകെട്ടിനേക്കാരം ദൈവത്തിന്റെ പദ്ധതിക്കാണ് ഇവിടെ പ്രാധാന്യം.

........'എക്യുമെനിസം' പോലുള്ള അപൂർവ കല്പിത കൃതികരം ഇനിയും ധാരാളമായി ഫാ. കിളിച്ചിമലയിൽ നിന്നു കൈരളിക്കു ലഭിക്കട്ടെ.

(ഒപ്പ്)

തിരുവല്ലാ.
25–11–78

## റവ. ഡോക്ടർ ഇഗ്നേഷ്യസ് ഒ. ഐ. സി. ഡി. ഡി , എൽ. പി. ച്ച്.

ലക്ഷ്യബോധമുളവാക്കുവാൻ ഫാ. വറുഗീസ് കിളിച്ചിമല നിർവ്വഹിക്കുന്ന സേവനങ്ങളുടെ മാഹാത്മ്യം മലങ്കരസമൂഹം അർഹിക്കുന്നവിധം മനസ്സിലാക്കുന്നില്ല. ലക്ഷ്യബോധത്തിന്റെ അഭാവത്തിൽ ഒരു സമൂഹത്തിനുണ്ടാകുന്ന കെടുതികളെപ്പറ്റിയുള്ള ധാരണയില്ലായ്മയാണ് ഇതിനു കാരണം. പ്രയോജനപ്പെടുത്തുമെങ്കിൽ 'എക്യുമെനിസം' എന്ന സരസവും ഗഹനവുമായ ഈ ഗ്രന്ഥം നമ്മുടെ നാട്ടിലെ ജനങ്ങളിൽ ലക്ഷ്യബോധം ഉണർത്തുവാൻ തീർച്ചയായും പോരുന്നതാണ് ''

(ഒപ്പ്)

കുമ്പഴ,
7 –11 – 78

www.malankaralibrary.com



## റവ. ഡോക്ടർ ജോൺ പടിഞ്ഞാറേക്കൂററ്
## എം. എ., പി. എച്ച്. ഡി.

എക്യുമെനിസത്തെക്കുറിച്ചുള്ള ഗ്രന്ഥം സ്വാഗതാർഹമാണ്. സാഹിത്യബന്ധുരമായ ഒരു കരം അതിനു പിന്നിൽ പ്രവർത്തിച്ചാൽ വിശേഷത പറയാനുമില്ല. ഗഹനങ്ങളായ ദൈവശാസ്ത്രവിഷയങ്ങൾ സുഗ്രഹങ്ങളാക്കുവാൻ എഴുത്തുകാരൻ ചെയ്തിട്ടുള്ള ശ്രമം അത്യന്തം ശ്ലാഘനീയമാണ്.

അനേകം എക്യുമെനിസചിന്തകന്മാരെയും ദൈവശാസ്ത്രപണ്ഡിതന്മാരെയും സാധാരണക്കാർക്ക് സുഗ്രഹമായവിധം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ആഴമേറിയ ചിന്തകൾ ലളിതമായി കൈകാര്യം ചെയ്യുന്നതിൽ ഗ്രന്ഥകാരൻ അങ്ങേയററം വിജയിച്ചിരിക്കുന്നു.

"എക്യുമെനിസ"ത്തിന് പ്രചുരപ്രചാരം നേർന്നുകൊകൊള്ളുന്നു.

(ഒപ്പ്)

## റവ. ഫാ. ഡോമിനിക്കു സക്കറിയാ M. Sc.

"— — —, മലങ്കരസഭക്കു ബുദ്ധിപരമായി നേതൃത്വം കൊടുക്കാൻ ശ്രമിക്കുന്ന ഫാ. വറുഗീസ് കിളിച്ചിമലയുടെ പരിശ്രമങ്ങൾ തീർച്ചയായും ദൈവപരിപാവനയിൽ പൂവണിയുകയും ഫലം പുറപ്പെടുവിക്കയും ചെയ്യും — — "

പത്തനംതിട്ട
1 — 12 — 78

ഒപ്പ്

www.malankaralibrary.com

# ഉള്ളടക്കം


| | |
|---|---|
| പ്രസ്താവന | vii |
| അവതാരിക | xvi |
| ഗ്രന്ഥകാരനെപ്പററി | xxv |
| അഭിപ്രായങ്ങൾ | xxxi |
| ഉള്ളടക്കം | xxxv |

**അധ്യായം** **വിഷയം** **പുറം**

ഒന്നാം ഭാഗം

**എക്യുമെനിസനവോത്ഥാനം.**

1 എക്യുമെനിസം എന്ത്? 26

എക്യുമെനിസപദത്തിന്റെ അർത്ഥങ്ങൾ
എക്യുമെനിസത്തിന്റെ ഇന്നത്തെ വിശാലവൃത്തം.
ബർനാർഡുലാംബർട്ടു, ഫ്രഡ്പിയേഴ്സ്
കോഴ്സൻ, ആൽബർട്ടു കാർഡിനൽ മേയർ,
എമിലിജോസഫ് ഡെ സ്മെ, ഗ്രിഗറിബാം,
കാർഡിനൽ ബയാ, റിച്ചാർഡു കാർഡിനൽ കുഷിംഗ്
തുടങ്ങിയ ചിന്തകന്മാർ നല്കുന്ന നിർവ്വചനങ്ങൾ.

2 പിളർപ്പും നെടുവിർപ്പും 38

| | |
|---|---|
| പിളർക്കപ്പെട്ട ക്രിസ്തീയതയുടെ ദീനമുഖം. | 38 |
| ഐക്യം ആവശ്യമോ? | 39 |
| ഭിന്നത നല്കുന്ന പാഠം | 42 |
| എക്യുമെനിസം പ്രോട്ടസ്ററൻറു സഭയിൽ | 45 |
| ഐക്യനീക്കം കത്തോലിക്കാതലത്തിൽ | 47 |
| എക്യുമെനിസത്തിന്റെ പാപ്പാ | 51 |

രണ്ടാം ഭാഗം

**എക്യുമെനിസവും പുനരൈക്യവും**

3 ഒരു ലക്ഷ്യം ഇരുവഴി 55

എക്യുമെനിസവും പുനരൈക്യവും തമ്മിലുള്ള അന്തരമെന്ത്?
പുനരൈക്യം യുക്തിപരതയുടെ മാർഗ്ഗം,
എക്യുമെനിസം സ്നേഹപരതയുടെ മാർഗ്ഗം.

www.malankaralibrary.com



4 സത്യവും സ്നേഹവും 68
അഥവാ
വിചാരപരതയോ വികാരപരതയോ ഏതാണാദ്യം
സഭാഭിന്നതയുടെ കാരണത്തിലേക്കു ഒരു
ചുഴിഞ്ഞിറങ്ങൽ,
മലങ്കരയിലെ ഒരു സഭാഭിന്നതയുടെ അപഗ്രഥനപഠനം,
യുക്ത്യധിഷ്ഠിതകാരണങ്ങളേക്കാൾ
വൈകാരിക കാരണങ്ങളാണ് ഭിന്നതയ്ക്ക്
ഹേതുവെന്നുള്ള നിഗമനം

5 സഭാഭിന്നതയുടെ വൈകാരിക കാരണങ്ങൾ 81
ഫ്രാങ്ക്ളിൻ ലിററൽ,
ഹ്യാൻസ്ക്യൂങ്ങ്,
യാവ്കോംഗാർ,
ബർണാർഡ് സി പൌളി
മാക്സ്തുര്യൻ,
ജോൺ കോഗ്ളി തുടങ്ങിയവരുടെ
അഭിപ്രായങ്ങളെ അവലംബമാക്കി
നടത്തുന്ന ഉൽഗ്രന്ഥന പഠനം.
സഭയിലെ പാപത്തിൻെറ രണ്ടുമുഖങ്ങൾ
സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം
വ്യക്തിത്വവികസന ഭഞ്ജനം.

6 സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം 95
ഭരണവിജൃംഭണത്തിൻെറ വികൃതമുഖങ്ങൾ
അധികാര പ്രമത്തത 96
അധികൃത പൂജ 98
കപട ഭക്തി 98
കുഴലൂത്തുകാരും ശിങ്കിടിസംഘവും 99
ധാർമ്മികാധ:പതനം 100
വ്യക്തിത്വ വികസന ഭഞ്ജനം 100

7. അധുനാതനീകരണം അനിവാര്യം 104
ഭിന്നതയുടെ വൈകാരിക കാരണങ്ങൾക്കു സമർ
ത്ഥമായ പ്രതിവിധികൗൺസിൽ നിർദ്ദേശിക്കു
ന്നു. '' സുവിശേഷോചിതമല്ലാത്ത ഭരണം ''
എന്ന ആക്ഷേപത്തിനു നല്ല പ്രതിവിധിയാ
ണ് '' ജനതകളുടെ പ്രകാശം '' എന്നപ്രമാ

www.malankaralibrary.com


ണരേഖ. '' വ്യക്തിത്വവികസനഭഞ്ജനം '' എന്ന ആക്ഷേപത്തിനുള്ള മറുപടി ''സഭ ആധുനികലോകത്തിൽ '' എന്ന പ്രമാണരേഖ നല്കുന്നു.

8. മാർ ഈവാനിയോസിൻെറ പ്രസ്ഥാനവും എക്യുമെനിസവും 116
ബഥനിപരിവർത്തനത്തിൻെറ സവിശേഷതകൾ

1. ആധ്യാത്മികനവോത്ഥാനത്തിൻെറ പ്രസ്ഥാനം 117
2. സഭാപരിവർത്തനം ബഥനിയുടെ സ്ഥാപനോദ്ദേശ്യമായിരുന്നില്ല. 119
3. ബഥനിപരിവർത്തനത്തിൻെറ സാമൂഹ്യസ്വഭാവം 120
4. നഷ്ടമില്ലാത്ത നീക്കം 122
5. പൂർണ്ണതയിലേക്കുള്ള കുതിക്കൽ 123
6. മലങ്കര സഭയ്ക്കുവരത്തിയ നേട്ടം 124
7. മിശിഹാനുകരണത്തിൻെറ മാർഗ്ഗം 125

മൂന്നാം ഭാഗം

**ഡയലോഗുമനോഭാവം**

9. സൗഹൃദാന്തരീക്ഷസൃഷ്ടി 129
മക്കഫീബ്രൗൺ എന്ന ചിന്തകൻ നല്കുന്ന ഒൻപതു നിർദ്ദേശങ്ങൾ

1. അറിവിനേക്കാൾ ആഴം അനുഭൂതിക്ക് 130
2. കുററസമ്മതത്തിൻെറ അനുരഞ്ജക ശക്തി 131
3. ആന്തരിക നവീകരണം 132
4. സാഹോദര്യത്തിൻെറ ആഹ്ളാദം, വിരഹത്തിൻെറ ദുർവ്വഹത 133
5. ഹൃദയസമ്പർക്കം 134
6. തിരിഞ്ഞുനോട്ടവും പുനരവലോകനവും 136
7. വേദപുസ്തകതീർത്ഥാടനം 139
8. ക്രിസ്ത്യാനികളും മാനുഷികപ്രശ്നങ്ങളും 140
9. മുന്നറിയിപ്പും ശുഭസൂചനയും 142

www.malankaralibrary.com




10. ഡയലോഗിന്റെ ലക്ഷണങ്ങൾ 146

1. " തൻപിള്ള പൊൻപിള്ള നയം " വർജ്ജിക്കണം 149

2. വിവാദാത്മകമല്ല സംവാദം

A. മനോഭാവവും ആശയഗ്രഹണവും 159

B. പദപ്രയോഗം തെററിദ്ധരിക്കപ്പെടും 164

C. വാദം വാശിയിലേക്കു നീങ്ങും 166

D. വിവാദവും അടവുകളും 173

E. സംവാദത്തിന്റെ സ്വരൂപം 176

3. സത്യം വെടിഞ്ഞു സ്നേഹം പാടില്ല 178

4. സ്നേഹം വെടിഞ്ഞു സത്യം പാടില്ല 182

5. അന്ധമായ ദോഷജല്പനം പാടില്ല 186

6. മാന്യമാനിത്വം പുലർത്തണം 194

7. അസന്ദിഗ്ധ കാര്യങ്ങളിൽ കുതർക്കം പാടില്ല 198

8. ദൈവവിജ്ഞാനീയം ദൈവശാസ്ത്രജ്ഞർക്കു വിട്ടുകൊടുക്കണം 203

നാലാം ഭാഗം

11. എക്യുമെനിസ ചിന്തകന്മാർ 208

1. ജോൺ ഓബ്രിയൻ 209

2. ആൽബർട്ടു കാർഡിനൽമേയർ 212

3. ഫ്രാങ്ക്ളിൻ ലിററൽ 215

4. റോബർട്ടു മക്കഫീബ്രൗൺ 219

5. ഹാൻസ്ക്യുങ് 224

6. കാറൽബാർത്ത് 228

7. യാവ് കോംഗാർ 232

8. ബർണ്ണാർഡ് സി. പൗളി 237

9 മാക്സ്തുര്യൻ 241

10. എമിലിജോസഫ് ഡെസ്മെ 244

11. ഫ്രെഡ് പിയേഴ്സ് കോഴ്സൻ 249

12. റിച്ചാർഡ് കാർഡിനൽ കുഷിംഗ് 254

13. മാർട്ടിൻ ഈ മാർട്ടി 257

14. കാറൽ റാനർ 260

15. ഗ്രിഗറിബാം 264

16. അഗസ്ററിൻ കാർഡിനൽ ബയാ 268

www.malankaralibrary.com

ഒന്നാം ഭാഗം

# എക്യുമെനിസനവോത്ഥാനം

1 എക്യുമെനിസം എന്ത് ?

2 പിളർപ്പും നെടുവീർപ്പും

www.malankaralibrary.com

## അദ്ധ്യായം 1

# എക്യുമെനിസം എന്ത് ?

''സമയത്തെക്കുറിച്ചറിയാമോ ? ''
''ഓഹോ! വേണ്ടുവോളം ''
''എന്താണു സമയം ? ''
''വ്യക്തമായിപ്പറയാൻ ബുദ്ധിമുട്ടുണ്ട് ''

ഇത്തരമൊരു ദുഷ്കരതയാണ് എക്യുമെനിസപര്യവേക്ഷകനു നേരിടുക. എക്യുമെനിസയുഗം, എക്യുമെനിക്കൽ പ്രവർത്തനം, ഐക്യുമെനിസ മനോഭാവം എന്നെല്ലാം ഇടതടവില്ലാതെ തട്ടിവിടുന്നവരുണ്ട്. എക്യുമെനിസത്തിന്റെ സൂക്ഷ്മ ഭാവത്തെക്കുറിച്ചാരാഞ്ഞാൽ അവരിൽ ഒട്ടുമിക്കവരും പരുങ്ങലിലാകും. അവർ നല്കുന്ന ഭാഷ്യങ്ങളോ? പലപ്പോഴും പരസ്പരം പൊരുത്തപ്പെടാത്തവയും.

''അന്ധഹസ്തിബോധം നമ്മെ-
യാകമാനം കുഴയ്ക്കുമ്പോ-
ളന്തരാവിശ്വസിക്കേണ്ട-
താരുടെ വാക്യം ? ''

എന്ന ദയനീയത ഈ രംഗത്തുമുണ്ട്.

www.malankaralibrary.com



ആനയെത്തേടിയ കുരുടന്മാർ നല്കുന്ന വിവരണം ഭാഗികചിത്രങ്ങൾ മാത്രമായിരിക്കാം. എങ്കിലും, അവയുടെ ഒന്നിച്ചു ചേർക്കൽ ആനയുടെ ഒരു ഏകദേശരൂപം കാണിക്കാൻ ഉപകരിച്ചേക്കും. വിഭിന്ന വീക്ഷണകോണങ്ങളിലൂടെ എക്യുമെനിസത്തെ നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്തിട്ടുള്ള ഏതാനും വേദശാസ്ത്രപാരംഗതന്മാർ ഈ നൂതനചിന്താഗതിക്കു നല്കുന്ന ചില നിർവ്വചനങ്ങളാണ് ചുവടേ ചേർക്കുന്നത്.

## എക്യുമെനിസപദത്തിൻെറ അർത്ഥങ്ങൾ

ഒരു ഗ്രീക്കുവാക്കിൽ നിന്നാണ് എക്യുമെനിസപദത്തിൻെറ നിഷ്പത്തി. സാർവ്വത്രികം (കാത്തലിക്ക്) എന്നാണതിൻെറ ധാതപത്ർത്ഥം. വിവിധങ്ങളായ അർത്ഥങ്ങളിൽ എക്യുമെനിക്കൽ ശബ്ദം വ്യവഹരിച്ചു പോന്നിട്ടുണ്ട്.

1. ഭൂമിയിലെ ജനാധിവാസയോഗ്യമായ എല്ലാ പ്രദേശങ്ങളേയും അവയോടു ബന്ധപ്പെട്ട എല്ലാററിനേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഈ പദത്തിൻെറ ഉപയോഗം കാണാം. നടപടി 17:31–ലെ ഒയ്ക്കുമെനേൻ (Orbem) ഈ അർത്ഥത്തിലാണ്.

2. റോമാ സാമ്രാജ്യത്തെ ആകമാനം ഉൾപ്പെടുത്തിക്കൊണ്ട് ഈ പദം പ്രയോഗിച്ചിട്ടുണ്ട്. ലൂക്ക് 2.1–ൽ 'ഒയിക്കുമെനേൻ' (Universus Orbis) എന്നു കാണുന്നത് ഇതിനുദാഹരണമാണ്.

3. സാർവ്വത്രികസഭയെക്കുറിച്ച് പറയുന്നിടത്തു "എക്യുമെനിക്കൽ" വിശേഷണം ചേർത്തിട്ടുള്ള സന്ദർഭങ്ങളുണ്ട്. സമസ്ത റോമാസാമ്രാജ്യ

www.malankaralibrary.com



ത്തിലെ (the Oikumene) എല്ലാ മെത്രാൻമാരും ചേർന്നുള്ള സുന്നഹദോസിനെ എക്യുമെനിക്കൽ കൗൺസിൽ എന്നു വിളിച്ചു. തലസ്ഥാനമായ കോൺസ്റ്റാൻറിനോപ്പിളിനെ ആദരിച്ചു അവിടത്തെ ഗ്രീക്കു ഓർത്തഡോക്സു പാത്രിയർക്കീസ് എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന പേരിലറിയപ്പെട്ടു.

4. സാർവ്വത്രികസഭയെ സംബന്ധിച്ചിടത്തോളം, അംഗീകരിക്കപ്പെട്ടത് എന്ന അർത്ഥത്തിലും എക്യുമെനിക്കൽ പദത്തിൻെറ വ്യവഹാരം കാണാം. സഭയുടെ മൂന്നു മല്പാൻമാരെ പൗരസ്ത്യസഭ Ecumenical doctors എന്നു വിളിക്കുന്നു. മൂന്നു പ്രധാന വിശ്വാസ പ്രമാണങ്ങളെക്കുറിച്ചു Ecumenical എന്ന വ്യാഖ്യാനം 16-ാം നൂററാണ്ടിലുണ്ടായി.

5 ഒന്നിലധികം സഭകളുടെ ബന്ധത്തെയോ ഐക്യത്തെയോ പരാമർശിക്കുന്നതിനു എക്യുമെനിക്കൽ പദം ഉപയോഗിക്കുന്നുണ്ട്. താരതമ്യേന സമീപകാലത്തുണ്ടായ ഒരു അർത്ഥമാണത്. 18-ാം നൂററാണ്ടിലെ നവീകരണമൊറാവിയൻ സഭയുടെ (Moravian) സ്ഥാപകനായ കൗണ്ടുസിൻസൻ ഡോർഫിലൂടെ (Countzinzen dorf) യാണ് ഈ ആശയം പരന്നത്.

6 ലോക ക്രിസ്തീയ കൂട്ടായ്മയെപ്പററിയുള്ള അവബോധവും മററു സഭകളുമായി ഒന്നിക്കുന്നതിനുള്ള അഭിവാഞ്ഛയുമാണ് ഇന്നിപ്പദം പേറുന്നത്. 19–ാം നൂററാണ്ടിൻെറ ആരംഭഘട്ടത്തിൽ സ്റേറാക്കു ഹോമിൽ സമ്മേളിച്ച വിവിധ ക്രിസ്തീയ സഭകളുടെ പ്രതിനിധി സമ്മേളനത്തോടുകൂടെയാണ് ഈ അർത്ഥത്തിൻെറ ആഗമനം. അ

www.malankaralibrary.com



ങ്ങനെ ക്രിസ്തീയതയുടെ പരസ്പരാശ്രയ വിനിമയവും സാർവ്വത്രിക ക്രിസ്തീയതയ്ക്കു വേണ്ടിയുള്ള ദാഹവുമാണ് എക്യുമെനിസം ഇന്നുണ്ടാക്കുന്ന ധാരണ (1)

രണ്ടാം വത്തിക്കാൻകൗൺസിൽ സാർവ്വത്രികതയ്ക്കു തികഞ്ഞ തെളിവാണ്. കത്തോലിക്കാസഭ സർവ്വലോക വ്യാപകമാണ്. തദ്വാരാ; കത്തോലിക്കാ മെത്രാൻമാരുടെ സമ്മേളനം എക്യുമെനിക്കൽ തന്നെ. എന്നാൽ, ഈ അർത്ഥത്തിൽ മാത്രമല്ല വത്തിക്കാൻ കൗൺസിലിനെ എക്യുമെനിക്കൽ എന്നു വിളിക്കുന്നത്. ദൈവത്തെയും ക്രിസ്തുവിനെയും സ്വീകരിക്കുന്ന എല്ലാവരുടെയും സമ്പൂർണ്ണൈക്യത്തിനു വേണ്ടിയുള്ള ഒരു യത്നം അതിനുണ്ടായിരുന്നു. പോപ്പു പോൾ ആറാമൻ പറയുന്നു: ''സമ്പൂർണ്ണവും സാർവ്വത്രികവുമായ ഒരു ഐക്യത്തിനുവേണ്ടി കൗൺസിൽ ലക്ഷ്യം വെയ്ക്കുന്നു.'' ക്രിസ്തുവുമായി ഐക്യം അഭിലഷിക്കുന്ന എല്ലാ നല്ല മനുഷ്യർക്കും അതു വാതിൽ തുറന്നു കൊടുക്കുകയും അവരെ ആഹ്വാനം ചെയ്യുകയുമാണ് (2)

കാലഘട്ടത്തിൻെറ സവിശേഷതയാണ് എക്യുമെനിസത്തിനു വഴി തെളിച്ചിട്ടുള്ളത്. ക്രിസ്തീയ സഭയിൽ പാശ്ചാത്യ പൗരസ്ത്യ വിഭജനം ഉണ്ടായിക്കഴിഞ്ഞിട്ട് ആയിരം വർഷത്തിനു ശേഷ

---

1) Cfr. Bernard Lambert. Ecumenisom, Theology and History PP. 29, 30.

2) Albert Cardinal Meyer, The Scandal of a divided Christendom, in Steps to Christian Unity. Edited by John A. O'Brien. Great Britain, 1964, P. 33.

www.malankaralibrary.com



വും പ്രോട്ടസ്ററന്റു വിഭജനം സംഭവിച്ചിട്ടു നാനൂറു വർഷത്തിനു ശേഷവും രൂപം പൂണ്ട ഒരാശയമാണ് ഇന്നത്തെ എക്യുമെനിസം (3)

## എക്യുമെനിസത്തിന്റെ ഇന്നത്തെ വിശാലവൃത്തം

ആദ്ധ്യാത്മികതയുടെ ഒരു അലയടിയാണ് എക്യുമെനിസം. നമ്മുടെ നൂററാണ്ടിലെ ഏററവും വലിയ ആദ്ധ്യാത്മിക ചലനമായി ഇതിനെ വിശേഷിപ്പിക്കാം. എല്ലാ ക്രിസ്തീയസമൂഹങ്ങളിലും ഇതിന്റെ ഓളംവെട്ടൽ ഉയർന്നുകഴിഞ്ഞു. ഒരു വലിയ യാഥാർത്ഥ്യത്തിന്റെ തേരുരുൾ ധ്വനിയാണ് ഈ ദിവ്യചലനത്തോടൊത്തു് കേട്ടുതുടങ്ങിയിരിക്കുന്നത്. ഒരു പുതിയ ഉദയത്തിനു വഴി തെളിക്കുന്ന പരിശുദ്ധാത്മ പ്രചോദിതമായ കാററാണ് ഇരമ്പിയടിക്കുന്നത്. ''ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും'' (എപ്പേ 4:5) എന്ന തിരുവചനത്തിൽ നിന്നുരുത്തിരിയുന്ന നവീന സംവിധാനത്തിന്റെ മുഖഭാവമെന്തായിരിക്കുമെന്ന് എല്ലാവരും ഉററുനോക്കുന്നു. ലോകവിപ്ലവത്തിന്റെ ഇക്കാലഘട്ടത്തിൽ ക്രിസ്തീയഐക്യത്തിനുവേണ്ടിയുള്ള ദാഹംകൊണ്ട് പ്രകീർത്തിതമായ ഈ നൂതനാശയത്തിന്റെ ആവിർഭാവം കൃപാവരത്തിന്റെ ഒരു അത്ഭുതം തന്നെയാണ്. (4)

എക്യുമെനിസത്തേയും രണ്ടാംവത്തിക്കാൻ കൗൺസിലിനെയും കുറിച്ച് ഫ്രഡ് പിയേഴ്സ് കോ

---

3) Fred Pierce Corson, Unity in Our Time S C U, PP. 168, 169

4) Bernard Lambert, Ecumenism. Theology and History, P. 4

www.malankaralibrary.com



ഴ്സൻെറ (Fred Pierce Corson) അഭിപ്രായം ശ്രദ്ധേയമാണ്. "രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ പോപ്പുജോൺ ഉയർത്തിയ ആശയം രണ്ടായിരുന്നു. ഒന്ന്, സഭയുടെ അധുനാതനീകരണം; രണ്ട്, എല്ലാ ക്രിസ്ത്യാനികളേയും ഉൾപ്പെടുത്തുന്ന ഒരു ക്രിസ്തീയ ഐക്യസംരംഭം. കത്തോലിക്കാസഭയ്ക്കു വെളിയിലുള്ള നിരീക്ഷകരെക്കൂടി സന്ദർശകരായി ക്ഷണിച്ചുവെന്നതാണ് പോപ്പുജോണിൻെറ ആത്മാർത്ഥത വെളിപ്പെടുത്തുന്ന ഒരു കാര്യം (5)

തികഞ്ഞ ദൈവശാസ്ത്ര ചിന്തകനായ റവ. ജോർജ് ററവാർഡിൻെറ (Fr. George Tavard) അഭിപ്രായപ്രകാരം "ക്രിസ്ത്യാനികളുടെ ഐക്യമുന്നിക്കൊണ്ടുള്ള ചിന്തയുടെയും പ്രവർത്തനത്തിൻെറയും നീക്കമാണ് എക്യുമെനിസം." (6) അതിനെ ക്രിസ്തീയ സ്നേഹത്തിൻെറ ഒരു യത്നമായി വിശേഷിപ്പിക്കുന്നതാണ് ചിന്തകനായ ഗുസ്താവ് വൈഗൽ എസ്. ജെ. (Gustave Weigel S. J)യ്ക്ക് പ്രിയങ്കരം. അദ്ദേഹം പറയുന്നു: ഒരു സമൂഹത്തിൻെറ വിജയഭേരിതപത്തിനുള്ള യത്നമല്ല എക്യുമെനിസ പ്രസ്ഥാനം. വിഘടിതരെങ്കിലും ഭ്രാതാക്കന്മാരായ ക്രിസ്ത്യാനികളുടെ സഹോദരനിർവിശേഷമായ ഒരു അഭിമുഖീകരണമാണത് .... .... മതപരിവർത്തനം എക്യുമെനിക്കൽ ഡയലോഗിൻെറ പ്രത്യക്ഷലക്ഷ്യമല്ല. സുവിശേഷസാക്ഷ്യം കൊള്ളു

5) Fred Pierce Corson, Unity in Our Time. SCU. PP. 169 170

6) Albert Cardinal Mayer. The Scandal of a divided Christendom. SCU P. 33.

www.malankaralibrary.com



വാനും കൊടുക്കുവാനുമുള്ള ക്രിസ്തീയ സ്നേഹത്തിന്റെ ഒരു യത്നമാണത്. (7)

ക്രിസ്തീയതയുടെ പരിമിത വൃത്തത്തിനുള്ളിൽ എക്യുമെനിസത്തെ ഒതുക്കിനിർത്താൻ ഡച്ചു ദൈവശാസ്ത്രജ്ഞനായ എഡ്വേർഡ് ഷില്ലബേക്ക് ഒ. പി. (Edward Schille beeck O. P.) ഇഷ്ടപ്പെടുന്നില്ല. മതമൂല്യങ്ങളെ അംഗീകരിയ്ക്കുന്ന എല്ലാവരിലേക്കും അതു വ്യാപിപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ''ക്രിസ്തുവിനെ ഏററുപറയുന്ന വിശ്വാസികളുണ്ട്. അവരുടെ ഐക്യത്തിനുവേണ്ടി മാത്രമുള്ള ഒന്നായി എക്യുമെനിസത്തെ തരം താഴ്ത്തരുത്. മതമൂല്യങ്ങളെ അംഗീകരിക്കുന്ന എല്ലാവരുടെയും ഐക്യത്തിനുവേണ്ടിയാണ് അതു് ഉന്നം വെയ്ക്കുന്നത്. അങ്ങനെയുള്ളവരുടെ സ്നേഹം കൊണ്ടും പ്രത്യാശ കൊണ്ടും സർവോപരി വിശ്വാസം കൊണ്ടും സംജാതമാകുന്ന ഐക്യത്തിനുവേണ്ടിയുള്ള ഒരു മനോഭാവമാണ് എക്യുമെനിസം. (8) ഓരോ വ്യക്തിയിലും മുളയെടുക്കേണ്ടതാണീ മനസ്ഥിതി. അത് അവനെ ദൃഢനിശ്ചയത്തിനും പ്രവർത്തനത്തിനും പ്രേരിപ്പിയ്ക്കണം.'' ഇതേ ആശയം തന്നെയാണ് കാലിഫോർണിയായിലെ ആൽബർട്ടു കാർഡിനൽ മേയറിനു (Albert Cordinal Mayer)മുള്ളത്. യോജിപ്പിലെത്താവുന്ന മൂല്യങ്ങളും സത്യങ്ങളും ഉള്ളിടത്തെല്ലാം ഓടിയെത്തണമെന്ന് അദ്ദേഹം ഉച്ചൈസ്തരം ഉദ്ഘോഷിയ്ക്കുന്നു. ''വിഘടിതരായ ക്രിസ്തീയ സഹോദരങ്ങളുടെ ഇടയിലേക്കു മാത്രമല്ല,

7) Ibid

8) I bid, P. 34

www.malankaralibrary.com



എക്യുമെനിസചിന്ത കയറിപ്പറ്റേണ്ടത്. മതമൂല്യങ്ങളെ ആദരിക്കുന്നവരുമായെല്ലാം നാം ബന്ധം പുലർത്തണം. യഹൂദന്മാരിലേക്കു നാം തിരിയണം. പൂർവപിതാവായ അബ്രഹാമിലൂടെ നമുക്ക് പൊതു ബന്ധമുള്ളവരാണവർ. മഹമ്മദീയരുമായി നാം ബന്ധിതരാകണം. ഒരേ ദൈവത്തെയും ഒരേ പ്രവാചകന്മാരെയും നമ്മെപ്പോലെ സ്വീകരിക്കുന്ന മഹമ്മദുനബിയുടെ അനുയായികളാണവർ. പൗരസ്ത്യ മതങ്ങളുടെ നേരെ നാം കണ്ണടയ്ക്കരുത്. ഈശ്വരസാക്ഷാൽക്കാരം അംഗീകരിക്കുന്നവരാണവർ. യോജിപ്പിലെത്താവുന്ന മതമൂല്യവും സത്യവും ഉള്ളിടത്തെല്ലാം നാം ഓടിയെത്തണം'' (9)

ക്രിസ്തീയ തറവാട്ടിലെ അംഗങ്ങളുടെ ഒരു പുതിയ അഭിമുഖദർശനമായിട്ടത്രേ ബൽജിയം മെത്രാനായ എമിലി ജോസഫ് ഡെ സ്മെ (Emile Joseph De Smedet) എക്യുമെനിസത്തെ ചിത്രീകരിക്കുന്നത്. അദ്ദേഹം പറയുന്നു: ''എക്യുമെനിസം നിർവചനക്ഷമമല്ല. എങ്കിലും, വിവിധങ്ങളായ പ്രകാശങ്ങളിലൂടെ അതു മനസിലാക്കാവുന്നതാണ്. ക്രിസ്തീയസമൂഹത്തിൽ പരിശുദ്ധാത്മ ആവസിപ്പിനെ പ്രകാശിതമാക്കുന്ന ഒരു ജീവശക്തിയാണ് എക്യുമെനിസം. ഒരേ കുടുംബത്തിൽ പെട്ടവരെങ്കിലും വേർപിരിഞ്ഞു കഴിഞ്ഞു കൂടുന്ന ക്രിസ്തീയ തറവാട്ടിലെ അംഗങ്ങളുടെ ഒരു പുതിയ അഭിമുഖദർശനമാണിത്. ഈ തറവാടിന്റെ നായകൻ ദൈവവും സ്ഥാപകൻ ക്രിസ്തുവും ചൈതന്യദായകൻ പരിശുദ്ധാത്മാവുമാണ്'' (10)

---

(9) Ibid, P. 35

(10) Emile-Joseph De Smedt, Tolerance Freedom and Ecumenism, SCU, P. 152

www.malankaralibrary.com



പരിശുദ്ധാത്മപ്രചോദിതമാണ് എക്യുമെനിസം എന്ന കാര്യത്തിൽ ദൈവശാസ്ത്രജ്ഞന്മാർ പരസ്പരം കൈ കോർക്കുന്നു. ഫിലാഡൽഫിയായിലെ മെത്തേഡിസ്റ്റു ബിഷപ്പായ ഫ്രെഡ്പിയേഴ്സ് കോഴ്സൻ (Fred Pierce Corson) പറയുന്നു: ''മനുഷ്യസാമർത്ഥ്യം സടവിടർത്തി നിലകൊള്ളുന്ന ഇക്കാലഘട്ടത്തിലെ പ്രപഞ്ചനീക്കങ്ങൾക്കിടയിലും കാണാറാകുന്ന ദൈവത്തിന്റെ കരചലനമാണ് എക്യുമെനിസം. സയൻസിന്റെ ഇന്നത്തെ യാന്ത്രിക വിളയാട്ടത്തിനിടയിലും അങ്ങനെ ആധ്യാത്മികതയുടെ സർവാതിശായിയായ ശക്തി പ്രത്യക്ഷപ്പെടുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ ക്രൈസ്തവൈക്യബോധം വളർന്നിട്ടുണ്ടെന്നുള്ളതിന്റെ പ്രധാന തെളിവു ദൈവത്തിന്റെ നടത്തിപ്പു അതിന്മേലുണ്ടായിരുന്നുവെന്നുള്ള സാർവജനീനവിശ്വാസമാണ്. പരിശുദ്ധാത്മപ്രചോദിതം എന്ന അവബോധമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ചു പോപ്പുജോണിനുണ്ടായിരുന്നത്.'' (*11*) എക്യുമെനിസത്തെ ഒരു നവോത്ഥാന നീക്കമായിട്ടത്രെ പ്രസിദ്ധ അമേരിക്കൻ ചിന്തകനായ ഫാദർ ഗ്രിഗറി ബാം (Fr. Gregory Baum) ചിത്രീകരിക്കുന്നത്. (*12*)

അവഗാഢതരം പിളർക്കപ്പെട്ട ക്രിസ്തീയതയെ കഴിഞ്ഞകാലസംഭവങ്ങളെക്കുറിച്ചുള്ള യുക്തിവിചാരവും കാര്യകാരണാന്വേഷണവുംകൊണ്ടു വീ

(*11*) Cfr. Fred Pierce Corson, Unity in Our Time, SCU PP. 172, 173

(*12*) Gregory Baum, Drawing Closer Together, SCU, PP. 274, 275

www.malankaralibrary.com



ണ്ടും പൂർവാധികം പിളർത്തുന്നതിനു പകരം മുറിവുകളിൽ ഔഷധവും തൈലവും പുരട്ടി സൗഖ്യമാക്കുന്നതിനുള്ള യത്നമാണ് എക്യുമെനിസത്തിന്റേത്. അഗസ്റ്റിൻ കാർഡിനൽ ബയാ (**Augustine Cardinal Bea**) യുടെ വാക്കുകൾതന്നെ ശ്രദ്ധിക്കുക "കഴിഞ്ഞകാല സംഭവങ്ങളെക്കുറിച്ചുള്ള ചർച്ചയാണ് ചരിത്രകാരന്മാർക്കുള്ളത്. ഓരോ സംഭവത്തെക്കുറിച്ചും അവർ വിധിത്തീർപ്പു നടത്തിക്കൊള്ളട്ടെ. തെളിവും യുക്തിയും അവർക്കു ഉപോൽബലകമായി ഉണ്ടായിരിക്കയും ചെയ്യും. അവരതു ചെയ്യട്ടെ. അത്തരം യത്നങ്ങളിൽ നമ്മൾ ഏർപ്പെടേണ്ടതില്ല. കഴിഞ്ഞകാല സംഭവങ്ങളെക്കുറിച്ചുള്ള വിധിത്തീർപ്പു നമുക്കു ദൈവത്തിന്റെ തീരുമാനത്തിനു ഏല്പിക്കാം. ഇന്നു കരണീയം ഒന്നുമാത്രമാണ്. നൂററാണ്ടുകളായി നഷ്ടപ്പെട്ടുപോയ നിധി, ക്രിസ്തുവിൽ സ്നാനമേററവരുടെ തകർന്നടിഞ്ഞ ഐക്യം വീണ്ടെടുക്കുകയെന്നതാണത്." *(13)*

അനുരഞ്ജനത്തിന്റെ വളക്കൂറുള്ള മണ്ണിലാണ് എക്യുമെനിസം മുളയ്ക്കുകയും തഴയ്ക്കുകയും ചെയ്യുന്നത്. പോപ്പുപോളിന്റെ മാപ്പുചോദിക്കൽ എക്യുമെനിസത്തിന്റെ അന്തസ്സത്ത തുറന്നുകാട്ടുന്ന നല്ലൊരു തുടക്കമായിട്ടുണ്ട്. "ക്രിസ്തീയ ഭിന്നതയ്ക്കു നമ്മൾ ഏതെങ്കിലും വിധത്തിൽ കാരണക്കാരാണെങ്കിൽ അതിനു പരമപിതാവിനോടു വിനയപൂർവം മാപ്പിരക്കുന്നു. ഞങ്ങൾ മുറിപ്പെടുത്തിയിട്ടുള്ള സഹോദരങ്ങളോടും ക്ഷമ ചോദിക്കുന്നു. നീണ്ടകാലത്തെ വേർപാടിനിടയിൽ അനുഭവിക്കേണ്ടിവന്ന കെടുതികളെ കത്തോലിക്കാ

---

*(13)* Augustin Cardinal Bea, SCU, P. 36

www.malankaralibrary.com



സഭ ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്നു. സ്വർഗ്ഗസ്ഥപിതാവ് നമ്മുടെ പ്രാർത്ഥന കേൾക്കുകയും സമാധാനം നല്കി അനുഗ്രഹിക്കുകയും ചെയ്യട്ടെ'' (14)

അനുരഞ്ജനത്തിന്റെ പേരിൽ വിശ്വാസസത്യങ്ങളെ കാററത്തു പറത്തുന്നതിനുപോലും മടിക്കാത്തവരുണ്ട്. സഭയുടെ മൗലികപ്രമാണങ്ങളെ ബലികഴിച്ചുകൊണ്ടുള്ള കൂട്ടുകെട്ടുകളെ ഷിക്കാഗോയിലെ ആർച്ചുബിഷപ്പു ആൽബർട്ടു കാർഡിനൽ മേയർ (Albert Cardinal Mayer) എതിർക്കുന്നു. (15) എക്യുമെനിസം നിഷ്ക്രിയത്വമാണെന്നു ധരിച്ചുവെച്ചിരിക്കുന്നവരുണ്ട്. ഇതിനെതിരാണ് ഗ്രിഗറി ബാം (Gregory Baum). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എക്യുമെനിസം നിഷ്ക്രിയത്വമല്ല, ഭ്രാന്തമായ സ്വമതശാഠ്യവുമല്ല. രണ്ടിനും മധ്യേയുള്ള പരിശുദ്ധമായ പാതയാണ് അതിനുള്ളത്. (16)

ക്രൈസ്തവൈക്യം പരത്തുന്ന പൂനിലാവൊളിയിൽ അനതിവിദൂരവേളയിൽ മുങ്ങിക്കുളിച്ചാഹ്ലാദിക്കാമെന്ന സ്വപ്ന സാക്ഷാൽക്കാരത്തിനു കാത്തിരിക്കുന്നവർക്കാണ് ബോസ്ററൺ മെത്രാപ്പോലീത്താ റിച്ചാർഡു കാർഡിനൽ കുഷിങ്ങിന്റെ (Richard Cardinal Cushing) ഉൽബോധനം: ''ഐക്യത്തിന്റെ ദർശനം പ്രകാശമാനമാണ്. എന്നാൽ, അതു വളരെ അകലെയാണ്. അതു കാണുന്നതി

(14) Pope Paul VI, SCU, P. 36

(15) Cfr. Albert Cardinal Meyer, The Scandal of a divided Chrisendom, SCU, P. 37

(16) Gregory Baum, Drawing Closer Together, SCU, P. 277

www.malankaralibrary.com



നുള്ള ഭാഗ്യം നമ്മുടെ കണ്ണുകൾക്കു ലഭിക്കുമോ എന്നറിഞ്ഞുകൂടാ. ഏതായാലും അതുണ്ടാകും. ഉണ്ടായേ മതിയാവു. കർത്താവ് അത് അഭിലഷിക്കയും അതിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. അതിനു വഴിയൊരുക്കുക എന്നതാണു നമ്മുടെ കടമ. മററുള്ളവർ കൊയ്തെടുക്കുന്നതിനുവേണ്ടി നമ്മൾ വിത്തുവിതയ്ക്കണം. ഐക്യത്തിൻെറ കേന്ദ്രമായ പരിശുദ്ധാത്മാവിൻെറ നിശ്വാസനത്തിനുവേണ്ടി നമ്മൾ അന്തരീക്ഷം ഒരുക്കണം''(*17*)

ഭാരതവർഷത്തിലെ ഋഗ്വേദം അതിപുരാതന കാലത്തുതന്നെ ഉൽഘോഷിച്ചു.

''സമാനിവ ആകൂത:
സമാനാ ഹൃദയാനിവ:
സമാന മസ്തുവമനോ
യഥാവ: സുസഹാസതി
യഥാവ: സുസഹാസതി''(*18*)

(നിങ്ങളുടെ അഭിപ്രായവും നിങ്ങളുടെ ഹൃദയവും നിങ്ങളുടെ മനസും ഒന്നായിത്തീരട്ടെ. അങ്ങനെ അന്യാദൃശമായ സംഘശക്തി നിങ്ങളിൽ വർദ്ധിച്ചുവരുവാൻ ഇടയാവട്ടെ.)

---

(*17*) Cfr. Richard Cardinal Cushing, Grass – Roots Steps to Unity, SCU, PP. 185, 186

(*18*) Rigveda 10

www.malankaralibrary.com

## അദ്ധ്യായം 2

# പിളർപ്പും നെടുവീർപ്പും

''വീണിതല്ലൊ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ
ചൊല്ലെഴുമർജ്ജുനൻ തൻെറ തിരുമകൻ
വല്ലവീ വല്ലഭാ ! നിൻെറ മരുമകൻ''

എന്ന ദയനീയ ചിത്രമാണ് പിളർക്കപ്പെട്ട ക്രിസ്തീയത്വം ഒരുവനെ ഓർമ്മപ്പെടുത്തുക.

98 കോടിയിലധികമാണ് ലോകക്രൈസ്തവ ജനസംഖ്യ. (*1*) രണ്ടു വലിയ പിളർപ്പുകൾ സഭയെ മൂന്നു ചേരിയിലാക്കി, കത്തോലിക്കാ, പ്രോട്ടസ്റ്റൻറ്, ഓർത്തഡോക്സ് എന്നിങ്ങനെ. കത്തോലിക്കർ 63 കോടിയും പ്രോട്ടസ്റ്റൻററുകാർ 22 കോടിയും ഓർത്തഡോക്സുകാർ 13 കോടിയും വരും. ഓർത്തഡോക്സ് പ്രോട്ടസ്റ്റൻറു തലങ്ങളിൽ ഉണ്ടായിട്ടുള്ള പിളർപ്പുകൾ അവഗാഢതരവും മാരകവുമാണ്. അർമ്മീനിയ, അലക്സാണ്ഡ്രിയ, ഗ്രീസ്, അന്തോക്യ എന്നിവിടങ്ങളിലായി

(*1*) A K C C Bulletin, Silver Jubilee Souvenir 1973

www.malankaralibrary.com


ഓർത്തഡോക്സ് വകുപ്പിന് അവാന്തരവിഭാഗങ്ങൾ പലതുണ്ട്. ബാപ്റ്റിസ്റ്റ്, ലൂഥറൻ. മെത്തേഡിസ്റ്റ്, പ്രസ്ബിറ്റേറിയൻ, ആംഗ്ലിക്കൻ, പെന്തിക്കോസ്ത് എന്നു തുടങ്ങി പ്രൊട്ടസ്റ്റൻറുകാർക്കിടയിലെ ഉപവിഭാഗങ്ങൾ വളരെയേറെയാണ്. ഏകദേശം രണ്ടായിരത്തോളം സഭകളായി ക്രിസ്തീയ ലോകം കീറിമുറിയപ്പെട്ടിരിക്കുന്നു.

## ഐക്യം ആവശ്യമോ ?

പ്രതിജനഭിന്നഭാവമാണല്ലൊ മനുഷ്യനുള്ളത്. വിഭിന്ന സമൂഹങ്ങളായി നിലകൊള്ളുന്നതിൽ എന്താണ് ചേതം ? സാർവ്വത്രിക ഐക്യം പ്രായോഗികമാണോ ? ക്രൈസ്തവൈക്യത്തിനു വേണ്ടി എന്തിനു തത്രപ്പെടണം ? എന്നെല്ലാം ചോദിക്കുന്നവരുണ്ട്.

ഐക്യം സഭയുടെ അവിഭാജ്യഘടകമായിരിക്കണമെന്നു സംശയരഹിതമായി വ്യക്തമാക്കിയിട്ടുള്ളത് സഭാസ്ഥാപകൻ തന്നെയാണ്. ഇതാ ക്രിസ്തുവിൻെറ വാക്യങ്ങൾ: ''ഞാൻ നല്ല ഇടയനാകുന്നു. പിതാവ് എന്നെയും ഞാൻ പിതാവിനെയും അറിയുന്നതുപോലെ ഞാൻ എനിക്കുള്ളവയേയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കു വേണ്ടി ഞാൻ ജീവൻ ബലി കഴിക്കുന്നു. ഈ തൊഴുത്തിൽപ്പെടാത്ത മററാടുകളും എനിക്കുണ്ട്. ഞാൻ അവയേയും കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എൻെറ സ്വരം ശ്രവിക്കും. അങ്ങനെ ഒരാട്ടിൻപററവും ഒരിടയനുമാകും'' (2)

മരണത്തിൻെറ തലേരാത്രിയിലും ഗാഢശ്രദ്ധ പതിപ്പിക്കത്തക്കവണ്ണം ക്രിസ്തുവിൻെറ ഐ

(2) യോഹ 10, 14–16

www.malankaralibrary.com



ക്യകാംക്ഷ അതീവദൃഢമായിരുന്നു. ജഗദ്ഗുരുവിന്റെ ഹൃദയംഗമപ്രാർത്ഥന ശ്രദ്ധിക്കു: ''അവർക്കുവേണ്ടിമാത്രമല്ല അവരുടെവചനം മൂലംഎന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കുവാൻ വേണ്ടി പിതാവേ, നീ എന്നിലും ഞാൻ നിന്നിലും അയിരിക്കുന്നതു പോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ നീ എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനു വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നായിരിക്കുന്നതിന് നീ എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നല്കിയിരിക്കുന്നു. അവർ പൂർണ്ണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലും ആയിരിക്കുന്നു. അങ്ങനെ, നീ എന്നെ അയച്ചുവെന്നും നീ എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ. പിതാവേ, ലോകസ്ഥാപനത്തിനു മുമ്പ്, എന്നോടുള്ള നിന്റെ സ്നേഹത്താൽ നീ എനിക്കു മഹത്വം നല്കി. നീ എനിക്കു നല്കിയവരും അതു കാണുവാൻ ഞാൻ ആയിരിക്കുന്നിടത്തു എന്നോടുകൂടി അവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.'' (3)

ഈ വാക്കുകളൊന്നും അർത്ഥശങ്കയ്ക്കിടകൊടുക്കുന്നില്ല. ഇതിന്റെ ആശയത്തെപ്പററി രണ്ടഭിപ്രായമില്ല. ഇന്നും ഇവ വായിക്കപ്പെടുകയും സുവിശേഷവേദികളിൽ പ്രകീർത്തിക്കപ്പെടുകയും ചെയ്യുന്നു. കർത്തൃപദേശത്തിന്റെ ഒരവിഭാജ്യഘടകമായി ഇന്നും ഇതംഗീകരിക്കപ്പെടുന്നു. ക്രിസ്തീയ വിശ്വാസികളിലെല്ലാം ഈ ആശയം രൂഢമൂലമാണ്.

3) യോഹ 17, 20–24

www.malankaralibrary.com



ഏകതയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ആശയം അപ്പസ്തോലന്മാരുടെ സുവിശേഷബോധനത്തിന് 'ഊടുംപാവു' മായി പരിണമിച്ചിട്ടുണ്ട്. വി. പൗലൂസ്ശ്ളീഹാ എപ്പേസ്യക്കാർക്ക് എഴുതുന്നു: ''കർത്താവിനു വേണ്ടി തടവുകാരനായിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ലഭിച്ച വിളിക്കു യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണ്ണമായ വിനയത്തോടും ശാന്തതയോടും കൂടി നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധനത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്തുവാൻ ജാഗരൂകരായിരിക്കുവിൻ. വിളിക്കപ്പെട്ടപ്പോൾ നിങ്ങൾക്കു ലഭിച്ച പ്രത്യാശ ഒന്നായിരുന്നതു പോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലത്തിനുമുപരിയും സകലത്തിലൂടെയും സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവവും ഒരുവൻ'' (4)

ക്രൈസ്തവൈക്യത്തിനു ഉപോൽബലകവും ഉറവിടവുമായ ക്രിസ്തുസൂക്തികളാണിവ. സഭയ്ക്കു ലക്ഷണചതുഷ്ടയം കൽപിച്ച നിക്യായിലെ സാർവ്വത്രിക സുന്നഹദോസ് ഏകതയും സാർവ്വത്രികതയും മറക്കാതിരുന്നത് വ്യർത്ഥമായല്ല. ക്രിസ്തീയ ഐക്യത്തിനുണ്ടാകുന്ന കെടുതി സഭാചിന്തകരെ ദുഃഖത്തിലാഴ്ത്തുകതന്നെ ചെയ്യും.

ഭിന്നതയുടെ ഉണങ്ങാത്ത മുറിവിൽ തഴങ്ങിക്കഴിയുന്നവരുണ്ട്; അതിന്റെ വേദന അവരെ അലട്ടാറില്ല; അവർ സംപ്രീതരായി ജീവിക്കുന്നു. എന്നാൽ,

(4) എപ്പേ 4, 1-6

www.malankaralibrary.com



തലമുറകളായി നിലനിന്നുവരുന്ന ഈ കടുത്ത വിടവ് പലരുടെയും ചിന്തക്കു വിഷയമായിട്ടുണ്ട്. സുവിശേഷത്തിൽ ചിത്രീകരിച്ചിരിക്കുന്ന ''ഫലം കായ്ക്കാത്ത വൃക്ഷ''മായിട്ടത്രേ പിളർക്കപ്പെട്ട ക്രിസ്തീയതയെ അവർ കാണുന്നത്.

## ഭിന്നത നല്കുന്ന പാഠം

പാപമാണു ഭിന്നതയ്ക്കു നിദാനം എന്ന നിഗമനത്തിലത്രേ ആൽബർട്ട് കാർഡിനൽ മേയർ (Albert CardinalMeyer) എത്തിച്ചേർന്നിട്ടുള്ളത്. സഭാ ഭിന്നതയുടെ എരിതീയിൽ എണ്ണയൊഴിക്കുവാൻ ഇന്നത്തെ ക്രിസ്ത്യാനികളുടെ പാപം പ്രേരകമായിട്ടുണ്ട്. അതു പിളർപ്പിനെ വളർത്തുന്നു, ആഴപ്പെടുത്തുന്നു. ഉദാസീനത, വെറുപ്പ്, സ്വയസാധൂകരണം, ഔദ്ധത്യം, മുൻവിധി, കള്ളസാക്ഷി ഇടർച്ച തുടങ്ങിയ തിന്മകളിലൂടെ ക്രിസ്തവനുഗാമികൾ മററുള്ളവരെ സഭയിൽനിന്നകററുകയും മതവിരോധികളാക്കുകയും ചെയ്യുന്നു. അയൽക്കാരന്റെ അഭിവൃദ്ധിയിൽ നാം ഉദാസീനരായെന്നിരിക്കും; സ്വയസാധൂകരണം കൊണ്ടു നമ്മളെ മൂടുമ്പോൾ സമൂഹത്തിനു പുറത്തുള്ളവരെ വെറുപ്പോടെ വീക്ഷിച്ചെന്നിരിക്കും; കൂട്ടുകാരന്റെ സുകൃതങ്ങൾ കാണാൻ പാടില്ലാത്തവിധം മുൻവിധിയുടെ മൂടൽമഞ്ഞ് നമ്മുടെ ദൃഷ്ടികളെ മറച്ചെന്നിരിക്കും; സഭാജീവിതത്തിൽ നമുക്കുള്ള അധസ്ഥിതാവസ്ഥ മററുള്ളവർക്കു ഇടർച്ചയുണ്ടാക്കിയെന്നിരിക്കും. എല്ലാം സ്വയശോധനയ്ക്കു വിധേയമാക്കേണ്ടതാണ്. (5)

---

(5) Albert Cardinal Meyer, The Scandal of a divided Christendom. SCU, PP. 36, 37

www.malankaralibrary.com



പിളർപ്പു വരുത്തിക്കൂട്ടിയതിൻെറ കുററപ്പാടു മുഴുവൻ പണ്ടുള്ളവരുടെ തലയിൽ കെട്ടിവച്ചു കൊണ്ട് ''നല്ലപിള്ള ചമഞ്ഞു'' ഞെളിയുന്നവരുടെ നേരെയാണ് ഗ്രിഗറി ബാം (Gregory Baum) വിരൽ ചൂണ്ടന്നത്: ''പണ്ടുള്ളവർ ഈ പാപത്തിനു പങ്കു കാരാണെന്നതു ശരിതന്നെ. എന്നാൽ, ഇന്നുള്ളവർക്കും കൈകഴുകാൻ നിർവ്വാഹമില്ല. സ്വാർത്ഥ മാത്രപ്രസക്തത നിറഞ്ഞ നമ്മുടെ പ്രവർത്തനത്തിലെ ദുഷ്ടതകളും ദൈവരാജ്യ പ്രചാരണത്തിനു തടസ്സം സൃഷ്ടിക്കുന്ന ദുർമ്മനോഭാവവും എല്ലാം സഭാ ഭിന്നതയെ വളർത്തിക്കൊണ്ടിരിക്കുകയാണ്. ഈ മാരകത്തിന്മയിൽ സഭയ്ക്കുള്ള പങ്കാളിത്തം വത്തിക്കാൻസുന്നഹദോസിലൂടെ കത്തോലിക്കാ സഭ ഏററുപറഞ്ഞിരിക്കുന്നു. ദൈവത്തോടു മാപ്പിരക്കാനും സഹോദരങ്ങളോടു ക്ഷമ ചോദിക്കാനും വത്തിക്കാൻ കൗൺസിൽ രണ്ടാം സമ്മേളനത്തിൻെറ ആദ്യപ്രസംഗത്തിൽ പോപ്പുപോലും മടിച്ചില്ല.'' (6)

ദൈവസ്വരത്തിനു ഉടനടി ശ്രദ്ധ കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നമ്മുടെ കൺമുമ്പിൽ വയ്ക്കപ്പെട്ടിട്ടുള്ള ഒരടയാളമായി ഇന്നത്തെ സഭാ ഭിന്നതയെ കാണണമെന്ന് പറയുന്നവരുടെ ചിന്തക്കു് ആഴവും പരപ്പും കൂടുതലുണ്ട്. ചരിത്രത്തിലെ സംഭവങ്ങളിലൂടെ ദൈവം നമ്മോടു സംസാരിക്കുകയാണ്. പിളർക്കപ്പെട്ട സഭയുടെ ദാരുണ സ്ഥിതിയിലൂടെ, ദൈവസ്വരം — കാതു കൂർപ്പിക്കുമെങ്കിൽ— ഉറക്കെ കേൾക്കാം. ദൈവത്തെ സർവ്വാത്മനാ അനുസരിക്കുന്നതിനുള്ള ഇന്നത്തെ നമ്മുടെ മനസ്സില്ലായ്മയും കഴിഞ്ഞ കാലത്തെ

(6) Cfr. Gregory Baum, Drawing closer together, SCU, PP- 269, 270

www.malankaralibrary.com


അവിശ്വാസ്തതയുമാണ് സഭാഭിന്നത അനുസ്മരിപ്പിക്കുന്നത്. ഇസ്രായേല്യരുടെ കഥ ഇത്തരുണത്തിൽ സ്മരണീയമാണ്. അവിശ്വസ്തതയിൽ മുഴുകിയതും ഉപരിയായ ദൈവികാഹ്വാനത്തെ പരിഗണിക്കാതിരുന്നതും ഇസ്രായേല്യരെ പഠിപ്പിക്കുന്നതിനുള്ള ദൈവത്തിൻെറ പദ്ധതിയായിരുന്നു പന്ത്രണ്ടു ഗോത്രക്കാരുടെ ഭിന്നിപ്പും മറുതലിപ്പും. ക്രിസ്ത്യാനികളുടെ സവിശേഷ ശ്രദ്ധക്കു ദൈവം വെച്ചിട്ടുള്ള അടയാളമാണ്, സഭയിലെ ഇന്നത്തെ ഭിന്നിപ്പ്. അതു കണക്കിലെടുത്തേ മതിയാവു. അല്ലെങ്കിൽ, ഇതിൻെറ ദുഷ്പരിണതി ഭയാനകമായിരിക്കും. നമ്മരം പാപത്തിൽ മുഴുകിപ്പോയെന്നാണ് ഈ അടയാളം കാണിക്കുന്നത്. നമ്മുടെ പരാജയങ്ങരംക്കു ദൈവികപ്രതിവിധി നേടുവാനും ഈ അടയാളം ഉൽബോധിപ്പിക്കുന്നു. (7)

സഭയുടെ ആത്യന്തികലക്ഷ്യം തന്നെയാണ് ഭിന്നിപ്പ് തകരാറിലാഴ്ത്തുന്നത്. മാരകമായ ഭിന്നിപ്പിൻെറ രോഗം സഭയുടെ ശ്വാസകോശമായ മിഷനറി സംരംഭത്തെ നിഷ്പന്ദമാക്കുന്നു. സുവിശേഷഘോഷണത്തിനു സഭാഭിന്നിപ്പ് ഉയർത്തുന്ന പ്രതിബന്ധം ചെറുതല്ല. ഇതുമൂലം ക്രിസ്തീയ രാജ്യങ്ങളിലും മിഷൻപ്രദേശങ്ങളിലും സുവിശേഷബോധനത്തിനു മനുഷ്യൻ ചെവികൊടുക്കുന്നില്ല. തമ്മിൽതല്ലി തലകീറുന്ന സഭാവ്യൂഹങ്ങരംക്കു എങ്ങനെ ശക്തിയുണ്ടാവും? അവരുടെ ശബ്ദം ആര് കേരംക്കും. (8)

സഭയുടെ ഹൃദ്രക്തം കുടിച്ചു വററിക്കുവാനും അന്തഃസത്ത കരണ്ടു നശിപ്പിക്കുവാനും പിളർ

(7) Ibid, PP. 270, 271
(8) Ibid PP. 271, 272

www.malankaralibrary.com



പ്പിന്റെ നശീകരണകീടങ്ങാക്കു കഴിഞ്ഞിട്ടുണ്ട്. സഭയുടെ മനോഹരമുഖഭാവം അമ്പേ, താറുമാറായി പ്പോയി. സ്നേഹത്തിനെതിരായ ഭീകരപ്രലോഭനമാണ് സഭാഭിന്നത സദാ ഉണർത്തുക. പരസ്പരം മല്ലടിക്കുന്നസഭകളെ എങ്ങനെസ്നേഹിക്കും? ക്രിസ്തീയതയിൽനിന്നു സ്നേഹം മാറിപ്പോയാലുള്ള സ്ഥിതിയെന്തായിരിക്കും? ഉറ നഷ്ടപ്പെട്ടുപോയ ഉപ്പിന്റെ നിരുപയോഗാവസ്ഥ എത്ര ദയനീയം! (9)

പിളർപ്പുവരുത്തുന്ന കെടുതികളെക്കുറിച്ചുള്ള അവബോധം ലോകത്തെമ്പാടുമുള്ള ക്രിസ്ത്യാനികാക്ക് ഉണ്ടായിട്ടുണ്ട്. അതുകൊണ്ടത്രേ ഐക്യത്തിനുവേണ്ടിയുള്ള നീണ്ട മുറവിളി എല്ലാ തലങ്ങളിൽനിന്നും ഉയരുന്നത്.

## എക്യുമെനിസം
## പ്രോട്ടസ്റ്റന്റു സഭയിൽ

പ്രോട്ടസ്റ്റന്റു ഭാഗത്തും കത്തോലിക്കാതലത്തിലും ഐക്യദാഹമുണ്ടായിട്ടുണ്ട്. അഭിനവമായ എക്യുമെനിസത്തിന്റെ ഉറവിടംതന്നെ പ്രോട്ടസ്റ്റന്റു കേന്ദ്രങ്ങളാണ്. 1910–ൽ എഡിൻബറോ ( Edinberg ) യിൽ നടത്തപ്പെട്ട ലോകമിഷനറി കോൺഫ്രൻസിന്റെ (World Missonary Conference) സമ്മേളനമാണ് ഇതിന് തുടക്കം കുറിച്ചത്. തുടർന്ന് 1925 ൽ സ്റ്റോക്കുഹോമിലും 1927 ൽ ലൊസാനിലും (Lausanne) സമ്മേളനങ്ങാ നടത്തി. സ്റ്റോക്കുഹോംസമ്മേളനം "പ്രവൃത്തിയും ജീവനും" (Work and life) എന്നതിനെക്കുറിച്ചും ലൊസാൻ സമ്മേളനം "വിശ്വാസവും പട്ടത്വവും"

(9) Ibid

www.malankaralibrary.com



(faith and Order) എന്നതിനെക്കുറിച്ചുമായിരുന്നു. 1948–ലെ ആംസ്ററർഡാംസമ്മേളനം സഭകളുടെ ലോകകൗൺസിൽ സമേമളനത്തിലാണ് കലാശിച്ചത്. 50 രാജ്യങ്ങളിലായി മുന്നൂറുസഹസ്രം അംഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന പ്രൊട്ടസ്റ്റൻറും ഓർത്തഡോക്സ് വിഭാഗങ്ങളിൽപ്പെട്ട 201 സമൂഹങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു പ്രസ്തുത കൗൺസിൽ.

ക്രൈസ്തവൈക്യത്തെക്കുറിച്ചും അതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പററിയും സഭകളുടെ ലോകകൗൺസിൽ പഠനം നടത്തിയിട്ടുണ്ട്. ''ക്രിസ്തുവിൽ നമ്മുടെ യോജിപ്പും സഭകളുടെ വിയോജിപ്പും' എന്നതിനെക്കുറിച്ചുള്ള ഒരു പ്രത്യേക റിപ്പോർട്ട് 1954–ലെ ഇവാൻസ്ററൻ അസംബ്ളിയിൽ സമർച്ചിച്ചു.

1961–ൽ ന്യൂഡൽഹിയിൽവെച്ചു സഭകളുടെ അഖിലലോക കൗൺസിലിൻെറ മൂന്നാം അസംബ്ളി നടന്നു. എഡിൻബറോ സമ്മേളനം തുടങ്ങി ന്യൂഡൽഹി സമ്മേളനം വരെ നടത്തപ്പെട്ട ഐക്യ സംരംഭങ്ങളെ താഴെപ്പറയും വിധം സംഗ്രഹിക്കാം.

1. വേദപുസ്തകത്തിലുള്ള വിശ്വാസം, ജ്ഞാനസ്നാന സ്വീകരണം, കർത്താവിൻെറ അന്ത്യഅത്താഴം തുടങ്ങി ഒരുപോലെ സ്വീകാര്യങ്ങളായ ഘടകങ്ങളിൽ പൂർവ്വാധികം സഹകരണം അനുഭവപ്പെട്ടു.

2. സഭകളുടെ ലോക കൗൺസിലിൻെറ രൂപീകരണത്തിനായി താദൃശങ്ങളായ പ്രവർത്തനങ്ങളോടു പല സംഘടനകളും താല്പര്യം കാണിച്ചു തുടങ്ങി.

www.malankaralibrary.com



3. ചില ചെറു സഭകളുടെ സംയോജനംനടന്നു. പരസ്പര സഹകരണവും സമ്പർക്കവും കുറേക്കൂടി ഉത്തേജിതമായി *(10)*

## ഐക്യനീക്കം കത്തോലിക്കാതലത്തിൽ

ഇക്കഴിഞ്ഞ 50 കൊല്ലത്തിനിടയിൽ കത്തോലിക്കാ തലത്തിൽ ചലനങ്ങൾ ഉളവാക്കിയിട്ടുള്ള മൂന്നു വലിയ സംരംഭങ്ങളാണ് ദിവ്യകാരുണ്യ ആരാധനാ പ്രസ്ഥാനം, കത്തോലിക്കാ പ്രവർത്തനം, പ്രേഷിതയത്നം എന്നിവ. ഇവയോടു കിടപിടിക്കുന്ന വേറൊരു സംരംഭമത്രേ അഭിനവമായ എക്യുമെനിസം *(11)*

പ്രോട്ടസ്റ്റൻറു സഭയിലെ ഐക്യനീക്കങ്ങൾ കത്തോലിക്കാസഭയെ സ്പർശിച്ചില്ല. ആഗോള വ്യാപകവും ബൃഹുത്തുമായ കത്തോലിക്കാസഭയിൽ വിശ്വാസത്തിലും ആരാധനയിലും ഭരണത്തിലുമുള്ള ഐക്യം നിലനിന്നുപോന്നു. എങ്കിലും വേർപെട്ടു നിൽക്കുന്നവരുടെ സ്ഥിതി ക്രിസ്തുവിൻെറ മൗതികശരീരമായ സഭാഹൃദയത്തെ വേദനിപ്പിച്ചു.

രണ്ടാം ലോക മഹായുദ്ധകാലത്ത് കത്തോലിക്കാ വൈദികരും ലൂഥറൻ പാതിരിമാരും നാസികളുടെ തുറുങ്കിനുള്ളിൽ അടയ്ക്കപ്പെട്ടു; കോൺസെൻട്രേഷൻ ക്യാമ്പുകളിൽ മർദ്ദനത്തിനു വിധേയരായി. അവർ ഒന്നിച്ചു പ്രാർത്ഥിച്ചു,

---

*10)* Cfr. Joho A. O' Brien, A New Era, SUC, PP. 20, 21.

*11)* Cfr. Albert Cardinal Meyer, The Scandal of a divided Christendom, SUC, P. 32.

www.malankaralibrary.com



ഒരേ രക്ഷകനിൽ നിന്നു സമാശ്വാസവും ശക്തിയും സംഭരിച്ചു. ഒരേ വേദപുസ്തകമാണ് അവർ വായിച്ചത്. ഒരേ പ്രാർത്ഥന ഉരുവിടുകയും ചെയ്തു. സഭാഭിന്നതയുടെ കനത്ത മതിലുകരം അവരെ വേർപെടുത്തിയിരുന്നു. എന്നിട്ടും, യുദ്ധത്തിൻെറയും കൽത്തുറുങ്കിൻെറയും വേദനയുടെയും പ്രതിസന്ധിയിൽ തങ്ങളുടെ പൊതു പൈതൃകം അവർക്കു അനുഭവവേദ്യമായി,

യുദ്ധം കഴിഞ്ഞു. ഒരു പുതിയ സൗഹൃദവും തീഷ്ണതയും അവരുടെ ബന്ധങ്ങളിലുളവായി. "Una Sancta" അതു വളർത്തി. അവർ ഡയലോഗിലേർപ്പെട്ടു. പരസ്പരം മതിക്കുന്നതിനും സഹകരിക്കുന്നതിനുമുള്ള വഴിയാണ് ഡയലോഗിൻെറ പാത തുറന്നിട്ടത്. കാനായിലെ കല്യാണവേളയിൽ വെള്ളം വീഞ്ഞായി പകർത്തിയ ദിവ്യഗുരുവുൻെറ അത്ഭുതശക്തി വിഭിന്നചേരികളിൽ നിൽക്കുന്ന തങ്ങളെ ഒന്നിപ്പിക്കുമെന്ന ദൃഢവിശ്വാസമാണ് അതിൻെറ എളിയ പ്രവർത്തകർക്ക് ഉന്മേഷം കൊടുത്തത്. ഐക്യപ്രവർത്തനരംഗത്തു അന്താരാഷ്ട്ര പ്രശസ്തി നേടിയ ഒരു ചിന്തകനാണ് ഫാദർ ചാൽസു ബോയർ എസ്. ജെ. (Fr. Charls Boyer S. J.) അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ അംഗീകാരത്തോടെ റോമയിൽ "യൂണിത്താസ്" (Unitas) സംസ്ഥാപിതമായി. തുടർന്ന് ബൽജിയം, ഹോളണ്ട്, സ്വിററ്സർലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ കത്തോലിക്കരും പ്രോട്ടസ്ററൻറുകാരും ചേർന്ന് പലപ്പോഴും ഐക്യസംഭാഷണങ്ങരം നടത്തി.

സഭാ ഐക്യത്തിനുവേണ്ടി ഉടലെടുത്ത ഒന്നാണ് അഷ്ടദിന പ്രാർത്ഥന. 1908—ൽ അമേരിക്ക

www.malankaralibrary.com



യിലാണിത് രൂപം പൂണ്ടത്. ജനുവരി 18 മുതൽ 25വരെ തീയതികളിൽ നടത്തുന്ന ഈ പ്രാർത്ഥനാവാരം 1916–മുതൽ സാർവ്വത്രിക സഭയിൽ പ്രചാരത്തിൽ വന്നു. ക്രിസ്താനുഗാമികളുടെ ഏകയോഗതയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തദവസരത്തിൽ കത്തോലിക്കർ ഉത്തേജിതരായി. ലൗകായതികത്വം, ദുർമ്മാതൃക, അഹങ്കാരം, സ്നേഹമില്ലായ്മ തുടങ്ങിയ ഐക്യത്തിനു തടസ്സമായ തങ്ങളുടെ കുററങ്ങൾക്കു അവർ ദൈവത്തോടു പൊറുതി യാചിച്ചു. ഇതാ പ്രസ്തുത പ്രാർത്ഥനയിലെ ഒരു ഭാഗം:

''അകത്തോലിക്കാ സഹോദരങ്ങളുടെ നേരെയുള്ള ധാരണയില്ലായ്മ, ക്രൂരമായ കുററം വിധിക്കൽ എന്നിവയും വാദപ്രതിവാദങ്ങളിൽ കാണിച്ചിട്ടുള്ള വക്രത, അനാദരവ്, അതിശയോക്തി തുടങ്ങിയവയും

കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമെ !

കഴിഞ്ഞ കാലങ്ങളിൽ പ്രോട്ടസ്ററൻറു സഹോദരന്മാർക്കെതിരായി ഞങ്ങൾ ചെയ്തിട്ടുള്ള നീതിയില്ലായ്മയും കാഠിന്യവും

കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമേ !

ഓർത്തഡോക്സു സഹോദരന്മാർക്കെതിരായി കഴിഞ്ഞ കാലങ്ങളിൽ ഞങ്ങൾ എടുത്തിട്ടുള്ള അഹങ്കാരവും ഇന്നു പുലർത്തിപ്പോരുന്ന ഉദാസീനതയും

കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമേ!

ദുർമ്മാതൃക മൂലം നിൻെറ വരപ്രസാദത്തിൻെറ പ്രവർത്തനങ്ങളെ മററുള്ളവരിൽ ഞങ്ങൾ മന്ദീഭവിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതിനാൽ

www.malankaralibrary.com



കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമേ!

ഭാഷ, വർണ്ണം, ജാതി എന്നിവ വിഭിന്നമാണെങ്കിലും,

യേശുവെ, ഞങ്ങളെ ഒന്നാക്കിത്തീർക്കണമേ!

ഞങ്ങൾ അന്യോന്യം അറിയാത്തവരും മുൻവിധി, വിദ്വേഷം ഇവ ഉള്ളവരും ആണെങ്കിലും,

യേശുവെ, ഞങ്ങളെ ഒന്നാക്കിത്തീർക്കണമെ!

ആധ്യാത്മികവും ബുദ്ധിപരവുമായി നാനാവിധ പ്രതിബന്ധങ്ങൾ ഉണ്ടെന്നിരുന്നാലും,

യേശുവെ, ഞങ്ങളെ ഒന്നാക്കിത്തീർക്കണമേ!

ദൈവമേ, നിന്റെ മഹത്വത്തിന്റെ വർദ്ധനവിനായി ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവരായ ഞങ്ങളെ സംയോജിപ്പിക്കണമേ

ദൈവമേ, നന്മയുടെയും സത്യത്തിന്റെയും വിജയത്തിനുവേണ്ടി,

ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവരായ ഞങ്ങളെ സംയോജിപ്പിക്കേണമേ.

ദൈവമേ, ഏക ഇടയന് ഏക തൊഴുത്തു മാത്രം ഉണ്ടാകുന്നതിനു വേണ്ടി,

ഭിന്നിച്ചുനിൽക്കുന്ന ക്രൈസ്വരായ ഞങ്ങളെ സംയോജിപ്പിക്കേണമേ !

ദൈവമേ, ലോകത്തിൽ സമാധാനം വാഴുന്നതിനുവേണ്ടി,

ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവരായ ഞങ്ങളെ സംയോജിപ്പിക്കേണമേ !

ദൈവമേ, നിന്റെ പുത്രന്റെ ഹൃദയത്തെ ആനന്ദപൂരിതമാക്കുന്നതിനു വേണ്ടി,

www.malankaralibrary.com



ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവരായ ഞങ്ങളെ സംയോജിപ്പിക്കേണമേ ! '' (12)

## എക്യുമെനിസത്തിൻെറ പാപ്പാ

ആധുനികലോകത്തിൻെറ അഞ്ജലിക്കു പാത്രമായ ഒരു മഹാനുഭാവനാണ് ഇരുപത്തിമൂന്നാം യോഹന്നാൻ പാപ്പാ. അധുനാതനീകരണത്തിൻെറ മുക്തദൗത്യം കൊണ്ട് കത്തോലിക്കാ ലോകത്തിനുള്ളിലും അതിനുവെളിയിലും ഉള്ളവരുടെ സവിശേഷ ബഹുമാനത്തിന് അദ്ദേഹം അർഹനായി. 1959—ലാണ് ആ വൃദ്ധൻ പാപ്പാ സ്ഥാനത്തവരോധിതനായത്. 77—കാരനായ ആ പടുകിഴവനിൽ നിന്നു കാര്യമായ ഒന്നും ആരുമാരും പ്രതീക്ഷിച്ചില്ല. വിളംബംവിനാ എക്യുമെനിക്കൽ കൗൺസിലിനെക്കുറിച്ചുള്ള പാപ്പായുടെ ഒരു പ്രമുഖ പ്രഖ്യാപനം ലോകം ശ്രവിച്ചു. കൗൺസിലിൻെറ പ്രധാന ലക്ഷ്യം ക്രൈസ്തവൈക്യവും. കേട്ടവരെല്ലാം അമ്പരന്നു. ക്രൈസ്തവൈക്യത്തിനായുള്ള ഒരു സെക്രട്ടറിയററ് ഉടനെതന്നെ സംസ്ഥാപിതമായി. ഓർത്തഡോക്സുകാരെയും പ്രോട്ടസ്ററൻറുകാരെയും അതിലേക്ക് നിരീക്ഷകരായി ക്ഷണിക്കുകയും ചെയ്തു.

ലോകത്തിൻെറ ശ്രദ്ധയുണർന്നു. കാര്യങ്ങൾ തകൃതിയായി നീങ്ങി. നാലു കൊല്ലത്തെ ഒരുക്കത്തിനുശേഷം 1962 ഒക്ടോബർ 11—ാം തീയതി രണ്ടാം വത്തിക്കാൻ കൗൺസിൽ ഉൽഘാടിതമായി. 2500 മെത്രാന്മാരാണ് ആ രംഗത്തിനു സാക്ഷ്യം വഹിക്കുവാൻ സെൻറു പീറേറഴ്സ് ബസിലിക്കായിലെത്തിയത്. ലോകത്തിൻെറ വിവിധ ഭാഗങ്ങ

---

(12) Cfr. John A O'Brien, A New Era, S C U, PP·2324,

www.malankaralibrary.com



ളിൽ നിന്നുള്ളവരായിരുന്നു അവരെല്ലാം. അവിടെ തടിച്ചുകൂടിയ ജനസംഖ്യ അരലക്ഷത്തിലധികമായിരുന്നു. പ്രോട്ടസ്ററൻറ് ഓർത്തഡോക്സു വകുപ്പുകളിൽപ്പെട്ട 17 സമൂഹങ്ങളിലെ ഔദ്യാഗികനിരീക്ഷകന്മാർക്ക് രണ്ടു ദിവസത്തിനുള്ളിൽ മാർപ്പാപ്പാ ഒരു പ്രത്യേക സന്ദർശനം നല്കി. തദവസരത്തിൽ അദ്ദേഹം പറഞ്ഞു: 'അന്ത്യഅത്താഴത്തിൻെറ സന്ദർഭത്തിൽ കർത്താവു പ്രാർത്ഥിച്ച ഐക്യം പൂർണ്ണതയിൽ എത്തുന്നതിനുവേണ്ടി എല്ലാവരും യത്നിക്കുന്ന സുവർണ്ണസന്ദർഭം സമാഗതമാകുന്നതിനു എൻെറ ഹൃദയം ജ്വലിക്കുന്നു'.

അകത്തോലിക്കാനിരീക്ഷകർക്കു പ്രത്യേക പരിഗണന ലഭിച്ചു. പാപ്പായുടെ അനുകമ്പയും ശാന്തതയും വിനീതഭാവവും ഉത്സാഹവും എല്ലാം അവരെ ആകർഷിച്ചു. അവർക്കവിടെ പ്രത്യേക ഇരിപ്പിടങ്ങൾ ലഭ്യമായി. ഓരോ ചർച്ചയുടെയും പ്രമാണരേഖകളും കിട്ടി. ഭാഷ മനസ്സിലാക്കിക്കൊടുക്കുന്ന ദ്വിഭാഷികളുടെ സഹായം കൊണ്ടും അവർ ധന്യരായി. മെത്രാന്മാർ, കർദ്ദിനാളന്മാർ, ദൈവശാസ്ത്ര പണ്ഡിതന്മാർ എന്നിവരുമായി വിഷയങ്ങൾ സ്വതന്ത്രമായി ചർച്ചചെയ്യുന്നതിനുള്ള അവസരവും അവർക്കുണ്ടായി,

നിരീക്ഷകരുടെ അഭിപ്രായങ്ങൾ കൗൺസിൽ വിലമതിച്ചു. കേവലം നിരീക്ഷകരല്ല തങ്ങളെന്ന ബോധം അതുമൂലം അവർക്കുളവായി. ''ഏററം പ്രിയപ്പെട്ട നിരീക്ഷകർ'' (Carissimi observatores) എന്ന സംബോധന അവരെ കോരിത്തരിപ്പിച്ചു. സന്തോഷാനുഭൂതി ലേഖനങ്ങളിലൂടെ സന്ദർശകർ പ്രകാശിപ്പിച്ചിട്ടുമുണ്ട്.

www.malankaralibrary.com


ക്രൈസ്തവൈക്യകാര്യത്തിൽ തന്റെ മുൻഗാമികളുടെ കാലടിപ്പാടുകളെ പിഞ്ചെല്ലുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ആറാം പോൾമാർപ്പാപ്പാ. വിശുദ്ധ നാട്ടിലേക്കുള്ള അദ്ദേഹത്തിന്റെ തീർത്ഥാടനവും ഓർത്തഡോക്സ് പാത്രിയർക്കീസും നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ചയും എല്ലാം എക്യുമെനിസത്തിന്റെ നീക്കത്തിൽ പുതിയ അദ്ധ്യായം എഴുതിച്ചേർത്തിട്ടുണ്ട്. ക്രിസ്ത്യാനികൾക്കു മാത്രമല്ല, ലോകത്തിലെ എല്ലാ സമാധാനകാംക്ഷികൾക്കും ആഹ്ലാദം പ്രദാനം ചെയ്യുന്ന "ഭാവിശ്രേയഃപിശുനശകുന"ങ്ങളാണിവയെല്ലാം. (*13*)

സഭൈക്യം സാധിതമാകുമെന്നാണ് നമ്മുടെ പ്രത്യാശ. സഭാചരിത്രം ആ പ്രതീക്ഷ നല്കുന്നു. തിന്മയിൽ നിന്നു നന്മയുളവാക്കുന്ന, വേദനയിൽ നിന്നു വിശുദ്ധി പുറപ്പെടുവിക്കുന്ന, പ്രതിസന്ധിയിൽ നിന്നു വിശ്വാസധീരത ഉളവാക്കുന്ന. നിരാശയിൽ നിന്നു സുപ്രതീക്ഷാദൃഢതയേകുന്ന ചരിത്രമാണ് സഭയ്ക്കുള്ളത്.

(*13*) Ibid, PP. 24, 25, 26.

www.malankaralibrary.com

## രണ്ടാം ഭാഗം

# പുനരൈക്യവും എക്യുമെനിസവും

3 ഒരു ലക്ഷ്യം ഇരുവഴി

4 വിചാരപരതയോ വികാരപരതയോ?

5 സഭാഭിന്നതയുടെ വൈകാരിക കാരണങ്ങൾ

6 സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം

7 അധുനാതനീകരണം അനിവാര്യം

8 മാർ ഈവാനിയോസിന്റെ പ്രസ്ഥാനവും എക്യുമെനിസവും.

www.malankaralibrary.com

അദ്ധ്യായം 3

# ഒരു ലക്ഷ്യം ഇരുവഴി

ക്രൈസ്തവൈക്യത്തിനു വേണ്ടിയുള്ള ദാഹം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. സഭാഭിന്നതയുണ്ടായ കാലംമുതൽ പുനരേകീകരണ യത്നങ്ങളും നടന്നിട്ടുണ്ടു്. ക്രി. വ. 431—ൽ സഭയിൽ നെസ്തോറിയൻ പിളർപ്പുണ്ടായി. 1551—ൽ ആരംഭിച്ചു അവരുടെ പ്രത്യാഗമനം. 451—ലാണ് ഏകസ്വഭാവവാദക്കാർ സഭയിൽനിന്നും വേർപിരിഞ്ഞത്. 1656—ൽ യാക്കോബായ സഭയിൽനിന്നും 1771—ൽ ഈഗുപ്തായ സഭയിൽനിന്നും 1839—ൽ അബിസീനിയൻ സഭയിൽനിന്നും പൂർവ്വമാതൃസഭയിലേക്കു പ്രവാഹം തുടങ്ങി. ഗ്രീക്കു സഭയിൽ വിഭജനമുണ്ടായത് 1151—ലായിരുന്നു. 1439—ൽ അവരുടെ സഭാപ്രത്യാഗമനം ആരംഭിച്ചു. 16—ാംനൂററാണ്ടിലത്രേ പ്രോട്ടസ്ററൻറു വിപ്ലവം. 1845—ൽ കർദ്ദിനാൾ ന്യൂമാനെ തുടർന്ന് അനേകായിരം വ്യക്തികൾ പ്രോട്ടസ്ററൻറിസത്തിൽ നിന്നും സഭാ പരിവർത്തനം നടത്തിയിട്ടുണ്ട്. ഒററയാ

---

(1) Cfr. മോൺ. വടശ്ശേരി, കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും, പുറം 390 - 420

www.malankaralibrary.com



യോ കൂട്ടമായോയുള്ള ഇത്തരം സഭാ മാററങ്ങളാണ് ക്രൈസ്തവ ഭിന്നത തീർക്കുവാൻ ആദിമുതൽ നടന്നുപോന്നത്. വിഘടിതഗ്രൂപ്പുകാരുടെ പൂർവ്വ മാതൃ സഭയോടുള്ള യോജിപ്പിനെ ''പുനരൈക്യം'' എന്നു വ്യവഹരിച്ചു വന്നു.

ഒരു സഭാമണ്ഡലത്തിൽനിന്നും വേറൊരു സഭാമണ്ഡലത്തിലേക്കുള്ള പരിവർത്തനത്തെ നഖശിഖാന്തം എതിർത്തവർ എന്നുമുണ്ടായിരുന്നു. ഇപ്പോഴത്തെ എക്യുമെനിസ ചിന്തകരുടെ ഇടയിലും അത്തരക്കാരുണ്ട്.

പ്രോട്ടസ്ററൻറു ദൈവശാസ്ത്രജ്ഞനായ ഡോക്ടർ കാറം ബർത്ത് (Karl Barth) പറയുന്നു: ''ഒരു സഭയിൽനിന്നു മററാരു സഭയിലേക്കുള്ള മാററത്തെ ഞാൻ എതിർക്കുന്നു. മതവിഭ്രാന്തിയുടെ പരിണതഫലമാണത്. വിഭ്രാന്തനായ കത്തോലിക്കനെയോ പ്രോട്ടസ്ററൻറുകാരനെയോ മാത്രമേ ഈവിധ സഭാമാററത്തിൻെറ ഫലമായി ലഭിക്കുകയുള്ളു. സഭയുടെ അദൃശ്യഐക്യത്തെ നിഷേധിക്കുകയെന്ന അതിദയനീയതയാണ് ഈ മാററം വരുത്തിക്കൂട്ടുന്നത്. സ്വന്തം സഭയിൽ ഉറച്ചു നിൽക്കയും സുവിശേഷദൗത്യം വെളിപ്പെടുത്താൻ ശ്രമിക്കയുമാണ് ഓരോരുത്തരും ചെയ്യേണ്ടത്. എങ്കിലേ യഥാർത്ഥഅനുരഞ്ജനം സാധിതമാകൂ. (2)

ആംഗ്ലിക്കൻ സഭയെ പ്രതിനിധാനം ചെയ്തു വത്തിക്കാൻ കൗൺസിലിൽ സംബന്ധിച്ച ബർണാർഡ് സി. പൗളി (Bernard C. Pauley) ഏകസഭാ സിദ്ധാന്തത്തെപ്പോലും എതിർക്കുകയാണ്: ''ഒരു സഭ മാത്രമേയുള്ളു. മററുള്ളതെല്ലാം

(2) Karl Barth, Prospects for Christian Unity, S C U, P. 93

www.malankaralibrary.com



അതിൽനിന്നു പിരിഞ്ഞതാണ്, വേർപെട്ട സഭകൾ പൂർവ്വമാതൃ സഭയോടു എത്രയും വേഗം യോജിക്കുന്നതു നന്ന്—എന്നീ വിധത്തിലുള്ള എക്യുമെനിസചിന്തയോടു യോജിക്കാൻ വിഷമം.'' (3)

വത്തിക്കാൻ കൗൺസിലിന്റെ 'എക്യുമെനിസ'' പ്രമാണ രേഖയെത്തന്നെ പ്രതിഷേധിക്കുകയാണ് ബർണാർഡ് സി. പൗളി. ഏക സത്യസഭയെന്നും വരപ്രസാദത്തിന്റെ ഏകസ്രോതസെന്നുമുള്ള കത്തോലിക്കാ സഭയുടെ അവകാശവാദമാണ് ഈ എതിർപ്പിനുള്ള കാരണം. ദൈവം വിളിക്കുകയും മാമോദീസാ മുഴുകുകയും അഭിഷിക്തരാകുകയും പരിശുദ്ധാത്മാവിനെ ലഭിക്കുകയും വി. കുർബാന കൊണ്ടു പോഷിപ്പിക്കപ്പെടുകയും ചെയ്യുന്ന വ്യക്തികൾ സഭയ്ക്കു പുറത്തുമില്ലേ? ഇവ ക്രിസ്തുവിന്റെ പ്രവർത്തനമാണ്; ക്രിസ്തുവുള്ളിടത്ത് സഭയുമുണ്ട്. എന്നിങ്ങനെയാണ് അദ്ദേഹത്തിന്റെ പോക്ക്. സ്വന്തം സഭക്കു പുറത്തുള്ളവരെ അംഗീകരിക്കാനും ആദരിക്കാനുമുള്ള ഡിക്രിയുടെ ഉൽബോധനത്തെ അദ്ദേഹം സ്വാഗതം ചെയ്യുന്നു. എന്നാൽ, വിഘടിത സഹോദരന്മാർ ഒരു പ്രത്യേകവിധത്തിൽ (in a certain sense) സഭയുടെ അംഗങ്ങളായിരിക്കുമെന്നും ഒരു പ്രത്യേകബന്ധംകൊണ്ട് റോമയുടെ അനുസരണത്തിലായിരിക്കുമെന്നുമുള്ള പ്രസ്താവനയോട് അദ്ദേഹത്തിനു കിരുകിരുപ്പുണ്ട്. ഇത് സ്ഥായിയായ ഐക്യനീക്കത്തെ വേലികെട്ടി അടച്ചുകളയുമെന്നാണ് അദ്ദേഹത്തിന്റെ ആവലാതി (4)

---

(3) Bernard C. Pauley, An Anglican Views the Council, S C U, P. 123

(4) Ibid, PP. 123, 124

www.malankaralibrary.com



പ്രൊട്ടസ്റ്റൻറു കത്തോലിക്കാ ചിന്തകൻമാർക്കു എക്യുമെനിസത്തെക്കുറിച്ചു ഒരേ കാഴ്ചപ്പാടല്ല ഉള്ളത്. സഭാഭിന്നതയ്ക്കു പൂർണ്ണവിരാമമിടാൻ നീണ്ടകാലത്തെ പുനരൈക്യശ്രമങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്ന വസ്തുത തുറന്നു സമ്മതിക്കുന്നതിനു കത്തോലിക്കാചിന്തകൻമാർ മടിക്കുന്നില്ല. വത്തിക്കാൻ കൗൺസിലിലെ ഒരുജ്വല ശബ്ദത്തിൻെറ ഉടമയായ എമിലി ജോസഫ് ഡെ സ്മേ (Emile Joseph De Smedt) പ്രസ്താവിക്കുന്നു: "ഈ ഭിന്നത എന്നു തീരും? വിശ്വാസ സത്യങ്ങൾ പ്രകാശിപ്പിച്ചാൽ വേണ്ടുവോളമായെന്ന ചിന്തയാണ് നൂററാണ്ടുകളായി കത്തോലിക്കർ വെച്ചു പുലർത്തിയത്. മററു ക്രിസ്ത്യാനികളും ഇതുതന്നെ ചെയ്തു. സ്വന്തം വിശ്വാസസത്യങ്ങളും സാങ്കേതിക സംജ്ഞകളും വീക്ഷണകോണങ്ങളും ഉയർത്തിപ്പിടിക്കാൻ ഓരോ സമൂഹവും കയറിക്കയറി നിലകൊണ്ടു. ഫലമോ? കാത്തോലിക്കർ വിളിച്ചുപറഞ്ഞതു മററുള്ളവർ തെററിധരിച്ചു; മററുള്ളവരുടെ പ്രസംഗങ്ങൾ കത്തോലിക്കരും അന്യഥാ ഗണിച്ചു. സത്യപ്രകാശനത്തിൻെറ ഈ സമ്പ്രദായത്തിലൂടെ അനുരഞ്ജനത്തിലേക്കുള്ള പാത ഒട്ടുംതന്നെ പുരോഗമിച്ചില്ല. നേരെമറിച്ചു, തെററിദ്ധാരണകളും സംശയങ്ങളും മർക്കടമുഷ്ടിയും കലഹവും വർദ്ധമാനമാകയും ചെയ്തു"(5)

ഈ പരിതസ്ഥിതിയാണ് കത്തോലിക്കാചിന്തയെ എക്യുമെനിസപദ്ധതിയിലേക്കു നയിച്ചത്. സഭയിൽ നിലനിന്നുവരുന്ന മാനസാന്തരപ്രവർത്തനത്തിൽ പ്രാർത്ഥന, പരിത്യാഗം, മാതൃകാപര

5) Emile Joseph De Smedt, Tolerance, freedom and Ecumenism, SCU, P. 163.

www.malankaralibrary.com



മായ ജീവിതം, വിശ്വാസസത്യപ്രചാരണം, പ്രേഷിതരംഗത്തെ ആത്മസമർപ്പണം എന്നീ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിശ്വാസസത്യങ്ങളുടെ യുക്തിയുക്തത സമർത്ഥിച്ചുകൊണ്ട് ഒരുവനെ സഭയുടെ അന്തരീക്ഷത്തിലേക്കു പിടിച്ചടുപ്പിക്കുന്ന സത്യപ്രകാശനപ്രവർത്തനത്തിനാണ് ക്രമേണ പ്രാമുഖ്യം വന്നത്. ഈ അർത്ഥമാണ് സഭയുടെ മിഷനറിപ്രവർത്തനങ്ങൾക്കു സാധാരണക്കാരൻ കല്പിക്കുന്നത്. അഭിനവമായ എക്യുമെനിസത്തിൻെറ സ്ഥിതിയോ? പ്രാർത്ഥനയും മാതൃകാജീവിതവും ആശയവിശദീകരണത്തിൻെറ ഡയലോഗും എല്ലാം ഉൾപ്പെടുന്ന എക്യുമെനിസത്തിൽ സൗഹൃദാന്തരീക്ഷസൃഷ്ടിയ്ക്കാണ് പ്രാധാന്യം. സ്നേഹപ്രകാശനത്തിൻെറ പാതയാണിത്(6)

സൗഹൃദാന്തരീക്ഷസൃഷ്ടി സഭൈക്യപ്രവർത്തനരംഗത്തു വരുത്തുന്ന മാററം കുറച്ചൊന്നുമായിരിക്കയില്ല. വിശ്വാസസത്യങ്ങളുടെ യുക്തിയുക്തത സമർത്ഥിക്കുന്നതിനുള്ള കഴിവുകേടല്ല, സൗഹൃദാന്തരീക്ഷത്തിൻെറ അഭാവമാണ് സഭൈക്യയത്നങ്ങളെ ഇതുവരെ പരാജയപ്പെടുത്തിയത്. "ഇഷ്ടമില്ലാത്ത ഭാര്യ തൊടുന്നതെല്ലാം കുററം, ഇഷ്ടമുള്ള ഭാര്യ ചെയ്യുന്നതെന്തും സ്വീകാര്യം" എന്ന് ചൊല്ലുണ്ടല്ലോ. പുഞ്ചിരിയുടെ മാസ്മരശക്തിയെപ്പററി Fr. William Dyle S. J ഇങ്ങനെ എഴുതുന്നു.

"Smile while and a while you smile another smiles and soon there is miles and miles of smiles and life is worthwhile because you Smile" ("ഒന്നു പുഞ്ചിരിക്കുക. എങ്കിൽ, അടുത്തയാളും ചിരിക്കാതിരിക്കയില്ല. തുടർന്നു നൂറു നൂറു പുഞ്ചിരിപ്പൂക്കൾ വിരിയും. പുഞ്ചിരിയുടെ അന്തരീക്ഷം

6) എക്യുമെനിസം എന്ത്? എന്ന ഒന്നാം അദ്ധ്യായം കാണുക.

www.malankaralibrary.com



സംജാതമാകും. ജീവിതം വിലപ്പിടിപ്പുള്ളതാകും: എല്ലാററിനും കാരണം നീ ചിരിച്ചെന്നതുതന്നെ.'') പുഞ്ചിരി ചെയ്യുന്ന ഈ മാസ്മര ശക്തിതന്നെയാണ് സൗഹൃദഭാവവും ഉളവാക്കുന്നത്.

പുനരൈക്യത്തിൻേറയും എക്യുമെനിസത്തിൻേറയും ആത്യന്തികലക്ഷ്യം സഭൈക്യമെന്നുള്ളതുതന്നെ. ലക്ഷ്യത്തിലെത്താൻ ഇവ സ്വീകരിക്കുന്ന മാർഗ്ഗം വ്യത്യസ്തമാണ്. സ്വന്തം വിശ്വാസസത്യങ്ങളുടെ യുക്തിയുക്തത അപരനെ മനസ്സിലാക്കി സഭാശ്ലേഷത്തിനു പ്രേരിപ്പിക്കുന്ന സത്യത്തിൻെറ യത്നമാണ് പുനരൈക്യപ്രവർത്തനത്തിലുള്ളത്. സൗഹൃദാന്തരീക്ഷം സംജാതമാക്കാനുള്ള സ്നേഹത്തിൻെറ നീക്കം എക്യുമെനിസത്തിലും അന്തർഭവിച്ചിരിക്കുന്നു.

സത്യത്തിനും സ്നേഹത്തിനും പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഈ വ്യത്യസ്ത പാതകളിലേക്ക് കുറേക്കൂടി ഇറങ്ങിച്ചെല്ലുകതന്നെ. സത്യത്തിൻെറ അജയ്യശക്തിക്കു മനസ്സാക്ഷി വിധേയപ്പെടുന്നതാണ് പുനരൈക്യമാർഗ്ഗം. സ്നേഹബന്ധങ്ങളെ മുറിപ്പെടുത്തിക്കൊണ്ടു പോലും സത്യത്തെ ആശ്ലേഷിക്കുവാൻ മനസ്സാക്ഷി ഇവിടെ സന്നദ്ധമായിത്തീരുന്നു. സ്നേഹത്തെ ബലികഴിച്ചുകൊണ്ടുള്ള സത്യത്തെപ്പുണരൽ എന്നതായിത്തീരുന്നു ഒട്ടുമിക്കവാറും ഇവിടത്തെ സ്ഥിതി. സ്നേഹം കൂടാതെയുള്ള സത്യം അസഹിഷ്ണതയാകും, മറുതലിപ്പുണ്ടാക്കും. സ്നേഹത്തിൻെറ കെട്ടുംകെട്ടുകളെ അറുത്തു മുറിക്കുന്നതിലുള്ള ധർമ്മസങ്കടമാണ് ഇപ്പാതയിലൂടെയുള്ള ഗമനത്തെ ദുർവ്വഹമാക്കുന്നത്; ഈ വഴിയേ ചരിക്കുന്നവരുടെ സംഖ്യ നന്നേ കുറയ്ക്കുന്നത്.

www.malankaralibrary.com



സ്നേഹം കുരുതി കഴിക്കാതെയുള്ള സത്യം ആവരുതോ എന്നു ചോദ്യമുണ്ടാകാം. സമൂഹത്തിന്റെ ഊടും പാവുമാണ് വ്യക്തിയെ വട്ടമിട്ടിരിക്കുന്നത്. ക്രിസ്തീയ പൈതൃകത്തിന്റെ ചെറുതോ വലുതോ ആയ ചില സംസ്കാരത്തേൻനുറുങ്ങുകൾ ഒരോ ക്രൈസ്തവ സമൂഹത്തിലും കണ്ടെന്നിരിക്കും. ഈ സംസ്കാരനുറുങ്ങും അതിനെ വട്ടമിട്ടിരിക്കുന്ന സമൂഹവും തമ്മിലുള്ള ഇരിപ്പ് അകത്ത് മധുരത്തേനും പുറത്ത് കട്ടിച്ചിരട്ടയും എന്ന മട്ടിലാണ്; ഉൾഭാഗത്ത് മനോഹരകുസുമവും ചുററുപാടും കടുത്ത മുൾവേലിപ്പടർപ്പും എന്ന സ്ഥിതിയിലാണ്. ക്രിസ്തീയ പൈതൃകത്തിന്റെ നറുംനുറുങ്ങ് അന്തർഭാഗത്ത് കാത്തുസൂക്ഷിക്കുന്ന വ്യത്യസ്ത ക്രിസ്തീയ സമൂഹങ്ങൾ പരസ്പരവിപരീതങ്ങളായ വിശ്വാസസത്യങ്ങളുടെ മുള്ളുവേലിക്കുരുക്കുകൾ കിളർത്തിപ്പിടിച്ച് ശണ്ഠ കൂടുന്നവയാണ്; ഇതരഗ്രൂപ്പുകളെപ്പററിയുള്ള ശ്രവണമാത്രയിൽ വിദ്വേഷവിഷം വമിക്കുന്നവയാണ്. ഈ സ്ഥിതിയിൽ തന്നെ അലംഭാവത്തോടെ തുടർന്നാൽ വ്യക്തിക്ക് സമൂഹത്തിന്റെ സ്നേഹബന്ധങ്ങളെ ഛേദിക്കേണ്ട ദുസ്ഥിതിയുണ്ടാകയില്ല. പക്ഷേ, അതു സത്യത്തെ ബലികഴിച്ചുകൊണ്ടുള്ള സ്നേഹം കാക്കലാണ്. സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്. സ്നേഹം ബലികഴിച്ചുകൊണ്ടുള്ള സത്യം പാടില്ലാത്തതു പോലെ സത്യം ബലി കഴിച്ചു കൊണ്ടുള്ള സ്നേഹവും പാടില്ലാത്തതാണ്. ഇതിന് കുരുതി വരുത്തരുതോ? പിളർക്കപ്പെട്ട ക്രിസ്തീയസാഹോദര്യത്തിന്റെ ദുസ്സഹവേദന സൗഖ്യപ്രാപ്തിക്കു നിലവിളിക്കുന്നു. ഏതു ഗ്രൂപ്പിലാകട്ടെ, ക്രൈസ്തവപൈതൃകം ഐക്യത്തിനു വേണ്ടി പിടയുന്നുണ്ട്. ഓരോ ഗ്രൂപ്പും കിളർത്തിപ്പിടിക്കുന്ന വിശ്വാസവൈരു

www.malankaralibrary.com



ദ്ധ്യതയുടെ കൂർത്തുമൂർത്തു മൂർച്ചയേറിയ മുള്ളു കഠം തേഞ്ഞു മായണം. എങ്കിലേ, ഐക്യത്തിന്റെ ആലിംഗനം പ്രാപ്യമാകു. പരസ്പരം വമിക്കുന്ന വിദ്വേഷവിഷം നിശ്ശേഷം കെട്ടടങ്ങണം. എങ്കിലേ, ഐക്യത്തിന്റെ മാലാഖാ പറന്നടുക്കൂ. വിദ്വേഷശമനം സൗഹൃദാന്തരീക്ഷസൃഷ്ടി (7) കൊണ്ടും വിശ്വാസസത്യങ്ങളുടെ പൊരുത്തപ്പെടൽ ഡയലോഗു (8) കൊണ്ടും സാധിക്കും.

''ഒഴുക്കേറെറാരു രുളനാം—
പരുക്കൻ കല്ലോട്ടുകാല—
പ്പഴക്കത്തിൻ മെഴുക്കനായ്
പകരും പോലെ''

ഡയലോഗിന്റെ വശ്യശക്തി മൂലം വിശ്വാസസത്യങ്ങളുടെവൈ രുദ്ധ്യവും പരുപരുപ്പും സാവധാനം മിനുമിനുപ്പായി മാറും.

ഡയലോഗു വിവാദമല്ല. പരസ്പരം കൈകോർക്കുന്നവരുടെ ഒരു അഭിമുഖീകരണമാണത്. ഡയലോഗുകൊണ്ടു ഒരുവൻ ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നില്ല. എന്നാൽ, അപരനെപ്പററിയുള്ള അഗാധമായ അറിവുണ്ടാകുന്നതു കൊണ്ട് സംവാദം ഒരുവനെപൂർവ്വാധികം സമ്പന്നനാക്കുന്നു. പരസ്പരമുള്ള ഈ ധാരണ ഗാഢസ്നേഹത്തെ ഉദിപ്പിക്കുന്നു. സ്നേഹത്തിന്റെ ഐക്യവും സത്യത്തിന്റെ ഐകവുമുണ്ട്. സ്നേഹത്തിന്റെ ഐക്യം പടുത്തുയർത്തുന്ന ബലിഷ്ഠമായ അടിത്തറയിൽ മാത്രമേ സത്യത്തിന്റെ ഐക്യം നിലനിൽക്കുക

(7) സൗഹൃദാന്തരീക്ഷസൃഷ്ടി എന്ന 9—ാം അദ്ധ്യായം കാണുക.

(8) ഡയലോഗിന്റെ ലക്ഷണങ്ങഠം എന്ന 10—ാം അദ്ധ്യായം കാണുക.

www.malankaralibrary.com



യുള്ളൂ. ആദ്യം സ്നേഹത്തിൻെറ ഐക്യം, തുടർന്നു സത്യത്തിൻെറ ഐക്യവും.

പുനരൈക്യവും എക്യുമെനിസവും തമ്മിലുള്ള ഈ ആന്തരം എമിലി ജോസഫ് ഡെ സ്മെഡ്റ്റ് ഭംഗ്യന്തരേണ വിശദമാക്കുന്നു. സ്വന്ത വിശ്വാസങ്ങളും സങ്കേതികസംജ്ഞകളും വീക്ഷണകോണങ്ങളും ഉയർത്തിപ്പിടിക്കാൻ കയറിക്കയറി നില കൊണ്ടതിൻെറ ഫലമായി തെററിദ്ധാരണകളും സംശയങ്ങളും മർക്കടമുഷ്ടിയും കലഹവും വർദ്ധമാനമായതേയുള്ളു എന്നു വിലപിക്കുന്ന അദ്ദേഹം ഐക്യുമെനിക്കൽ ഡയലോഗിനെക്കുറിച്ചു പറയുന്നു: ''എക്യുമെനിക്കൽ ഡയലോഗ് ഐക്യത്തിനുവേണ്ടിയുള്ള ഒരു പഠനമല്ല, പുനരൈക്യത്തിനുവേണ്ടിയുള്ള ആലോചനായോഗമല്ല, മാനസാന്തരത്തിനുള്ള യത്നവുമല്ല, സ്വച്ഛവും വസ്തുനിഷ്ഠവും ദീപ്തവുമായ രീതിയിൽ സ്വന്ത വിശ്വാസത്തിൻെറസാക്ഷ്യം അപരനു നല്കുന്ന മനശ്ശാസ്ത്രപരമായ ഒരു നീക്കമാണത്.'' (9)

ഒരു പ്രശ്നത്തിന് ഒന്നിലധികം പ്രതിവിധികളുണ്ടാകാം. ഒരേ രോഗത്തിന് ആയുർവേദവും അലോപ്പതിയും ഹോമിയോപ്പതിയും നിർദ്ദേശിക്കുന്ന നിവാരണമാർഗ്ഗം വ്യത്യസ്തമാണ്. കുട്ടി കരയുന്നു. വാ മൂടിപ്പൊത്തുകയാണ് ഒരുവൻ നല്കുന്ന പ്രതിവിധി. തള്ളയെ കാണാഞ്ഞിട്ടോ പാൽ കുടിക്കാഞ്ഞിട്ടോ ആയിരിക്കാം കുഞ്ഞു കരയുന്നത്. അതു ലഭ്യമാക്കുകയെന്നതായിരിക്കും വേറൊരുവൻ നല്കുന്ന നിർദ്ദേശം. നിരീശ്വരത്വ ദുസ്ഥിതിക്കു മുമ്പിൽ ഒരേ സമീപനമല്ല ദൈവശാ

(9) Emile Joseph De Smedt, Tolerance, Freedom and Ecumenism, S C U, P. 163

www.malankaralibrary.com



സ്ത്ര ചിന്തകന്മാർക്കുള്ളത്. വി. തോമസ് അകവിനാസിന്റെ തെളിവുകളുടെ മാർഗ്ഗമല്ല ആധുനിക ചിന്തകനായ ബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ സ്വീകരിക്കുന്നത്. കരുത്തേറിയ തെളിവുകളാണ് ഈശ്വരാസ്തിത്വത്തിന് വി. തോമസ് അകവിനാസ് നിരത്തുന്നത്. സൃഷ്ടിയുടെ വിശാലതയിലൂടെ, ആകാശത്തിന്റെ സൗകുമാര്യതയിലൂടെ, സൗരയൂഥത്തിന്റെ ക്രമീകരണത്തിലൂടെ പ്രപഞ്ചവിധാതാവിലേക്കു തിരിയുന്ന ആ യുക്തിചിന്തകന്റെ തെളിവുകൾ നിഷേധിക്കാവതല്ല. എന്നാൽ, ആധുനിക മനുഷ്യൻ ദൈവത്തെ കണ്ടെത്തുന്നതിന് മറ്റൊരു പദ്ധതിയാണ് ചിന്തകനായ ബിഷപ്പ് ഷീൻ നിർദ്ദേശിക്കുന്നത്. ''ആധുനിക മനുഷ്യൻ ദൈവത്തെ ഉപേക്ഷിച്ചിട്ടില്ല; പക്ഷേ, അതിനുള്ള യുക്ത്യധിഷ്ഠിത മാർഗ്ഗം അവൻ ഉപേക്ഷിച്ചിരിക്കുകയാണ്. വിശ്വാസത്തിന്റെ ക്രമീകരണമല്ല, പിന്നെയോ, തന്നെ അലട്ടുന്ന ആന്തരികക്രമഹീനത(അസ്വസ്ഥത)യത്രേ അവനെ ദൈവത്തിലേക്കു തിരിക്കുന്നത്. ലോകത്തിന്റെ ദൃശ്യവസ്തുക്കളെല്ല; പിന്നെയോ, സ്വന്തം വ്യക്തിത്വത്തിന്റെ അദൃശ്യങ്ങളായ മോഹഭംഗങ്ങളും സങ്കീർണ്ണതകളും ഉൽക്കണ്ഠകളുമാണ് ദൈവത്തിലേക്കു തിരിയുന്നതിനുള്ള അടിത്തറ അവനിൽ ഉറപ്പിക്കുന്നത്''. (10) പ്രപഞ്ചത്തിലൂടെ പ്രപഞ്ചകർത്താവിലേക്കു വി. തോമസ് അകവിനാസ് നീങ്ങുമ്പോൾ ആന്തരികാസ്വസ്ഥതയുടെ നീർച്ചുഴിയിൽ നിന്നു സ്വസ്ഥതയുടെ സ്വച്ഛസ്ഥാനമായ ദൈവത്തിലേക്കു മോൺ. ഷീൻ തിരിയുന്നു. അകവിനാസിന്റേതു യു

(10) Cfr. Msgr. Fulton J. Sheen, Modern Soul in Search of God. PP. 7, 8

www.malankaralibrary.com



ക്ത്യധിഷ്ഠിത മാർഗ്ഗം, ഷീനിന്റേതു മനശ്ശാസ്ത്ര മാർഗ്ഗം.

ഏതു പ്രശ്നത്തിനും യുക്തിധിഷ്ഠിത പ്രതിവിധിയും മനശ്ശാസ്ത്ര പ്രതിവിധിയും കാണും. യുക്ത്യധിഷ്ഠിതപ്രതിവിധി യുക്ത്യധിഷ്ഠിത കാരണങ്ങൾക്കു പരിഹാരം തേടുന്നു. മനശ്ശാസ്ത്രപ്രതിവിധി മനശ്ശാസ്ത്രപരമായ കാരണങ്ങൾക്കു പ്രതിവിധി കല്പിക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത സത്യത്തെ ആശ്ലേഷിക്കുവാൻ യുക്ത്യധിഷ്ഠിതപ്രതിവിധി നിർബന്ധിക്കുമ്പോൾ ഏതു പ്രതിബന്ധങ്ങളേയും മറികടക്കുന്ന സ്നേഹത്തിനു മുൻതൂക്കം കൊടുക്കുകയാണ് മനശ്ശാസ്ത്ര പ്രതിവിധി. അതുകൊണ്ട് ഈ പദ്ധതികൾക്കു സത്യാധിഷ്ഠിത പദ്ധതിയെന്നും സ്നേഹാധിഷ്ഠിത പദ്ധതിയെന്നും ഭംഗ്യന്തരേണ പേരു കല്പിക്കാം. സഭാഭിന്നതയുടെ യുക്തിധിഷ്ഠിത (സത്യാധിഷ്ഠിത) ഹേതുക്കളെ ''ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങൾ'' (Theological factors) എന്നും വൈകാരിക (സ്നേഹാധിഷ്ഠിത) ഹേതുക്കളെ ''ദൈവശാസ്ത്രപരങ്ങളല്ലാത്ത കാര്യങ്ങൾ'' (non theological factors) എന്നും എക്യുമനിസചിന്തകന്മാർ വിളിക്കുന്നുണ്ട്. ഒരേ പ്രശ്നത്തിനു തന്നെ യുക്ത്യധിഷ്ഠിത കാരണവും മനശ്ശാസ്ത്ര കാരണവും കണ്ടേക്കാം. സത്യത്തിന്റെയും സ്നേഹത്തിന്റെയും അഭാവം ഒരേ പിളർപ്പിനു കാരണമാകാമെന്നു സാരം. സഭാ ഭിന്നതക്കു പിന്നിൽ ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങളും (Theological factors) ദൈവശാസ്ത്ര പരങ്ങളല്ലാത്ത കാര്യങ്ങളും (Non theological factors) ഉണ്ടായെന്നിരിക്കും.

www.malankaralibrary.com



സഭാഭിന്നിപ്പിനുള്ള യുക്ത്യധിഷ്ഠിത അഥവാ സത്യാധിഷ്ഠിത (Logical) പ്രതിവിധിയാണ് പുനരൈക്യം; അതിനുള്ള മനശ്ശാസ്ത്ര അഥവാ സ്നേഹാധിഷ്ഠിത (Psychological) പ്രതിവിധിയാണ് എക്യുമെനിസം. യുക്തിശാസ്ത്രം കൊടികുത്തിവാണ ഒരു കാലഘട്ടത്തിൽ സഭാ പിളർപ്പിനു യുക്ത്യധിഷ്ഠിത പ്രതിവിധി നിർദ്ദേശിക്കുന്നതിനേ ലോകത്തിനു കഴിഞ്ഞുള്ളു. അന്നു മനോവിജ്ഞാനിയം വേണ്ടത്ര വളർന്നിരുന്നുമില്ല. വിദ്വേഷാഗ്നിയുടെ ആളിക്കത്തൽ അനുരഞ്ജനത്തിൽ നിന്നു ഇരുഭാഗക്കാരേയും അകററുകയും ചെയ്തു. ഇന്നു സ്ഥിതി മാറി. മനോവിജ്ഞാനീയം പരിപുഷ്ടമായി, യുക്തിശാസ്ത്രത്തേക്കാറം അതു ബലിഷ്ഠമായി. വിദ്വേഷാഗ്നി അല്പമൊക്കെ ആറിത്തണുക്കുകയും ചെയ്തു. തന്മൂലം, സഭാഭിന്നിപ്പിനു മനശ്ശാസ്ത്രപ്രതിവിധി ഇന്നത്തെ ലോകം നിർദ്ദേശിക്കുന്നു. ഒരു കാര്യം ഓർത്തിരിക്കണം. സഭൈക്യത്തിനുവേണ്ടി സത്യത്തിനു പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള യുക്ത്യധിഷ്ഠിത പ്രതിവിധിയിൽ സ്നേഹത്തിനു ഒട്ടും തന്നെ സ്ഥാനമില്ലെന്നോ സ്നേഹത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വൈകാരികപ്രതിവിധിയിൽ സത്യത്തെ പാടേ വിപാടനം ചെയ്തിരക്കയാണെന്നോ ധരിച്ചു പോകരുത്. സത്യവും സ്നേഹവും പരസ്പരം കൈകോർക്കുന്നുണ്ട്. സ്നേഹത്തിൻെറ മാംസളതയും സത്യത്തിൻെറ അസ്ഥിപഞ്ജരവും സമഞ്ജസമായി സമ്മേളിക്കുന്നതിലാണ് എക്യുമെനിസത്തിൻെറ വിജയം ചിന്തകന്മാർ കാണുന്നത്. എക്യുമെനിസത്തിൻെറ അന്തസ്സത്തയിലേക്കു ഇറങ്ങിച്ചെല്ലുന്ന അഗസ്ററിൻ കാർഡിനൽ

www.malankaralibrary.com


ബയാ (Augustine Cardinal Bea) യുടെ വാക്കുകൾ ശ്രദ്ധിക്കുക:

''സ്നേഹവും സത്യവുമായുള്ള ചേർച്ചയിൽ ഒന്നിനും പ്രാധാന്യം നഷ്ടപ്പെടരുത്; രണ്ടും ഇരിക്കേണ്ടിടത്തു ഇരിക്കണം; ഒന്നിനും ന്യൂനത വരാൻ പാടില്ല; പരസ്പരം മിഴിവേകിക്കൊണ്ടായിരിക്കണം യോജിപ്പ്. ഇത് എങ്ങനെ സാധിക്കാമെന്നതിലാണ് ബുദ്ധിമുട്ട്. സ്നേഹം കൂടാതെയുള്ള സത്യം അസഹിഷ്ണതയാകും, മറുതലിപ്പുണ്ടാക്കും; സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്, നിലനിൽക്കുകയില്ല. സ്നേഹത്തേയും സത്യത്തേയും വേർപെടുത്തുന്ന പ്രവണതയ്ക്കെതിരായി നമ്മൾ ജാഗരൂകരായിരിക്കണം'' (*11*)

(*11*) Augustine Cardinal Bea, Liberty of Conscience, S C U, PP. 287, 288

www.malankaralibrary.com

## അദ്ധ്യായം 4

# സത്യവും സ്നേഹവും

## അഥവാ

# വിചാരപരതയോ വികാരപരതയോ ഏതാണാദ്യം?

ഓരോ സഭയ്ക്കും വിശ്വാസ സത്യങ്ങളുണ്ട്. വിശ്വാസപ്രമാണങ്ങളാണ് ഒരു സഭയെ വേറൊന്നിൽനിന്നും വേർതിരിക്കുന്നത്. ഏക സഭാ സിദ്ധാന്തം, പത്രോസിന്റെ പരമാധികാരം, മാർപാപ്പായുടെ അപ്രമാദിത്വം, മാതാവിന്റെ മാനനീയത്വം, വിശുദ്ധന്മാരോടുള്ള മാധ്യസ്ഥ്യം, പരേതർക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയവ വിശ്വാസസത്യങ്ങളായി കത്തോലിക്കാ സഭ പ്രഖ്യാപിക്കുമ്പോൾ അവയെല്ലാം പൊതുവെ നിഷേധിക്കുവാനാണ് പ്രോട്ടസ്റ്റന്റുകാരുടെ നീക്കം. പത്രോസിന്റെ പിൻഗാമി റോമിലെ പാപ്പായല്ല, അന്ത്യോക്യയിലെ പാത്രിയർക്കീസാണെന്നു സിദ്ധാന്തിക്കുകയും പരിശുദ്ധാത്മാവിന്റെ പുറ

www.malankaralibrary.com



പ്പാട്, ക്രിസ്തുവിന്റെ ദ്വിസ്വഭാവം, മാതാവിന്റെ അമലോത്ഭവം എന്നിവയെക്കുറിച്ച് വാഗ്സമരം നടത്തുകയും ചെയ്യുന്നതിന് യാക്കോബായ സഭ ശ്രദ്ധമായിരിക്കുന്നു. നെസ്തോറിയൻ, ഈഗുപ്തായ അർമ്മേനിയൻ, മാർത്തോമ്മാ, ബ്രദർ, പെന്തിക്കൊസ്തു, രക്ഷാസൈന്യം തുടങ്ങിയ എല്ലാ സമൂഹത്തിനും സ്വന്തം വിശ്വാസ സത്യങ്ങളുണ്ട്.

തങ്ങൾ ഉയർത്തിപ്പിടിക്കുന്ന വിശ്വാസസംഹിതയുടെ സംരക്ഷണത്തിൽ ഓരോ സമൂഹവും ഊറ്റം കൊള്ളുന്നു. തങ്ങളുടെ ഉത്ഭവത്തിനും നിലനിൽപ്പിനും ആ വിശ്വാസസത്യങ്ങളാണു കാരണമെന്നത്രേ വിഭിന്നഗ്രൂപ്പുകളുടെ അവകാശവാദം. അത്തരം വിശ്വാസസത്യങ്ങളെ പ്രസ്തുത സമൂഹങ്ങളുടെ യുക്ത്യധിഷ്ഠിത കാരണങ്ങളായി ഗണിക്കാം.

വിശ്വാസ സംഹിതയിൽനിന്നു വിഭിന്നചേരികൾ ഉണ്ടാകുകയായിരുന്നോ അതോ വിഭിന്നചേരികൾ വിശ്വാസസംഹിതയെ രൂപപ്പെടുത്തുകയായിരുന്നോ എന്ന പ്രശ്നം പ്രസക്തമായിവരുന്നു. വ്യത്യസ്തസത്യങ്ങൾ വ്യത്യസ്തവിഭാഗങ്ങളെ ജനിപ്പിച്ചു എന്നാണ് പ്രഥമദൃഷ്ട്യാ തോന്നുക. ഭിന്നിപ്പിന്റെ മനശ്ശാസ്ത്ര കാരണങ്ങൾ അറിഞ്ഞെങ്കിലേ ഈ വിഷയത്തിൽ കൂടുതൽ വെളിച്ചം തെളിയൂ. ക്രൈസ്തവസാമ്രാജ്യത്തിൽ ഉയരുകയും വളരുകയും ചെയ്തിട്ടുള്ള വിവിധസമൂഹങ്ങളുടെ ഉത്ഭവത്തിനു പ്രേരകമായ മനശ്ശാസ്ത്ര കാരണങ്ങൾ യഥാതഥം വെളിപ്പെടുത്തുന്ന സഭാചരിത്ര ഗ്രന്ഥങ്ങൾ ഇല്ലെന്നുള്ളതത്രേ ഇപ്പോഴത്തെ ദയനീയത.

നിലവിലുള്ളവയിൽ നിന്നു വ്യത്യസ്തമായ ഒരു സഭാചരിത്രത്തിനു വേണ്ടിയുള്ള മുറവിളി

www.malankaralibrary.com



വിവിധ തലങ്ങളിൽ നിന്നുയരുന്നുണ്ട്. ഡോക്ടർ ഫ്രാങ്ക്ളിൻ എച്ച്. ലിററൽ (Dr. Franklin H. Littel) എന്ന മെത്തേഡിസ്ററു ദൈവശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു: "കത്തോലിക്കരും പ്രോട്ടസ്ററൻറുകാരും ഒന്നുപോലെ അംഗീകരിക്കുന്ന ഒരു പുതിയ സഭാചരിത്രം ഇന്നു ആവശ്യമായിരിക്കുന്നു. ക്രിസ്തീയ സാഹോദര്യത്തിൻെറ ഒരു നവയുഗത്തിലേക്ക് പ്രവേശിക്കുന്നതിനും നമ്മുടെ കഴിഞ്ഞ കാലത്തു പിണഞ്ഞുപോയ പൊതുവായ കുററങ്ങളെയും അന്നത്തെ പ്രതാപത്തേയും അനന്തര തലമുറയെ അനുസ്മരിപ്പിക്കുന്നതിനും അതു പ്രയോജനപ്പെടും"(1). കഴിഞ്ഞ കാലത്തു പിണഞ്ഞുപോയ പൊതുവായ കുററങ്ങൾ എന്നും അന്നത്തെ പ്രതാപങ്ങളെന്നും ഡോ. ഫ്രാങ്ക്ളിൻ ലിററൽ പറയുന്നതിലൂടെ സഭാഭിന്നതയുടെ മനശ്ശാസ്ത്ര കാരണങ്ങളിലേക്കാണ് വിരലൂന്നുന്നത്.

ദൈവശാസ്ത്രതപരങ്ങളായ തർക്കങ്ങൾ മാത്രമല്ല സഭാഭിന്നതക്കു കാരണമായിട്ടുള്ളത്. അതിനേക്കാൾ ഉപരിയായ ഹേതുക്കൾ വേറെയുമുണ്ട്. "ലക്ഷങ്ങളുടെ വിശ്വാസം" തുടങ്ങിയ പ്രസിദ്ധ ഗ്രന്ഥങ്ങളുടെ കർത്താവും ക്രൈസ്തവൈക്യചിന്തകനുമായ ഡോ. ജോൺ എ. ഓബ്രിയൽ (John A. O' Brien)പറയുന്നു; "സഭയുടെ ഐക്യത്തെ തകർക്കുന്ന കാര്യത്തിൽ ദൈവശാസ്ത്രപരങ്ങളല്ലാത്ത ഘടകങ്ങളും ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. വികാരം ആളിക്കത്തിക്കുന്ന ദേശീയബോധമാണ് അവയിൽ പ്രമുഖം. എല്ലാ അന്താരാഷ്ട്ര

1) Cfr. Dr. Franklin H. Littel, A New Look at the Sixteenth Century. SCU, P. 42

www.malankaralibrary.com


നീക്കങ്ങൾക്കും അതു കണ്ഠകോടാലിയായിട്ടുണ്ട്. പാശ്ചാത്യ പൗരസ്ത്യസഭകളുടെയും പതിനാറാം നൂററാണ്ടിലെ ക്രിസ്തീയ കോളിളക്കങ്ങളുടെയും എല്ലാം കാര്യത്തിൽ ഇത് ശരിയാണ്''(2). ദൈവശാസ്ത്രപരമായ അധ്യവസാനം കൊണ്ടു മാത്രം സഭാഭിന്നതതീരുകയില്ലെന്ന ദൃഢമായ നിലപാടാണ് ഹാൻസ് ക്യുങ്ങ് (Hans Kung) നെപ്പോലെയുള്ള ചിന്തകൻമാർക്കുള്ളത്. (3) സഭാഭിന്നതയ്ക്കു വളംവെയ്ക്കുന്ന ദൈവശാസ്ത്രപരങ്ങളല്ലാത്ത കാരണങ്ങൾ ഒന്നുംരണ്ടുമല്ല.

കേരളത്തിലെ ഒരു സഭാഭിന്നതയുടെ ചരിത്രം തന്നെ ഉദാഹരണമായെടുക്കാം. ശീമയിലെ അബ്ദള്ളാ ബാവാ 1910–ൽ കേരളത്തിൽ ആഗതനായതിനെത്തുടർന്ന് മലങ്കരയിലാകമാനമുണ്ടായകോളിളക്കങ്ങളെയാണ് ഇവിടെ പരാമർശിക്കുന്നത്. ബാവാമെത്രാൻപാർട്ടികളെന്നു സഭ ചേരിതിരിഞ്ഞു വ്യവഹാരവടംവലി മുറുകി. നാൽപ്പതിലേറെ കൊല്ലം ദീർഘിച്ചു വ്യവഹാരം. 1958–ലെ അതു തെല്ലു ശമിച്ചുള്ളു. ഇന്നും അതു പത്തിവിടർത്തിക്കൊണ്ടിരിക്കുന്നു. ഉദഗ്രമായ ഒച്ചപ്പാടുണ്ടാക്കിയ അന്നത്തെ വ്യവഹാരത്തിലെ എതിർപ്പു പ്രധാനമായും മൂന്നു കാര്യങ്ങളിലായിരുന്നു.

ഓർത്തഡോക്സ് പാർട്ടി പറഞ്ഞു:

(1) എ അക്കം എന്ന പേരിലറിയപ്പെടുന്നതാണ് സാധുവായ കാനോൻ;

(2) തിഗ്രീസിലെ കാതോലിക്കാസ്ഥാനമാണ് ഇവിടെ പുനസ്ഥാപിക്കപ്പെട്ടിട്ടുള്ളത്;

---

[2] John A. O'Brien, A New Era, SCU, P. 20

[3] Hans Kung, Brotherly Approach from both Sides, SCU, P. 77

www.malankaralibrary.com



(3) കാതോലിക്കാവാഴ്ച നടത്തിയ അബ്ദൽ മിശിഹാ യഥാർത്ഥ പാത്രിയർക്കീസുതന്നെയാണ്.

പാത്രിയർക്കീസ്കക്ഷി പല്ലും നഖവും ഉപയോഗിച്ചെതിർത്തു:

1) എ അക്കമല്ല, 18 അക്കമത്രേ സാധുകാനോൻ;

2) ഇവിടത്തെ കാതോലിക്കാ കേവലം ചുവപ്പു വേഷധാരിയാണ്,

3) അബ്ദൽമിശിഹായല്ല, അബ്ദള്ളായത്രേ യഥാർത്ഥ അന്ത്യോക്യാ പാത്രിയർക്കീസ്

ബാവാ മെത്രാൻ പാർട്ടിക്കാരുടെ തർക്കവിഷയങ്ങൾ ഇവയാണ്. അവരുടെ പിളർപ്പിനു ഹേതുവായ യുക്തധിഷ്ഠിത (Logical) കാരണങ്ങളും ഇവതന്നെ. ഇവ ഓരോന്നും ആകൃതിപൂണ്ടു പുറത്തു പ്രത്യക്ഷപ്പെടുന്നതിനു വളരെമുമ്പുതന്നെ വികാരപരങ്ങളായ ചില കാരണങ്ങൾ അവിടെ മുളയെടുത്തു കഴിഞ്ഞിരുന്നു. ബഥനിയുടെ മാർ ഈവാനിയോസിനാൽ വിരചിതമായ "ഗിരിദീപ" ത്തിൽ അത്തരം ഒരു കാരണത്തെക്കുറിച്ച് സൂചനയുണ്ട്. സന്ദർഭവശാൽ അബ്ദള്ളാബാവാ പരാമർശിച്ച ഒരു കത്തിനെപ്പററി അദ്ദേഹം എഴുതന്നു: "ഒരു വിധത്തിൽ പറയുന്ന പക്ഷം ബാവാ തിരുമനസ്സിലെ മലങ്കരസന്ദർശനം അമംഗളമായി കലാശിക്കപ്പെടുവാനും മലങ്കരസഭയിൽ അസമാധാനവും അസന്തുഷ്ടിയും കൈവരുത്തുവാനും ഇടയാക്കിയ കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത പ്രസ്തുത കത്തിലെ സംഗതിയെപ്പററി ഇവിടെ രണ്ടു വാക്കു പറയേണ്ടതായ ആവശ്യമുണ്ട്. പാത്രിയർക്കീസന്മാർക്ക് മലങ്കര സഭയിൽ പൂർവ്വകാലം

www.malankaralibrary.com



മുതലേ ഉണ്ടായിരുന്ന ലൗകികാധികാരത്തെ മനഃപൂർവ്വം തട്ടിപ്പറിച്ചു സ്വായത്തമാക്കിയത് പുലിക്കോട്ടു മെത്രാപ്പോലീത്തായും അദ്ദേഹത്തിൻെറ സെക്രട്ടറിയും (മിസ്ററർ ഇ. എം. ഫിലിപ്പ്) കൂടിയായിരുന്നുവെന്നും നഷ്ടപ്പെട്ടുപോയ ആ അവകാശാധികാരങ്ങളെ സമ്പാദിക്കേണ്ടതിലേക്കു ബാവാ തിരുമനസ്സുകൊണ്ട് അക്ഷീണയത്നം ചെയ്യേണ്ടതാണെന്നും വേണ്ടിവന്നാൽ വ്യവഹാരത്തിനുപോലും അവിടുന്നു സന്നദ്ധനായിരുന്നു കൊള്ളണമെന്നും ഇതിലേക്കു ആവശ്യമാണെന്നു കൽപ്പിക്കുന്നപക്ഷം 10000 (പതിനായിരം) രൂപാ സംഭാവനചെയ്യാൻ തിരുസിംഹാസനത്തോടുള്ള തൻെറ ഭക്തി തന്നെ പ്രേരിപ്പിക്കുന്നതായിരിക്കുമെന്നും മററും എഴുതപ്പെട്ടിരുന്ന ഒരു കത്തായിരുന്നു ഇതെന്ന് വായനക്കാർ ഗ്രഹിച്ചിരിക്കേണ്ടതാണ്. ഈ വിധം കത്തെഴുതിയ ആളുടെ ഉദ്ദേശ്യത്തെപ്പററി നാം ഇങ്ങനെയാണ് കേട്ടിട്ടുള്ളത്. സ്വപിതാവിൻെറ ഛായാപടം വരപ്പിച്ച് കോട്ടയം പഴയ സെമിനാരിയുടെ ''കമ്മിററി'' മാളികയിൽ പ്രതിഷ്ഠിക്കത്തക്കവണ്ണം അനുമതി വാങ്ങിപ്പാനായി ഇയാരാം കാലംചെയ്ത പുലിക്കോട്ടു മെത്രാച്ചൻെറ അടുക്കൽ ചെന്നിരുന്നപ്പോരം സിക്രട്ടറിയുമായി ആലോചിച്ചതിൻെറശേഷം, ''കൊണ്ടുവരുന്ന ചിത്രങ്ങളെ ഒപ്പാംവാങ്ങി അലങ്കരിക്കപ്പെടുവാനുള്ളതല്ല കമ്മിററി മാളിക'' എന്ന അർത്ഥത്തിൽ തിരുമനസ്സുകൊണ്ടു മറുപടി കൽപ്പിക്കുകയുണ്ടായിപോൽ''. (4)

''താൻകഴിഞ്ഞാൽ പ്രളയം'' എന്ന ഭാവവുമായി നീങ്ങിയ പ്രമാണി അപ്പൻെറ ഫോട്ടോ കമ്മിററി മാളികയിൽ വയ്ക്കാൻ അനുവദിക്കാത്ത മെത്രാ

(4) ഗിരിദീപം, പുറം 3

www.malankaralibrary.com



പ്പോലീത്തായെ നല്ലപാഠം പഠിപ്പിക്കുന്നതിനുറച്ചു. മെത്രാപ്പോലീത്തായോടു വിദ്വേഷം സ്വന്തം അനുയായികളിൽ പരത്താൻ അദ്ദേഹം മററു മാർഗ്ഗങ്ങളെ അഭയംഗമിച്ചുവെന്നു മാത്രം.

പ്രസ്തുത ഭിന്നതയ്ക്കു വൈകാരികകാരണങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. ശക്തി രഹിതരും സംസ്ക്കാരശൂന്യരുമായ ശീമക്കാർക്കു കീഴടങ്ങുന്നതിനുള്ള വൈമുഖ്യമാണിത്. ഇതാ ചില പ്രസ്താവനകൾ; "ഇന്നത്തെ മലങ്കരസഭയെ ഭരിക്കുന്നതിനുതക്കപ്രാപ്തിയും ശക്തിയും ശീമക്കാർക്കില്ല. താരതമ്യേന പരിഷ്ക്കാരത്തിലും വിദ്യാഭ്യാസത്തിലും മലങ്കരസഭ വളരെ പുരോഗമിച്ചിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം കുർസ്തുസ്ററാൻെറ അടിമത്തത്തിൽ ആണ്ട ശീമക്കാർ വളരെ അധഃപതിച്ചിട്ടുണ്ട്" (5)

"സംഖ്യാ ബലത്തിലും സംസ്ക്കാരസമ്പത്തിലും ധനസ്ഥിതിയിലും ഇവിടത്തെ നസ്രാണി ക്രിസ്ത്യാനികളോടു യാതൊരു സാമ്യവുമില്ലാത്ത അൽപ്പസഹസ്രം അറബിക്രിസ്ത്യാനികൾ മാത്രമാണ് അന്ത്യോക്യൻസഭക്കാർ എന്നു പേർപെട്ടിരിക്കുന്ന ശീമയിലെ ജനസംഖ്യം. ഇദാനീന്തന ഭരണസമ്പ്രദായങ്ങളെപ്പററിയോ ആധുനിക അഭിപ്രായഗതികളെക്കുറിച്ചോ യാതൊരു ഗന്ധവുമില്ലാത്ത ഈ കൂട്ടരുമായി പൂർവ്വസ്മരണാസൂചകമായി ഒരു ബന്ധമെങ്കിലും പാലിക്കാമെന്നുവച്ചാൽ തന്നെയും അതു കാളയേയും കന്നിനേയും ഇണച്ചു വെയ്ക്കുന്നതുപോലെ ആയിത്തീരുമെന്നും, ആ ബന്ധം കഴുത്തിൽ കെട്ടിയ ഒരു കല്ലുപോലെ പുരോഗമനോന്മുഖമായ നമ്മുടെ സഭയെ ആഴി

---

(5) ടി. കെ. അലക്സാണ്ടർ, പൗരപ്രഭ ജൂലൈ 23 1946

www.malankaralibrary.com



യുടെ ആഴത്തിലേക്കു ആനയിക്കമാത്രമേ ചെയ്കയുള്ളുവെന്നുമാണ് മലങ്കരയിലെ ഒരു വലിയ പങ്കു ആളുകളുടെ അഭിപ്രായം. (6)

സഭാശാസ്ത്രപരങ്ങളായ അഥവാ യുക്ത്യധിഷ്ഠിതങ്ങളായ കാരണങ്ങളേക്കാറം വൈകാരികങ്ങളായ അഥവാ മനശ്ശാസ്ത്രപരങ്ങളായ കാരണങ്ങറം ഈ സഭാ പിളർപ്പിനു പ്രേരകങ്ങളായിട്ടുണ്ട്. ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങ (Theological factors) ളേക്കാറം ദൈവശാസ്ത്ര പരങ്ങളല്ലാത്ത കാര്യങ്ങ (Non theological factors) ളാണ് ഇവിടെ പ്രേരണ ചെലുത്തിയിട്ടുള്ളതെന്നു സാരം. വികാരാവേശത്തിൻെറ ആളിക്കത്തലിലൂടെ രുപം പ്രാപിച്ച ചേരിതിരിവിന് അടിത്തറ ഉറപ്പിക്കുന്നതിനു വേണ്ടി പിന്നാലെ കയറിപ്പററിയതാണ് യുക്ത്യധിഷ്ഠിത കാര്യങ്ങളായ കാനോൻ തർക്കം, കാതോലിക്കാ സിംഹാസന വാദം, അബ്ദള്ളാ അബ്ദൽ മിശിഹാ വടംവലി തുടങ്ങിയ സഭാപ്രശ്നങ്ങറം. വികാരപരത ആദ്യം, യുക്തിപരത പിന്നാലെ— ഇതാണു ക്രമം. സ്വയസാധൂകരണത്തിൻെറ സാമാന്യവൽക്കരണം എന്നു ഈ പ്രക്രിയക്കു പേരിടാം.

മലങ്കരയിലെ വിഘടിത ഗ്രൂപ്പുകാരുടെ 1958-ലെ ഒത്തുതീർപ്പും തുടർന്നുണ്ടായ ഉരുറംപൊട്ടലുകളും സഭാഭിന്നതയുടെ ഹേതു മനശ്ശാസ്ത്രപരമെന്ന നിഗമനത്തെ ഒരു പടികൂടി ഉറപ്പിക്കുന്നു.

പാത്രിയർക്കീസ് പാർട്ടിയുടെയും കാതോലിക്കാ കക്ഷിയുടെയും നീണ്ട വ്യവഹാരത്തെ സമഗ്രമായി പഠിച്ച ചിന്തകന്മാർ ഇരുകക്ഷികളും രഞ്ജി

6) പി. ജേക്കബ് കുര്യൻ, പൗരപ്രഭ, 23 ജൂലൈ 1946

www.malankaralibrary.com



പ്പിലെത്തുക അസാദ്ധ്യമെന്നു ഉദ്ദർശനം ചെയ്തിരുന്നു.[7] കരുത്തുള്ള യുക്തിബോധത്തിൻെറയും തികഞ്ഞ ദൈവശാസ്ത്രജ്ഞതയുടെയും പിൻബലത്തോടെയാണ് അവരങ്ങനെ ചെയ്തത്. ആ കണക്കുകൂട്ടലുകളെല്ലാം തെററിപ്പോയെന്നു തെളിയിച്ചുകൊണ്ടല്ലോ 1958—ലെ ഒത്തുതീർപ്പുണ്ടായത്. തെററിയത് ആ ചിന്തകൻമാരുടെ യുക്തിബോധമല്ല; പിന്നെയോ, യുക്തിധിഷ്ഠിത ഹേതുക്കളിലാണ് പ്രസ്തുത സഭകൾ ഉറപ്പിക്കപ്പെട്ടിട്ടുള്ളതെന്ന് മിഥ്യാധാരണയല്ലോ. വീറോടെ തങ്ങൾ പ്രഖ്യാപിച്ചതെല്ലാം പ്രമാദമായിപ്പോയെന്ന് പരസ്യമായി സമ്മതിച്ചുകൊണ്ടുള്ളതായിരുന്നു 1958—ലെ പാത്രിയർക്കീസു പക്ഷക്കാരുടെ ഒത്തുതീർപ്പുസന്ധി. യുക്ത്യധിഷ്ഠിത ഹേതുക്കളെ ബലികഴിച്ചുകൊണ്ടും ദൈവശാസ്ത്രപരങ്ങളായ കാര്യങ്ങളെ കാററത്തു പറത്തിക്കൊണ്ടുമുള്ള ഒരൊത്തുതീർപ്പിനു വേണ്ടമെന്നു വെച്ചപ്പോൾ അവർക്കു വിഷമമുണ്ടായില്ല.

അനുരജ്ഞനത്തെത്തുടർന്നു പ. പാത്രിയർക്കീസ് മലയാളക്കരയിലേക്കെഴുന്നള്ളുകയും 1964—ൽ കാതോലിക്കായെ വാഴിക്കുകയും ചെയ്തു. എല്ലാം ശുഭമായെന്നു സമസ്ത ജനങ്ങളും കരുതി. ഇതുവരെ വിളിച്ചു കൂവുകയും കോടതിയുടെ വ്യവഹാരത്തിനു വിഷയമാക്കുകയും ചെയ്ത ഭിന്നതയുടെ യുക്തിധിഷ്ഠിത കാരണങ്ങളെ

---

[7] സമാധാന മാർഗ്ഗം, താഴത്തുപറപ്പള്ളിൽ പീലിപ്പോസ് വർക്കി തുടങ്ങി 14 പേർചേർന്നു 1950-ൽ പ്രസിദ്ധീകരിച്ചത്, പുറം 74, 75

ഈ വിഷയത്തെക്കുറിച്ചു മോൺ തോമസ് വടശേരി. ഫാ. തോമസ് ഇഞ്ചയ്ക്കലോടി എന്നിവരുടെ കൃതികൾ കാണുക.

www.malankaralibrary.com



ല്ലാം അപ്രത്യക്ഷമായി. എങ്കിലും, പുറമെ പ്രശാന്തമായ ആ അഗ്നിപർവ്വതത്തിനുള്ളിൽ ഉരുകുന്ന ലാവ തിളച്ചുമറിയുന്നുണ്ടായിരുന്നു. ചേരിതിരിവു വളർത്തിയ വൈകാരിക കാരണത്തെ ശമിപ്പിക്കുവാൻ ഒത്തുതീർപ്പു വ്യവസ്ഥകളുടെ തൈലലേപനത്തിനു കഴിയാതെ പോയി. ആന്തരിക വിദ്വേഷം പൂർവ്വാധികം വർദ്ധമാനമായി. പണ്ടു കണ്ഠക്ഷോഭം ചെയ്ത യുക്തിധിഷ്ഠിത കാരണങ്ങളല്ല ഇന്നു വിളിച്ചു കൂവന്നതെന്നുമാത്രം വ്യത്യാസമുണ്ട്. മാർത്തോമ്മായുടെ സിംഹാസനമാണു തങ്ങളുടേതെന്നു ഓർത്തഡോക്സുകാർ; മാർത്തോമ്മായ്ക്കു പുരോഹിതപട്ടം പോലുമില്ലെന്നു പാത്രിയർക്കീസ്. മലങ്കര സഭാ മാനേജിഗ്കമ്മിററിയുടെ ശുപാർശ കൂടാതെ മെത്രാന്മാരെ വാഴിച്ചിറക്കുന്ന പാത്രിയർക്കീസ് സഭാഭ്രഷ്ടനെന്നു ഓർത്തഡോക്സുകൂട്ടം; കാനോൻ ചട്ടങ്ങളിൽ നിന്നു വ്യതിചലിച്ച മാർത്തോമ്മായും കൂട്ടാളികളും മുടക്കപ്പെട്ടവരെന്നു പാത്രിയർക്കീസ് പക്ഷം. ഇരു പാർട്ടിക്കാരും വാ തോരാതെ ഉരുവിടുന്ന യുക്ത്യധിഷ്ഠിത കാരണങ്ങൾ അന്നും ഇന്നും വ്യത്യസ്തങ്ങളാണ്. എങ്കിലും അവരെ ഭിന്നിപ്പിക്കുന്ന വൈകാരിക കാരണം അന്നും ഇന്നും ഒന്നു തന്നെ.

യഥാർത്ഥമായ ഉള്ളിലിരുപ്പിന്റെ വികാരാവേശം പുറത്തറിയിക്കാൻ പ്രയാസം. അതുകൊണ്ടതു ചെയ്യില്ല. പകരം നാലുപേരു കേട്ടാൽ നിരക്കുന്ന ചില കാര്യങ്ങൾ പുറമെ പറയും. കുശവന്റെ ഒരു കഥയുണ്ട്, അവന്റെ അയൽപക്കത്തു വലിയ സദ്യയുടെ ചട്ടവട്ടം. പഴക്കുലകൾ അവിടെ നിരന്നു നിൽക്കുന്നു. ആഹാരവിഭവങ്ങളുടെ നറുമണം നാലുപാടും പരന്നു. അവനു കൊതി മൂത്തു; വായിൽ

www.malankaralibrary.com



വെള്ളമൂറി. അവനെ സദ്യയ്ക്കു ക്ഷണിച്ചിട്ടില്ല. എങ്കിലും, അവിടെ കയറിച്ചെന്നു. അകത്തുനിന്നു ആരും അവനെ തിരിഞ്ഞുനോക്കിയില്ല. അവനൊന്നു ചുമച്ചു. യഥാർത്ഥ ഉള്ളിലിരിപ്പു പറയാൻ പ്രയാസം തോന്നിയ അവൻ ഒരുവിധം പറഞ്ഞൊപ്പിച്ചു, ''ഇത്തിരി തീ വേണം''. തീ കിട്ടിക്കഴിഞ്ഞപ്പോൾ അവൻെറ ആവശ്യം നിറവേറിയോ? ആഗ്രഹം ശമിച്ചോ? ഇല്ല, ഒട്ടുമില്ല. കൊതി വർദ്ധമാനമായതേയുള്ളു. നാണംകെട്ടു കൊണ്ടുതന്നെ രണ്ടും കല്പിച്ച് അവൻ വിളിച്ചുപറഞ്ഞു, ''ഇത്തിരി തീയെന്നു പറഞ്ഞാ രണ്ടു പയമെന്നല്ലിയോ?'' യഥാർത്ഥ ഉള്ളിലിരിപ്പു പുറത്തറിയിക്കുന്നതിനുള്ള വൈഷമ്യസ്ഥിതിയാണ് ഇക്കഥ വെളിപ്പെടുത്തുക.

വ്യക്തിയുടെ ഇത്തരം ദുസ്ഥിതി സമൂഹത്തിനും അനുഭവപ്പെട്ടെന്നിരിക്കും. അതാണ് സ്വയസാധൂകരണത്തിൻെറ സാമാന്യവൽക്കരണത്തിലൂടെ പുതുസഭകൾ പ്രകടിപ്പിക്കുന്നത്.

ഭിന്നതയ്ക്കു അടിസ്ഥാനമായ വികാരപരകാരണങ്ങൾ പിളർപ്പിൻെറ ഓരോഘട്ടത്തിലും ഇരുചേരിക്കാരും ഉണ്ടാക്കാനിടയുണ്ട്. അവ വെളിപ്പെടുത്തുക രണ്ടുകൂട്ടർക്കും ലജ്ജാവഹമായെന്നും വരും. അതുകൊണ്ടാണ് ഭിന്നതയുടെ മനശ്ശാസ്ത്രപരകാരണങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സഭാചരിത്രം ഇതുവരെ ഉണ്ടാകാതിരുന്നിട്ടുള്ളത്. യുക്ത്യധിഷ്ഠിത കാരണങ്ങൾക്ക് ഈവക പ്രയാസമൊട്ടില്ലതാനും.

യുക്ത്യധിഷ്ഠിത അഥവാ വിശ്വാസസത്യപരങ്ങളായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉത്തരദക്ഷിണ ധ്രുവങ്ങളിലത്രേ കത്തോലിക്കാ പ്രൊട്ടേ

www.malankaralibrary.com



സ്റ്റൻറു തലങ്ങളുടെ നിലപാട്. എന്നിട്ടും, വൈകാരികൈക്യം അവിടെ സംജാതമായിക്കൊണ്ടിരിക്കുന്നു. കത്തോലിക്കാ ചിന്തകനായ ഹാൻസ് ക്യുങ്ങിൻെറ (Hans Kung) ഗവേഷണ പ്രബന്ധമായ "Justification: The Doctrine of Karl Barth with a Catholic Reflection" (നീതീകരണം, കാറംബാർത്തിൻെറ സിദ്ധാന്തവും കത്തോലിക്കാ ചിന്തയും) എന്ന പുസ്തകം 1957-ൽ പ്രസിദ്ധീകൃതമായി. "വിശ്വാസത്തിലൂടെയുള്ള നീതീകരണം" എന്ന വിഷയത്തിൽ കത്തോലിക്കാ പഠിപ്പുകളും പ്രോട്ടസ്റ്റൻറു സിദ്ധാന്തവും തമ്മിൽ വൈരുദ്ധ്യമില്ലെന്നും പരസ്പരം യോജിക്കുന്നുണ്ടെന്നുമത്രേ പ്രസ്തുത ഗ്രന്ഥത്തിൻെറ സമർത്ഥനം. ഈ പുസ്തകത്തിനു അവതാരിക എഴുതിയിരിക്കുന്നത് പ്രോട്ടസ്റ്റൻറു ദൈവശാസ്ത്രജ്ഞനായ കാറംബാർത്തു തന്നെയാണ്. അദ്ദേഹം പറയുന്നു: "കത്തോലിക്കർക്കും പ്രോട്ടസ്റ്റൻറുകാർക്കും ഇടയ്ക്കുള്ള അഭേദ്യമായ കോട്ടയെന്നു കരുതപ്പെട്ടിരിക്കുന്ന ഒന്നത്രേ വിശ്വാസത്തിലൂടെയുള്ള നീതീകരണത്തെക്കുറിച്ചുള്ള പ്രോട്ടസ്റ്റൻറു പ്രബോധനം. ഇന്നു സ്ഥിതിഗതി പാടേ മാറിയിരിക്കുന്നു. പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഹാൻസ് കുങ്ങിൻെറ ഗ്രന്ഥം ഈ പ്രതിബന്ധത്തെ മറികടന്നിരിക്കുന്നു. പ്രോട്ടസ്റ്റൻറു ചിന്തകനായ കാറം ബാർത്തും ട്രൻറു സുന്നഹദോസു തീരുമാനങ്ങളും തമ്മിൽ "നീതീകരണ"ത്തെ സംബന്ധിച്ചിടത്തോളം വൈരൂദ്ധ്യമില്ലെന്നുള്ള അദ്ദേഹത്തിൻെറ സമർത്ഥനം പ്രശംസാർഹമാണ്" [8]

[8] Karl Barth, Prospects for Christian Unity, S C U, P. 91

www.malankaralibrary.com



വൈകാരികൈക്യം ഉണ്ടായാൽ സഭാഭിന്നതയുടെ കീറാമുട്ടികഠം മാറിക്കിട്ടുമെന്നത്രേ ഇതു തെളിയിക്കുന്നത്.

ക്രിസ്തീയ ഭിന്നതക്കു കാരണമായി കത്തോലിക്കാ ഭാഗത്തു നിന്നുണ്ടായിട്ടുള്ള കുറവുകഠംക്കു പോപ്പു പോഠം മാപ്പിരിക്കുന്ന പ്രഖ്യാപനം പ്രസിദ്ധമാണ്. യുക്തിപരതയിലും പ്രബോധനങ്ങളുടെ സത്യസ്ഥിതിയിലും കത്തോലിക്കാ സഭയ്ക്കു വന്നിട്ടുള്ള വീഴ്ചകളെക്കുറിച്ചായിരിക്കയില്ല മാർപ്പാപ്പാ ഇവിടെ വിരലൂന്നുന്നത്. പിന്നെയോ, ഭിന്നതയ്ക്കു വളം വെച്ചിട്ടുള്ള വൈകാരിക കാരണങ്ങഠം ഉളവാക്കുന്നതിൽ കത്തോലിക്കാസഭ വഹിച്ച പങ്കിനെപ്പററിയായിരിക്കണം.

www.malankaralibrary.com

## അദ്ധ്യായം 5

# സഭാ ഭിന്നതയുടെ വൈകാരിക കാരണങ്ങൾ

ഉള്ളിലുള്ളകള്ളനെ വെളിച്ചത്തു വരുത്തുക പ്രയാസമാണ്. ചൂഷണക്കാരൻെറ മൂടുപടമണിയാത്ത ആ ബഹുമാന്യൻ തൊണ്ടിസഹിതംവെളിപ്പെടാറില്ല. അങ്ങനെ യാദൃച്ഛികമായി പ്രത്യക്ഷപ്പെട്ടാൽ പോലും ആരും അവനെതെല്ലുംസംശയിക്കുകയില്ല. സംശയിക്കുന്നവൻ അബദ്ധക്കാരനായിത്തീരും.

"നേപാളക്ഷിതി തന്നിൽവസിക്കും
ഭൂപാലൻെറ ലലാടംതന്നിൽ
ചേറുപിരണ്ടതു കണ്ടാലതു വില–
പേറില്ലാത്തൊരു കസ്തൂരിക്കുറി
എന്നല്ലാതൊരു മനുജൻമാർക്കും
തോന്നുകയില്ല വിചാരിക്കുമ്പോൾ
കുങ്കുമമണിയും തിരുനെററിക്കെ രു
പങ്കം പിരളുവാനെന്തവകാശം?
ശങ്കര ശിവ! ശിവ! ചേരാതുള്ളതു
ശങ്കിച്ചവനൊരബദ്ധക്കാരൻ
ഏറെപ്പോന്ന ജനങ്ങടെപാലനു
ചേറെന്നുള്ളതിനെന്തവകാശം?

www.malankaralibrary.com



ചെളിയെന്നുള്ളതൊരുത്തനുപോലും
കളിയായിപ്പറവാനും മേലാ''

ക്രിസ്തീയതയെ കുത്തിപ്പിളർന്ന വൈകാരിക കാരണങ്ങളിലേക്ക് തിരിയുമ്പോഴം ഇതുതന്നെയാണനുഭവം.

സഭാഭിന്നതയ്ക്കിടവരുത്തിയ യുക്ത്യധിഷ്ഠിത (Logical) ങ്ങളും ദൈവശാസ്ത്രപരങ്ങളുമായ കാര്യങ്ങളം കൊട്ടിഘോഷിക്കുന്നതിനാണ് എല്ലാവർക്കും തിടുക്കം. പിളർപ്പിനു കളംതെളിച്ച വൈകാരിക പരിതോവസ്ഥകളിലേക്കു പലരും ദൃഷ്ടി തിരിക്കുന്നില്ല. അതിനു സഹായകങ്ങളായ ദൈവശാസ്ത്ര ഗ്രന്ഥങ്ങളോ സഭാചരിത്ര കൃതികളോ ഒട്ടു ലഭ്യമല്ലതാനും. ക്രിസ്തീയതയെ കീറിമുറിച്ച വൈകാരിക വൈകൃതങ്ങളിലേക്ക് സമീപകാല ദൈവശാസ്ത്രജ്ഞന്മാരുടെ സൂക്ഷ്മസമീക്ഷ ഉണ്ടായിട്ടുണ്ട്. അവരുടെ അഭിപ്രായങ്ങളിൽ ചിലതു അനുക്രമമായിട്ടല്ലെങ്കിലും എടുത്തു കാണിക്കുന്നതിനാണ് ഇവിടെ ഉദ്യമിക്കുന്നത്.

## ഡോ. ഫ്രാങ്ക്ളിൻ ലിററൽ

1. രാഷ്ട്രീയതയുടെ നുഴഞ്ഞുകയററം സഭയെ അലങ്കോലപ്പെടുത്തുന്ന ദുസ്ഥിതിയിലേക്കു ഡോക്ടർഫ്രാങ്ക്ളിൻ ലിററൽ ശ്രദ്ധ തിരിക്കുന്നു: ''രാഷ്ട്രീയ താൽപര്യത്തിനുവേണ്ടി ഗവർമ്മേൻറു കരംസഭകളെ പ്രയോജനപ്പെടുത്തുകയോ ദുരുപയോഗിക്കയോ ചെയ്യുന്ന ഭാഗ്യഹീനത ഉണ്ടാകുന്നുണ്ട്. പതിനാറാം നൂററാണ്ടിൽ ആധുനിക ദേശീയ വാദത്തിൻെറ ആവിർഭാവത്തോടുകൂടി ഹെസിയിലെ ഫിലിപ്പ്, സാക്സണിയിലെ മൗറി, ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമൻ, ഫ്രാൻസിലെ ഫ്രാൻസിസ്

www.malankaralibrary.com


സ്പെയിനിലെ ഫിലിപ്പ് ദ്വിതീയൻ തുടങ്ങിയ ക്രിസ്തീയ രാജാക്കന്മാർ ഇതിനു ഉദാഹരണമാണ്. ക്രിസ്തീയ ആരാധനയെ രാജവംശീയമോഹത്തിലേക്കു വീഴ്ത്തുക എന്ന അപകടം ഇതു ഉളവാക്കുന്നു. സാർവത്രികതയെ നശിപ്പിക്കുന്ന കുരുക്കുകളും കടുംപിടിത്തങ്ങളും സഭയുടെമേൽ കെട്ടിഏൽപ്പിക്കാൻ ഇത് കാരണമായിത്തീരുകയും ചെയ്യുന്നു.

സഭയുടെ അധിനാഥനേക്കാൾ രാഷ്ട്രത്തെ പൂജിക്കുന്നതിനുള്ള പ്രവണത, ദേശീയവും ജാതീയവുമായ താൽപ്പര്യങ്ങളിലേക്കു സഭയെ തിരിക്കുന്ന രോഗാർത്തത ഇന്നു സർവ്വസാധാരണമാണ്. കത്തോലിക്കാസഭയേക്കാൾ അകത്തോലിക്കാ സഭകളാണ് ഈ അപകടത്തിൽ കൂടുതൽ കുടുങ്ങിയിട്ടുള്ളത്''[1]

2. കോൺസ്റ്റന്റയിൻ ചക്രവർത്തിയും സഭയുമായുണ്ടായ വേഴ്ചയെപ്പററിയും ഡോക്ടർ ഫ്രാങ്ക്ളിൻ ലിററലിനു പരാതിയുണ്ട്. അദ്ദേഹം പറയുന്നു; ''കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ കാലത്തു സഭയ്ക്കു വീണ്ടും വീഴ്ചയുണ്ടായി. സഭയും രാഷ്ട്രവുമായി വേഴ്ചയുണ്ടായി. അതു യാതനക്കാരനായ ക്രിസ്ത്യാനിയെ കൂടുതൽ മർദ്ദിതനാക്കി മാററി. സഭയുടെ മേഖലയിൽ രാഷ്ട്രം കൈകടത്തരുതെന്ന മുറവിളാക്കു ഇതു കാരണമാക്കി''.[2]

3. ക്രൈസ്തവൽക്കരണം എന്നാൽ യൂറോപ്യവൽക്കരണം എന്ന ധാരണ വരത്തക്കവിധം ക്രി

[1] Cfr. Dr. Franklin H. Littel, A New Look at the Sixteenth Century, SCU, PP. 48, 49

[2] Ibid, P. 50

www.malankaralibrary.com



സ്തീയ മിഷൻപ്രവർത്തനം അധഃപതിച്ചു, പതിനാറാം നൂറാണ്ടിലേക്കു ഒരു തിരിഞ്ഞുനോട്ടം (A New look at the Sixteenth Century) എന്ന പ്രബന്ധം ഈ വിഷയത്തെക്കുറിച്ചു പറയുന്നു:

''ക്രിസ്തീയ മിഷൻപ്രവർത്തനവും തെററിദ്ധാരണക്കു വിധേയമായി. ക്രൈസ്തവൽക്കരണം എന്നാൽ യൂറോപ്യവൽക്കരണം എന്ന ധാരണ വന്നു. യൂറേപ്യവൽക്കരണം എന്നാൽ വെള്ളക്കാരൻെറ താളത്തിനൊപ്പിച്ച് തൊഴിലാളികളെക്കൊണ്ട് ഖനികൾ, വയലുകൾ, അസംസ്കൃത വസ്തുക്കൾ എന്നിവയെ ചൂഷണം ചെയ്യുക എന്നതായി.

''ഭരണാധികാരികളുടെ പണസഹായംപററുന്നവരും അവരുടെ ഇഷ്ടത്തിനു നിൽക്കുന്നവരുമായ സഭാ മേധാവികളെക്കൊണ്ട് യൂറോപ്യൻ സാംസ്ക്കാരികമതം മെക്സിക്കോയിലും ആഫ്രിക്കയിലും ഏഷ്യയിലുമെല്ലാം പരത്തുവാൻ ശ്രമംനടന്നു. യൂറോപ്പിലെ വിഘടിതമതങ്ങളുടെ ഈ മിഷനറിനീക്കം പലേടത്തും ദേശീയക്രിസ്ത്യാനിത്വത്തിൻെറ വികസനം പോലും താറുമാറാക്കിയിട്ടുണ്ട്''.[3]

## ഹാൻസ് ക്യൂങ്ങ്

4. സാർവത്രിക സഭയുടെ കേന്ദ്രഘടകത്തിനു കുറേക്കൂടി വിപുലമായ പ്രാതിനിധ്യം വേണമെന്നത്രേ പ്രൊഫ. ഹാൻസ്ക്യൂങ്ങിൻെറ അഭിപ്രായം. സഭയുടെ കേന്ദ്രഘടകത്തേക്കാൾ സാർവത്രിക സ്വഭാവമുള്ളതാണ് ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറിയററ് എന്ന് അദ്ദേഹം പറയുന്നു. [4]

---

[3] Ibid, P. 51

[4] Hans Kung, Brotherly Approach from both sides, SCU, P. 82

www.malankaralibrary.com



## യാവ് കോംഗാർ

5. റോമാ വിരുദ്ധ മനസ്ഥിതി അനേകരിലുണ്ട്. സ്കോട്ടുകൾ (Scots) എന്നറിയപ്പെടുന്നവരുടെ മതത്തിൻെറ അടിത്തറ പാപ്പാധിപത്യത്തോടുള്ള ഭയവിഹ്വലതയിലാണ് ഉറപ്പിച്ചിരിക്കുന്നത്. ഈ മനസ്ഥിതിയുടെ അടിസ്ഥാന കാരണത്തിലേക്കു ഫ്രാൻസിലെ പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ യാവ് കോംഗാർ (Yves Congar) ഇറങ്ങിച്ചെല്ലുന്നു: ''ഒരു അധികാര കേന്ദ്രമായിട്ടാണ് കത്തോലിക്കാസഭ അറിയപ്പെടുക. തൻെറ പ്രബോധനത്തെ വെല്ലുവിളിക്കാൻ സഭ ആരെയും സമ്മതിക്കുകയില്ല. വ്യവസ്ഥാപിതമായ ഒരു സംഘടിത ശക്തിയും കരുത്തേറിയ ഒരു അധികാരവും സഭയിലുണ്ട്. സ്വയരക്ഷ നേടുകയും അധികാരത്തിനും ശക്തിക്കുമെതിരായി മറുതലിക്കുകയും ചെയ്യുക മനുഷ്യസഹജമാണ്.

''സഭയുടെ അധികാരഘടകം കഴിഞ്ഞ കാലത്തു സുവിശേഷാനുസൃത നിലപാടിൽനിന്നു അകന്നുപോയിട്ടുണ്ട്. സഭയുടെനേരേ അവിശ്വാസവും വിദ്വേഷവും മറുതലിപ്പും ഉണ്ടാകാൻ അതു കാരണമായിട്ടുണ്ട്. വി. വിൻസൻറു ഡി. പോളിൻെറ പ്രസ്താവം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. 'സ്നേഹവും ദയയുമാണ് മനുഷ്യൻെറ നേരേ പ്രകടിപ്പിക്കേണ്ടത്. അല്ലെങ്കിൽ, അവൻ ശ്രവിക്കയോ വിശ്വസിക്കയോ ചെയ്കയില്ല. ചെകുത്താൻ ബുദ്ധിശാലിയാണ്. എന്നിട്ടും, അവനെ വിശ്വസിക്കുന്നില്ല. കാരണം, അവൻ ദയാലുവല്ല.

''ഭൂമിയിൽ സമാധാനം'' (Pacem in Terris) എന്ന പ്രസിദ്ധ ചാക്രിക ലേഖനത്തിൻെറ കർത്താവായ പോപ്പു ജോണിനെക്കുറിച്ചു പണ്ഡിത

www.malankaralibrary.com



ന്മാർ പറഞ്ഞു: ''അധികാരത്തേക്കാം കൂടുതലായി മനുഷ്യരെ സ്നേഹിക്കുന്ന പാപ്പയാണ് അദ്ദേഹം.'' (5)

## ബർണാർഡ് സി. പൗളി

6, ദൈവവചന പ്രഘോഷണത്തിൽ അനാസ്ഥയുണ്ടെന്ന കുററം സഭയുടെമേൽ തൊടുത്തു വിടുന്നവരുണ്ട്. ഇതാ ബർണാർഡ് സി. പൗളിയുടെ പ്രസ്താവം. ''പട്ടം ശരിയാണോ? കൂദാശ സാധുവാണോ? എന്നീ കാര്യങ്ങളിൽ മാത്രമേ റോമൻ കത്തോലിക്കർ ശ്രദ്ധിക്കുന്നുള്ളുവെന്നത്രേ മററുള്ളവർക്കു തോന്നുക. ദൈവത്തിൻെറ വചനം പ്രസംഗിച്ചോ എന്ന കാര്യം അവർക്കു പ്രശ്നമല്ല. [6]

## മാക്സ് തുര്യൻ

7. കാലോചിതമാററത്തിനും അധുനാതനീകരണത്തിനും യഥാസമയം സന്നദ്ധമായിരുന്നെങ്കിൽ പല ഛിദ്രങ്ങളും ഒഴിവാക്കാമായിരുന്നെന്നത്രേ മാക്സ്തുര്യനെ (Max Thurian) പ്പോലുള്ള എക്യുമെനിക്കൽ ചിന്തകന്മാരുടെ പക്ഷം. ''കാലോചിത മാററത്തിൻെറയും അധുനാതനീകരണത്തിൻെറയും അഭാവം ഛിദ്രത്തിനു വഴിതെളിച്ചിട്ടുണ്ട്. ട്രെൻറു സുന്നഹദോസുവരുത്തിയ മാററങ്ങൾ 16—ാം ശതകത്തിൻെറ ഉദയവേളയിൽതന്നെ നടപ്പിലാക്കിയിരുന്നെങ്കിൽ പ്രോട്ടസ്ററൻറു പരിവർത്തനം ഉണ്ടാകുമായിരുന്നില്ല.''(7)

---

(5) Cfr. Yves Congar, Conquering Our Enmities SCU, PP 100, 101

[6] Bernard C Pawley, An Anglican Views the Council, SCU, P. 121

(7) Max Thurian, Walking Together to Ghrist, SCU, P. 131

www.malankaralibrary.com



## ജോൺ കോഗ്ലി

8. ഇതര സമൂഹങ്ങളുടെ നേരെ വിദ്വേഷത്തിന്റെ വിഷമയധൂമിക പടർത്തുന്നതിൽ സഭാനേതൃത്വം വഹിക്കുന്ന അക്ഷന്തവ്യമായ അപരാധത്തെക്കുറിച്ച് ജോൺ കോഗ്ലി പ്രസ്താവിക്കുന്നു; ''ദൈവശാസ്ത്രജ്ഞന്മാരുടെ യുക്തിക്കസർത്തിന്റെ ഫലമെന്നതിനേക്കാൾ അജ്ഞതയുടെ ഫലമായ തെററിദ്ധാരണയും ശത്രുതയും വിവിധസഭകളിലെ അംഗങ്ങൾ വെച്ചുപുലർത്തുന്നുണ്ടാവും. അവയെ നിരുത്സാഹപ്പെടുത്താൻ സമുദായനേതാക്കന്മാർ പരിശ്രമിക്കേണ്ടതാണ്. അതിനു തുനിയുന്നില്ലെന്നു മാത്രമല്ല വിദ്വേഷവിഷം പാലൂട്ടി വളർത്താൻ തത്രപ്പെടുക കൂടി ചെയ്താലോ? ഇതരസഭകളെ സംബന്ധിച്ചു വകഞ്ഞുകെട്ടിയ വാർത്തകളും കെട്ടുകഥകളും പ്രചരിപ്പിക്കാൻ സുവിശേഷവേദി തന്നെ വിനിയോഗിക്കുന്നതിനു ചിലർ മടിക്കുന്നില്ല. ഫലമോ? ശത്രുതാ വിഷത്തിന്റെ മൂടൽമഞ്ഞ് ജനസാമാന്യത്തിൽ ആളിപ്പടരുന്നു. സഹോദരക്രിസ്ത്യാനികൾ വെറും കപടാഭിനയക്കാരും അന്ധമായ വിഗ്രഹാരാധകരും തല തിരിഞ്ഞ പാഷണ്ഡികളും അന്തിക്രിസ്തുവിന്റെ അനുയായികളും ആണെന്ന ബോധം അവർ വെച്ചു പുലർത്തുന്നു. ഇതിനേക്കാൾ ക്രൂരവും ക്ഷോഭജനകവും അടിസ്ഥാനരഹിതവും അന്ധവുമായ മറെറാരു ആക്ഷേപമില്ല.'' (8)

## പുലിക്കോട്ട് ജോസഫ് റമ്പാൻ, ചെപ്പാട്ട് പീലിപ്പോസ് റമ്പാൻ

9. മലങ്കരയിലെ പിളർപ്പിനെക്കുറിച്ചു പറയവേ അഭിവന്ദ്യരായ പുലിക്കോട്ടു ജോസഫ് റമ്പാ

[8] John Cogley, Commandments for the Ecumenical Age, S C U, P. 244

www.malankaralibrary.com



നും ചേപ്പാട്ടു പീലിപ്പോസു റമ്പാനും എടുത്തുകാണിക്കുന്ന ചില ദു:ഖസത്യങ്ങാം പരിഗണനാർഹങ്ങളാണ്: ''മലങ്കര മെത്രാപ്പോലീത്തായായി ഒരാം ഭരണം നടത്തിക്കൊണ്ടു വാഴുമ്പോാം അദ്ദേഹത്തിൻെറ അറിവും സമ്മതവും കൂടാതെ മറെറാരാളെ മലങ്കര മെത്രാപ്പോലീത്തായായി വാഴിച്ചു വിടുക; അവർ തമ്മിൽ കോഴിപ്പോരു തുടങ്ങുമ്പോാം അവരിൽ ഒരാളുടെ കഴുത്തിൽ കത്തിവെയ്ക്കുക; ഇതിൻെറ ഫലമായി സഭ രണ്ടായി പൊട്ടിപ്പൊളിയുക, മലങ്കരയിലെ പള്ളിവക സ്വത്തുക്കാം സ്വന്തമാണെന്നുള്ള നിലയിൽ വാരിക്കോരിക്കൊണ്ടുപോവുക; നട്ടുച്ചനേരത്തു ''പച്ച നേരു'' പറയാതിരിക്കുക — മുതലായി അവർ (അന്ത്യോക്യാ സിംഹാസനത്തിൽ നിന്നു ഇറങ്ങിവന്ന മേൽപ്പട്ടക്കാർ) ചെയ്തിട്ടുള്ള പ്രവൃത്തികാം മുഴുവനും മന:പൂർവ്വമായവയാണെന്നു കൈപൊക്കിപ്പറയാൻ ഒരുമ്പെടുന്നില്ലെങ്കിലും അവയുടെയെല്ലാം ഫലം മലങ്കര സഭയെ ചേററിൽ പൂഴ്ത്തിയതാണെന്നുള്ളത് സമ്മതിച്ചേ മതിയാകയുള്ളു.'' (9)

## വ്യക്തിയും സമുദായവും

10. വ്യക്തിസ്വാതന്ത്ര്യം ആവശ്യമാണെന്നും അതിൻെറ അഭാവം യോജിപ്പിനു തുരങ്കം വെയ്ക്കുമെന്നും കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ കാാം റാനറിന് (Karl Rahner) അഭിപ്രായമുണ്ട്. ''യഥാർത്ഥ ഐക്യം അധികാരം കൊണ്ടോ ശക്തി കൊണ്ടോ സാധിക്കാവുന്നതല്ല. വ്യക്തിപരമായ സ്നേഹം കൊണ്ടും സത്യം കൊണ്ടും വേണം അതു നിറവേറേണ്ടത്. വ്യക്തികളുടെ മതസ്വാതന്ത്ര്യത്തെ ആദരിക്കുന്ന മനോഭാവമുണ്ടായെങ്കിലേ

---

[9] മലങ്കര സഭയുടെ കുഴൽകണ്ണാടി, പുറം 34, 35

www.malankaralibrary.com



മനുഷ്യയോജിപ്പിനു വേണ്ടിയുള്ള യത്നം വിജയിക്കു ! മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കൗൺസിലിന്റെ പ്രഖ്യാപനം ക്രൈസ്തവൈക്യത്തിനു സഹായകമാണ്.''(10)

11 വ്യക്തിസ്വാതന്ത്ര്യം സഭയിൽ പൂർവ്വോപരി സംപൂജ്യമാകണമെന്ന അഭിപ്രായമാണ് ദൈവശാസ്ത്ര ചിന്തകനായ ഹാൻസ് ക്യുങ്ങിന് (Hans Kung) ഉള്ളത്. ''മനുഷ്യജീവി എന്ന നിലയിൽ വ്യക്തിയുടെ മാഹാത്മ്യമാണ് മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. മനുഷ്യവ്യക്തികൾ മാത്രമാണ് വിധിക്കപ്പെടുന്നത്. വ്യക്തിയുടെ അവകാശവും കർത്തവ്യവും മനസ്സാക്ഷിയുടെ പ്രചോദനത്തിൽ നിന്നാണ് ഉയരുന്നത്........

''വ്യക്തികളെക്കൊണ്ടു സാധിക്കാവുന്ന കാര്യങ്ങളിൽ സമൂഹം ഏർപ്പെട്ടു കൂടാ. താഴത്തെ നിര പ്രവർത്തിക്കേണ്ടിടത്തു മുകളിലത്തെ നിര പ്രവർത്തിക്കരുത്. ആവശ്യമുള്ളത്ര സ്വാതന്ത്ര്യം നമുക്കുണ്ടായേ മതിയാവു. സഭയുടെ എല്ലാതലങ്ങളും അധികാരവികേന്ദ്രീകരണത്തിനു സജ്ജമാകണം. മാർപ്പാപ്പാ, മെത്രാന്മാർ, വൈദികർ, അജഗണം തുടങ്ങി എല്ലാവരും ഈ മാററത്തിനു വിധേയരാകണം....

........ഗലീലിയോപ്രശ്നത്തിൽ സഭയെടുത്ത തീരുമാനത്തിനു തിടുക്കം കൂടിപ്പോയി. ഇത്തരം സംഭവങ്ങൾ സഭാചരിത്രത്തിൽ വേറെയുമുണ്ട്.(11)

12. അർഹമായ സ്ഥാനം സഭയിൽ അൽമായർക്കു കൊടുത്തിരുന്നില്ലെന്നു ബർണാർഡ് സി.

---

[10] Karl Rahner, Clearing the way to Christian Unity S C U, PP. 221, 222.

(11) Cfr. Hans Kung, Brotherly Approach from both Sides, S C U, PP. 77, 82

www.malankaralibrary.com



പൗളി എന്ന പ്രോട്ടസ്റ്റന്റു ചിന്തകൻ കുററപ്പെടുത്തുന്നു: "വളരെ പരിമിതമായ സ്ഥാനമാണ് സഭയിൽ അൽമായർക്കു കൊടുത്തിരുന്നത്. ഹയരാർക്കിയെ പഠിപ്പിക്കുന്ന സഭ (Eclesia docens) യായും അൽമായരെ പഠിക്കുന്ന സഭ (Eclesia discens) യായും ഉണ്ടായ വിഭജനം ഇതിനു വേണ്ടുവോളം തെളിവാണ്." [12]

13. മധ്യയുഗങ്ങളിലെ സാധാരണക്കാരന്റെ ജീവിതം അതിദയനീയമായിരുന്നുവെന്നത്രേ ഡോ. ഫ്രാങ്കിളിൻ എച്ച്. ലിററലിന്റെ അഭിപ്രായം. ചിക്കാഗോയിലെ പ്രൊഫസർ തോംസനെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: "മധ്യയുഗത്തിലെ സാധാരണക്കാരന്റെ ജീവിതം മൃഗീയവും കുത്സിതവും ഹ്രസ്വവുമായിരുന്നു. നമ്മുടെ അന്നത്തെ പൂർവ്വന്മാർ മരംവെട്ടികളും വെള്ളംകോരികളും ആണെന്നു സംശയിക്കാൻ കാരണമുള്ളതുകൊണ്ട് മധ്യയുഗത്തിന്റെ സുവർണ്ണതയെപ്പററിയുള്ള സങ്കല്പം മങ്ങിമറഞ്ഞു പോകുന്നു. അന്നത്തെ സഭ പുരോഹിതന്മാരുടെയും പള്ളിമേധാവികളുടെയും ആയിരുന്നു." [13]

14. വ്യക്തിത്വവികസനവിഷയത്തിൽ പ്രോട്ടസ്റ്റന്റുസഭകൾ മുൻപന്തിയിലെന്നു ഡോ: കാറംബാർത്ത് സമാശ്വസിക്കുന്നുണ്ട്: "കത്തോലിക്കാസഭയെ അപേക്ഷിച്ചു കൂടുതൽ വ്യാപകമായ ഡമോക്രാററിക്കു സമീപനമാണ് ചിന്താസ്വാ

[12] Bernard C. Pawley, An Anglican Views the Council S C U, P. 116,

13) Franklin H. Littel, A New Look at the Sixteenth Century, SUC, P. 45.

www.malankaralibrary.com



തന്ത്ര്യത്തിലും സംഘടനാതലത്തിലും പ്രൊട്ടസ്റ്റൻറുസഭകൾക്കുള്ളത്'' (14)

15. ഹിസ്പാനിയായിലെ കത്തോലിക്കരുടെ അസഹിഷ്ണതയെ ഡോ. കാറംബാർത്തു ചോദ്യം ചെയ്യുന്നു: ''പ്രകോപിപ്പിക്കുന്ന മർദ്ദനങ്ങളാണ് സ്പെയിനിലെ പ്രൊട്ടസ്റ്റൻറു ന്യൂനപക്ഷത്തിനു അവിടത്തെ കത്തോലിക്കാ ഭൂരിപക്ഷത്തു നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രൊട്ടസ്റ്റൻറുകാർക്കു മണിമാളികയുയർത്താൻ അവിടെ അവകാശമില്ല. മിലിട്ടറി സേവനമനുഷ്ഠിക്കുന്ന ഒരു സ്പാനീഷ് പ്രൊട്ടസ്റ്റൻറുകാരനെ ഞായറാഴ്ചതോറും വി. കുർബാനയിൽ നിർബന്ധിച്ചു സംബന്ധിപ്പിക്കുന്നു; തദവസരത്തിൽ അയാൾ മുട്ടു മടക്കുവാൻ മടിച്ചാൽ ശിക്ഷ നല്കയും ചെയ്യും, ഇതു നഗ്നമായ അസഹിഷ്ണതയല്ലേ?'' (15)

16. ബുദ്ധിജീവികളിൽ അവിശ്വാസം ഉളവാക്കുവാൻ വ്യവസ്ഥാപിതസഭകൾ പ്രേരകമായിട്ടുണ്ടെന്നത്രേ ഡോ. ഫ്രാങ്ക്ളിന്റെ അഭിപ്രായം: ''ഇച്ഛാപൂർവ്വത (Voluntarism)യുടെ വിലയെ വ്യവസ്ഥാപിതസഭകൾ ഇടിച്ചു കളയുന്നു. അങ്ങനെ ക്രിസ്തീയമിഷ്യന്റെ അടിത്തറയെത്തന്നെ ഇളക്കുന്നു. ബുദ്ധി ജീവികളിൽ അവിശ്വാസമുളവാക്കുവാൻ അതിടയാക്കുന്നു'' (16)

---

14) Karl Barth, Prospects for Christian Unity, SCU, P. 87,

15) Ibid, P. 90.

16) Franklin H. Littel, A New Look at the Sixteenth Century, SCU, P. 56.

www.malankaralibrary.com



17. ഭാഷയുടെയും ആരാധനയുടെയും കാര്യത്തിൽ സാധാരണക്കാരിൽ നിന്നകന്നുപോയ ദുസ്ഥിതി സഭയ്ക്കുണ്ടായിട്ടുണ്ട്. പ്രൊഫ. ഹാൻസ് ക്യൂങ്ങ് (Hans Lung) നെത്തന്നെ ശ്രദ്ധിക്കുക: "ജനങ്ങളുടെ ഭാഷയിൽ തന്നെയായിരിക്കണം ആരാധനയെന്നാണ് എന്റെ പക്ഷം. ലത്തീൻഭാഷ സഭയുടെ മാതൃഭാഷയല്ല. കർത്താവു അറാമായ ഭാഷയിലാണ് സംസാരിച്ചത്. ജറുസലേമിലെ സഭ അറാമായ ഭാഷയിലാണ് പ്രാർത്ഥനകൾ നടത്തിയത്. റോമാസാമ്രാജ്യ കാലത്ത് സാർവ്വത്രിക ഭാഷയായ ഗ്രീക്കിനെ സഭയുടെ ആരാധനാഭാഷയായി സ്വീകരിച്ചു. മൂന്നാം ശതകത്തിന്റെ മധ്യത്തോടുകൂടി ഗ്രീക്കിന്റെ സ്ഥാനം ലത്തീൻ കൈയടക്കി. സാമ്രാജ്യത്തിന്റെ പാശ്ചാത്യഭാഗം മുഴുവൻ അന്ന് അറിയപ്പെടുന്ന ഭാഷ ലത്തീനായിരുന്നു. പ്രദേശികസവിശേഷതകൾ പരിഗണിച്ച് സിറിയൻ, കോപ്റ്റിക്കു, അർമേനിയൻ ആരാധന ക്രമങ്ങൾക്കും റോമായുടെ അംഗീകാരമുണ്ടായി.

അൾത്താരയിൽ വൈദികൻ ഉരുവിടുന്ന ലാറ്റിൻ ശബ്ദങ്ങൾ സാധാരണക്കാർക്കു മനസ്സിലാകുന്നതായിരുന്നില്ല. അവർ കഥയറിയാതെ ആട്ടം കാണുന്നവരായി മാറി. ഇതു സഭയുടെ മിഷൻ പ്രവർത്തനത്തിനു കനത്ത ആഘാതം സൃഷ്ടിച്ചു. കർദ്ദിനാൾ കോൺസ്റ്റന്റീനി പറഞ്ഞു: ''ചൈനാക്കാരെ മാനസാന്തരപ്പെടുത്തുന്നതിനുള്ള വലിയ പ്രതിബന്ധം ചൈനയിലെ വൻകോട്ടയല്ല, ലത്തീൻ ഭാഷയുടെ കനത്ത ഭിത്തിയാണ്'' (17)

---

17) Hans Kung, Brotherly Approach from both sides, SCU, PP. 80, 81.

www.malankaralibrary.com



സഭാചിന്തകന്മാരുടെ മുകളിൽ ഉദ്ധരിച്ച ആശയങ്ങളെ ഒന്നുകൂടി സംക്ഷേപിക്കാം. സുവിശേഷാനുസൃതമായ അവസ്ഥയിൽ നിന്നു സഭയുടെ അധികാരകേന്ദ്രം മാറിപ്പോയിട്ടുണ്ട്. അതു പലരുടെയും വെറുപ്പിനു കാരണമായി. രാഷ്ട്രീയതയുടെ കടന്നാക്രമണവും സഭയെ ദുർബലമാക്കി. സുവിശേഷപ്രചാരണമെന്നതിനേക്കാൾ പാശ്ചാത്യസംസ്ക്കാരം പ്രചരിപ്പിക്കുന്നതിനു വേണ്ടിയായിത്തീർന്നു മിഷൻപ്രവർത്തനം. ഇതിനു രാഷ്ട്രീയശക്തികളുടെ കൂട്ടും കിട്ടി. അധികാര വടംവലി പലപ്പോഴുമുണ്ടായി. അതു സഭയെ ധാർമ്മികമായി അധഃപതിപ്പിച്ചു. പാശ്ചാത്യപൗരസ്ത്യറോമക്കാർ തമ്മിലുള്ള അധികാരവടംവലിയാണ് സഭയിൽ പാശ്ചാത്യപൗരസ്ത്യ വിഭജനമുണ്ടാക്കിയത്. ഇങ്ങനെയുള്ള ആശയങ്ങളാണ് 1മുതൽ 9 വരെ നമ്പരുകളിൽ പ്രകടിതമായിട്ടുള്ളത്. ഈ ആശയങ്ങളെ എല്ലാം ചേർത്ത് വ്യവഹാരസൗകര്യത്തിനുവേണ്ടി "സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം" എന്നോ "സഭയിലെ ഭരണവിജൃംഭണം" എന്നോ പേരിടാം. സേവനമനോഭാവമില്ലാത്ത ഭരണമാണ് ഇവിടെ വിവക്ഷ. (18)

വ്യക്തിത്വത്തിൻെറ മഹനീയതയെ സഭ അംഗീകരിക്കുന്നു. എന്നാൽ, ഇതിനു കോട്ടം തട്ടിയ ഘട്ടങ്ങളുണ്ട്. മധ്യയുഗങ്ങളിലെ സാധാരണക്കാരൻെറ ജീവിതം ദുർവഹമായിരുന്നു. സ്വാതന്ത്ര്യം സഭയിൽ വിലമതിക്കപ്പെടാത്ത സന്ദർഭങ്ങൾ അനവധിയാണ്. മതസഹിഷ്ണതക്കാര്യത്തിൽ മാക്യവെല്യൻ നയമാണ് സഭ അനുഷ്ഠിച്ചുപോന്നിട്ടുള്ളത്. സാധാ

(18) 'സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം' എന്ന 6—ാം അധ്യായം കാണുക.

www.malankaralibrary.com


രണക്കാരെ അധികാരകേന്ദ്രത്തോടടുപ്പിക്കുന്നതിൽ ഒരു കനത്ത ഭിത്തിയായിട്ടത്രേ ലത്തീൻഭാഷ നില കൊണ്ടത്. ഗലീലിയോപ്രശ്നത്തിനു തീരുമാന മെടുക്കാൻ സഭയ്ക്കു തിടുക്കം കൂടിപ്പോയി. ഇത്ത രം സംഭവങ്ങൾ വേറെയുമുണ്ട്. അവൈദികരെ രണ്ടാംതരം പൗരന്മാരായിട്ടേ അംഗീകരിച്ചുള്ളു. വ്യക്തിയുടെ വിവിധങ്ങളായ കഴിവുകൾ പരമാവ ധി വികസിപ്പിച്ച് അവയെ ദൈവോന്മുഖമാക്കു ക എന്ന ആധ്യാത്മികതത്ത്വം പ്രായോഗികമാക്കു വാൻ സഭയ്ക്കു കഴിയാതെ പോയിട്ടുണ്ട്. ഇത്തരം ആശയങ്ങളാണ് 10 മുതൽ 17 വരെ ഖണ്ഡിക കളിൽ നിഴലിക്കുന്നത്. ഈ ആശയങ്ങളെ എല്ലാം ചേർത്ത് ''വ്യക്തിത്വ വികസനഭഞ്ജനം'' എന്ന പേരു കൽപ്പിക്കുന്നു.

''സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം'', ''വ്യക്തിത്വ വികസന ഭജ്ഞനം'' എന്നെല്ലാം വി ളിക്കപ്പെട്ട കാര്യങ്ങളെ ഒന്നുകൂടി സംഗ്രഹിച്ചു ''പാപം'' എന്ന ഒററപ്പദത്തിൽ ഒതുക്കാം. ക്രിസ് തീയ ഭിന്നതയ്ക്കു ഹേതു പാപമാണെന്നതിൽ ദൈവശാസ്ത്ര ചിന്തകരെല്ലാം യോജിക്കുന്നു.

www.malankaralibrary.com

അധ്യായം 6

# സുവിശേഷാധിഷ്ഠിതമല്ലാത്ത ഭരണം

സംഘാതപ്രകൃതിയാണ് സഭയുടേത്. ഭരണക്രമം അവിടെ അപരിത്യാജ്യമത്രേ. 'പഠിപ്പിക്കൽ', 'വിശുദ്ധീകരിക്കൽ' എന്നീ ഇതരദൗത്യങ്ങളേക്കാളും ലൗകായതികത്വത്തിന്റെ ഇത്തിൾ പടർന്നുപിടിയ്ക്കുന്നതിനുള്ള സാദ്ധ്യത സഭയിലെ ഭരണത്തിനുണ്ട്. ആത്മാഭിമാനം, ധനേച്ഛ, ഈർഷ്യ, മോഹം, കോപം, സ്വാദ്യത, നിഷ്പക്ഷത ഇവ ക്രമാനുസരണം ഓരോവ്യക്തിയ്ക്കും വേണ്ടതാണല്ലോ. എന്നാൽ, ഇവയുടെ ക്രമാധികത്വം അഹങ്കാരം, അത്യാഗ്രഹം, അസൂയ, വിഷയാസക്തി, ക്രോധം, അത്യാർത്തി (ഭക്ഷണക്കൊതി) അലസത എന്നീ തിന്മകളായി പത്തിയുയർത്തും. സഭയിലെ ഭരണം അതിന്റെ ക്രമാനുസരണസ്ഥിതി വിട്ട് അവിഹിതമായി വർദ്ധമാനമാകാനിടയായാൽ സുവിശേഷവിഹിതമല്ലാത്ത ദുർമ്മേദസ്സായി അതു പരിണമിയ്ക്കും. അതിനെയാണ് ''സുവിശേഷവിഹിതമല്ലാത്ത ഭരണം,' 'ഭരണ വിജൃംഭണം'

www.malankaralibrary.com


'സേവന മനോഭാവമില്ലാത്ത ഭരണം' എന്നെല്ലാം ഇവിടെ പറയുന്നത്.

സുവിശേഷവിഹിതമായ ശുശ്രൂഷാ മനസ്ഥിതിയിൽ നിന്നു വഴുതിമാറി ലൗകായതികമായ അധികാരപ്രമത്തത സഭാഭരണത്തിൽ കടന്നു കൂടുക; സഭയിലെ ബോധനപ്രവർത്തനം മന്ദീഭവിക്കുക; ലൗകായതിക തല്പരശക്തികൾ സഭാഭരണത്തിൽ കൈകടത്തുക; ബോധനമാന്ദ്യവും ഭരണപരതയും മൂലം സഭയിലെ വിശുദ്ധീകരണപ്രവർത്തനം ഫലമണിയാതിരിയ്ക്കുക തുടങ്ങിയ ഭിന്നമുഖങ്ങളിലും ഭാവങ്ങളിലുമത്രെ ഭരണവിജൃംഭണത്തിൻെറ പേപ്പിശാചു് പ്രത്യക്ഷപ്പെടുന്നത്.

സേവനമനോഭാവമില്ലാത്ത ഭരണത്തിൻെറ ഈ വൈലക്ഷണ്യം സഭയ്ക്കു വരുത്തുന്ന അധോഗതി കുറച്ചൊന്നുമായിരിയ്ക്കയില്ല. അധികാരപ്രമത്തത, അധികൃതപൂജ, കപടഭക്തി, കുഴലൂത്തുകാരുടേയും ശിങ്കിടിസംഘത്തിൻെറയും വിളയാട്ടം, ധാർമികാധഃപതനം, വ്യക്തിത്വവികസന ഭഞ്ജനം എന്നിവ ഏതാനും അപകടങ്ങൾ മാത്രമാണ്.

## 1 അധികാരപ്രമത്തത.

സഭ ശുശ്രൂഷയ്ക്കു വേണ്ടിയാണ്. സഭയ്ക്കു ലഭിച്ചിരിയ്ക്കുന്ന ദൈവികദാനങ്ങളും ലോകസേവനത്തിനു വിനിയോഗിക്കണം. സഭയിലെ വിവിധ സ്ഥാനമാനങ്ങളുടേയും ലക്ഷ്യം ശുശ്രൂഷ തന്നെ. ഇക്കാര്യത്തിൽ ലൗകായതികഭരണത്തിൽ നിന്ന് സഭ വ്യത്യാസപ്പെടുന്നു. ക്രിസ്തു ഇതു വ്യക്തമാക്കുന്നുണ്ട്.

''തങ്ങളിൽ വലിയവൻ ആരാണ് എന്നൊരു തർക്കവും അവരുടെയിടയിൽ ഉണ്ടായി. അപ്പോൾ

www.malankaralibrary.com


അവൻ അവരോടു പറഞ്ഞു: വിജാതീയരുടെ രാജാക്കൻമാർ അവരുടെ മേൽ ആധിപത്യം അടിച്ചേൽപിക്കുന്നു. തങ്ങളുടെമേൽ അധികാരം ഉള്ളവരെ അവർ ഉപകാരികളായി കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ അങ്ങനെയായിരിക്കരുത്. നിങ്ങളിൽ ഏററവും വലിയവൻ ഏററവും ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം. ആരാണു വലിയവൻ, ഭക്ഷണത്തിനിരിക്കുന്നവനോ പരിചരിക്കുന്നവനോ? ഭക്ഷണത്തിനിരിക്കുന്നവനല്ലേ? ഞാനാകട്ടെ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനേപ്പോലെയാകുന്നു. എൻെറ പരീക്ഷകളിൽ എന്നോടുകൂടി നിരന്തരം ഉണ്ടായിരുന്നവരാണു നിങ്ങൾ. എൻെറ പിതാവ് എനിക്കു രാജ്യം കല്പിച്ചു തന്നിരിക്കുന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു. അത് നിങ്ങൾ എൻെറ രാജ്യത്തിൽ എൻെറ മേശയിൽ നിന്നു ഭക്ഷിക്കുകയും പാനം ചെയ്യുകയും സിംഹാസനങ്ങളിൽ ഇരുന്ന് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കയും ചെയ്യുന്നതിനുവേണ്ടിയത്രേ'' (1)

ഭൂമിയിലെ രാജാക്കന്മാർ, സിംഹാസനം, ന്യായവിധി എന്നിവയിൽ നിന്നെല്ലാം ദൈവരാജ്യത്തിലെ സ്ഥാനികൾ, സിംഹാസനം, പ്രവർത്തനം എന്നിവ വ്യത്യാസപ്പെടുന്നുവെന്നല്ലേ ഇതു വ്യക്തമാക്കുക. ക്രിസ്തുവിനുണ്ടായ പരീക്ഷണം സഭയ്ക്കും ഉണ്ടാകുന്നുണ്ട്. '' വീണ്ടും പിശാച് വളരെ ഉയർന്ന ഒരു മലയിലേക്കു അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും അവനെ കാണിച്ചു

1 ലൂക്ക് 22, 24, 30

www.malankaralibrary.com



കൊണ്ട്, അവനോടു പറഞ്ഞു: നീ നിലത്തുവീണ് എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും. യേശു കല്പിച്ചു: സാത്താനേ, ദൂരെപ്പോവുക; എന്തെന്നാൽ, 'നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം, അവനെ മാത്രമേ പൂജിക്കാവൂ' എന്ന് എഴുതപ്പെട്ടിരിക്കുന്നു.''(2) സേവനമനസ്ഥിതിയിൽ നിന്നു ഭരണത്തിന്റെ അധികാരപ്രയോഗത്തിലേക്കുള്ള വീഴ്ച ചെകുത്താന്റെ പ്രലോഭനത്തിലേക്കാണ് സഭയെ തള്ളിയിടുന്നത്. ഈ മാരകവിഷബാധ സഭയുടെ എല്ലാ തലങ്ങളേയും തളർത്തും.

## 2 അധികൃതപൂജ

അധികാരപ്രമത്തതയുള്ളിടത്തെല്ലാം അധികൃതപൂജയും ഉണ്ടാകും. പ്രതാപവും പ്രശംസയും മററുള്ളവരുടെ സ്തുതിഗീതങ്ങളും പ്രതീക്ഷിക്കുക അധികാരിക്കു സ്വാഭാവികമാണ്. ''കാര്യം കാണാൻ കഴുതക്കാലും പിടിക്കു''ന്നവൻ അധികൃതപൂജയ്ക്കു നിർബന്ധിതനാകും. വ്യക്തിത്വത്തിന്റെ ദിവ്യതയെ ഹനിക്കാനും വിഗ്രഹാരാധനയുടെ പരിധിയിലേക്കു വീഴാനും ഇതുമൂലം ഇടയാകും.

## 3 കപടഭക്തി

ദർശനം (Vision) ഉള്ളവരും ഇല്ലാത്തവരുമായ ഭരണക്കാരുണ്ട്. രണ്ടു കൂട്ടരേയും പ്രസാദിപ്പിക്കാൻ അനുയായികൾ സ്വീകരിക്കേണ്ട മാർഗ്ഗം ഒന്നല്ല. തങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആദർശത്തിനുവേണ്ടി നിലകൊള്ളുന്ന ധീരവ്യക്തികളെ അം

2] മത്തായി 4, 8– 10

www.malankaralibrary.com


ഗീകരിച്ചു, ആദരിച്ചു ഉയർത്തുകയും വളർത്തുകയും ചെയ്യാൻ ദർശനമുള്ള ഉത്തമനേതാവു ശ്രമിക്കും. രാജ്യസ്നേഹിയായ പടയാളിയെ സൈന്യാധിപനും കൂർമ്മബുദ്ധിയായ അധ്യേതാവിനെ ഗുരുഭൂതനും അംഗീകരിക്കുന്നതിങ്ങനെയാണ്. ഇത് ആദർശപരതയുടെ മാർഗ്ഗമാണ്. ഈ വഴിയേ പോകുന്നവരുടെ സംഖ്യ ചുരുങ്ങും. കുറുക്കുവഴികളാണ് ഇന്നു വിജയിക്കുന്നത്. അധികാര പ്രമത്തന്മാരായ നേതാക്കന്മാരെ വശീകരിക്കാൻ കുറുക്കുവഴി മതിയാകും. ''മനസ്സിലൊന്നും പ്രവൃത്തിയിൽ മററൊന്നും'' എന്ന രീതിയിൽ ആദരവു അഭിനയിക്കുകയാണ് അവരുടെ തന്ത്രം. നേതാവിൻെറ ബലഹീനതയെ ചൂഷണം ചെയ്യാനും വശീകരിക്കാനുമുള്ള കാര്യങ്ങൾക്കെല്ലാം അവർ പ്രാധാന്യം കൊടുക്കും. അനാർജ്ജവത്വം, അവസരസേവ, ഫരീസേയത്വം, വ്യക്തിത്വവില്പന തുടങ്ങി പലതും ഇതിൻെറ ജാരസന്തതികളാണ്.

## 4 കുഴലൂത്തുകാരും ശിങ്കിടിസംഘവും

അധികാര പ്രമത്തന് ഏററം ആവശ്യം കുഴലൂത്തുകാരെയും ശിങ്കിടിക്കാരെയുമാണ്. ആവശ്യമനുസരിച്ചു അവരുടെ സംഖ്യ പെരുകും. ഭരണത്തിൻെറ മർമ്മസ്ഥാനങ്ങളിലെല്ലാം ശിങ്കിടിവ്യൂഹം നിറയും. ശിങ്കിടിയുടെ താളത്തിനു തുള്ളുന്നവനല്ലാതെ സമൂഹത്തിൽ സ്ഥാനമുണ്ടാകയില്ലെന്ന നിലവരും. സമൂഹത്തെ ആകമാനം നശിപ്പിക്കുന്ന ചിതൽപ്പുററായി ഇതു പരിണമിക്കും. കൂരിയാകത്തോലിസിസം എന്നോ ചാൻസറികത്തോലിസിസം (Chancery Catholicism) എന്നോ ചില രാജ്യങ്ങളിലെ സഭ അവഹേളിതമായിട്ടുള്ളത് ഈ ദുസ്ഥിതി മൂലമത്രേ.

www.malankaralibrary.com



## 5 ധാർമ്മികാധഃപതനം.

കാര്യം കാണാൻ കപടാഭിനയം മതിയെന്നു വന്നാൽ ആത്മാർത്ഥതയും സത്യസന്ധതയും പമ്പ കടക്കും. അങ്ങനെ ധാർമ്മികമൂല്യങ്ങളുടെ വില ഇടിയും. കള്ളപ്പണം വർദ്ധിയ്ക്കുമ്പോൾ വെള്ളപ്പണത്തിനു വിലഇടിവു തട്ടുന്നതുപോലെ കാപട്യം സമൂഹത്തിന്റെ വിവിധതലങ്ങളിൽ തലയുയർത്തുമ്പോൾ ധാർമ്മികാധഃപതനം അനിർവാര്യമാകും.

## 6 വ്യക്തിത്വ വികസനഭഞ്ജനം

അധികാര പ്രമത്തതയും ധാർമ്മികമൂല്യത്തകർച്ചയും കൊടുമ്പിരിക്കൊള്ളുന്നിടത്ത് വ്യക്തിയിടെ വിലയ്ക്കും ഇടിവുണ്ടാകും. 'വ്യക്തിയുടെ ദിവത്യയോടുള്ള ആദരവിൽ നിന്നാണ് മതസ്വാതന്ത്ര്യം സമുത്ഭൂതമാകുന്നത്'' (3) ' മനുഷ്യജീവി എന്ന നിലയിൽ വ്യക്തിയുടെ മഹാത്മ്യമാണ് മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. വ്യക്തിയുടെ അവകാശവും കർത്തവ്യവും മനസ്സാക്ഷിയുടെ പ്രചോദനത്തിൽ നിന്നാണ് ഉയരുന്നത്'' (4)

വ്യക്തിയുടെ കഴിവുകൾ ദൈവദത്തങ്ങളാണ്. അവയെ ഉണർത്താനും വളർത്താനുമുള്ള കടപ്പാട് വ്യക്തിയ്ക്കും സഭയ്ക്കുമുണ്ട്. താലന്തുകളുടെ അന്യാപദേശത്തിലൂടെ കഴിവിനെ മൂടിവെച്ച് മുരടിപ്പിയ്ക്കുന്നവനെയാണ് ക്രിസ്തു ക്രൂരമായി ശിക്ഷിയ്ക്കുന്നത്. കൊലപാതക

3) Franklin H. Littel, A New Look at the Sixteenth Century, SCU, P. 56

4) Hans Kung, Brotherly Approach from both sides, SCU, P 79

www.malankaralibrary.com



ത്തേയും തേജോവധത്തേയുംപോലെ മാരകമായ തിന്മയാണ് വ്യക്തിത്വവികസനഭഞ്ജനത്തിലുള്ളത്. വ്യക്തിത്വത്തെ ഞെരിയ്ക്കുന്നതിലൂടെ തകർന്നടിയുന്നത് ദൈവദത്തങ്ങളായ സിദ്ധികളാണ്. അധികാരപ്രമത്തതയുടെ കരുണയില്ലാത്ത കരങ്ങളുടെ അമർത്തലിൽ പെട്ടു അരഞ്ഞുപോയ സിദ്ധികളും വ്യക്തിത്വങ്ങളും ക്രിസ്തീയമണ്ഡലത്തിലുമുണ്ട്.

വൈദികജീവിതത്തിൽ നിന്നും സന്യാസാന്തസ്സിൽ നിന്നും പൊഴിഞ്ഞു പോകുന്നവരെക്കുറിച്ചെല്ലാം വിഷയാസക്തരെന്നു കാടടച്ചു പഴിപറയുന്നതു ശരിയല്ല. അധികാരത്തിന്റെ ക്രൂരതയിൽനിന്നു വഴുതി രക്ഷപ്പെടുവാനും വ്യക്തിത്വത്തിന്റെ ദൈവദത്തങ്ങളായ കഴിവുകളെ സംരക്ഷിക്കാനും തത്രപ്പെടുന്നവർ അക്കൂട്ടത്തിൽ കാണും. ഈ വിഷയത്തെക്കുറിച്ചു പ്രത്യേക പഠനം നടത്തിയിട്ടുള്ള റെയ്മൊണ്ട് ററാർട്ടർ ( Raymond A. Tartre S. S. S.) ന്റെ അഭിപ്രായം സംക്ഷേപിക്കാം.

" വൈദികസാധാരണത്വത്തിലുപരിയായി തൊഴിലാളി പ്രശ്നത്തിലോ വിദ്യാഭ്യാസത്തിലോ നിയമോപദേശത്തിലോ ശാസ്ത്രത്തിലോ സയൻസിലോ രാഷ്ട്രീയത്തിൽ തന്നെയോ പ്രത്യേക പഠനം നടത്തി വിശേഷവൽകരണം സാധിക്കാൻ കൊതിക്കുന്നവർ കാണും. അങ്ങനെയുള്ളവരെ രണ്ടാംവത്തിക്കാൻ സുന്നഹദോസ് പ്രോൽസാഹിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ പ്രവർത്തനം, നിയമോപദേശം തുടങ്ങിയ രംഗങ്ങളിൽ നിന്നു ഒരു വൈദികനെ തടഞ്ഞു നിർത്തുന്ന കാരണങ്ങളൊന്നുമില്ല. പ്രത്യേക പ്രോൽസാഹനം അർഹിക്കുന്നവരും വൈദികത്വം പ്രോജ്വലിതമാക്കാൻ സാധിക്കുന്നവരുമാ

www.malankaralibrary.com



ണവർ. ഇങ്ങനെയുള്ളവരും മെത്രാനും തമ്മിൽ ഉരസിലിനു സാധ്യതയുണ്ട്. വ്യക്തിസ്വാതന്ത്ര്യവും മനസ്സാക്ഷിയും അംഗീകരിക്കണമെന്നു ഒരു പക്ഷം, വിശ്വാസികളുടെ ആവശ്യവും പൊതുനന്മയുമാണ് പരിഗണനാർഹം എന്നു മറുപക്ഷം. അനർഘസിദ്ധിയും വിശേഷജ്ഞാനവും നഷ്ടപ്പെടുന്നതിൽ നിരുൽസാഹിയായ വ്യക്തിയുടെ ഹൃദയം തകരുമ്പോഠം ഇടവകക്കുണ്ടാകാവുന്ന നാശനഷ്ടം അധികാരി ഉയർത്തിപ്പിടിക്കുന്നു. മെത്രാൻെറ ഇച്ഛ ദൈവേച്ഛതന്നെയാണെന്നു ഒരു കൂട്ടർ വാദിക്കുമ്പോഠം വ്യക്തിയുടെ സിദ്ധി ദൈവദത്തങ്ങളെന്നു മററെ കൂട്ടർ പറയും. ഇത്തരം സംഘർഷത്തിൽ ഭരണപക്ഷത്തിനു മങ്ങലോ പോറലോ തെല്ലുമുണ്ടാകയില്ല. വ്യക്തിപക്ഷം തകർന്നടിയുകയും ചെയ്യും.'' (5) ഉപരിയോഗ്യതയോ വിദ്യാഭ്യാസമോ അനുയായികഠംക്കു പാടില്ല എന്നുവരെ ശഠിക്കുന്ന ഭരണക്കാരുമുണ്ട്.

സത്യവാഹികളായ സഭാതനയർക്കു ആവേശം പോരെന്നും വെളിച്ചത്തിൻെറ വിളക്കുകഠം കിളർത്തിപ്പിടിക്കുന്നവർക്കു ചൂട് അശേഷമില്ലെന്നും പരാതിയുണ്ട്. സഭാംഗങ്ങളുടെ നിഷ്ക്രിയത്വവും ഉന്മേഷരാഹിത്വവുമാണ് ഇവിടെ വിവക്ഷിക്കുന്നത്. വ്യക്തിത്വത്തിനുണ്ടാകുന്ന അവഗണനയാണ് ഈ ദയനീയതക്കു ഹേതു. വ്യവസ്ഥാപിത സമൂഹങ്ങളിലെല്ലാം ഈ ദുസ്ഥിതയുണ്ടു്. ഫ്രാങ്ക്ളിൻ ലിററൽ പറയുന്നു: ''വ്യവസ്ഥാപിത സഭകളുടെ വിനകഠം പലതാണ്. ഇച്ഛാപൂർവത (Voluntarism) യുടെ വിലയെ അതിടിച്ചുകളയുന്നു. അങ്ങനെ ക്രിസ്തീയമിഷൻെറ അടിത്തറ

---

(5) Raymond A. Tarter S. S. S, The Priesthood is a Call, PP 44, 45, 46

www.malankaralibrary.com



തന്നെ ഇളക്കുന്നു. ബുദ്ധിജീവികളുടെ ഇടയിൽ അവിശ്വാസത്തിന്റെ വിത്ത് വിതയ്ക്കുന്നു. (6)

നിരീശ്വര കമ്മ്യൂണിസം ഇന്നു പെരുകി വരികയാണ്. ''ലോക തൊഴിലാളികളെ സംഘടിക്കുക'' എന്നു ആഹ്വാനംചെയ്ത കാറൽമാർക്സിനു 1848—ൽ ഉണ്ടായിരുന്ന അനുയായികളുടെ എണ്ണം 400 മാത്രമായിരുന്നു. ഇന്നത് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ 89 അവാന്തരവിഭാഗങ്ങളിൽ പെടുന്ന അൻപതിനായിരമായി വളർന്നിരിക്കുന്നു. സഭയുടെ ശക്തികേന്ദ്രങ്ങളിൽപ്പോലും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെൽ പ്രവർത്തനമുണ്ട്''. (7) വ്യക്തിത്വത്തിനു ക്ഷതവും അവഹേളനവും ഏൽക്കുന്ന സമൂഹം കമ്മ്യൂണിസത്തിനു വളക്കൂറുള്ള മണ്ണായിരിക്കും.

മനുഷ്യത്വസംരക്ഷണം സഭൈക്യത്തിനു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന കാര്യത്തിൽ എക്യുമെനിസ ചിന്തകന്മാർക്ക് അഭിപ്രായാന്തരമില്ല. കാറൽ റാനർ പറയുന്നു: '' യഥാർത്ഥ ഐക്യം' അധികാരം കൊണ്ടോ ശക്തികൊണ്ടോ സാധിക്കാവുന്നതല്ല. വ്യക്തിപരമായ സ്നേഹം കൊണ്ടും സത്യം കൊണ്ടുംവേണം അതു നിറവേറേണ്ടത്. വ്യക്തികളുടെ മതസ്വാതന്ത്ര്യത്തെ ആദരിക്കുന്ന മനോഭാവമുണ്ടെങ്കിലേ മനുഷ്യയോജിപ്പിനുവേണ്ടിയുള്ള യത്നം വിജയിക്കൂ! മതസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കൗൺസിലിന്റെ പ്രഖ്യാപനം ക്രൈസ്തവൈക്യത്തിനു സഹായകമാണ്. [8]

---

(6) Frankilin H. Littel, A New look at the Sixteenth Century. S C U, P. 56

[7] Christ to the World XX, 2, '75

[8] Karl Rahner, Clearing the Way to Christian Unity, SCU, PP 221, 222.

www.malankaralibrary.com

## അദ്ധ്യായം 7

# അധുനാതനീകരണം അനിവാര്യം

ചുക്കു ചേരാത്ത കഷായമില്ല. വൈകാരിക കാരണം കൂടാതെ വക്കാണവും കുറവാണ്. എക്യുമെനിസത്തിന്റെ പേരിൽ പ്രസിദ്ധിപെററ വത്തിക്കാൻ കൗൺസിൽ സഭാ ഭിന്നതയുടെ വൈകാരിക കാരണങ്ങളെ കണക്കിലെടുത്തിട്ടുണ്ടോ? എങ്കിൽ, അവയ്ക്കു എന്തു പ്രതിവിധിയാണ് നിർദ്ദേശിച്ചിട്ടുള്ളത്? സുന്നഹദോസിന്റെ ഒററമൂലികൾ കുറിക്കു കൊള്ളുന്നവയാണോ? തുടങ്ങിയ പ്രശ്നങ്ങൾ പ്രസക്തങ്ങളായി വരുന്നു.

സൂക്ഷ്മശോധന നടത്തുമെങ്കിൽ ഒരു കാര്യം വ്യക്തമാണ്; ക്രിസ്തീയ പിളർപ്പിന്റെ മനശ്ശാസ്ത്ര കാരണങ്ങളെ സുന്നഹദോസ് സുസൂക്ഷ്മം നോക്കിക്കണ്ടിട്ടുണ്ട്; അവയ്ക്കു പ്രത്യൗഷധങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. രണ്ടാം വത്തക്കാൻ കൗൺസിൽ ആകമാനം തന്നെ ക്രൈസ്ത വൈക്യം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ''എക്യുമെനിസ'' ത്തെക്കുറിച്ചുള്ള കൗൺസിൽ ഡിക്രിയെപ്പോലെ മററു പ്രമാണ രേഖകളും ഐക്യം ഉന്നം വെയ്ക്കുന്നു. ''തിരുസ്സഭ'' (Lumen Gentium), ''സഭ ആധുനിക ലോകത്തിൽ''

www.malankaralibrary.com



എന്നീ പ്രമാണരേഖകൾ പ്രാധാന്യം അർഹിക്കുന്നവയാണ്. സഭാഭിന്നിപ്പിന് ഇടവരുത്തിയ വികാരപരകാരണങ്ങൾക്കുള്ള നല്ല പ്രതിവിധിയത്രേ പ്രസ്തുത രേഖകൾ ഉൾക്കൊള്ളുന്നത്.

സഭയുടേത് ഏകഭരണം (Monarchy) ആണെന്ന തെററിദ്ധാരണ പരക്കെയുണ്ടായിരുന്നു. ഒന്നാം വത്തിക്കാൻ കൗൺസിൽ ഈ തെററിദ്ധാരണയ്ക്ക് ആക്കം വർദ്ധിപ്പിക്കാൻ കാരണമായി. ഫ്രാങ്കോ–പ്രഷ്യൻ യുദ്ധം മൂലം സുന്നഹദോസ് മുഴുമിപ്പിക്കാതെ പിരിയേണ്ടി വന്നു. മെത്രാന്മാർക്കും മററു വിശ്വാസികൾക്കും സഭയിലുള്ള സ്ഥാനത്തെപ്പററി അവിടെ ചിന്തിക്കാൻ കഴിയാതെ പോയി. മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും നിർണ്ണയിക്കുന്നതിനേ അന്നു സാധിച്ചുള്ളു. സഭാഭരണത്തിന്റെ ആകെത്തുക പാപ്പായാണെന്നും സഭയുടേത് ഏകഭരണമാണെന്നുമുള്ള ധാരണ അങ്ങനെ പരക്കുന്നതിനിടയായി.

സഭയുടെ ദൃശ്യഘടകത്തിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രവണതയും ഒന്നാം വത്തിക്കാൻ കൗൺസിലിലൂടെ വർദ്ധമാനമായി. പ്രോട്ടസ്ററൻറു സഭകൾ സഭയുടെ ദൃശ്യഘടനയും ദൃശ്യഭരണകൂടവും നിഷേധിച്ചതാണിതിനു കാരണം. തന്മൂലം, ഒന്നാം വത്തിക്കാൻ കൗൺസിൽ സഭയുടെ ദൃശ്യഘടകത്തെ കുറെയെല്ലാം ഊന്നിപ്പറഞ്ഞു. സഭയുടെ അദൃശ്യഘടനയുടെ നേരെ വേണ്ടത്ര കണ്ണു തുറക്കാതിരിക്കുന്നതിനും ഇതു ഇടയാക്കിത്തീർത്തു.

സഭ ഒരു കേവലസംഘടന മാത്രമാണെന്നും അതിന്റേത് ഏകഭരണമാണെന്നുമുള്ള അബദ്ധധാരണ ദൂരീകരിക്കുകയെത്രേ ''ജനതകളുടെന്ന

www.malankaralibrary.com



പ്രകാശം'' (Lumen Gentium) എന്ന പ്രമാണരേഖയിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ചെയ്യുന്നത്. സഭയുടെ മൗതികഘടകം ഉയർത്തിക്കാണിച്ചുകൊണ്ട് ദൃശ്യസംഘടനകളെ അപേക്ഷിച്ചു അതിനുള്ള ഉപരിസ്ഥിതി വിളംബരം ചെയ്തുകൊണ്ടാണ് പ്രമാണരേഖ ആരംഭിക്കുന്നതു തന്നെ. സഭ ഒരു കൂട്ടായ്മയാണ്. അത് ഒരു നൈയാമിക സംഘമോ സംഘടനയോ അല്ല. പ്രത്യുത ഒരു പരിശുദ്ധ ജനമായി സമ്മേളിക്കുന്ന നിരവധി ആളുകൾ പങ്കു പററുന്ന ദൈവത്തിൻെറ ദാനമാണ്.

''സഭയ്ക്കു അദൃശ്യഘടകത്തിനു പുറമെ ദൃശ്യഘടകം കൂടിയുണ്ട്. എന്നാൽ ഈ ഘടകത്തെ ഹയരാർക്കിയുടെ ചട്ടക്കൂട്ടിലല്ല, പ്രത്യുത ദൈവജനത്തിൻെറ ചട്ടക്കൂട്ടിലാണ് സുന്നഹദോസ് അവതരിപ്പിക്കുന്നത്. പഴയ നിയമത്തിലെ ദൈവജനത്തിൻെറ കൂട്ടായ്മയും സാഹോദര്യവും ദൈവവുമായുള്ള ഉടമ്പടിയിൽ അധിഷ്ഠിതമായിരുന്നതു പോലെ മാമോദീസാ വഴി നവജീവൻ പ്രാപിച്ചവരും പരിശുദ്ധാത്മാവിനാൽ സ്ഥിരീകരിക്കപ്പെട്ടവരുമായ വിശ്വാസികളുടെ ഐക്യം പുതിയ ഉടമ്പടിയിൽ നിന്നാണ്. ഇസ്രായേലിലെന്നതു പോലെ ക്രിസ്തുമതത്തിലും ദൈവം വ്യക്തികളുമായി ഇടപെടുന്നതും അവരെ സംസ്കരിക്കുന്നതും സാമാന്യഗതിയിൽ സഭയിലൂടെയാണ്. ശീശ്മവഴി സഭയിൽ നിന്നു വേർപെട്ടു നിൽക്കുന്ന സഹോദരന്മാരും ഈ കൂട്ടായ്മയുടെ വിഷയമാണ്. (1)

''മാമോദീസാ വഴി ദൈവജനത്തിൻെറ അംഗങ്ങളായിത്തീരുന്നവരെല്ലാം ഒരേ കുടുംബത്തിൻെറ

(1) തിരുസ്സഭ — ആമുഖം. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ [രണ്ടാം പതിപ്പ്] പുറം 23

www.malankaralibrary.com



അംഗങ്ങളും പരസ്പര സഹോദരന്മാരുമാണ്. അവരെല്ലാം വിവിധ രീതികളിലാണെങ്കിലും ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരായിത്തീരുന്നു. അവർ ഒരേ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ്. — — — സഭയിൽ രണ്ടാം ക്ലാസ്സ് ക്രിസ്ത്യാനികൾ ഇല്ല. ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിങ്ങനെയുള്ള സുവിശേഷസുകൃതങ്ങൾ സന്യാസികൾക്കു മാത്രം നീക്കിവെച്ചിരിക്കുകയാണെന്നു കരുതേണ്ടതില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി എല്ലാ വിശ്വാസികളും അവ സ്വീകരിക്കാൻ ക്ഷണിക്കപ്പെടുന്നു.(2)

മെത്രാൻ സംഘത്തിന്റെ സംഘാതപ്രവർത്തനവും പാപ്പായും തമ്മിലുള്ള ബന്ധത്തെ അധ്യവസാനം ചെയ്യുന്നതിനും ഈ പ്രമാണ രേഖയ്ക്കു കഴിഞ്ഞിട്ടുണ്ട്. ''മാമോദീസാവഴി ദൈവജനത്തിൽ അംഗമായിത്തീരുന്നതു പോലെ തിരുപ്പട്ടം എന്ന കൂദാശ വഴി ഒരാൾ മെത്രാൻ സംഘത്തിന്റെ അംഗമായിത്തീരുന്നു. മെത്രാൻ സംഘം ഭരണപരമായ ക്രമവൽക്കരണത്തിന്റെ ഫലമല്ല, കൗദാശിക പ്രവർത്തനത്തിന്റെ ഫലമാണ്. പാപ്പായും ഈ സംഘത്തിലെ അംഗമാണ്. ഈ സംഘത്തിന്റെ ഐക്യം കൗദാശികൈക്യമാണ്. ഈ പശ്ചാത്തലത്തിലത്രേ പാപ്പായുടെ പരമാധികാരത്തെ മനസ്സിലാക്കേണ്ടത്. അതു സഭയുടെ മൗതികഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. പാപ്പാ സാർവ്വത്രിക സുന്നഹദോസിൽക്കൂടി അതിന്റെ പരിധിക്കുള്ളിൽ പ്രവർത്തിച്ചാലും അതിൽ നിന്നു സ്വതന്ത്രനായി പ്രവർത്തിച്ചാലും അദ്ദേഹം മെത്രാൻ സംഘത്തലവന്റെ ഉത്തരവാദിത്വത്തോടെ

---

(2) Ibid പുറം 24

www.malankaralibrary.com



അതിലെ അംഗമായിട്ടുതന്നെയാണ് പ്രവർത്തിക്കുന്നത്. പാപ്പായെക്കൂടാതെ മെത്രാൻ സംഘമോ മെത്രാൻ സംഘം കൂടാതെ പാപ്പായോ ഇല്ല. പാപ്പായെക്കൂടാതെ മെത്രാൻമരുടെ ഒരു സംഘമായി പ്രവർത്തിക്കുവാൻ പാടില്ലാത്തതുപോലെ തന്നെ പാപ്പായ്ക്കും മെത്രാൻ സംഘത്തെക്കൂടാതെ പഠിപ്പിക്കയോ ഭരിക്കുകയോ ചെയ്യാൻ പാടില്ല. സാർവ്വത്രിക സഭയുടെ മേലുള്ള പരമാധിപത്യം മൂലം നൈയാമികമായി മെത്രാൻ സംഘത്തിൽ നിന്നു സ്വതന്ത്രനായി സഭയുടെ പൊതുക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാമെന്നിരുന്നാലും അദ്ദേഹം മെത്രാൻ സംഘത്തിന്റെ തലവനും മെത്രാൻ സംഘത്തോടു ബന്ധപ്പെട്ടവനുമാണ്.

"പാപ്പായ്ക്കു സഭ മുഴുവന്റെ മേലും പരമവും പൂർണ്ണവും സാർവ്വത്രികവുമായ അധികാരം ഉള്ളതുപോലെതന്നെ അദ്ദേഹത്തോടുകൂടി പ്രവർത്തിക്കുന്ന മെത്രാൻമാരുടെ സംഘത്തിനും പ്രസ്തുതാധികാരമുണ്ട്. എന്നാൽ, മെത്രാൻ സംഘം ഒരു നൈയാമിക സ്ഥാപനമാകാതെ ഒരു കൗദാശിക സ്ഥാപനം മാത്രമായതു കൊണ്ട് പരമാധികാരം വഹിക്കുക സാധ്യമല്ല. അതു സുന്നഹദോസു മാത്രമാണ് പ്രയോഗിക്കുന്നത്. എന്നാൽ, സംഘാതമായി പ്രവർത്തിക്കാത്ത അവസരങ്ങളിലും അവരുടെ കൂട്ടുത്തരവാദിത്വം പല രീതികളിലും അളവിലും പ്രകടിപ്പിക്കാവുന്നതും പ്രകടിപ്പിക്കേണ്ടതുമാണ്. സഭയുടെ ഘടന തന്നെ സംഘാത പ്രകൃതിയോടു കൂടിയതാണ്. ഓരോ മെത്രാനും സ്വന്തം ജനങ്ങളുടെ ഇടയിൽ ഐക്യത്തിന്റെ അടിസ്ഥാനവും സുവിശേഷത്തിന്റെ വക്താവും തിരുക്കർമ്മാനുഷ്ഠാനങ്ങളുടെ മൂലവുമായിക്കൊണ്ട് ഒരു പ്രാദേശിക സഭയ്ക്കു

www.malankaralibrary.com



രൂപം കൊടുക്കുന്നു. ഒരോ മെത്രാനും തന്റെ ഭരണസീമയിലുള്ള അധികാരം പാപ്പായിൽ നിന്നു ലഭിച്ചതല്ല. മെത്രാഭിഷേകം വഴി അദ്ദേഹം മെത്രാൻ സംഘത്തിന്റെ അംഗമായിത്തീരുകയും അങ്ങനെ സഭയിൽ ഭരണാധികാരം നിർവ്വഹിക്കാൻ തന്റെ അഭിഷേകത്തിൽ നിന്ന് അഥവാ പരിശുദ്ധാത്മാവിൽ നിന്നു നേരിട്ടു അധികാരം പ്രാപിക്കുകയും ചെയ്യുന്നു.'' (3)

ജനതകളുടെ പ്രകാശമാണു സഭ. അതു വിശ്വാസികളുടെ കൂട്ടായ്മയാണ്. അവിടെ രണ്ടു തരം പൗരന്മാരില്ല. എല്ലാവരുടെയും വിളി ഒന്നുതന്നെ. ഏകഭരണം (Monarchy), പ്രഭുഭരണം (Aristocracy), ജനഭരണം (democracy) എന്നിവയോടു അതിനു ബന്ധമില്ല. പാപ്പായെ കൂടാതെ മെത്രാൻസംഘമോ മെത്രാൻസംഘത്തെ കൂടാതെ പാപ്പായോ ഇല്ല. സഭയിലെ സ്ഥാനങ്ങൾ ശുശ്രൂഷയ്ക്കുവേണ്ടി മാത്രമുള്ളതാണ്. അവകാശം, അധികാരം എന്നീ പദങ്ങളുടെ അർത്ഥത്തിനും മാററം വന്നിരിക്കുന്നു. എന്താണതിന്റെയെല്ലാം പൊരുൾ? ''സുവിശേഷോചിതമല്ലാത്ത ഭരണം'' എന്ന ആക്ഷേപത്തിനു ഇടം കൊടുക്കാത്ത അവസ്ഥാവിശേഷം സഭാഘടനയ്ക്കു നല്കിയിരിക്കുന്നുവെന്നല്ലേ? സഭാഭിന്നതയെ നിലനിർത്തുന്ന കനത്ത മതിലിനു സമർത്ഥമായ പ്രതിവിധി!

നിലവിലിരിക്കുന്ന അവകാശം, അധികാരം എന്നീ പദങ്ങൾക്കു സുവിശേഷാധിഷ്ഠിതമായ നൂതനഭാഷ്യം നല്കിക്കൊണ്ട് സഭയുടെ വിജയ

(3 I bid പുറം 25

www.malankaralibrary.com



ഭേരിത്വ (triumphalism) മനസ്ഥിതിയേയും കൗൺസിൽ തിരുത്തുന്നു.

സഭയിലെ സേവനഘടകത്തിനു പ്രാമുഖ്യം കല്പിക്കുന്നതിനുള്ള മുറവിളികൊണ്ട് വത്തിക്കാൻ കൗൺസിൽതലം മുഖരിതമായി. അവകാശത്തിന്റെയും അധികാരത്തിന്റെയും സ്വരമാണ് ഇതുവരെയും സഭയിൽ മുഴങ്ങിക്കേട്ടത്. അവകാശത്തെ പരിശുദ്ധാത്മദാനം (Charism) എന്നും അധികാരത്തെ ദൈവജനശുശ്രൂഷ (സേവനം) എന്നും മാററം വന്നുകാണുവാൻ അവർ ആഗ്രഹിച്ചു. പുത്രനിൽ നിന്നും പരിശുദ്ധാത്മാവിൽനിന്നും കിട്ടിയിട്ടുള്ളവയല്ലാത്തതൊന്നും സഭയ്ക്കില്ല. നിർദ്ധനതയിൽ ലഭ്യമായിട്ടുള്ളതൊന്നും അവരം സ്വന്തമായിവെച്ചുകൂടാ. അതെല്ലാം ലോകസേവനത്തിനു വിനിയോഗിക്കണം. അതാണു സഭയുടെ ശുശ്രൂഷ. "വിജയഭേരിത്വം" (triumphalism) സഭയുടെ നേരെ തൊടുത്തുവിടുന്ന ആക്ഷേപക്കാർക്കു "സേവനത്തിന്റെ സഭ" ഒരു ചുട്ടമറുപടിയായിരിക്കും. (4)

മേൽപ്പട്ടസ്ഥാനം അധികാരത്തിനും അവകാശത്തിനും വേണ്ടിയല്ല. പ്രത്യുത, അത് സേവനത്തിനുള്ള ഒരു ദൈവദാനമാണ്. "ഒരു പ്രാദേശിക സഭയിലെ ദൈവജനത്തിന്റെ സേവനം ബിഷപ്പിനെ ഭരമേൽപ്പിച്ചിരിക്കുന്നു. അവിടത്തെ വൈദികരെയും ജനങ്ങളെയും സേവിക്കുക അദ്ദേഹത്തിന്റെ ഉത്തരവാദിത്വമത്രേ. ഓരോ വ്യക്തിയേയും ആധ്യാത്മികോൽബുദ്ധതയിലേക്ക് നയി

(4) Cfr. Max Thurian, Walking together to Christ, SCU P. 132.

www.malankaralibrary.com



ക്കുകയെന്നതായിരിക്കണം ആ സേവനത്തിന്റെ ഉന്നം. (5)

''ജനതകളുടെ പ്രകാശം'' എന്ന പ്രമാണരേഖ വ്യക്തിത്വവികസനഭഞ്ജനം എന്ന ആരോപണത്തിനും പ്രതിവിധി നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ, അത് ഒരു പടികൂടി പ്രകടിതമാകുന്നത് ''സഭ ആധുനിക ലോകത്തിൽ'' എന്ന രേഖയിലൂടെയാണ്. ഈ പ്രമാണരേഖയിൽ പ്രധാനമായി രണ്ടു ഭാഗങ്ങളുണ്ട്. മനുഷ്യൻ, മനുഷ്യാസ്തിത്വം, അവൻ അധിവസിക്കുന്ന ലോകം, സഹജീവികളോടുള്ള അവന്റെ ബന്ധം ഇവയെക്കുറിച്ചുള്ള സഭയുടെ പഠനങ്ങളാണ് ഒന്നാം ഭാഗം. ആധുനികജീവിതത്തിന്റെയും മാനുഷികസമൂഹത്തിന്റെയും വിവിധവശങ്ങളെ സംക്ഷിപ്തമായി പരിചിന്തനം ചെയ്യുന്നു രണ്ടാം ഭാഗത്ത്.

മനുഷ്യവ്യക്തിത്വത്തിന്റെ വിലയിടിയലാണ് ആധുനികലോകത്തിലുണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഏററം വലിയ പ്രശ്നമെന്ന് പ്രമാണരേഖ വെളിപ്പെടുത്തുന്നു. ഭൗതികത്വത്തിന്റെയും നിരീശ്വരത്വത്തിന്റെയും വേലിയേററത്തിൽ മനുഷ്യന്റെ അദ്ധ്യാത്മികത്വം അവമതിയ്ക്കപ്പെടുന്നതാണ് ഇതിനുകാരണം. മനുഷ്യന്റെ അന്തസ്സത്തയെക്കുറിച്ച് തീർത്തും സൃഷ്ടിപരമായ ഒരുൾക്കാഴ്ച നല്കികൊണ്ടും മനുഷ്യന്റെ മൗലികാവകാശങ്ങളോട് സാമൂഹ്യനീതിയുടെ പേരിൽ രാഷ്ട്രം കൂടുതൽ ഔദാര്യവും സ്വാതന്ത്ര്യവും പ്രകടിപ്പിയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുമാണ് സഭ ഈ പ്രശ്നത്തെ സമീപി

(5) Ibid. P. 140

www.malankaralibrary.com


യ്ക്കുന്നത്. ''മനുഷ്യൻെറ മനസ്സാക്ഷിസ്വാതന്ത്ര്യം'' എന്ന പേരിൽ വേറെയും ഒരു പ്രമാണരേഖ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഈശ്വരസായൂജ്യത്തിനുള്ള മനുഷ്യൻെറ ദൈവികാഹ്വാനമാണ് മനുഷ്യൻെറ മഹനീയതയുടെ അടിസ്ഥാനമെന്ന് ഈ രേഖ വ്യക്തമാക്കുന്നു.

എല്ലാ മനുഷ്യരുടെയും നല്ല മനസ്സിനെ ആദരിയ്ക്കാനും സത്യത്തിലും നീതിയിലും വ്യക്തിസ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ മാനവപുരോഗതിയ്ക്കുവേണ്ടി പരിശ്രമിയ്ക്കുന്നതിൽ എല്ലാവരോടും സഹകരിയ്ക്കാനും സഭ സന്നദ്ധത കാണിയ്ക്കുന്നു. ഈ മനസ്ഥിതി വിശേഷം ''സഭ ആധുനിക ലോകത്തിൽ'' എന്ന പ്രമാണരേഖയിൽ ഉടനീളം തെളിഞ്ഞുകാണാം. അല്മായന് ലോകത്തിൻെറ വിശുദ്ധീകരണത്തിൽ പലതും ചെയ്യാൻ സാധിയ്ക്കുമെന്നും ഈ ലോകത്തോടുള്ള സംഭാഷണത്തിൽ അല്മായർ ക്രിയാത്മകമായി പങ്കെടുക്കണമെന്നും ഇതിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്.

എല്ലാംകൊണ്ടും, വ്യക്തിത്വ വികസനഭഞ്ജനം സഭയുടെ മേൽ ആരോപിക്കുന്നവർക്ക് സന്ദേഹത്തിന് തെല്ലും ഇടം കൊടുക്കാത്ത ഒരു നല്ല പ്രതിവിധിയാണ് ''സഭ ആധുനിക ലോകത്തിൽ'' എന്ന പ്രമാണരേഖ നിർദ്ദേശിക്കുന്നത്.

എക്യുമെനിസം ലക്ഷ്യമാക്കി പ്രകടനങ്ങളും സംഘാത ചർച്ചകളും പ്രാർത്ഥനക്കൂട്ടങ്ങളും ഇന്ന് സാധാരണമാണ്. ഇത്തരം ബാഹ്യപ്രകടന

www.malankaralibrary.com



ങ്ങരം പ്രയോജനപ്രദങ്ങളുമാണ്. ഭിന്നഗ്രൂപ്പു കരം തമ്മിലുള്ള വൈകാരികത്തകൽച്ച കുറയ്ക്കുന്നതിന് ഇത് സഹായകമാകും. എന്നാൽ, സ്ഥായിയായ നേട്ടം ഇതുകൊണ്ടു കിട്ടുകയില്ല. അതിന്, ''ജനതകളുടെ പ്രകാശം'', ''സഭ ആധുനിക ലോകത്തിൽ'' എന്നീ പ്രമാണ രേഖകളുടെ അന്തസ്സത്ത പ്രായോഗികമാക്കിയെങ്കിലേ പററൂ. സഭാഭിന്നതയുടെ അടിസ്ഥാന കാരണങ്ങരംക്കുള്ള സമർത്ഥ പ്രതിവിധിയാണ് ഈ രണ്ടു പ്രമാണ രേഖകരം.

സഭാ ഭരണത്തെ ഭയവിഹ്വലതയോടെ കാണുന്നവരുണ്ട്. ഐക്യസംരംഭം അതിനുമുന്നിൽ തരിപ്പണമായിത്തീരുന്ന കാഴ്ചയും കുറവല്ല. പടിക്കൽവന്നു കുടമുടഞ്ഞ ഒരു ഐക്യപ്രയാണത്തിന്റെ ദീനകഥ ഇവിടെ സ്മരണീയമാണ്. ഐക്യത്തിന്റെ പടിവാതിൽക്കലെത്തിയ ശ്രീ ഈ. ജോൺ പിലിപ്പോസിന്റെ ചിന്താബുൽബുദം സഭാഭരണസാരഥികളോടുള്ള അഭിപ്രായമില്ലായ്മയിലും ഭയവിഹ്വലതയിലും തട്ടിത്തകർന്നടിയുന്നതു നോക്കുക: ''ഇപ്രകാരം തുടർന്നുകൊണ്ടു പോകുന്നുവെങ്കിൽ സഭയുടെ ഭാവിയെന്ത്? സഭ മൂലം സഭാസന്താനങ്ങരംക്കുണ്ടാകാവുന്ന ഗുണം എന്താണ്? കേസെല്ലാം ഒതുക്കി സഭ രണ്ടായി പിരിയുന്നെന്നിരിക്കട്ടെ. സഭകരം വർദ്ധിക്കുന്നതുകൊണ്ടു പ്രയോജനം ഒന്നുമില്ല. ഛിന്നഭിന്നമായി ചിതറിപ്പോകുന്നത് ഒരുകൂട്ടർക്കും നല്ലതല്ല. നിവൃത്തിയുണ്ടെങ്കിൽ അതു ഒഴിവാക്കേണ്ടതാണ്. യോജിപ്പിനുള്ള മനോഭാവം ഒരു കൂട്ടർക്കുമില്ലെങ്കിൽ പിന്നെ എന്താണു ചെയ്യേണ്ടത്? ഈ പ്രശ്നം എന്നെപ്പോലുള്ളവരെ വിഷമിപ്പിക്കുന്നു. ഈ സഭയിൽനി

www.malankaralibrary.com



ന്നു പിരിയാമെന്നുവെച്ചാൽ എങ്ങോട്ടാണു പോകേണ്ടത്? മാർത്തോമ്മാ സഭയിൽ ബഹുമാനവും ഭക്തിയും അർഹിക്കുന്ന മേലദ്ധ്യക്ഷന്മാരുണ്ട്. എങ്കിലും, ആചാരരീതിയും വിശ്വാസനിഷ്ഠയും സഭാനടപടികളും നമ്മുടെ പാരമ്പര്യമുള്ള മനഃപരിചയത്തിന്നു ചേരുന്നില്ല. റോമൻ കത്തോലിക്കാസഭയിലാണെങ്കിൽ റീത്തുണ്ട് അതു ഏകദേശം നമുക്കുതകുന്നതാണ്. പക്ഷേ, വ്യക്തിപരമായ രീതിയിൽ എൻെറ വിശ്വാസവും ബഹുമാനവും ആർജ്ജിക്കാത്ത വ്യക്തികളാണ് റീത്തുപ്രസ്ഥാനത്തിൻെറ നേതാക്കന്മാർ. മുറിഞ്ഞുതിരിഞ്ഞു ഒരു സഭയെ സൃഷ്ടിച്ചു പോഷിപ്പിക്കുന്നതിൽ പങ്കു വഹിക്കുവാൻ ബുദ്ധിയും മനസ്സും അനുവദിക്കുന്നുമില്ല. നമ്മുടെ ഭാവി പഴയപടി ആയിക്കൊള്ളട്ടെ. നമ്മുടെ മക്കളോടും ഈ സഭയിലെ ഭാവി തലമുറയോടും നമുക്കു ഒരു ചുമതലയില്ലേ?'' (6) വത്തിക്കാൻ സുന്നഹദോസ് വിഭാവനം ചെയ്യുന്ന ആന്തരികനവീകരണം ഉടനടി സഭയിൽ നടപ്പിലാക്കേണ്ടതിൻെറ അപരിത്യാജ്യതയിലേക്കത്രേ ശ്രീ ഈ. ജോൺ പിലിപ്പോസിൻെറ വിലാപസ്വരം നമ്മുടെ ശ്രദ്ധ തിരിക്കുന്നത്.

എക്യുമെനിസം സാധിതപ്രായമാകുന്നതിനു സഭയിൽ ആന്തരികനവീകരണം കൂടിയേ തീരു എന്ന ആശയക്കാരാണ് എക്യുമെനിക്കൽ ചിന്തകന്മാരെല്ലാംതന്നെ. ഡോ. റോബർട്ടു മക്കഫീ ബ്രൌൺ (Robert McAfee Brown) ൻെറ അഭിപ്രായം ശ്രദ്ധിക്കുക:

6) പൗരപ്രഭ, 8 മിഥുനം 1121

www.malankaralibrary.com



''ആന്തരിക നവീകരണത്തിന്റെ ആവശ്യകത ആദ്യന്തം ഊന്നിക്കൊണ്ടുള്ളതായിരുന്നു കൗൺസിൽ പ്രഭാഷണങ്ങളെല്ലാം. വിവിധരൂപത്തിലും ഭാവത്തിലും അവതരിപ്പിക്കപ്പെട്ട പ്രസ്തുത പ്രഭാഷണങ്ങളുടെ രത്നച്ചുരുക്കം ഇങ്ങനെയായിരുന്നു. ആയിരിക്കേണ്ട സഭയും ആയിരിക്കുന്ന സഭയും തമ്മിൽ അജഗജാന്തരമുണ്ട്. മനുഷ്യരുടെ പ്രത്യാഗമനം കാത്തുകൊണ്ടു സഭ കൈയുംകെട്ടിയിരുന്നാൽ മാത്രം പോരാ. പിന്നയൊ ആന്തരികനവോത്ഥാനത്തിനു തയ്യാറാകുക കൂടിവേണം. മനുഷ്യനു പ്രയാസസ്ഥിതി ഉണ്ടാക്കുന്ന ന്യായമായ കാരണങ്ങൾ എല്ലാം സഭയിൽനിന്നു ദൂരീകരിക്കണം'' (7)

---

(7) Robert McAfee Brown, Nine Steps to Unity, SCU. P. 62

www.malankaralibrary.com

## അദ്ധ്യായം 8

# മാർ ഈവാനിയോസിന്റെ പ്രസ്ഥാനവും എക്യുമെനിസവും

രണ്ടാം വത്തിക്കാൻ സുന്നഹദോസിനും അതിലൂടെ പ്രഖ്യാതമായ എക്യുമെനിസചിന്താഗതിക്കും മുമ്പാണ് മാർ ഈവാനിയോസിന്റെ ജീവിതം.(1) ഒരു ക്രൈസ്തവൈക്യസംരംഭത്തിനാണ് അദ്ദേഹം നേതൃത്വം കൊടുത്തത്. അഭിനവമായ എക്യുമെനിസവും മാർ ഈവാനിയോസിന്റെ ഐക്യപ്രസ്ഥാനവും പരസ്പരം പൊരുത്തപ്പെടുന്നവയല്ലെന്നു പറയുന്നവരുണ്ട്. ബഥനിയുടെ പരിവർത്തനത്തെ സ്മരിച്ചുപോയാൽ എക്യുമെനിസം തരിപ്പണമാവും എന്നുവരെ അവർ പേടിച്ചുവശാകുന്നു. കൗൺസിൽ ഡിക്രികളെ ഉപോൽബല

(1) 1882–1953 വരെയാണ് മാർ ഈവാനിയോസിന്റെ ജീവിതം, വത്തിക്കാൻ കൗൺസിലിനു മുമ്പു തന്നെ പ്രോട്ടസ്റ്റന്റു സഭകളിൽ എക്യുമെനിസത്തിന്റെ ആശയം രൂപംപൂണ്ടു കഴിഞ്ഞിരുന്നു.

www.malankaralibrary.com



കമാക്കിക്കൊണ്ടുതന്നെയാണ് അവരുടെ ഭയപ്പാട്. ''കത്തോലിക്കാസഭയിൽ പൂർണ്ണൈക്യത്തിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളുടെ ഒരുക്കവും രമ്യപ്പെടലും സംബന്ധിച്ച യത്നങ്ങളിൽനിന്നും എക്യുമെനിക്കൽപ്രസ്ഥാനം സ്വഭാവത്താലെതന്നെ വ്യത്യസ്തമാണ്''(2) എന്നത്രേ എക്യുമെനിസത്തെ സംബന്ധിച്ച കൗൺസിൽഡിക്രി പ്രസ്താവിക്കുന്നത്.

സഭാചരിത്രത്തിലെ വിവിധ പുനരൈക്യങ്ങൾക്കിടയിൽ ബഥനിയുടെ ഐക്യശ്രമത്തിന്റെ വ്യതിരിക്തതാഭാവം മനസ്സിലാക്കാത്തവരുണ്ട്. അത്തരക്കാരാണ് എക്യുമെനിസ വൈരുധ്യദോഷം ചുമത്തി മാർ ഈവാനിയോസിന്റെ പ്രസ്ഥാനത്തെ താറടിക്കുന്നത്. സൂക്ഷ്മശോധന നടത്തുമെങ്കിൽ എക്യുമെനിസത്തിന്റെ അന്തഃസത്ത സ്വന്തം ഘടനയിൽ അലിഞ്ഞുചേർന്നിട്ടുള്ള ഒന്നായി മലങ്കരയിലെ ഐക്യസംരംഭത്തെ കാണാൻ സാധിക്കും. ബഥനി പരിവർത്തനത്തിന്റെ ഏതാനും സവിശേഷതകളിലേക്കു വിരലൂന്നുന്നതിനേ തൽക്കാലം ഉദ്ദേശ്യമുള്ളു.

## 1. ആധ്യാത്മിക നവോത്ഥാനത്തിന്റെ പ്രസ്ഥാനം

മുണ്ടൻമലയിലെ ബഥനിയാണ് മാർ ഈവാനിയോസിന്റെ ചരിത്രത്തിൽ നടുനായക സ്ഥാനത്തു നിൽക്കുക. മലങ്കരയിലെ ആധ്യാത്മികോദ്ധ്യതി

(2) എക്യുമെനിസത്തെക്കുറിച്ചുള്ള കൗൺസിൽ ഡിക്രി അധ്യാ, 1, 4.

''ഒരു ലക്ഷ്യം ഇരുവഴി'' എന്ന ഈ പുസ്തകത്തിലെ 3-ാം അദ്ധ്യായം കാണുക.

www.malankaralibrary.com



ക്കുള്ള യത്നങ്ങളത്രേ പ്രസ്തുത സന്യാസസമൂഹത്തിന്റെ രൂപീകരണത്തിലെത്തിച്ചേർന്നത്. "ഉയരത്തിൽ നിൽക്കുന്നവനല്ലാതെ, കുഴിയിൽ കിടക്കുന്നവനെ രക്ഷപ്പെടുത്താൻ കഴിയുന്നതല്ല". "കൊമ്പുകളും ഇലകളുമുള്ള വൃക്ഷത്തിന്റെ തണലിൽ വെയിലേററു പൊരിയുന്നവരെല്ലാവരും വന്നു ചേർന്നു കൊള്ളും". "തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടത്." (3) തുടങ്ങിയവ പ്രസ്തുത ആശ്രമസ്ഥാപനത്തിനു മാർ ഈവാനിയോസിനെ പ്രേരിപ്പിച്ച ചിന്തകളാണ്.

മലങ്കരസഭയിൽ ബഥനി ഉണർത്തിയ ആധ്യാത്മീക വേലിയേററം ഒന്നോ രണ്ടോ വിധത്തിലായിരുന്നില്ല. വേദപുസ്തകപഠനത്തിനു പ്രാധാന്യം നല്കി; ദൈവലായശുശ്രൂഷകളിൽ പുതുമ വരുത്തി; സുവിശേഷ കൺവൻഷനുകളും ധ്യാനയോഗങ്ങളും നടത്തി; അല്മായരെ പ്രബുദ്ധരാക്കി; ദേശീയ സംസ്ക്കാരത്തിനനുസൃതമായ സന്യാസ ജീവിതം കരുപ്പിടിപ്പിച്ചു; കുടുംബജീവിതത്തെ പവിത്രമാക്കാൻ ശ്രമിച്ചു; സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തു. (4) ഇത്തരം കാര്യങ്ങളാണല്ലൊ എക്യുമെനിസം ലക്ഷ്യമാക്കിയുള്ള സഭയുടെ അധുനാതനീകരണത്തിൽ വേണ്ടതെന്നു കൗൺസിൽ ആവശ്യപ്പെടുന്നത്. എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിലെ ഒരു പ്രസ്താവനയിതാ: "വേദപുസ്തകസംബന്ധമായ പ്രസ്ഥാനങ്ങൾ, ആരാധനാക്രമ

(3) മാർ ഈവാനിയോസ്, 'ഗിരിദീപം'

(4) Cfr. ഫാദർ ഇഞ്ചയ്ക്കലോടി, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് [ഒന്നാം ഭാഗം] പുറം 158–165

www.malankaralibrary.com



ത്തിൽ വന്നിട്ടുള്ള പരിണാമങ്ങൾ, ദൈവവചന ത്തിന്റെ പ്രഘോഷണവും വേദപഠനവും, അല്മായരുടെ പ്രേഷിതവൃത്തി, സന്യാസജീവിത ത്തിന്റെ പുതിയ രീതികൾ, വൈവാഹിക ജീവിത ത്തിന്റെ പവിത്രത, സഭയുടെ സാമൂഹ്യപഠനം, പ്രവർത്തനങ്ങൾ ഇവയെല്ലാം ഇതിനു ഉദാഹരണ ങ്ങളാണ്. ഇവയെല്ലാം എക്യുമെനിക്കൽ പ്രസ്ഥാ നത്തിന്റെ ഭാസുര ഭാവിയിലേക്കു വിരൽചൂണ്ടുന്ന ചില വാഗ്ദാനങ്ങളും ശുഭസൂചനകളുമാണ്''' (5)

വത്തിക്കാൻസുന്നഹദോസിനു മുപ്പതിലേറെ കൊല്ലങ്ങൾക്കു മുമ്പു നടന്ന ബഥനിയുടെ സഭൈ ക്യത്തെ, എക്യുമെനിസത്തിന്റെ എതിർഘടകമാ യല്ല, എക്യുമെനിസത്തിന്റെ മുന്നോടിയായിട്ടത്രേ കാണേണ്ടത്.

## 2. സഭാ പരിവർത്തനം ബഥനിയുടെ സ്ഥാപനോദ്ദേശ്യമായിരുന്നില്ല.

ബഥനിയുടെ ലക്ഷ്യം സഭാപരിവർത്തനമാ യിരുന്നില്ല.(6) എന്നാൽ, സഭാപരിവർത്തനത്തിൽ അതു എത്തിച്ചേർന്നു. ബഥനി ഉണർത്തിയ ആധ്യാ ത്മിക ചൈതന്യം നിലനിർത്തുവാൻ ഈ നീക്കം അപരിത്യാജ്യമായിത്തീർന്നു. ഇതിനെ വഞ്ചന എന്നു വിശേഷിപ്പിച്ചവരുടെ കൂട്ടത്തിൽ മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്യാസ്യോസും ഉൾപ്പെ ടുന്നുണ്ട്. അദ്ദേഹത്തിനു ശ്രീ എ. പിലിപ്പോസ് നൽകുന്ന മറുപടി ശ്രദ്ധേയമാണ്. ''ദൈവ ത്തിന്റെ വിളിയോ തിരുമേനിയുടെ വിളിയോ ഏതിനെയാണ് അനുസരിക്കേണ്ടത് എന്നുള്ളഘട്ടം

(5) എക്യുമെനിസം. ഡിക്രി അധ്യാ 2, ഖണ്ഡിക 6.

(6) Cfr. ഗിരിദീപം, 53, 54

www.malankaralibrary.com



വന്നപ്പോഠം, ദൈവത്തിൻെറ വിളിയേയാണ് അനുസരിക്കേണ്ടതെന്നു അദ്ദേഹം തീർച്ചപ്പെടുത്തിയത് വഞ്ചനയെങ്കിൽ ആ പേരിന് അദ്ദേഹം അർഹനാണ്'' ''ദൈവം തൻെറ കരുണയുടെ സമൃദ്ധിയിൽ മലയാളത്തുള്ള നമ്മുടെ സഭയേയും ഇപ്പോഠം കാതോലിക്കാ ഐക്യത്തിലേക്കു ആകർഷിച്ചിരിക്കുന്നു. അങ്ങനെ ദൈവം ആകർഷിച്ചിരിക്കുന്നത് ബഥനി മെത്രാച്ചനിൽകൂടിയാകുന്നു. അദ്ദേഹത്തിൻെറ ത്യാഗബുദ്ധിക്കും ചെറുപ്പം മുതലേ തന്നെത്താൻ മറന്നുള്ള ദൈവസ്നേഹത്തിനും പ്രതിഫലമായി ഈ മഹാ വലിയഭാഗ്യം ദൈവം അദ്ദേഹത്തിനു കൊടുത്തതാകുന്നു.'' (7)

പരിശുദ്ധാത്മാവിൻെറ ഇത്തരം നടത്തിപ്പ് എക്യുമെനിസത്തിൻെറ അന്തഃസത്തയല്ലെങ്കിൽ മറെറന്താണ് ?

## 3 ബഥനി പരിവർത്തനത്തിൻെറ സാമൂഹ്യ സ്വഭാവം.

വ്യക്തിപരപരിവർത്തനമായിരുന്നില്ല ബഥനിയുടേത്. അതു ആകമാനമലങ്കരസഭയ്ക്കു വേണ്ടിയുള്ള ഒരു യത്നമായിരുന്നു. 1926 നവംബർ മാസം 17—ാം തീയതി ചേർന്ന ഓർത്തഡോക്സു സമൂഹത്തിലെ മേൽപ്പട്ടക്കാരുടെ സുന്നഹദോസ് എടുത്ത തീരുമാനമാണിത്. [8] ഗൗരവാവഹമായ പ്രശ്നങ്ങഠം ഉഠംക്കൊണ്ടിരുന്നതുകൊണ്ടാണ് അന്നത്തെ അഭ്യർത്ഥനയ്ക്കു മറുപടി നല്കാൻ 1930

(7) എ. പിലിപ്പോസ് M. A. B. L. കാതോലിക പുനരൈക്യ ചിന്തകഠം

[8] കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും. മോൺ. വടശ്ശേരി പുറം 420.

www.malankaralibrary.com



വരെ റോം ദീർഘിപ്പിച്ചത്. സഭാകേന്ദ്രത്തിന്റെ വിധിതീർപ്പു ഉടനെ ലഭ്യമാകാൻ ശക്യമല്ലാത്ത വിഷ്പവത്വം അന്നാപ്രശ്നത്തിനുണ്ടായിരുന്നു. സന്ദർഭം വന്നപ്പോൾ പുനരൈക്യത്തിനു തീരുമാനമെടുത്ത പലരും പിന്തിരിഞ്ഞെന്നതു ശരിതന്നെ. അതു മൂലം ഈ സംരംഭത്തിന്റെ സാമൂഹ്യസ്വഭാവം നഷ്ടമാകുന്നില്ല. ആകമാന മലങ്കര സഭയ്ക്കു വേണ്ടിയുള്ള നീക്കം തന്നെയായിരുന്നു അത്. പൗരസ്ത്യ കാതോലിക്കാ സിംഹാസനമോ ഭാരതപാത്രിയർക്കീസ് സ്ഥാനമോ ഒന്നുംതന്നെ മലങ്കരഹയരാർക്കിയുടെ ഭാവനയ്ക്കു നിരക്കാത്തതല്ല. ബഥനി പരിവർത്തനത്തിന്റെ ഈ സാമൂഹ്യ സ്വഭാവം അതിനെ എക്യുമെനിസവുമായി അടുപ്പിക്കുകയാണ്. ന്യുമാന്റെയോ ചെസ്ററർട്ടന്റെയോ പുനരൈക്യം പോലെയല്ല മാർ ഈവാനിയോസിന്റെ സഭൈക്യം. വ്യക്തികളുടെ സഭാമാററമല്ല ഇവിടെ സംഭവിച്ചത്. രണ്ടു സഭകൾ തമ്മിലുള്ള ഗാഢവും ഹൃദ്യവുമായ ആശ്ലേഷണമാണ് ഇവിടെ കാണുന്നത്. ഇവിടെ ഒരു സഭ വേറൊന്നിന് കീഴപ്പെടുന്നില്ല. മലങ്കര സഭയുടെ സംസ്കാര സവിശേഷതകളെ ഒന്നടങ്കം സാർവ്വത്രികസഭ സാംശീകരിച്ചു. സാർവ്വത്രിക സഭയുടെ ഐക്യം മലങ്കരസഭ നേടിയെടുത്തു. ഇരുസഭകളും പൂർവ്വാധികം ഉത്തേജിതമായി. മാമോദീസാ മുഴുകിയവരെല്ലാം ഒരു പ്രത്യേക വിധത്തിൽ സഭയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നത് ശരിയാണ്; അനേകായിരം പേർ സാർവ്വത്രികസഭയുമായി പുനരൈക്യപ്പെട്ടിട്ടുണ്ടെന്നതും ശരിയാണ്; അനേകം ബൃഹത്സഭകൾ ഉണ്ടെന്നതും ശരിതന്നെ. എന്നാൽ, മലങ്കരസഭയെ അല്ലാതെ മററൊരു സഭയേയും സഭയെന്ന നിലയിൽ സാർവ്വത്രിക സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല. മാർ ഈവാ

www.malankaralibrary.com



നിയോസ് നിർവ്വഹിച്ച സഭാസംശ്ലേഷണത്തിന്റെ പ്രത്യേകതയത്രേ ഇതിനു കാരണം. [9]

## 4 നഷ്ടമില്ലാത്തനീക്കം

ഒരു സഭാമണ്ഡലത്തിൽനിന്നു മറ്റൊരു സഭാമണ്ഡലത്തിലേക്കു നീങ്ങുമ്പോൾ ഉണ്ടാകാവുന്ന നഷ്ടം വളരെയാണ്. കൈയിലുള്ളതു കളഞ്ഞുകുളിക്കുക; പരിചയിക്കാത്തതു സ്വീകരിക്കേണ്ടിവരി

[9] ''മാർ ഈവാനിയോസിന്റെ പുനരൈക്യ പ്രസ്ഥാനം എക്യുമെനിസത്തിന് എതിരാണെന്നു പറയുക സാധ്യമല്ല'' എന്നു സമ്മതിക്കുന്ന ചിലർ അതേ ശ്വാസത്തിൽ ''മാർ ഈവാനിയോസിന്റെ പുനരൈക്യം എക്യുമെനിക്കൽ രൂപത്തിൽ മുളച്ചുപൊങ്ങിയില്ല'' എന്നു പറയുന്നുണ്ട്. അന്നത്തെ കത്തോലിക്കാ സഭയ്ക്ക് എക്യുമെനിസത്തിന്റെ ആശയം ഉണ്ടായിരുന്നില്ലെന്നു പറയുന്നതു ശരിയാണ്. മാർ ഈവാനിയോസിന്റെ സമീപനം ഇന്നത്തെ എക്യുമനിസത്തിന്റെ സാരാംശം പൂർണ്ണമായി ഉൾക്കൊള്ളുന്നതായിരുന്നു. 1926-നവംബർ 16-ാം തീയതിയിലെ ഓർത്തഡോക്സു സുന്നഹദോസിന്റെ തീരുമാനം പൂർണ്ണമായി ഫലപ്രാപ്തിയിലെത്താതെ പോയ നിർഭാഗ്യമുണ്ടായത് ആ സുന്നഹദോസു തീരുമാനത്തിന്റെ ശക്തിക്കുറവുമൂലമായിരുന്നില്ല, പിന്നെയോ, അതിന്റെ പുതുമ മനസ്സിലാക്കാൻ കഴിയാതെപോയ സഭാകേന്ദ്രത്തിന്റെ അമാന്തം കൊണ്ടായിരുന്നു. കേവലപുനരൈക്യത്തിനു വേണ്ടിയുള്ള അഭ്യർത്ഥനയായിരുന്നെങ്കിൽ റോമിൽ നിന്നു ഈ അമാന്തം ഉണ്ടാകുമായിരുന്നില്ല. മലങ്കരയിൽ നിന്നുണ്ടായ അർത്ഥന കേവല പുനരൈക്യത്തിനുവേണ്ടിയുള്ളതായിരുന്നില്ല, പിന്നെയോ, എക്യുമെനിസത്തിന്റെ സാരാംശമുൾക്കൊള്ളുന്ന ഒരു സഭൈക്യത്തിനുവേണ്ടിയുള്ളതായിരുന്നു. വ്യക്തികളെയല്ല, മലങ്കരയെ പൂർണ്ണമായി സാംശീകരിക്കുന്നതിനുള്ള ആശയമുണ്ടായിരുന്നതുകൊണ്ടത്രേ മറുപടി നല്കാൻ റോമിനു താമസം വന്നത്. മാർ ഈവാനിയോസിന്റെ പരിവർത്തനത്തിന്റെ സവിശേഷതയാണ് സമീപകാല കത്തോലിക്കാ ചിന്തകന്മാരെ എക്യുമെനിസത്തിന്റെ ആശയത്തിലേക്കടുപ്പിച്ച ഒരു ഘടകം.

www.malankaralibrary.com



ക, ഒന്നിനു പകരം മറ്റൊന്നു വെച്ചുമാററം നടത്തുക തുടങ്ങിയവയെല്ലാം അക്കൂട്ടത്തിൽപെടും. ഇവ്വിധ നഷ്ടങ്ങളൊന്നും ബഥനിയുടെ പരിവർത്തനത്തിൽ ഉണ്ടായിട്ടില്ല. കൈയിലിരിക്കുന്നതു കളഞ്ഞുകുളിക്കാതെ ഉത്തരത്തിലെ നിക്ഷേപം കരസ്ഥമാക്കിയെന്നുള്ളതാണ് അതിന്റെ പ്രത്യേകത. മലങ്കര സഭയുടെ സാംസ്കാരിക സമ്പത്തും പാരമ്പര്യങ്ങളും ഒന്നുപോലും നഷ്ടപ്പെടുത്താതെയും ആ വൈശിഷ്ട്യങ്ങളെല്ലാം അരക്കിട്ടുറപ്പിച്ചുകൊണ്ടുമാണ് അതിന്റെ നീക്കം.

മാർ ഈവാനിയോസിനെ പിഞ്ചെല്ലുന്ന ഒരു മലങ്കര സഭാംഗത്തിന് ഒന്നും നഷ്ടമാകുന്നില്ലെന്നു മാത്രമല്ല കിട്ടുന്ന നേട്ടം വലുതുമാണ്. ഒരു കൂട്ടത്തിനും കോട്ടം കൂടാതെ ഇരുകൂട്ടത്തിനും നേട്ടത്തോടുകൂടിയുള്ള ഒരേ ഒരു സഭാസംശ്ലേഷണം മലങ്കരയിലേതു മാത്രമാണ്. ആരെങ്കിലും ആ പ്രസ്ഥാനത്തെ എതിർക്കുന്നുണ്ടെങ്കിൽ സ്ഥാപിത താല്പര്യം മാത്രമാണ് കാരണം.

## 5 പൂർണ്ണതയിലേക്കുള്ള കുതിക്കൽ

സഭാമാററം എന്നതിനേക്കാൾ പൂർണ്ണതയിലേക്കുള്ള കുതിക്കൽ എന്നതാണ് ബഥനിയുടെ പരിവർത്തനത്തിനു കൂടുതൽ യോജ്യമായ സംജ്ഞ. നിലവിലിരുന്ന അപൂർണ്ണതയിൽ നിന്നു വളർച്ചയിലേക്കുള്ള ഒരു നീക്കമാണത്. ഔദ്യോഗിക നിയമ ഗ്രന്ഥത്തെ പൂർണ്ണമായി അംഗീകരിക്കാതിരിക്കുക അപൂർണ്ണത തന്നെ. ഓർത്തഡോക്സു സഭയുടെ ഹൂദായ കാനോനിലെ ആചാര്യസ്ഥാനത്തെക്കുറിച്ചുള്ള ഒരു വകുപ്പിങ്ങനെയാണ്: ''ലോകത്തിന്റെ നാലുഭാഗങ്ങളുടെ എണ്ണത്തിനൊത്തവണ്ണം നാലു

www.malankaralibrary.com



പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണം. അവരുടെ എല്ലാവരുടെയും വലിയ തലവൻ റോമിലെ പാത്രിയർക്കീസാകുന്നു.''(10) ''റീശോ റാബോദ്കുലഹൂൻ ഹാവ് ദ് റൂമി'' എന്ന കാനോൻ വാക്യത്തിനു വട്ടശ്ശേരി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നല്കുന്ന വ്യാഖ്യാനം ശ്രദ്ധേയമത്രേ: ''അവരിൽ എല്ലാവരിലും അല്ലെങ്കിൽ എല്ലാവരുടെയും വലിയ പ്രധാനി അല്ലെങ്കിൽ തലവൻ റോമ്മായുടെ ആരം അതായത് പാത്രിയർക്കീസുണ്.''(11) സഭയുടെ സാർവ്വത്രികത സംരക്ഷിക്കാൻ ഏകത പാലിക്കാൻ റീശുപാത്രിയർക്കീസിനോടൊള്ള യോജ്യതകൊണ്ടേ ഓർത്തഡോക്സു സമൂഹത്തിനു കഴിയൂ. ഇതു സാധിക്കാത്തിടത്തോളം കാലം ബുദ്ധിജീവികൾ പ്രസ്തുത സഭയിൽ അപൂർണ്ണത കണ്ടെത്തുമെന്നുള്ളതു തീർച്ചയാണ്. ഈ അപൂർണ്ണതയെ നീകത്തുക മാത്രമാണ് മലങ്കര സഭയിൽ മാർ ഈവാനിയോസ് ചെയ്തിട്ടുള്ളത്. അപൂർണ്ണത ശമിപ്പിക്കുന്ന വളർച്ചയുടെ പ്രക്രിയ എങ്ങനെ എക്യുമെനിസവിരോധിയാകും ?

## 6 മലങ്കര സഭയ്ക്കു വരുത്തിയ നേട്ടം

ബഥനിയുടെ പരിവർത്തനത്തെ കുതികാൽ വെട്ടലായി ചിത്രീകരിക്കുന്നതിനാണ് മലങ്കരസഭ ശ്രമിച്ചത്. ആ സംരംഭം മൂലം മലങ്കരയ്ക്കുണ്ടായ നേട്ടങ്ങളെ സൗകര്യപൂർവ്വം വിസ്മരിക്കുകയാണ്.

---

[10] ഹൂദായ കാനോൻ, 7–ാം അധ്യായം, 1–ാം വാക്യം.

[11] വട്ടിപ്പണക്കേസ്, മലയാള മനോരമ പ്രസ്സ് പുറം 1022

www.malankaralibrary.com



പൗരസ്ത്യസഭകളുടെ സവിശേഷതകൾ വത്തിക്കാൻ സുന്നഹദോസ് അംഗീകരിച്ചിരിക്കുന്നു. ആ അവകാശങ്ങൾ എല്ലാം തന്നെ 1930—ൽ മാർ ഈവാനിയോസ് നേടിയിട്ടുള്ളതാണ്. കേരള കാതോലിക്കാ സിംഹാസനത്തിന് മാർ ഈവാനിയോസ് ചെയ്തിട്ടുള്ള സേവനം അവിസ്മരണീയമത്രേ. കാതോലിക്കായിക്കു പട്ടമില്ലെന്നു യാക്കോബായ പരമദ്ധ്യക്ഷസ്ഥാനം പ്രഖ്യാപിച്ചപ്പോൾ ഓർത്തഡോക്സുകൂട്ടത്തിൻെറ അസ്തിത്വം തുലാസിൽ ആടുകതന്നെ ചെയ്തു. ആ പ്രതിസന്ധിസന്ദർഭത്തിലാണ് കാതോലിക്കായുടേയും കൂട്ടാളികളുടേയും പട്ടവും കൂദാശകളും സാധുവെന്നുള്ള പ്രഖ്യാപനം റോമാസിംഹാസനത്തെക്കൊണ്ടു ചെയ്യിക്കാൻ മാർ ഈവാനിയോസിനു സാധിച്ചത്. മലങ്കര സഭയുടെ നിലനിൽപ്പിനേയും കെട്ടുറപ്പിനേയും അതു ഏതെല്ലാം വിധത്തിൽ ബാധിച്ചെന്നു എടുത്തു പറയേണ്ടതില്ല. തങ്ങൾക്കു തടസ്സം സൃഷ്ടിച്ചിട്ടുപോലും മലങ്കരയ്ക്കു സാരവത്തായ പ്രയോജനവും ദൈവാനുഗ്രഹവും വർഷിക്കാൻ ബഥനിയുടെ പരിവർത്തനത്തിനു സാധിച്ചു. നന്മയ്ക്കു നിദാനമായ പ്രസ്ഥാനത്തെ മലങ്കര എന്തിനു തിരസ്കരിക്കണം ?

## 7 മിശിഹാനുകരണത്തിൻെറ മാർഗ്ഗം

പ്രലോഭനം, ഭീഷണി, സമ്മർദ്ദം തുടങ്ങിയവയ്ക്കു വശംവദമായിട്ടുള്ള മതപരിവർത്തനങ്ങൾ ധാരാളമാണ്. അവ ഒരിക്കലും ഉത്തമകോടിയിൽ പെടുന്നവയല്ല. എക്യുമെനിസത്തിൻെറ സൗഹൃദാന്തരീക്ഷത്തെ ഭഞ്ജിക്കാനും അവ പ്രേരകങ്ങളാ

www.malankaralibrary.com



കും. എന്നാൽ, എക്യുമെനിസം മനസ്സാക്ഷി സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. ഉത്തമതത്വത്തെ കെടുത്തുന്ന പ്രലോഭനങ്ങളൊന്നും തന്നെ ബഥനി സംരംഭത്തിലില്ല. തികഞ്ഞ ത്യാഗം വിലയായി നല്കിക്കൊണ്ടല്ലേ ബഥനി ക്രൈസ്തവൈക്യം നേടിയെടുത്തത്. മിശിഹാനുകരണസമൂഹത്തിൻെറ പാത കുരിശിൻെറപാത തന്നെയെന്ന് തെളിച്ചുകാട്ടുന്ന ഒന്നായിരുന്നു ബഥനിയുടെ പുനരൈക്യം. ''ബഥനിമലയേ പുശ്ബശ്ലോമ്മോ'' എന്നു ചൊല്ലിക്കൊണ്ട് മുണ്ടൻമലയോടു വിടവാങ്ങി ക്രൈസ്തവൈക്യത്തിനായി കൈകൾ വിരിച്ച ബഥനി ജനയിതാവിൻെറ കൺമുമ്പിൽ തമോമയമായ ഭാവി മാത്രമേ ഉണ്ടായിരുന്നുള്ളു. എല്ലാം ത്യജിക്കുന്നവൻെറ പിന്നാലെ സമസ്തവും ഓടിക്കൂടുമെന്നതു ശരിതന്നെ. സ്ഥാനമാനങ്ങൾ ബഥനിയെ പിഞ്ചെല്ലുക തന്നെ ചെയ്തു. ''എന്നെക്കുറിച്ചും എൻെറ സുവിശേഷത്തെക്കുറിച്ചും വീടുകളെയോ സഹോദരന്മാരെയോ പിതാവിനെയോ മാതാവിനെയോ ഭാര്യയെയോ മക്കളെയോ പട്ടണങ്ങളെയോ വിട്ടുപേക്ഷിച്ചാൽ, ഞെരുക്കത്തോടു കൂടി ഇപ്പോൾ ഇക്കാലത്തു തന്നെ ഒന്നിനു നൂറായി വീടുകളേയും സഹോദരന്മാരെയും അമ്മമാരെയും മക്കളെയും പട്ടണങ്ങളെയും വരുവാനിരിക്കുന്ന ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവനൊരുത്തൻ പോലുമില്ല.''[12] എന്ന ക്രിസ്തുവാക്യമാണ് ഇവിടെ നിറവേറിയിരിക്കുന്നത്.

---

[12] വി. മർക്കോസ് 10, 30

www.malankaralibrary.com



## ഉപസംഹാരം

ക്രിസ്തീയ സഭകളിൽ ഇന്നു അഴിഞ്ഞാട്ടം നടത്തുന്ന സുവിശേഷവിഹിതമല്ലാത്ത ഭരണവും വ്യക്തിത്വവികസനഭഞ്ജവും ലൗകായതികത്വവും എക്യുമെനിസത്തിന് കണ്ഠകോടാലിയാണ്. വൈദികസംസ്ഥാനലബ്ധിയാൽ ധന്യമായ മാർ ഈവാനിയോസിൻെറ ഇന്നത്തെ പ്രസ്ഥാനത്തിൽ ഇത്തരം ദുഷ്പ്രവണതകൾ കടന്നുകൂടിയിട്ടുണ്ടെന്നുള്ള ആരോപണങ്ങൾ ഉണ്ടു എന്നു സമ്മതിക്കാൻ മടിയില്ല. എന്നാൽ, ബഥനിയുടെ തുടക്കമോ പരിവർത്തനമോ എക്യുമെനിസ വിരുദ്ധ ദുഷിപ്പുകൾ കൊണ്ട് കളങ്കിതമായിരുന്നില്ലെന്നത് സത്യമാണ്.

www.malankaralibrary.com

മൂന്നാം ഭാഗം

# ഡയലോഗു മനോഭാവം

9 സൗഹൃദാന്തരീക്ഷ സൃഷ്ടി

10 ഡയലോഗിന്റെ ലക്ഷണങ്ങൾ

www.malankaralibrary.com

## അധ്യായം 9

# സൗഹൃദാന്തരീക്ഷ സൃഷ്ടി

അമേരിക്കയിലെ എക്യുമെനിസചിന്തകന്മാരുടെ ഇടയിൽ പരക്കെ അറിയപ്പെടുന്ന ഒരു നാമധേയമാണ് റോബർട്ടു മക്കഫി ബ്രൗൺ (Robert McAfee Brown) എന്നത്. സ്ററാൻഫോർഡു യൂണിവേഴ്സിററിയിലെ പ്രൊഫസറാണദ്ദേഹം. മെത്തേഡിസ്ററുസഭാംഗമായ ആ ദൈവശാസ്ത്രജ്ഞൻ വത്തിക്കാൻ കൗൺസിലിൽ ഔദ്യോഗിക നിരീക്ഷകനായിരുന്നു. സഭാഭിന്നതയുടെ അകൽച്ച കുറയ്ക്കുന്നതിനും ഐക്യത്തിൻെറ വൈകാരികാന്തരീക്ഷം സംജാതമാകുന്നതിനും ആ ചിന്തകൻ ഏതാനും നിർദ്ദേശങ്ങൾ വെയ്ക്കുന്നു.

1. അറിവിനേക്കാൾ ആഴം അനുഭൂതിക്ക്;
2. കുററസമ്മതത്തിൻെറ അനുരഞ്ജക ശക്തി;
3. ആന്തരിക നവീകരണം;
4. സാഹോദര്യത്തിൻെറ ആസ്വാദം; വിരഹത്തിൻെറ ദുർവ്വഹത;
5. ഹൃദ്യസമ്പർക്കം;
6. തിരിഞ്ഞുനോട്ടവും പുനരവലോകനവും;
7. വേദപുസ്തകതീർത്ഥാടനം;

www.malankaralibrary.com



8. ക്രിസ്ത്യാനികളും മാനുഷികപ്രശ്നങ്ങളും;
9. മുന്നറിയിപ്പും ശുഭസൂചനയും.

## I അറിവിനേക്കാൾ ആഴം അനുഭൂതിക്ക്

പരസ്പരയോജിപ്പിനുവേണ്ടി പ്രാർത്ഥിക്കണമെന്നു പറയുന്നത് പഴഞ്ചനോ ചർവ്വിതചർവ്വണമോ ആയി തോന്നാം. എന്നാൽ, അപരനുവേണ്ടിയുള്ള പ്രാർത്ഥന അപരനുമൊത്തുള്ള പ്രാർത്ഥനയായി ക്രമേണ പരിണമിക്കും. വത്തിക്കാൻ കൗൺസിൽവേളയിലെ അനുഭവം ഇക്കാര്യം ഊന്നിപ്പറയാൻ മക്കഫീബ്രൗണിനെ പ്രേരിപ്പിക്കുന്നു. അദ്ദേഹം പ്രോട്ടസ്റ്റൻറുസുഹൃത്തുക്കളുമൊത്ത് സെൻറുപീറേറഴ്സുബസിലിക്കായ്ക്കു സമീപമുള്ള മെത്തേഡിസ്ററുദൈവാലയത്തിൽ ആഴ്ചയിൽ രണ്ടുപ്രാവശ്യം കൂടുകയും കൗൺസിലിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. എല്ലാ ദിവസവും രാവിലെ സെൻറുപീറേറഴ്സിലെ വി. കുർബാനയുടെ ആരാധനയിൽ അവർ കൂടുതൽ തീഷ്ണതയോടെ പങ്കുകൊള്ളുകയും കൗൺസിലിനോടു ചേർന്നു പ്രാർത്ഥിക്കുകയും ചെയ്തു. ആരാധനയുടെ അന്തസ്സത്തയുമായുള്ള ഈ അടുപ്പം മൂലം സഭ അദ്ദേഹത്തിനു കൂടുതൽ ആസ്വാദനീയമായി. അഞ്ചിലേറെ കൊല്ലക്കാലം കത്തോലിക്കാ ദൈവശാസ്ത്രഗ്രന്ഥങ്ങൾ പഠനവിഷയമാക്കിയതുമൂലം ലഭ്യമായതിനേക്കാൾ ഉപരിയായ കത്തോലിക്കാഭിരുചി ആഴ്ചയിൽ അഞ്ചുതവണ വീതം പത്തു ആഴ്ചവട്ടം വി. കുർബാനയിൽ പങ്കുകൊള്ളുകയും കൗൺസിലിനോടൊത്തു പ്രാർത്ഥിക്കയും ചെയ്തതിൽനിന്നു അദ്ദേഹത്തിനുണ്ടായി.

www.malankaralibrary.com


വിവിധസഭകരം ഉരംപ്പെട്ട സമൂഹാരാധനയിൽ പങ്കുചേരുന്നതിനുള്ള വിഷമാവസ്ഥയെപ്പററി എക്യുമെനിസത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ പല മെത്രാന്മാരും ചൂണ്ടിക്കാട്ടുകയുണ്ടായി. പൊതുശുശ്രൂഷയിൽ അകത്തോലിക്കരോടൊപ്പം പങ്കുകൊള്ളുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ മിഷൻപ്രദേശത്തുനിന്നും പൗരസ്ത്യസഭകളിൽനിന്നും യൂറോപ്പിൽനിന്നുമെല്ലാമുള്ള മെത്രാൻമാർ തദവസരത്തിൽ വാദിച്ചു. കുടുംബപരകാര്യങ്ങളായ മാമോദീസായുടെയും വിവാഹത്തിൻെറയും ശവസംസ്കാരത്തിൻെറയും സന്ദർഭങ്ങളിൽ ഒരുമിച്ചു സഹകരിച്ചു പ്രാർത്ഥിക്കാൻ കഴിയാതിരിക്കുക കത്തോലിക്കർക്കും അകത്തോലിക്കർക്കും ഒന്നുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്.

ആണ്ടുതോറും ജനുവരിമാസത്തിൽ നടത്തപ്പെടുന്ന സഭൈക്യത്തിനായുള്ള അഷ്ടദിനപ്രാർത്ഥനാവേള കത്തോലിക്കരേയും പ്രൊട്ടസ്റൻറുകാരെയും ഏകപൊതു ലക്ഷ്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. ക്രിസ്ത്യാനികളുടെ പൊതു പൈതൃകത്തെ അനുസ്മരിക്കുന്നതിനും അങ്ങനെ ഐക്യത്തിലേക്കു നീങ്ങുന്നതിനും ഇത്തരം പ്രാർത്ഥന സഹായമാകും.

## II കുററസമ്മതത്തിൻെറ അനുരഞ്ജക ശക്തി

ഭിന്നിപ്പിനു ഹേതുഭൂതമായ ഭൂതകാലപാപത്തിൽ നമുക്കുള്ള പങ്കുകൊള്ളലിനെ ഹൃദയപൂർവ്വം സമ്മതിക്കുന്ന വിനീത മനസ്ഥിതി സഭൈക്യത്തിനു ഒരുനല്ല അടിത്തറയാകും. വിജയഭേരിതാമനോഭാവം ഇത്തരം ''പിഴമൂള''ലിൽ നിന്നു സഭയെ

www.malankaralibrary.com



ഇതുവരെ മാററിനിർത്തിക്കളഞ്ഞു. പരസ്പര കുററസമ്മതവും പരസ്പരമാപ്പുപകരലും എക്യുമെനിസപുരോഗതിയുടെ അവശ്യഘടകങ്ങളായി മാർപ്പാപ്പാ തന്നെ ഇപ്പോഠം മമ്പോട്ടു വച്ചിരിക്കുകയാണ്. കൗൺസിൽ ഉത്ഘാടനം ചെയ്തുകൊണ്ട് പോപ്പുപോഠം പ്രസ്താവിച്ചു: ''ക്രിസ്തീയ ഭിന്നതയ്ക്കു നമ്മഠം ഏതെങ്കിലും വിധത്തിൽ കാരണക്കാരാണെങ്കിൽ പരമപിതാവിനോട് അതിനു വിനയപൂർവ്വം മാപ്പിരക്കുന്നു. ഞങ്ങഠം മുറിപ്പെടുത്തിയിട്ടുള്ള സഹോദരങ്ങളോടും ഞങ്ങഠം ക്ഷമ ചോദിക്കുന്നു. നീണ്ടകാലത്തെ വേർപാടിനിടയിൽ അനുഭവിക്കേണ്ടിവന്ന കെടുതികളെ കത്തോലിക്കാസഭ ക്ഷമിക്കുകയും മറക്കുകയും ചെയ്യുന്നു. സ്വർഗ്ഗസ്ഥ പിതാവു നമ്മുടെ പ്രാർത്ഥന കേഠക്കയും സമാധാനം ചൊരിയുകയും ചെയ്യട്ടെ''

മാർ പാപ്പായുടെ ഈ പ്രസ്താവന കൗൺസിലിൻെറ വിവിധ സമ്മേളനങ്ങളിൽ തുടരെത്തുടരെ ആവർത്തിച്ചു ഉദ്ധരിക്കപ്പെട്ടു. പരിപൂർണ്ണ ബോദ്ധ്യത്തോടെയുള്ള കുററസമ്മതവും ഏററുപറച്ചിലും പാപപ്പൊറുതിക്കു അപരിത്യാജ്യമെന്നത്രേ മെത്രാന്മാർ ഒന്നിനു പുറകെ ഒന്നായി ആവർത്തിച്ചത്. ഇരു കക്ഷികളും പരസ്പരം കുററം ഏററു പറയുകയും ഇരുകക്ഷികളും പരസ്പരം ക്ഷമിക്കുകയും ചെയ്യുന്ന മനോഹരസംവിധാനത്തിൽ യഥാർത്ഥ അനുരഞ്ജനത്തിൻെറ അടിത്തറ പടുത്തുയർത്തുന്നതിനു പരിശുദ്ധാത്മാവിനു സാധിക്കും.

## III ആന്തരിക നവീകരണം

കുററസമ്മതത്തേക്കാഠം ഒരുപടികൂടി ബുദ്ധിമുട്ടുള്ളതാണ് ആന്തരികനവീകരണം. മററുള്ളവ

www.malankaralibrary.com



രുടെ കുററങ്ങരം പൊക്കിപ്പിടിക്കുക എന്നതായിരിക്കരുത് നമ്മുടെ ശ്രമം. പിന്നെയോ, നമ്മുടെ കളങ്കങ്ങളെ ദുരീകരിക്കുക എന്നതായിരിക്കണം.

ആന്തരികനവീകരണത്തിൻെറ ആവശ്യകത ആദ്യന്തം ഊന്നിക്കൊണ്ടുള്ളതായിരുന്നു കൗൺസിൽ പ്രഭാഷണങ്ങളെല്ലാം. വിവിധ രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കപ്പെട്ട പ്രസ്തുത പ്രഭാഷണങ്ങളുടെ രത്നച്ചുരുക്കം ഇങ്ങനെയായിരുന്നു. ആയിരിക്കേണ്ട സഭയും ആയിരിക്കുന്ന സഭയും തമ്മിൽ അജഗജാന്തരമുണ്ട്. മനുഷ്യരുടെ പ്രത്യാഗമനം കാത്തുകൊണ്ട് സഭ കൈയുംകെട്ടിയിരുന്നാൽ മാത്രം പോരാ; പിന്നെയോ, ആന്തരികനവോത്ഥാനത്തിനു തയ്യാറാക കൂടിവേണം. മനുഷ്യനു പ്രയാസ സ്ഥിതി ഉണ്ടാക്കുന്ന ന്യായമായ കാരണങ്ങരം എല്ലാം സഭയിൽനിന്നു ദുരീകരിക്കണം.

## IV സാഹോദര്യത്തിൻെറ ആഹ്ലാദം, വിരഹത്തിൻെറ ദുർവ്വഹത

ക്രിസ്ത്യാനികരം സഹോദരങ്ങളാണ്. ഐക്യത്തിൻെറ അടിത്തറയും അതുതന്നെ. എന്താണീ സാഹോദര്യത്തിനു ഹേതു? കേവലം മനുഷ്യവ്യക്തികളെന്നതു മാത്രമോ? അല്ല. മാമോദീസാമൂലം പുതുജീവൻ പ്രാപിച്ചവർ എന്നതു തന്നെ. വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടുംജനനം എന്ന ക്രിസ്ത്യാനികളുടെ പൊതുഘടകം എക്യുമെനിസ സംരംഭങ്ങളെ ദൃഢതരമാക്കുന്നു. വിഭിന്ന ചേരികളിൽ നിലകൊള്ളുന്ന ക്രിസ്തീയ സമൂഹങ്ങളെല്ലാം തന്നെ മാമോദീസാമൂലം ഒരുവിധത്തിൽ സഭക്കുള്ളിലാകുന്നു.

സഹോദരന്മാർ എന്നു മാത്രം പറഞ്ഞാൽ നമ്മുടെ ഇന്നത്തെ യഥാർത്ഥസ്ഥിതി വെളിപ്പെ

www.malankaralibrary.com



ടുകയില്ല. നമ്മൾ വേർപിരിയപ്പെട്ട സഹോദരന്മാരാണ്. വേർപിരിയപ്പെട്ട ദുസ്ഥിതിയിൽ അലംഭാവമുളവാക്കാൻ നമ്മുടെ സാഹോദര്യത്തിനു കൊടുക്കുന്ന അമിതശ്രദ്ധ ഇടവരുത്തരുത്. സഹോദരന്മാരെന്ന വസ്തുത വിസ്മരിച്ച് വേർതിരിയപ്പെട്ട ദയനീയതയിൽ നിരാശാതരളിതമാകുന്ന ദുഃഖാവസ്ഥയും നമുക്കുണ്ടാകരുത്. സാഹോദര്യത്തിന്റെ ആഹ്ലാദവും വിരഹത്തിന്റെ ദുർവ്വഹതയും ഉള്ളവരാണ് നമ്മൾ. വിയോജിതത്വത്തെ മറന്ന് സാഹോദര്യത്തിന്റെ അമിതാഹ്ലാദത്തിൽ നമ്മൾ ആമഗ്നമാകരുത്; സാഹോദര്യത്തെ വിസ്മരിച്ച് നമ്മുടെ വിയോജിതസ്ഥിതിയിൽ അലംഭാവംകൊള്ളാനും പാടില്ല. സാധാരണ മനസ്സിലാക്കുന്നതിനേക്കാൾ ഉപരിയായി നമ്മൾ അവഗാഢതരം ബന്ധിതരാണ്. ''നമ്മൾ സഹോദരർ, എന്നാൽ, വിയോജിത സഹോദരർ'' എന്നതു നമ്മുടെ ഇന്നത്തെ യഥാർത്ഥ വസ്തുതയാണ്. ഈ അവബോധം നമ്മെ കൂടുതൽ ദൃഢതയിലേക്കു നയിക്കും.

## V ഹൃദ്യ സമ്പർക്കം

നമ്മൾ സഹോദരന്മാരാണ്; വിയോജിതസഹോദരന്മാർ. പരസ്പരബന്ധത്തിലേർപ്പെടേണ്ടവരും ഒരുമിക്കേണ്ടവരുമാണ് നമ്മൾ. ഹൃദ്യമായ വേഴ്ചയിൽനിന്നു മാറിനിൽക്കാൻ സാഹോദര്യം നമ്മെ സമ്മതിക്കില്ല. നമ്മെ അടുപ്പിക്കയും അകററുകയും ചെയ്യുന്ന വിവിധതലങ്ങളിലേക്കു അന്വേഷണദൃഷ്ടി തിരിക്കുകയും നൂതനപാതകൾ തുറക്കുകയും വേണം. ദൈവശാസ്ത്രജ്ഞന്മാർ ദൈവശാസ്ത്രവിഷയങ്ങൾ പരസ്പരം അറിയുകയും കൈകാര്യം ചെയ്കയും വേണം. കത്തോലിക്കാ സെമിനാരി വിദ്യാർത്ഥികൾ പ്രോട്ട

www.malankaralibrary.com



സ്ററൻറു പരിശീലനസംവിധാനവും പ്രോട്ട സ്ററൻറു വൈദിക വിദ്യാർത്ഥികരം കത്തോലി ക്കാ സെമിനാരിപരിശീലനവും മനസ്സിലാക്കണം. സമീപ ഇടവകകരം തമ്മിലും അറിഞ്ഞും സഹകരി ച്ചും നീങ്ങേണ്ടതുണ്ട്.

ഇത്തരംസഹകരണത്തിനു നല്ല മാതൃകയാണ് വത്തിക്കാൻ കൗൺസിൽ കാണിച്ചുതന്നിട്ടുള്ളത്. ഹാൻസ്ക്യുങ്ങിൻെറ (Hans Kung) ''കൗൺസിലും നവീകരണവും പുനരൈക്യവും'' (The Council, Reform and Reunion) എന്ന പുസ്തകം കത്തോലിക്കർ പഠിക്കയും ചർച്ചചെയ്കയും ചെയ്യുന്നതു കാണുമ്പോരം പ്രോട്ടസ്ററൻറുകാരും സഹകരിക്കയും സന്തോഷിക്കയും ചെയ്യും. പ്രാദേശിക പഠനസമിതികളിൽ കൗൺസിലിനെക്കുറിച്ചും വേദപുസ്തകത്തിൻെറ അനവദ്യതയെക്കുറിച്ചും പ്രവാചകന്മാരുടെ ദൗത്യത്തെക്കുറിച്ചും എല്ലാം ചർച്ചാവിഷയമാക്കാവുന്നതാണ്. വ്യക്തികളെ പരസ്പരം അറിയുന്നതിനും വ്യക്തികളുടെ ബോധ്യങ്ങളെ മനസ്സിലാക്കുന്നതിനും ഇത്തരം ചർച്ചാവേദി സഹായകമാകും.

വേഴ്ചകരം ദൃഢതരമാകുമ്പോരം പരസ്പരം യോജിപ്പിക്കുന്ന വിഷയങ്ങരം മാത്രമായിരിക്കയില്ല സംഭാഷണവിധേയമാകുന്നത്. അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളും ചർച്ചയ്ക്കുവരും. ഉരംപ്പക കൂടാതെയും ആത്മബോധത്തോടെയുംവേണം ഈ സംവാദം. വത്തിക്കാൻ കൗൺസിലിൽ ഉണ്ടായ അനുഭവങ്ങളെ മക്കഫീ ബ്രൗൺ അനുസ്മരിക്കുന്നു. പ്രശംസാവാക്കുകരം അദ്ദേഹത്തിൽ നിന്നുനേടി കുതുഹലചിത്തരാകുന്നതിനല്ല കൗൺസിൽ പിതാക്കന്മാർ പരിശ്രമിച്ചത്. സുന്നഹദോസിനെക്കുറിച്ച് അകത്തോലിക്കാനിരീക്ഷകനായ തനിക്കു

www.malankaralibrary.com



ണ്ടായ വസ്തുനിഷ്ഠമായ പ്രതികരണമറിയുന്നതിനായിരുന്നു അവരുടെ അഭിവാഞ്ഛ. വിയോജിപ്പുള്ള വിഷയങ്ങൾ സൗഹൃദപൂർവ്വം അവതരിപ്പിക്കാൻ ഡോക്ടർ ബ്രൗൺ മടിച്ചതുമില്ല.

കത്തോലിക്കാ പ്രൊട്ടസ്റ്റൻറു വേഴ്ചകളിൽ പ്രൊട്ടസ്റ്റൻറുകാർക്കു അലട്ടലുണ്ടാക്കുന്ന പ്രശ്നങ്ങൾ കത്തോലിക്കാചിന്തകന്മാർക്കും ക്ലേശം വരുത്തുന്നതായി മനസ്സിലാക്കുവാൻ കൗൺസിൽ നിരീക്ഷണം മക്കഫീ ബ്രൗണിനു സന്ദർഭമുണ്ടാക്കി. ഇത്തരം കാര്യങ്ങളിൽ കത്തോലിക്കരുടെ ശ്രദ്ധ അശേഷം തിരിയുന്നില്ലെന്നായിരുന്നു ഇതുവരെയുള്ള അദ്ദേഹത്തിൻെറ തെററിദ്ധാരണ.

സ്നേഹപൂർവ്വമായ വിമർശനം സ്വീകരിക്കുന്നതും അത്തരം വിമർശനം നടത്തുന്നതും പക്വതയുടെ ലക്ഷണമാണ്. ഇരുപക്ഷത്തേയും താൽപ്പര്യങ്ങൾ സ്നേഹപൂർവ്വം കണക്കിലെടുത്തും നിഷ്പക്ഷമായും നടത്തുന്ന വിമർശനം സംഹാരാത്മകമായിരിക്കയില്ല, സൃഷ്ടിപരമായിരിക്കും. നമ്മുടെ പരസ്പര സഹകരണത്തിൽ ഇത്തരം സ്ഥിതിവിശേഷം സംജാതമായിക്കഴിഞ്ഞാൽ ക്രൈസ്തവൈക്യത്തിൻെറ ബൃഹത്തായ ഒരു പടിയിൽ എത്തിക്കഴിഞ്ഞെന്നു നമുക്കു അഭിമാനിക്കാം.

## VI തിരിഞ്ഞുനോട്ടവും പുനരവലോകനവും.

അഭിപ്രായവ്യത്യാസത്തിൻെറ ഇന്നത്തെ പ്രശ്നങ്ങൾ ഒരു തിരിഞ്ഞുനോട്ടത്തിനു ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്നു. കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും കഴിഞ്ഞ കാലത്തിലേക്കു തുറന്ന മനസ്സോടെ തിരിഞ്ഞുനോട്ടം നടത്തേണ്ടതുണ്ട്. പ്രൊട്ട

www.malankaralibrary.com



സ്ററൻറു നവീകരണത്തിനെതിരേ വിവാദാത്മക മനോഭാവം സ്വീകരിക്കുന്ന കത്തോലിക്കാ മാമൂലിനു മാററം വന്നു തുടങ്ങിയിരിക്കുന്നു. പ്രൊട്ടസ്ററൻറു നവീകരണത്തിൻെറ ഉദ്ദേശ്യം സഭാ ശിഥിലീകരണമായിരുന്നില്ലെന്നും സുവിശേഷത്തിലേക്കുള്ള ഒരു പ്രത്യാഗമനമായിരുന്നെന്നും ഒരു മെത്രാൻ കൗൺസിൽതലത്തിൽ ഉച്ചൈസ്തരം പറഞ്ഞത് ഡോക്ടർ ബ്രൌൺ ചൂണ്ടിക്കാട്ടുന്നു. അതേ സമയം കത്തോലിക്കാ ആരാധനക്കെതിരായി പ്രൊട്ടസ്ററൻറുകാർക്കു പരമ്പരാഗതമായുണ്ടായിരുന്ന പുകച്ചുരുളുകളും കെട്ടടങ്ങിത്തുടങ്ങിയിരിക്കുന്നു. വിശുദ്ധ കുർബാനയെ ''മാന്ത്രികം'' എന്നധിക്ഷേപിക്കുന്ന നിലപാടിനെ അവർ പുനഃപരിശോധനക്കു വിഷയമാക്കിയിരിക്കുന്നു. കത്തോലിക്കാ വിശ്വാസത്തിൻെറ കേന്ദ്രസ്ഥാനീയമായ വിശുദ്ധ ബലിയെപ്പററി അവർ ഉത്തരവാദിത്വപൂർവ്വം ചിന്തിച്ചുതുടങ്ങിയിരിക്കുന്നു.

ഭൂതകാലത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം ഇന്നു അനിവാര്യമത്രേ. എവിടെയാണ് ക്രിസ്ത്യാനിയുടെ ഇന്നത്തെ നിലനിൽപ്പെന്നു അറിയുവാൻ എവിടെനിന്നാണു വരുന്നതെന്ന പരിശോധന ഒത്തൊരുമിച്ച് നമുക്കു ചെയ്യാവുന്ന ഒരു വലിയ സംരംഭമാണ്. വികാരപരതയും പകപൊരുതലും കൂടാതെ ഇതെത്രമാത്രം പുരോഗമിപ്പിക്കാമോ അത്രമാത്രം നമ്മൾ ഒത്തൊരുമയിൽ വളരുകയും ചെയ്യും.

വത്തിക്കാൻ കൗൺസിൽ മരിയശാസ്ത്രത്തെ കണക്കിലെടുത്തവിധം ഇതിനു ഉദാഹരണമാണ്. മരിയശാസ്ത്രം ഒരു പ്രത്യേക പ്രമാണരേഖയായി പ്രസിദ്ധീകരിക്കേണ്ടതില്ലെന്നു ചെറിയതെങ്കിലും

www.malankaralibrary.com



വ്യക്തമായ ഭൂരിപക്ഷത്തോടെ സുന്നഹദോസ് പിതാക്കന്മാർ തീരുമാനിച്ചു. പകരം, സഭയെപ്പററിയുള്ള രേഖയിൽ മരിയശാസ്ത്രവും പെടുത്തി. ഈ തീരുമാനത്തിന്റെ പിന്നിൽ ഒന്നിലധികം പ്രേരകശക്തികളുണ്ടായിരുന്നു. കത്തോലിക്കാ വിശ്വാസസംഹിതയിൽ മരിയ ഭക്തിയെ ഒററപ്പെടുത്തി ഉയർത്തിക്കാട്ടുന്നതിന് പ്രത്യേക പ്രമാണരേഖ ഇടം കൊടുത്തേക്കും എന്ന ഭീതിയാണ് ഒന്ന്. എക്യുമെനിസബന്ധങ്ങളെ തളർത്തുന്നതിനുപകരം പൂർവ്വാധികം വളർത്തുന്നതിനു പുതിയ തീരുമാനം നിദാനമാകും എന്ന ധാരണയാകണം രണ്ടാമത്തേത്.

ഇത്തരം നീക്കങ്ങറം എക്യുമെനിസത്തിന്റെ സൽഫലങ്ങറം പുറപ്പെടുവിക്കും. സുവിശേഷാധിഷ്ഠിതമായി അവതരിപ്പിക്കുന്ന മരിയഭക്തി പ്രോട്ടസ്ററൻറുകാരനെ പുനരവലോകനത്തിനു പ്രേരിപ്പിക്കാതിരിക്കയില്ല. മരിയശാസ്ത്രപരങ്ങളായ വേദപുസ്തക ഭാഗങ്ങറം അവർഇനിയും പരിശോധനക്കു വിധേയമാക്കും. ഇതുവരെയും അവരതു ചെയ്തിട്ടില്ല. മരിയശാസ്ത്രം അപ്പാടെ വേദപുസ്തകാനുസൃതമല്ലെന്നാണ് അവരുടെ ശാഠ്യം. വൈകാരികപക്ഷപാതം മാത്രമാണ് ഇതിനുകാരണം. കഴിഞ്ഞകാലത്ത് വേർതിരിവിന് ഹേതുവായ ഒന്നിനെ ഐക്യത്തിന്റെ ക്രിയാത്മകഘടകമാക്കുവാൻ കൗൺസിലിന്റെ ഈ ചെയ്തി എന്തായാലും സഹായിച്ചിട്ടുണ്ട്.

അഭിപ്രായവ്യത്യാസങ്ങളിലേക്കു നമ്മറം തുറിച്ചുനോക്കുമ്പോറം അവയ്ക്കിടയാക്കിയ കഴിഞ്ഞ കാലകാരണങ്ങളിലേക്കു ചിന്തയെ തിരിക്കുവാൻ മടിയ്ക്കരുത്. ആ പ്രതിബന്ധങ്ങളിൽ ചിലതെങ്കിലും ക്രമേണ നിവാരണം ചെയ്യാമെന്ന പ്രത്യാശയും നമുക്കുണ്ടായിരിക്കണം.

www.malankaralibrary.com



## VII വേദപുസ്തക തീർത്ഥാടനം

വത്തിക്കാൻകൗൺസിലിൽ സംബന്ധിച്ച ഫ്രഞ്ചുകാരനായ ഒരു പ്രോട്ടസ്റ്റൻറു നിരീക്ഷകൻ അഭിപ്രായപ്പെട്ടു, കത്തോലിക്കാ പ്രോട്ടസ്റ്റൻറു സഹോദരങ്ങൾ ഒത്തൊരുമിച്ചുനടത്തുന്ന അറുനൂറിലേറെ ബൈബിൾപഠനസമിതികൾ ഫ്രാൻസിലുണ്ടെന്ന്. എല്ലാ രാജ്യങ്ങളിലും ഇത്തരം നീക്കങ്ങൾ ആരംഭിച്ചിട്ടില്ലായിരിക്കാം. എന്നാൽ, ക്രിസ്ത്യാനികളുടെ പൊതുഖനിയാണ് വേദപുസ്തകം എന്ന കാര്യത്തിൽ തർക്കമില്ല. ദൈവത്തിനു മനുഷ്യനോടുള്ള ഭാഷണം അന്യാദൃശമാംവിധം ബൈബിളിൽ ചിത്രീകരിച്ചിട്ടുണ്ട്. ക്രിസ്തീയ വിശ്വാസത്തിൻെറ ഉറവിടവും വിശുദ്ധപുസ്തകം തന്നെ. ജീവൻെറ പാനീയം അവിടെനിന്നാണ് നമ്മൾ വലിച്ചെടുക്കുന്നത്. ക്രിസ്തുവിൻെറ സഹോദരങ്ങളെന്ന അവകാശവാദത്തെക്കുറിച്ചു അറിയുന്നതിനും നമ്മൾ വേദപുസ്തകത്തിലേക്കു തന്നെ ചെല്ലണം.

വേദപുസ്തകത്തിൻെറ പൊതുഖനിയിലേക്കു ക്രിസ്ത്യാനികൾ ഒത്തൊരുമിച്ചു ഇറങ്ങണമെന്നുള്ളത് ഇന്നു സർവ്വസമ്മതമായ കാര്യമാണ്. കത്തോലിക്കാ പ്രോട്ടസ്റ്റൻറു വേദപുസ്തകപണ്ഡിതന്മാർക്കു കൈകോർത്തുപിടിച്ചു കൊള്ളുകയും കൊടുക്കുകയും ചെയ്യാവുന്ന തീർത്ഥാടനസ്ഥാനമാണിത്. മൂന്നിലധികം ദശകങ്ങളിലായി വിഭിന്ന വകുപ്പിൽപെട്ട ബൈബിൾഭാഷ്യകാരന്മാർ ഈ പൊതുഖനിയിൽ ഒരുമിച്ചു പ്രയോജനപ്രദമായ ഗവേഷണം തുടരുന്നു. പിളർക്കപ്പെട്ട ക്രിസ്തീയ സഹോദരന്മർക്കു തങ്ങളുടെ വിശ്വാസത്തെ ശാണഘർഷണം ചെയ്തുകാണുന്നതിനുള്ള

www.malankaralibrary.com



പൊതുവേദി വേദപുസ്തകപഠനത്തിന്റേതു തന്നെയാണ്.

സുവിശേഷപ്രതിഷ്ഠ എന്ന ചടങ്ങു വത്തിക്കാൻകൗൺസിൽവേളയിലെ ഓരോ പ്രഭാതത്തിലുമുണ്ടായിരുന്നു. വേദപുസ്തകത്തിന്റെ ഒരു പ്രാചീനകൈയെഴുത്തുഗ്രന്ഥം മുന്നോട്ടു കൊണ്ടുവരികയും സമ്മേളനപര്യന്തം അതു അൾത്താരയിൽ പ്രതിഷ്ഠിക്കയും ചെയ്തിരുന്നു. സുവിശേഷവിശദീകരണമാണ് യഥാർത്ഥ പ്രവർത്തനമെന്ന് അതു കൗൺസിൽപിതാക്കന്മാരെ അനുസ്മരിപ്പിച്ചു. നിർദ്ദിഷ്ടലക്ഷ്യത്തിൽ നിന്നു ആരെങ്കിലും വ്യതിചലിക്കുന്നെങ്കിൽ ആ കുററം അവരെ തെര്യപ്പെടുത്തുന്നതിന് പര്യാപ്തമായിരുന്നു സൂന്നഹദോസുവേദിയിലെ അൾത്താരയിൽ പ്രതിഷ്ഠിതമായ ആ വിശുദ്ധപുസ്തകം.

നമ്മൾ ഉൾക്കൊള്ളുന്ന വിശ്വാസത്തിന്റെ ഉറവിടം സുവിശേഷമാണ്. തന്മൂലം വേദപുസ്തകപഠനത്തിൽ നമ്മൾ പങ്കുകൊള്ളുമ്പോൾ പൊതുവിശ്വാസത്തിലും നമ്മൾ അതീവം സഹകരിക്കുകയാണ്.

## VIII ക്രിസ്ത്യാനികളും മാനുഷിക പ്രശ്നങ്ങളും

വിശ്വാസതത്ത്വങ്ങളെ സംബന്ധിച്ചിടത്തോളം വിഭിന്ന തട്ടുകളിലായിരിക്കാം ക്രിസ്ത്യാനികളുടെ നില. എന്നാൽ, മാനുഷികവും പൗരാവകാശപരവുമായ കാര്യങ്ങളിൽ തോളോടുതോളുരുമ്മുന്നതിന് അവർക്കു പ്രതിബന്ധമൊന്നുമില്ല. ദൈവത്തിന്റെ ദൃഷ്ടിയിൽ മനുഷ്യർ സമന്മാരെന്നും അവിടെ വർണ്ണവിവേചനത്തിനു സ്ഥാനമില്ലെ

www.malankaralibrary.com



ന്നും സമ്മതിച്ചേററുപറയുന്നതിന് സ്വർഗ്ഗാരോ പണവിശ്വാസപ്രഖ്യാപനകാര്യത്തിൽ യോജിച്ചു കഴിഞ്ഞിരിക്കണമെന്നില്ല. വിശ്വാസസത്യവൈപ രീത്യങ്ങൾ ആരാഞ്ഞറിയുന്നതിനോടൊപ്പം മാനു ഷികവും പൗരാവകാശപരവുമായ കാര്യങ്ങളിലു ള്ള യോജിപ്പ് നമുക്ക് അനുഭവവേദ്യമാകണം. മാ നുഷിക നീതികേടിനെതിരായി ശബ്ദമുയർത്തു ന്നതിൽ കത്തോലിക്കനും പ്രോട്ടസ്ററൻറുകാരനും ഒന്നിക്കയും കയറിക്കയറി നിലകൊള്ളുകയും വേ ണം.

സാമൂഹ്യനീതികേടിനെതിരായി ക്രിസ്ത്യാ നികൾ പൊതുസമരനിര രൂപീകരിച്ചേ മതിയാവൂ. ജീവൻെറ മേശയിൽ നിന്ന് അപ്പവും വീഞ്ഞും പ ങ്കിടുന്ന പരിശുദ്ധകർമ്മത്തിൽ സഹകരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് സാമൂഹ്യാസൂത്രണ ത്തിൻെറ വട്ടമേശസമ്മേളനത്തിലെ പൗരാവകാശപ രങ്ങളായ കാര്യങ്ങളിൽ ഒന്നിച്ചണിനിരക്കാൻ പററി ല്ലെന്നു പറയുന്നതു ഉത്തരവാദിത്വത്തിൽ നിന്നു ള്ള തന്ത്രപൂർവ്വമായ ഒഴിഞ്ഞുമാറലാണ്. സാമ്പ ത്തികവും, സാമൂഹ്യവുമായ നീതികേടിനെതിരാ യുള്ള പ്രവർത്തനത്തിൽ ഒററക്കെട്ടായി നിന്നു ക്രി സ്തുവിലുള്ള ദൃഢവിശ്വാസം വെളിപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ പറച്ചിലും പ്രവൃ ത്തിയും ലോകം വിശ്വസിക്കുമെന്ന് പ്രതീക്ഷിക്കേ ണ്ടതില്ല.

തിരഞ്ഞെടുപ്പുവേളയിലെ വോട്ടുപിടിത്തത്തി നോ നിയമസഭ പാസാക്കിയ ബില്ലിനെതിരായി പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിലോ മാ ത്രമാണ് വിഭിന്നചേരിക്കാരായ ക്രിസ്ത്യാനികൾ ഇന്നു പരസ്പരം കണ്ടുമുട്ടുന്നത്. സാമൂഹ്യാസ മത്വങ്ങൾക്കും നീതികേടിനും എതിരായി ആശയം

www.malankaralibrary.com



രൂപപ്പെടുത്താൻ എന്തുകൊണ്ടു ക്രിസ്ത്യാനികൾക്കു ഒത്തൊരുമിച്ചുകൂടാ ?

ഇത്തരം മുന്നേററത്തിൽ അനുഭവപ്പെടുന്ന ദൃഢതയും ഐക്യവും അത്ഭുതാവഹമാണ്. അമേരിക്കയിലെ പ്രോട്ടസ്ററൻറുകാരനും കത്തോലിക്കനും പരസ്പരം കൈകോർത്തുകൊണ്ട് വാഷിംഗ്ടണിലേക്കു മാർച്ചുചെയ്തു. അവിടത്തെ കടുത്ത വിഭാഗീയതയെ വെല്ലുവിളിച്ചുകൊണ്ടുള്ളതായിരുന്നു ആ പ്രകടനം. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ ബദ്ധനെന്നോ സ്വതന്ത്രനെന്നോ കറുത്തവനെന്നോ വെളുത്തവനെന്നോ കത്തോലിക്കനെന്നോ പ്രോട്ടസ്ററൻറുകാരനെന്നോ ഉള്ള ഭേദം ആ ആവേശപ്രകടനത്തിൽ നിന്നു ഒരുവനെ മാററി നിർത്തിയില്ല. ക്രിസ്തുവിൻെറ സഭ മാനുഷിക പ്രശ്നങ്ങളിൽ ഇടപെട്ടു തുടങ്ങിയെന്ന അനുഭൂതിയാണ് അന്നു പലരിലും രൂഢമൂലമായത്. കത്തോലിക്കരും പ്രോട്ടസ്ററൻറുകാരും ഒരു പടി കൂടി ദൃഢമായി അടുക്കുവാൻ അതുപ്രേരകമായി. വിയോജിതസഭകൾക്കു ലോകം കരുത്തുററതായി തോന്നാം. വിഭജിതലോകത്തിനു കരുത്തുററ ഒരു സഭയെ ആവശ്യമുണ്ട്. മൗലികങ്ങളായ ഉത്തമബോധ്യങ്ങളെ ബലികഴിക്കാതെ ഒരുമയോടെ പ്രവർത്തിക്കാൻ നമുക്കു സാധിക്കുമ്പോൾ ക്രിസ്തീയമായ കെട്ടുറപ്പും ദൃഢതയും വർദ്ധിക്കുകയാണ്.

## IX മുന്നറിയിപ്പും ശുഭസൂചനയും

സഭൈക്യത്തിനുവേണ്ടി ശ്രമിക്കുന്നവരനവധിയുണ്ട്. ഭിന്നതയുടെ മതിൽക്കെട്ടുകളെ അതിവേഗം മറികടക്കാമെന്നു തന്നെയാണ് അവരുടെ പ്രതീക്ഷ. കുറെ നീങ്ങിക്കഴിയുമ്പോൾ മാത്രമേ

www.malankaralibrary.com


കീറാമുട്ടികരം അനുഭവപ്പെടുകയുള്ളു. അവ കീറാമുട്ടികളായി തുടരുകയും ചെയ്യും. അപ്പോഴാണ് അവരുടെ മനംമടുക്കുക. അപ്പോരം പ്രോട്ടസ്ററൻറുകാരൻ മുറുമുറുക്കും, കത്തോലിക്കരുടെ ദുശ്ശാഠ്യത്തിനു എന്തുകൊണ്ടാണ് അയവു വരുത്താത്തത്? പാപ്പായുടെ അപ്രാമാതിതപത്തിൽ എന്തേ, അവരിത്ര കടിച്ചുതൂങ്ങുന്നു? കത്തോലിക്കൻ പറയും, ശുദ്ധമാനപള്ളി ഒന്നുമാത്രമേയുള്ളെന്നും അതു കത്തോലിക്കാപ്പള്ളിയാണെന്നും എന്തുകൊണ്ടു പ്രോട്ടസ്ററൻറുകാരൻ മനസ്സിലാക്കുന്നില്ല? കത്തോലിക്കരുടെ എക്യുമെനിസം പടം മാത്രമാണെന്നു വാദിക്കുന്ന പ്രോട്ടസ്ററൻറുകാരുമുണ്ട്.

ഭയാനകങ്ങളായ നെടുങ്കോട്ടകരം തന്നെയാണ് സഭൈക്യവീഥിയിൽ മറികടക്കാനുള്ളത്. സൗഹൃദസംഭാഷണമെല്ലാം കഴിയുമ്പോഴും പിന്നെയും പ്രശ്നം പഴയതുപോലെ ശേഷിക്കും. കത്തോലിക്കാസഭമാത്രമാണ് യഥാർത്ഥ സഭയെന്നു കത്തോലിക്കരും കത്തോലിക്കാമർക്കടമുഷ്ടിപിടിത്തം വിടാതെ സഭൈക്യത്തിനില്ലെന്നു പ്രോട്ടസ്ററൻറുകാരും വാദിക്കും. സഭൈക്യയത്നങ്ങളെ സ്തംഭനത്തിലെത്തിക്കുന്ന സ്ഥിതിവിശേഷമാണിത്. പരിശുദ്ധത്മപ്രവർത്തനംകൊണ്ടേ ഈ സ്തംഭനത്തെ ഒഴിവാക്കാനൊക്കൂ.

എന്തു ത്യാഗവും സഹിക്കാനുള്ള സന്നദ്ധത എക്യുമെനിസത്തിൻെറ വഴിത്താരയിൽ പുരോഗമിക്കുന്നതിന് ആവശ്യമാണ്. എക്യുമെനിസത്തിൻെറ ഫലമായി ഉദയം കൊള്ളുന്നത് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ആയിരിക്കും. അതു കത്തോലിക്കരെ മുഴുവൻ ഉരംക്കൊള്ളുന്ന പ്രോട്ടസ്ററൻറുസഭയായിരിക്കയില്ല, പ്രോട്ടസ്ററ

www.malankaralibrary.com



ന്റുകാരെ മുഴുവൻ ഉൾക്കൊള്ളുന്ന കത്തോലിക്കാ സഭയുമായിരിക്കയില്ല. ഒരു സമൂഹം വേറൊരു സമൂഹത്തിൽ ഒഴുകിച്ചേരുന്നതിനുവേണ്ടി കാത്തിരുന്നാൽ അതു സാധിതപ്രായമാകയില്ല. പരസ്പരം ലയിക്കുന്നതിനുള്ള ശ്രമം രണ്ടു സമൂഹങ്ങളിൽ നിന്നുമുണ്ടാകണം.

സഭ ഒരു രഹസ്യമാണ്. അതിന്റെ ആകൃതി വ്യക്തമായി വരയ്ക്കാൻ നമുക്കു സാദ്ധ്യമല്ല. അതിന്റെ അതിരുകൾ ദൈവത്തിനു മാത്രമേ അറിയൂ. വത്തിക്കാൻ സുന്നഹദോസിന്റെ സഭയെപ്പററിയുള്ള പ്രമാണരേഖ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. സഭയെപ്പററിയുള്ള ഉൾക്കാഴ്ച ലഭ്യമാമാൻ വിവിധ സഭാവിഭാഗങ്ങൾ പരസ്പരം സഹകരിക്കണം. പോപ്പുപോൾ പ്രോട്ടസ്ററൻറുനിരീക്ഷകരോടും കാർഡിനൽ ലീഗർ (Cardinal Leger) കൗൺസിൽ പിതാക്കന്മാരോടും നടത്തിയ പ്രഭാഷണത്തിൽ ദൈവശാസ്ത്രപരമായ അചഞ്ചലത (theological immobilism) കഠിനമാംവിധം വിമർശനവിഷയമാക്കിയിട്ടുണ്ട്. മനുഷ്യന്റെ അധ്യവസാനത്തിലൂടെ ദൈവികസത്യങ്ങൾ ആത്യന്തികരൂപം പ്രാപിച്ചിട്ടുണ്ട് എന്ന ആശയമാണ് ദൈവശാസ്ത്രപരമായ അചഞ്ചലതയ്ക്കു ഹേതു. ഒരിക്കൽ പരിശുദ്ധന്മാർക്കു ലഭ്യമായ വിശ്വാസത്തിലേക്കു നമ്മെ നയിക്കുന്നതിനു പരിശുദ്ധാത്മാവിനു സാധിക്കുമെന്നാണ് നമ്മുടെ അകമഴിഞ്ഞ പ്രത്യാശ.

"എല്ലാവരും ഒന്നാകണ"മെന്നുള്ളത് ക്രിസ്തുവിന്റെ അഭിലാഷമാണെന്നു നമുക്കറിയാം; അതു എങ്ങനെ സാധിതമാകുമെന്നറിഞ്ഞു

www.malankaralibrary.com


കൂടാ. മക്കളായ നമ്മുടെ ഐക്യം ക്രിസ്തു ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഭിന്നതയുടെ ഭിത്തികളെ കഴിവതും ഇടിച്ചുനിരത്തേണ്ടതും നമ്മുടെ കർത്തവ്യമാണ്. എല്ലാ പ്രതിബന്ധങ്ങളെയും ഇല്ലാതാക്കാൻ നമുക്കു സാധിച്ചെന്നിരിക്കയില്ല; ചില വൈലങ്ങുതടികളെ വലിച്ചുമാററാൻ കഴിയും. അത്രയുമാകട്ടെ. ക്രൈസ്തവൈക്യവീഥിയിൽ അതു ഒരു പുതിയ അവസ്ഥാവിശേഷം സംജാതമാക്കും. ക്രിസ്തീയൈക്യത്തിനുവേണ്ടി നമുക്കു ചെയ്യാവുന്ന കാര്യം അതാണ്. ആ പുതിയ അവസ്ഥാവിശേഷത്തിൽനിന്നു എന്തുണ്ടാകുമെന്നു നമുക്കറിഞ്ഞുകൂടാ. ദൈവത്തിനറിയാം. അതു മതിതാനും.

www.malankaralibrary.com

## അദ്ധ്യായം 10

# ഡയലോഗിന്റെ ലക്ഷണങ്ങൾ

എക്യുമെനിസത്തിന്റെ ജീവനാഡിയാണ് ഡയലോഗ്. എക്യുമെനിസത്തോളം തന്നെ പരപ്പും ആഴവും അതിനുണ്ട്. സൗഹൃദാന്തരീക്ഷസൃഷ്ടി സാധിതപ്രായമാകേണ്ടത് ഡയലോഗിലൂടെയാണ്. ''സംബന്ധമാ ഭാഷണപൂർവ്വമാഹു:'' (സംഭാഷണത്തോടുകൂടിയാണ് വേഴ്ച ആരംഭിക്കുന്നത്) എന്ന ചൊല്ലുതന്നെയുണ്ട്. ''മനസ്സിലൊന്നും പുറത്തു വേറൊന്നും'' (മനസ്സന്യം കർമ്മണ്യന്യം) എന്ന നിലയിലുള്ള ഭാഷണമല്ല സംവാദം. കറകളഞ്ഞ ഒരു മനസ്ഥിതിയുടെ സത്യസന്ധമായ ബാഹ്യപ്രകാശനമാണത്.

ഇതര സമൂഹങ്ങളെക്കുറിച്ച് തീർത്തും അജ്ഞരായത്രേ വിവിധവിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികൾ കഴിഞ്ഞുകൂടിയത്. സൗഹൃദസംഭാഷണത്തിന് അവർ മുതിർന്നില്ല. അതു അപകടം വരുത്തിക്കൂട്ടുംഎന്നവർ ഭയപ്പെട്ടു. സഭകൾതമ്മിൽ ശീതസമരമായിരുന്നു. പെട്ടെന്നു ക്ഷതമേൽക്കുന്ന ''തൊട്ടാവാടിത്വ''മായിരുന്നു മതവികാരത്തിന്റേത്. നിഷ്ക്കളങ്കപ്രസ്താവനയിൽ നിന്നുപോലും വിദ്വേ

www.malankaralibrary.com


ഷാഗ്നി കത്തിക്കാളിയിരുന്നു. മുറുമുറുപ്പും കിരുകിരുപ്പും അകററുന്നതിന് ആധ്യാത്മികവിഷയങ്ങൾ സംസാരിക്കാതിരിക്കുക എന്നതായി നല്ല സദസ്സുകളിൽ കരണീയം.

പ്രോട്ടസ്ററൻറുകാരും കത്തോലിക്കരും ഉൾപ്പെടുന്ന സൽക്കാരസുഹൃൽസമ്മേളനങ്ങളിൽ ഏതു പ്രശ്നവും സംസാരവിഷയമാക്കിയിരുന്നു. പക്ഷേ, തങ്ങളെ ഒന്നിപ്പിക്കുന്ന യേശുക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചുമാത്രം പറയുന്നതിനു അവർക്കു ആവതുണ്ടായിരുന്നില്ല. സമാധാനവും വ്യക്തിബന്ധവും നിലനിർത്തുന്നതിനുവേണ്ടി യേശുവിൽനിന്നും പിന്തിരിയുവാൻ അങ്ങനെ അവർ നിശബ്ദരായി സഹകരിച്ചു.

മിശ്രവിവാഹംകൊണ്ടു ബന്ധിതരായ ദമ്പതികൾ വിശ്വാസത്തെക്കുറിച്ചു പരസ്പരം മിണ്ടുവാൻ വിസമ്മതിച്ചു. വിവിധസഭകളിലെ വൈദികർ കൂടിക്കാണുക സാധാരണമല്ലാതായി. വേദം വിശദീകരിക്കേണ്ട തങ്ങൾ കൂടിക്കണ്ടാൽ കശപിശയാകും എന്നായിരുന്നിരിക്കണം അവരുടെ ഭീതി. കത്തോലിക്കാ പ്രോട്ടസ്ററൻറു പാതിരിമാരെ ഒന്നിച്ചു ക്ഷണിച്ചു സൽക്കരിക്കുക നയചാതുരിയുള്ള ആതിഥേയനു സാധിക്കാതെവന്നു. കത്തോലിക്കാകന്യാസ്ത്രീയെ ഒരിക്കലും കണ്ടിട്ടില്ലാത്ത പ്രോട്ടസ്ററൻറു വൈദികരും ആംഗ്ളിക്കൻമെത്രാനെ എങ്ങനെ സംബോധന ചെയ്യണമെന്നറിഞ്ഞുകൂടാത്ത കത്തോലിക്കാകന്യാസ്ത്രിയും തൻെറ സുഹൃൽവലയത്തിലുണ്ടെന്ന് ജോൺ കോഗ്ളി (John Cogley) എന്ന എക്യുമെനിസചിന്തകൻ പറയുന്നു.

ആളിപ്പടർത്തുന്ന വിദ്വേഷചിന്തയുടെ ഇത്തരം നിർഭാഗ്യാവസ്ഥയിൽനിന്നുള്ള സമൂലമാററമാണ്

www.malankaralibrary.com



ഇന്നത്തെ ഡയലോഗുമനസ്ഥിതി ഉളവാക്കുക. സൗഹൃദസംഭാഷണത്തിൽ ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങൾ എടുത്തുകാണിക്കുന്നതിനാണ് ശ്രമിക്കുന്നത്.

1. ''തൻപിള്ള പൊൻപിള്ള'' നയം വർജ്ജിക്കണം;
2. വിവാദാത്മകമല്ല സംവാദം;
3. സത്യം ബലികഴിച്ചുകൊണ്ടുള്ള സ്നേഹം പാടില്ല;
4. സ്നേഹം ബലികഴിച്ചുകൊണ്ടുള്ള സത്യം പാടില്ല;
5. അന്ധമായ ദോഷജല്പനം അരുത്;
6. അന്യർ പൂജ്യമായി കരുതുന്നതിനെ അനാദരിക്കരുത്;
7. ഉത്തരം പറയാനില്ലാത്തവയെക്കുറിച്ചു തർക്കിക്കരുത്;
8. ദൈവവിജ്ഞാനീയം ദൈവശാസ്ത്രജ്ഞർക്ക വിട്ടുകൊടുക്കണം

www.malankaralibrary.com

I

# 'തൻപിള്ള പൊൻപിള്ള'നയം വർജ്ജിക്കണം

വിദ്യാലയങ്ങളിലെ ചരിത്രബോധത്തിൻെറ തെററായ നീക്കത്തെ ബട്രാൻറു റസ്സൽ ഇങ്ങനെ അപലപിക്കുന്നു: "അതാതു രാജ്യങ്ങളെ വലുതാക്കി കാണിക്കുന്ന വിധത്തിലാണ് ലോകത്തിലെവിടെയും ചരിത്രം പഠിപ്പിച്ചുവരുന്നത്. തങ്ങളുടെ രാജ്യക്കാർ എപ്പോഴും ശരിയായ കൃത്യങ്ങൾ മാത്രമേ ചെയ്തിട്ടുള്ളുവെന്നും, മിക്കപ്പോഴും എല്ലാററിലും വിജയം അവർക്കേ സിദ്ധിച്ചിട്ടുള്ളുവെന്നും അവരുടെ ഇടയിലാണ് ലോകപൂജ്യരായ ഒട്ടധികം മഹാന്മാർ ജനിച്ചിട്ടുള്ളതെന്നും എല്ലാ സംഗതിയിലും തങ്ങളുടെ രാജ്യമാണ് ലോകത്തിൽവച്ച് ഏററവും മാഹാത്മ്യമേറിയതെന്നും വിശ്വസിപ്പാൻ കുട്ടികൾ പാഠശാലകളിൽവെച്ചു പഠിച്ചുവരുന്നു."(1)

ലോകസമാധാനത്തെ അലങ്കോലപ്പെടുത്തുന്ന ഒരുതരം മനോദീനം എന്നു പറയാവുന്ന ഇത്തരം ദുസ്ഥിതി മതപരവും സമൂഹസംബന്ധികളുമായ നമ്മുടെ വാഗ്വാദങ്ങളിൽ സർവ്വസാധാരണമാണ്. ആറന്മുളഭഗവാൻെറ ഭക്തനായ ഭർത്താവിൻെറയും കവിയൂർദേവൻെറ ഭക്തയായ ഭാര്യയുടേയും കലഹത്തെക്കുറിച്ച് ഒരു കഥയുണ്ട്. തങ്ങൾ നട്ടുവളർത്തിയ പൂവൻവാഴയുടെ കുല ഇഷ്ടദേവതയായ ആറന്മുളഭഗവാന് നിവേദിക്ക

(1) Principles of Social Re-Construction, Russel

www.malankaralibrary.com



ണമെന്ന് നായർ ശാഠ്യം പിടിച്ചു. അതു തന്റെ ഉപാസനാമൂർത്തിയായ കവിയൂർദേവന് നിവേദിക്കണമെന്നായിരുന്നു ഭാര്യയുടെ നിശ്ചയം. വാഴയിൽ നിന്നുതന്നെ കുല പഴുത്തു തുടങ്ങി. ഒരു കുരങ്ങു വന്നു പഴുത്തകായ് തിന്നു. നായർ കല്ലും കൊഴിയുമെടുത്തെറിഞ്ഞു. വാഴയിൽ നിന്നു ചാടിയ കുരങ്ങു ഒരു കുററിയിന്മേൽ വീണു വയറു കീറിച്ചത്തു. ഇതു കണ്ടു കവിയൂർ ദേവന്റെ ഭക്ത ആവേശപൂർവ്വം പറഞ്ഞു: ''ആ കുല ആറന്മുളയ്ക്കു കൊണ്ടുപോകണമെന്നു നിങ്ങളല്ലേ പറഞ്ഞത്? കവിയൂർദേവൻ തന്റെ ഹനുമാനെ പറഞ്ഞയച്ചു ആ കുല കടിപ്പിച്ചു അശുദ്ധപ്പെടുത്തിയതു കണ്ടില്ലേ? ഇനിയും ആ കുല ആറന്മുളക്കു കൊണ്ടുപോകുന്നതു കാണണം. കവിയൂർ ദേവനോടു കളിച്ചാൽ ഇങ്ങനെയിരിക്കും, ഇവിടുത്തെ സ്വാമി ചില്ലറക്കാരനല്ല''. ഭാര്യയുടെ പരിഹാസത്തിൽ ഭർത്താവു തളർന്നില്ല. ആ ആറന്മുള ഭക്തൻ തട്ടിവിട്ടു: ''തനിക്കു നിവേദിക്കാനായി നിശ്ചയിക്കപ്പെട്ടിരുന്ന വാഴയ്ക്കു ശുദ്ധം മാററിയ കുരങ്ങിനെ ആറന്മുളയപ്പൻ ഉടനെ നിഗ്രഹിച്ചതു കണ്ടില്ലേ? ആറന്മുളയപ്പനോടു കളിച്ചാൽ ഇങ്ങനെയിരിക്കും. ആറന്മുളദേവൻ വല്ലാത്തയാളാണെന്നു നീയും മനസ്സിലാക്കിക്കൊള്ളണം'' (2)

ഇഷ്ടദേവതയുടെ വലുപ്പം കാണിക്കാൻ മാത്രമുള്ള ഈ വാഗ്വാദം ബാലിശമായി തോന്നാമെങ്കിലും സഭാപരതർക്കങ്ങളിൽ ക്രിസ്ത്യാനികളും ഇത്തരം സ്വമതശാഠ്യം കാണിക്കാറുണ്ട്. സ്വന്തം വകുപ്പിലെ വലിയ വ്യക്തികളുടെ മാഹാത്മ്യത്തെ അതിവർണ്ണനം ചെയ്യുകയും ഇതര വകുപ്പി

[2] കൊട്ടാരത്തിൽ ശങ്കുണ്ണി, ഐതിഹ്യമാല, ഭാഗം 3

www.malankaralibrary.com



ലെ നന്മയുടെമേൽ കണ്ണടച്ചുകൊണ്ട് കുററങ്ങളും കുറവുകളും ചികഞ്ഞെടുത്ത് ഊതിവീർപ്പിക്കയുമാണ് പൊതുവെ പതിവ്. മാർട്ടിൻ ലൂഥറിനെ താറടിക്കാൻ കത്തോലിക്കർ ശ്രമിക്കും. വൈദികത്വം കളഞ്ഞുകുളിച്ച്, അനേകായിരങ്ങളെ പാഷണ്ഡതയിലേക്കു തള്ളിവിട്ട അനുസരണം കെട്ടവനും വിഷയലമ്പടനും സ്വാർത്ഥമാത്ര പ്രസക്തനും പിടിവാശിക്കാരനുമായ ഒരു സന്യാസിയായി അദ്ദേഹത്തെ ചിത്രീകരിക്കുന്നതിനാണ് അവർക്കു തിടുക്കം. പ്രോട്ടസ്ററൻറുകാരുടെ സ്ഥിതി നേരെ മറിച്ചാണ്. സന്യാസജീവിതാധഃപതനത്തിൻെറയും അന്ധവിശ്വാസങ്ങളുടെയും കൂരിരുട്ടത്ത് ജാജ്വല്യപ്രകാശം പ്രസരിപ്പിച്ച ഒരു അന്യാദൃശ ജ്യോതിസ്സാണ് മാർട്ടിൻ ലൂഥറെന്ന് അവർ പറയും. ലൂഥറിൻെറ സങ്കീർണ്ണവ്യക്തിത്വത്തോടു രണ്ടുകൂട്ടരും നീതി പുലർത്തുന്നില്ല.

പെൺപാപ്പായുടെ കള്ളക്കഥകളും കളങ്കിത പാപ്പാമാരുടെ പട്ടികയും നിരത്തുവാൻ ഒരുകൂട്ടർ തത്രപ്പെടുമ്പോൾ പാപ്പാമാരുടെ വലയത്തിൽ ബലഹീനതയുടെ നേരിയ രേഖപോലും വീണിട്ടുണ്ടായിരിക്കയില്ലെന്നു ആണയിടുകയാണ് മററു പക്ഷം.

''താൻപിള്ള പൊൻപിള്ള''നയത്തിന് ഒരു നല്ല ഉദാഹരണമത്രേ പുത്തൻകൂറുകാരുടെ ഇടയിലെ ഒരു പഴയ പാട്ട്.

''പുത്തൻകൂറുകാരാരെപ്പോലെ
പത്തര മാററുള്ള തങ്കം പോലെ,
പഴയകൂററുകാരാരെപ്പോലെ
മുററമടിക്കും ചൂലേപ്പോലെ''

www.malankaralibrary.com



പള്ളിവഴക്കുകളേയും വ്യവഹാരങ്ങളേയും താലോലിക്കുന്നവർ ആരും കാണുകയില്ല. എങ്കിലും, തങ്ങളുടെ സഭയിലെ നിർഭാഗ്യകരമായ വ്യവഹാരത്തെ വെള്ള പൂശി വെളിപ്പെടുത്താൻ ചിലർ പണിപ്പെടുന്നതു നോക്കുക:

''.......ഓർത്തഡോക്സു സഭയിൽ വഴക്ക് ഇന്നും ഇന്നലെയും മാത്രമുള്ളതല്ല. വഴക്കെന്നു കേട്ടാൽ ഭയപ്പെടുന്ന സഭയുമല്ലിത്. ഒരക്ഷരത്തെച്ചൊല്ലി സഭാപിതാക്കന്മാർ തമ്മിൽതല്ലിയ ചരിത്രം നമുക്കറിയാം. പിതൃപുത്ര ബന്ധത്തെക്കുറിച്ചു അറിയോന്യവേദവിപരീതികരം ഉന്നയിച്ചിരുന്ന ''ഹോമോയ് ഊസ്യോസ്'' എന്ന വിശ്വാസത്തെററിനെതിരെ സത്യവിശ്വാസമായ ''ഹോമോ ഊസിയോസ്'' ഉയർത്തിപ്പിടിച്ചുകൊണ്ടു പിതാക്കന്മാർ പോരാടി. ഒരക്ഷരത്തിന്റെ മാത്രം മാററമാണവിടെ ഉണ്ടായിരുന്നതെങ്കിലും വി. അത്താനാസിയോസും കൂട്ടരും പിന്മാറിയില്ല. മുടക്കും ഉടക്കുമെല്ലാം മുറപോലെ നടന്നു........[3]

നാലുലക്ഷത്തിമുപ്പതിനായിരത്തിലധികം രൂപാ സമുദായവ്യവഹാരത്തിനുവേണ്ടി ഓർത്തഡോക്സു സഭയിൽ പ്രതിവർഷം ചെലവാകുന്നതായത്രേ ചർച്ചുവീക്ക്ലിയുടെ ഒരു കണക്ക്.[4] ഈ പണദുർവ്യയത്തേയും അതുളവാക്കുന്ന ദുർമ്മാതൃകയേയും നീതീകരിക്കുവാനും പൊടിയിട്ടുവിളക്കുവാനുമാണ് ചർച്ച്വീക്ക്ലി ശ്രമിക്കുന്നത്.

''ചില അത്യാഹിതങ്ങരം രാജ്യത്തിനു വന്നു ഭവിക്കുമ്പോരം പണച്ചെലവു എന്തായാലും അവ

---

[3] വി. എം. മാത്യു പിറവം, ചർച്ചവീക്ക്ലി മെയ് 23, 1976

[4] Cfr. ചർച്ച്വീക്ക്ലി, ആഗസ്ററ് 1, 1976

www.malankaralibrary.com


യെ അഭിമുഖീകരിക്കയാണ് ചെയ്യുന്നത്. ബംഗ്ളാദേശിൽ നിന്ന് ഒരുകോടി അഭയാർത്ഥികൾ നമ്മുടെ അതിർത്തി കടന്നുവന്ന് ഇൻഡ്യയിൽ താമസമാക്കിയപ്പോൾ അതൊരു വമ്പിച്ച സാമ്പത്തിക ബാദ്ധ്യത നമുക്കുണ്ടാക്കി. ഉരുളുപൊട്ടൽ, ഭൂമികുലുക്കം, ജലപ്രളയം, വരൾച്ച മുതലായി പല അത്യാഹിതങ്ങൾ നേരിടുമ്പോൾ അടിയന്തരബോധത്തോടുകൂടി നാം അവയെ അഭിമുഖീകരിക്കുന്നു. നക്സലൈററ് അട്ടിമറി പ്രവർത്തനങ്ങൾ എത്ര ഭീകരമായ നഷ്ടങ്ങൾ രാജ്യത്തിന് വരുത്തി. പഞ്ചേലവിന്റെ പേരിൽ അവ സംബന്ധിച്ചു നടപടികൾ സ്വീകരിക്കാതിരിക്കണമോ? അതുപോലെ തന്നെയാണ് സമ്പ്രചിത്തത്ത് വെടിഞ്ഞും ഭീഷണികൾ കാട്ടിയും കാറു കത്തിക്കാനും കല്ലെറിഞ്ഞു കൊല്ലാനും പള്ളികൾ കൈയേറാനും സഭ വിട്ടു പോയി വേറെ കാതോലിക്കായേയും മെത്രാന്മാരേയും സംഘടിപ്പിച്ച് പാത്രിയർക്കീസുബാവായുടെ നേതൃത്വത്തിൽ സഭയിലെ ഒരു വിഭാഗമായിരുന്നവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നിർഭാഗ്യകരമായ ഒരത്യാഹിതം തന്നെയാണിത്. അതിനെന്താണ് പരിഹാരം? പ്രായോഗികമായി നീതിന്യായക്കോടതിയെ ആശ്രയിക്കാതെ എന്താണ് നിവൃത്തി? .... ആളുകളെ സംഘടിപ്പിച്ചു പഴയ സെമിനാരിയിലേക്കു മാർച്ചു ചെയ്യണമെന്ന് യാക്കോബായ സഭയിലെ ഉത്തരവാദിത്വമുള്ള നേതാക്കന്മാർ അവരുടെ പ്രസിദ്ധീകരണങ്ങളിലും ഒരു ദിനപ്പത്രത്തിലുംകൂടി ആഹ്വാനം ചെയ്തിട്ടു മാസങ്ങൾ കഴിഞ്ഞു........കോടതികളിൽ കൂടിയുള്ള പരിഹാരശ്രമങ്ങൾക്കു അമാന്തമുണ്ടായാൽ അതു മലങ്കരസഭയ്ക്കു അത്യാപത്തായിത്തീരാം'' (5)

---

(5) ചർച്ചു വീക്കിലി, മുഖപ്രസംഗം ആഗസ്ററ് 1, 1976

www.malankaralibrary.com


ശക്തിപ്രകടനത്തിനുവേണ്ടി യാക്കോബായ കക്ഷിയും ഓർത്തഡോക്സ് കക്ഷിയും കയറിക്കയറി നിലകൊണ്ടു. അതിനുവേണ്ടി പണം വാരിക്കോരി ചെലവഴിച്ചു. ചിലരുടെ മരണത്തിനു തന്നെ ഇതു കളമൊരുക്കി. അന്നത്തെ കേരളമുഖ്യമന്ത്രി ശ്രീ സി. അച്ചുതമേനോൻ ഈ സമാധാന ഭഞ്ജന പ്രകടനങ്ങളെ അപലപിക്കത്തക്കവണ്ണം സ്ഥിതിഗതികൾ വഷളായി. പള്ളിയുടെ പണം ഇങ്ങനെയുള്ള രാഷ്ട്രീയ മോഡൽ പ്രകടനങ്ങൾക്കു വിനിയോഗിക്കുന്നതിൽ സഹതപിക്കാത്തവരില്ല. എന്നിട്ടും, ഇത്തരം കുൽസിത നീക്കങ്ങൾക്കു പകംട്ടുകൊടുക്കുവാൻ ''തൻപിള്ള പൊൻപിള്ള'' നയി ചിലരെ പ്രേരിപ്പിക്കുന്നു. ഇതാ ഒരു പ്രസ്താവന:

''ഈ പ്രകടനത്തിനുവേണ്ടി ചെലവാക്കിയ പണത്തെക്കുറിച്ച് സഭാസമാധാനസമിതിക്കാർ മുതലക്കണ്ണീർ പൊഴിക്കുകയാണ്. ഇത്തരത്തിലൊരു അഭിപ്രായപ്രകടനം ആദ്യമല്ലല്ലൊ. ഏതാണ്ട് രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പ് നമ്മുടെ അരുമനാഥനെ സുഗന്ധതൈലം പൂശിയപ്പോൾ തന്റെ ശിഷ്യന്മാരിൽ ഒരാൾ ഇതുപോലെയൊരു അഭിപ്രായം പുറപ്പെടുവിച്ചു. ആ സുഗന്ധദ്രവ്യങ്ങൾ വിററു ദരിദ്രർക്കു നല്കിയിരുന്നെങ്കിൽ എന്ന്. കുടുംബത്തിൽ ഒരാൾക്കു രോഗം പിടിപെട്ടാൽ എന്തുചെയ്യും? കഴിവുള്ളിടത്തോളം പണം ചെലവാക്കി അതിനു ചികിൽസയല്ലേ ചെയ്യുക? രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനെ അപകടമാക്കുവാൻ ശത്രു ആക്രമിച്ചാലോ? ഏതു രാഷ്ട്രവും തങ്ങളുടെ കഴിവുകൾ മുഴുവൻ എടുത്തുപ്രയോഗിച്ചു ശത്രുവിനെ നേരിടും, അതുപോലെയൊരു പ്രതിസന്ധിയാണിവിടെ ഉണ്ടായിരിക്കുന്നത്. സഭയുടെ സ്വാതന്ത്ര്യ

www.malankaralibrary.com



വും നിലനിൽപ്പും ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. അതിനെ സർവശക്തിയുമെടുത്ത് എതിർത്തു തോല്പിക്കുകയെന്നത് ഏതൊരു സഭാംഗത്തിന്റെയും കടമയാണ്. (6)

സ്വന്തം കുറവുകളെക്കുറിച്ച് പൂർണ്ണബോധ്യമുള്ള ചിലരുണ്ട്. കുററങ്ങളെ അപ്പാടെ നിഷേധിക്കുന്നതിനായിരിക്കയില്ല അവരുടെ ഒരുക്കം. ''തമ്മിൽ ഭേദം തൊമ്മൻ'' എന്ന നയപ്രകാരം മററുള്ളവരുടേതിനേക്കാൾ മെച്ചപ്പെട്ടതാണ് തങ്ങളുടെ അവസ്ഥയെന്നു സമാശ്വസിക്കുന്നതിലാണ് അവർ തൃപ്തി കണ്ടെത്തുന്നത്. ബോസ്ററൺ ആർച്ചുബിഷപ്പായ റിച്ചാർഡ് കാർഡിനൽ കുഷിംഗ് (Richard Cardinal Cushing) ഒരു സംഭവം രേഖപ്പെടുത്തുന്നു. തന്റെ ഒരു മുൻഗാമിയായ ബോസ്ററൺ ആർച്ച് ബിഷപ്പിനോട് ബന്ധപ്പെടുത്തിയുള്ളതാണിക്കഥ. അതിരൂപതയിലെ ഓണംകേറാമൂലയിലുള്ള ഒരു ഇടവകപ്പള്ളി ആർച്ച്ബിഷപ്പ് സന്ദർശിച്ചു. കുപ്രസിദ്ധമായിരുന്നു ആ ഇടവക. കുർബാനയ്ക്കും കൂദാശകൾക്കും ഇടവകജനങ്ങളുടെ സഹകരണമുണ്ടായിരുന്നില്ല. ഭക്തസംഘടനകൾ ഒന്നും അവിടെ പ്രവർത്തിച്ചിരുന്നില്ല. ഇടവക പ്രവർത്തനങ്ങളെല്ലാം നിർജ്ജീവമായിരുന്നു. ''പൂച്ചയ്ക്കു പൊന്നുരുക്കുന്നിടത്തു എന്തു കാര്യം?' എന്നതായിരുന്നു പള്ളിപ്രവർത്തനത്തെക്കുറിച്ചു ഇടവകക്കാരുടെ മനസ്ഥിതി. ''പള്ളിയോടടുക്കുന്നവൻ ദൈവത്തിൽനിന്നകലുന്നു'' എന്ന ന്യായവാദമായിരുന്നു പലർക്കുമുണ്ടായിരുന്നത്.

---

(6) തോമസ് ചെറിയാൻ, എറണാകുളം, ചർച്ച്‌വീക്കിലി ജൂൺ 20, 1976.

www.malankaralibrary.com



''ഇടവകയിലെ സ്ഥിതിഗതികൾ എങ്ങനെയിരിക്കുന്നു?'' വൃദ്ധനായ വികാരിയോടു സന്ദർശകനായ മെത്രാപ്പോലീത്താ ചോദിച്ചു.

''മോശം, വളരെമോശം. അത്യുന്നതതിരുമേനി, ഇവിടത്തെ സ്ഥിതി അതിദയനീയം. എങ്കിലും, ദൈവത്തിനു സ്തുതിയായിരിക്കട്ടെ. സമീപത്തുള്ള പ്രോട്ടസ്റ്റന്റ് പള്ളികളുടെ സ്ഥിതി ഇതിനേക്കാൾ ദയനീയമാണ്.''(7)

രണ്ടു ഭാഗത്തുനിന്നും അവിഹിത കൈയേററങ്ങൾ ഉണ്ടാകുന്നുണ്ടെന്നിരുന്നാലും യാക്കോബായക്കക്ഷി കാട്ടുന്നതിനേക്കാൾ മര്യാദയുള്ള നീക്കം തങ്ങളുടേതാണെന്നത്രേ ഓർത്തഡോക്സുകക്ഷിയുടെ പക്ഷം. ചർച്ച്വീക്ക്ലി എഴുതുന്നു:

''.... ഇതുപോലുള്ള നടപടികൾ പലതും പല പള്ളികളിലും നടക്കുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ, ഓർത്തഡോക്സ് വിഭാഗത്തിൽ പെട്ടവർ ഒരു പള്ളിയിലും ആരാധന അലങ്കോലപ്പെടുത്താനോ, യോഗങ്ങൾ കലക്കാനോ ശ്രമിച്ചതായി ഇതുവരെ കേൾക്കാനിടയായിട്ടില്ല. യുദ്ധമായാലും മാന്യതയും ഉന്നതമാനദണ്ഡങ്ങളും പുലർത്താൻ ക്രിസ്തുസഭയുടെ പേരിലും സത്യവിശ്വാസത്തിന്റെപേരിലും ആവേശം പ്രകടിപ്പിക്കുന്നവർ ബാദ്ധ്യസ്ഥരാണ്. തൃക്കുന്നത്തുസെമിനാരി അങ്കമാലി ഭദ്രാസനത്തിന്റെ കേന്ദ്രമാണ്. ഭദ്രാസനാധിപൻ അവിടെ താമസിക്കുന്നു. അങ്കമാലി ഭദ്രാസനത്തിലെ ഭൂരിപക്ഷം യാക്കോബായക്കാർക്കാണെന്നും സെമി

---

7) Richard Cardinal Cushing, Grass-Roots Steps to Unity, SCU, P. 186.

www.malankaralibrary.com



നാരി തങ്ങരംക്കു വിട്ടുകിട്ടണമെന്നും വാദിക്കുന്നതു തെററാണെങ്കിലും അതൊരു വാദമാണെന്നു മനസ്സിലാക്കാം. എന്നാൽ, ഇങ്ങനെയല്ലല്ലൊ അതു കൈവശപ്പെടുത്താൻ ശ്രമിക്കേണ്ടത്. മൂവാററുപുഴ അരമനയിൽനിന്നും ശ്രേഷ്ഠകാതോലിക്കാബാവാ ഒഴിഞ്ഞുമാറിത്തരണമെന്നു ഓർത്തഡോക്സുപക്ഷം വാദിക്കുന്നുണ്ട് അതിനു കേസു കൊടുത്തു ചില വിധികളും ഉണ്ടായി. പക്ഷേ, ബാവാതിരുമേനി അവിടെ താമസം തുടരുകയാണ്. ഒരു പ്രാവശ്യമെങ്കിലും ആളുകൂടി അതു ബലമായി കൈവശപ്പെടുത്താനുള്ള ശ്രമം ഓർത്തഡോക്സുപക്ഷം നടത്തിയിട്ടുണ്ടോ ? നിയമാനുസൃതവും ന്യായവുമായ മാർഗ്ഗങ്ങളിൽ കൂടിയും അതു സാധിക്കാനുള്ള ശ്രമം നടത്തുന്നതല്ലാതെ, ഭീഷണിയുടെയോ ബലത്തിൻെറയോ മാർഗ്ഗം ഓർത്തഡോക്സുപക്ഷം സ്വീകരിക്കയില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം എന്തുകൊണ്ട് ആ മാർഗ്ഗം യാക്കോബായപക്ഷത്തിനും സ്വീകരിച്ചുകൂടാ '' (8)

''തൻപിള്ള പൊൻപിള്ള'' നയത്തിലൂടെ സൗഹൃദമനസ്ഥിതിയുടെ അഭാവമാണ് മേൽക്കാണിച്ച ഉദാഹരണങ്ങരം ചൂണ്ടിക്കാട്ടുന്നത്. ദുഷ്ടരും ശിഷ്ടരും എല്ലായിടത്തുമുണ്ട്. അപരനിലെ വസ്തുനിഷ്ഠമായ നന്മയെ അറിയുവാനും ആസ്വദിക്കാനുമാണ് സൗഹൃദസംഭാഷണം പ്രയോജനപ്പെടുത്തേണ്ടത്. കത്തോലിക്കാസഭയിലെ വിശുദ്ധഗണത്തെ പ്രോട്ടസ്ററൻറുകാർക്കും പ്രോട്ട

---

8) യുദ്ധത്തിലും മാന്യത, ചർച്ചുവീക്ക്ലി, ആഗസ്ററു 29, 1976

www.malankaralibrary.com



സ്ററൻറുസഭയിലെ പരസ്നേഹപ്രവർത്തനത്തെ കത്തോലിക്കർക്കും ആത്മാർത്ഥമായി മതിക്കാവുന്നതാണ്.

അഭിപ്രായവ്യത്യാസത്തിൻെറ ഘടകങ്ങൾ വിഭിന്നസഭകളിലുണ്ട്. യോജിപ്പിക്കുന്ന ഘടകവുമുണ്ട്. പരമപ്രാധാന്യമർഹിക്കുന്ന ഉപവി (Charity) യെ ഒരു സഭയും ഇടിച്ചു താഴ്ത്തുന്നില്ല. ദൈവസ്നേഹപരവും പരസ്നേഹപരവുമായ നമ്മുടെ ഒത്തൊരുമ വർദ്ധമാനമാകട്ടെ.

www.malankaralibrary.com

## 11

# വിവാദാത്മകമല്ല സംവാദം

മനോഭാവമനുസരിച്ചു ആശയഗ്രഹണത്തിനു മാററം വരിക; പദപ്രയോഗം തെററിദ്ധരിക്കപ്പെടുക; വാഗ്വാദം ദുർവ്വാശിയായി പരിണമിക്കുക; വിജയത്തിനുവേണ്ടി അടവുകൾ പ്രയോഗിക്കുക തുടങ്ങി വിവാദത്തിൽ കാണപ്പെടുന്ന വൈകൃതങ്ങൾ അറിഞ്ഞെങ്കിലേ സംവാദ (dialogue) ത്തിൻെറ സ്വരൂപം മനസ്സിലാകയുള്ളു.

## A മനോഭാവവും ആശയഗ്രഹണവും

'' തന്നതില്പരനുള്ളു കാട്ടുവാൻ
ഒന്നുമേ നരനുപായമീശ്വരൻ''

ഒരുവൻെറ മനോഭാവം മറെറാരുവനു പകരുവാൻ ശക്തമായ ഉപാധിയില്ല. പരസ്പരം യോജിക്കാത്ത വ്യത്യസ്ഥങ്ങളായ ആശയമേഖലകളിൽ കഴിയുന്നവരുണ്ട്. ഭാഷണം അവിടെ ബലഹീനമാകും. ചികിത്സക്കുവേണ്ടി സമീപിച്ച സാമർന്യം അഭ്യസ്തവിദ്യനായ ഒരു യുവാവിനോടു ഡോക്ടർ നടത്തുന്ന സംഭാഷണം കഥാകൃത്തായ ശ്രീ വിവേകാനന്ദൻ രേഖപ്പെടുത്തുന്നു.

''എന്തൊക്കെയാണു നിങ്ങളുടെ വിഷമങ്ങൾ?'' ഡോക്ടർ ചോദിച്ചു.

''കേട്ടോ, ഡോക്ടർ'' യുവാവു പറഞ്ഞു: ഈ വിഷമം, വിഷമം എന്നു പറഞ്ഞാൽ അതു ഒരു തരം മാനസിക ഭാവമാണ്. അതായത്, അപകാമനസ്സിൻെറ ആപേക്ഷികപ്രതികരണമാണ്''

www.malankaralibrary.com



''അതല്ല, ശരീരത്തിൽ എവിടെയെങ്കിലും വേദനയുണ്ടോ എന്ന് ''.

''അല്ല, അതാണു ഞാൻ പറയാൻ ഭാവിച്ചത്. ഈ ലോകത്തിലേക്കുവെച്ചു കടുത്തവേദന എന്താണു സർ! മനുഷ്യമനസ്സിനു കാലാകാലങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന വേദനയല്ലേ?''

''അതുശരി, വിശപ്പുണ്ടോ നിങ്ങൾക്ക്?''

''ഹൃദയത്തിന്റെ വിശപ്പാണോ സാർ സൂചിപ്പിക്കുന്നത്? അതോ മാംസമലീമസമായ ഈ ജഡത്തിന്റെയോ?''

ഡോക്ടറുടെ ക്ഷമ നശിച്ചു. 'എന്തോന്നാ നിങ്ങളുടെ സുഖക്കേട്''?

''ക്ഷീണം തന്നെസാർ, ക്ഷീണം. ശരീരത്തിനും ആത്മാവിനും''

.... .... .... .... .... .... .... .... .... ....

''ശരീരത്തിൽ മുറിവെന്തെങ്കിലും പററിയാൽ എളുപ്പം ഭേദമാകാറുണ്ടോ?

''ഹൃദയത്തിലാണ് ക്ഷതം പററിയിരിക്കുന്നത്''

'അതല്ല ഞാൻ ചോദിക്കുന്നത്. മൂത്രമൊഴുക്കിന്റെ സുഖക്കേടുള്ളവർക്കു സാധാരണയായി മുറിവുകൾ പററിയാൽ എളുപ്പം ഭേദമാകാറില്ല.'' സാധു ഡോക്ടർ വിശദീകരിക്കുകയാണ്.

''കെള്ളാം. മൂത്രമൊഴുക്കോ? എനിക്കോ? നിങ്ങൾ എന്നെപ്പററി എന്തു വിചാരിച്ചു ഡോക്ടർ''?

''ധരിച്ചതെന്തുമാകട്ടെ, ഏതായാലും നിങ്ങളുടെ മൂത്രംകൂടി ഒന്നു പരിശോധിക്കണം''

''വേണ്ട ഡോക്ടർ, അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല''

www.malankaralibrary.com



''അതു തീർച്ചപ്പെടുത്തേണ്ടതു ഞാനല്ലേ?'' ഡോക്ടർക്കു അരിശംവന്നു.

''അതല്ലസർ, മൂത്രത്തിൽ പഞ്ചസാരയുണ്ടോന്ന് നോക്കാനാണെങ്കിൽ എന്റെ മൂത്രം പരിശോധിക്കേണ്ട കാര്യമില്ല'.

''അതെന്താ''

''എന്താന്നു ചോദിച്ചാൽ, എന്റെ മൂത്രത്തിൽ പഞ്ചസാരയില്ലാത്തതുകൊണ്ടുതന്നെ''

''അതെങ്ങനെയറിയാം?''

''എനിക്കറിയാം സാർ''

''എങ്ങിനെയെന്നു പറയണം''

''ഞാൻ പരിശോധിച്ചു''

''ഏതാശുപത്രിയിൽകൊടുത്തു''

''അതെന്തിനാസാർ, ആശുപത്രിയിൽ കൊടുക്കുന്നത്''

''പിന്നെങ്ങനാ''

''ഒരുമാതിരി തരംതാഴ്ത്തി സംസാരിക്കരുതു സർ. ഒന്നുമില്ലെങ്കിലും ഞാനും സാറിനെപ്പോലെ ഒരു ചെറുപ്പക്കാരനല്ലേ?''

''അതല്ല ഞാൻ ചോദിക്കുന്നത്. മൂത്രം പരിശോധിക്കാൻ ചില ഔഷധങ്ങളും ഉപകരണങ്ങളും ആവശ്യമില്ലേ''

''മൂത്രത്തിൽ പഞ്ചസാരയുണ്ടെന്നു നോക്കാനോ? അയാൾക്കു അത്ഭുതമാണ് ഡോക്ടറുടെ വാക്കുകൾ കേട്ടപ്പോഴുണ്ടായത്.

''ക്ഷമിക്കണം, അറിയാനുള്ള കൗതുകംകൊണ്ടു ചോദിക്കുകയാണ്. നിങ്ങൾ എങ്ങനെ പരിശോധിച്ചു?

''ഇതെന്തൊരു ചോദ്യമാണു സർ? നാം കൂട്ടാ

www.malankaralibrary.com



നിൽ ഉപ്പുണ്ടോ എന്നു നോക്കുന്നത് എങ്ങനെ? ലാബറട്ടറിയിൽ കൊടുത്തയച്ചിട്ടാണോ?''

ഡോക്ടർ പൊട്ടിച്ചിരിക്കാൻ തുടങ്ങി. കേട്ടുനിന്നവർ ചിരിയടക്കാൻകഴിയാതെ പൊട്ടിച്ചിരിച്ചുപോയി''[1]

ഈ യുവാവ് ഒരു മനോരോഗിയല്ല. സ്ഥിര—ബുദ്ധിയുള്ളവൻതന്നെയാണ്. ഡോക്ടറുടെ ഭാഷ യുവാവിനോ, യുവാവിൻെറ ഭാഷ ഡോക്ടർക്കോ മനസ്സിലാകുന്നില്ല. രണ്ടുപേരും വ്യത്യസ്തങ്ങളായ മനോമണ്ഡലങ്ങളിലാണ്. ആ യുവാവിൻെറ മുമ്പിൽ ഡോക്ടറുടെ പാണ്ഡിത്യവും ഭാഷണവും വിഫലമായതേയുള്ളു. വേദപുസ്തകത്തെ വ്യത്യസ്ത മനോഭാവത്തോടു കൂടി കാണുന്നവരുണ്ട്. പരസ്പര വിപരീതങ്ങളായ ആശയങ്ങളാണ് അവർ ബൈബിളിനെ ആലംബമാക്കിപ്പറയുന്നത്.

''യാചിക്കുവിൻ, എന്നാൽ നിങ്ങൾക്കുകിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറന്നുകിട്ടും''(2) എന്ന വാക്യത്തെ അടിസ്ഥാനമാക്കി ആവശ്യങ്ങളുടെ പട്ടിക ദൈവസന്നിധിയിൽ നിരത്തുകയാണ് പ്രാർത്ഥനാവേളയിൽ വേണ്ടതെന്നു ഒരുവൻ വാദിക്കുന്നു. ''അവൻ ദുഷ്ടരുടെയും ശിഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴ പെയ്യിക്കയും ചെയ്യുന്നു''[3] ''നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെആവശ്യം പിതാവ് അറിയുന്നു'[4]

[1] ജി. വിവേകാനന്ദൻ, പിടികിട്ടാത്തരോഗം
[2] മത്തായി 7,7
[3] മത്തായി 5,45
[4] മത്തായി 6, 8

www.malankaralibrary.com



എന്നീ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട്, ആവശ്യങ്ങളുടെ പട്ടിക ദൈവസന്നിധിയിൽ ഉയർത്തേണ്ടതില്ലെന്ന് മററുചിലർ സമർത്ഥിക്കുന്നു. രണ്ടു കൂട്ടർക്കും വേദപുസ്തകം തന്നെയാണ് പ്രമാണം. വേദപുസ്തകം ഉയർത്തിപിടിച്ചുകൊണ്ടു് വിശുദ്ധ കുർബാനയിലെ യഥാർത്ഥസന്നിഹിതി ഒരുവൻ സാധൂകരിക്കുമ്പോൾ അതേ വേദപുസ്കം ആധാരമാക്കിക്കൊണ്ട് കുർബാനയിലെ യഥാർത്ഥ സന്നിഹിതിയിൽ വിശ്വസിക്കുന്നവൻ വിഗ്രഹാരാധനക്കാരനാണെന്നു അപരൻ ശഠിക്കുന്നു. "വെള്ളത്താലും ആത്മാവിനാലും ഉള്ള വീണ്ടുംജനനം കൂടാതെ ഒരുവൻ രക്ഷപ്രാപിക്കയില്ല" എന്നു വേദപുസ്തകം തുറന്നുവെച്ചുകൊണ്ട് ഒരുവൻ ഉൽഘോഷിക്കുമ്പോൾ കൊടിക്കീഴിൽ നിന്നാൽമതി രക്ഷ കിട്ടുന്നതിനെന്നത്രേ വേറൊരുവന്റെ പ്രസംഗം. ഒരേ വേദപുസ്തകത്തെതന്നെ അടിസ്ഥാനമാക്കി ഉയർന്നിട്ടുള്ള പരസ്പരവൈപരീത്യങ്ങൾ ഒന്നും രണ്ടു മല്ല.

വ്യത്യസ്ത മനോഭാവത്തോടുകൂടിയ ഇത്തരം വേദപുസ്തകവ്യാഖ്യാനങ്ങളിലെ പരസ്പര വൈപരീത്യം ബൈബിളിനേയും ക്രിസ്തുമതത്തേയും അടച്ചു ആക്ഷേപിക്കുവാൻ ചിലർക്കു പഴുതു നല്കുന്നു. ഒരുദാഹരണം ഇതാ: "ക്രിസ്തു വീണ്ടും ലോകത്തിലേക്ക് ഒന്നു വന്നിരുന്നെങ്കിൽ!! എങ്കിൽ അദ്ദേഹം ആദ്യമായിചെയ്യാനിടയുള്ളത് ദുർവ്യാഖ്യാനങ്ങൾക്കും ഭിന്നതകൾക്കും ഇടയാക്കുന്ന ബൈബിളിന്റെ പ്രതികൾ കണ്ടുകെട്ടുക എന്നുള്ളതായിരിക്കും. പിന്നീടേ അദ്ദേഹം ദേവാലയങ്ങളിൽ അധിവസിക്കുന്ന കച്ചവടക്കാരെ അടിച്ചു പുറത്തുതള്ളുവാൻ ചമ്മട്ടി ഉയർത്തു...." [ [

[5] പൊൻകുന്നം വർക്കി, ബൈബിൾ

www.malankaralibrary.com



## B. പദപ്രയോഗം തെററിദ്ധരിക്കപ്പെടും

ഭാഷ അപൂർണ്ണമാണ്. ഒരുവൻെറ ഭാഷാപ്രയോഗത്തെ അപരൻ അന്യഥാ ധരിക്കുന്നതുകൊണ്ട് ഭാഷണം വികലവും വിഫലവും ആയിത്തീരും. രോഗിയായ മകൻെറ ശയ്യക്കു സമീപം അതീവ ദു:ഖിതയായ അമ്മ നിൽക്കുകയാണ്. രോഗമന്വേഷിച്ചെത്തുന്നവരുടെ എണ്ണം പെരുകിവന്നു. രോഗിയുടെ പാരവശ്യം വർദ്ധിച്ചതേയുള്ളു. കട്ടിൽത്തലയ്ക്കലിരുന്നു കരയുന്ന അമ്മയെ ആശ്വസിപ്പിക്കാൻ ഒരു സന്ദർശക പറഞ്ഞു.

''കേട്ടോ, വല്യമ്മേ ! അങ്ങനെയൊന്നും പേടിക്കാനുള്ള കാര്യമില്ല ഇതിൽ. രണ്ടു ദെവസം കഴിയുമ്പം അങ്ങെഴിച്ചു പോകും''

''ഓ ! പിന്നല്ലാതെ. വല്ല ജലദോഷപ്പനിയുമായിരിക്കും.'' മറെറാരു സ്ത്രീ അതിനെ പിൻതാങ്ങി.

രോഗിയുടെ അടുത്തിരുന്നു കരയുന്ന അമ്മയെ ആശ്വസിപ്പിക്കുകയായിരുന്നു ഇരുവരുടേയും ലക്ഷ്യം. പക്ഷേ മറിച്ചായിരുന്നു സംഭവിച്ചത്. ''ഓ ഹാ അപ്പൊ എൻെറ മോന് ഒരു ദണ്ണം വന്നാലെക്കൊണ്ട് അതു സാരമില്ല. അല്ല്യോ? നിൻെറ ആർക്കെങ്കിലും ആണെങ്കി കൂടിയ ദണ്ണമാ''

''അയ്യോ ! വല്ല്യമ്മേ ! അങ്ങനൊന്നും വിചാരിച്ചല്ല ഞങ്ങാം പറഞ്ഞത്.'' അവർ അവതാ പറഞ്ഞു. പക്ഷേ, വല്യമ്മ വിടുന്ന മട്ടില്ല. അവർ പാവപ്പെട്ട ആ അയൽക്കാരുടെ നേരെ തിരിഞ്ഞു.

''ഓ ! എല്ലാവളേയും അറിയാം എനിക്ക്. എടീ, പഴുത്ത പ്ലാവില വീഴുമ്പം പച്ചപ്ലാവില ചിരിക്കും. അതു നന്നായിട്ടേ ഓർമ്മിച്ചോള്ളണം.''

www.malankaralibrary.com



അയൽക്കാരായ സ്ത്രീകൾ ഇളിഭ്യരായി അവിടെനിന്നും ഇറങ്ങിപ്പോയി.'' (1)

പദപ്രയോഗത്തിന്റെ ദുർബലതയും അവയെ അന്യഥാ ധരിക്കുന്നതിനുള്ള സാധ്യതയുംകൊണ്ട് ഉളവായിട്ടുള്ള ദുഷ്ഫലങ്ങൾ സഭാന്തരീക്ഷത്തിലും കാണാം. ദ്വിസ്വഭാവവാദം, ഏകസ്വഭാവവാദം എന്നീ പേരുകളിൽ ക്രിസ്തുവിന്റെ സ്വഭാവങ്ങളെ സംബന്ധിച്ച പ്രചണ്ഡമായ ഒരു വാക്സമരം ക്രിസ്ത്യാനികളുടെ ഇടയിലുണ്ടല്ലൊ. സാരാംശത്തിൽ വ്യത്യാസമില്ലാത്ത കേവലം വാക്പടയാണിവിടെ നടത്തുന്നതെന്നു സൂക്ഷ്മശോധന ചെയ്യുന്നവർക്കു മനസ്സിലാകും.

ദ്വിസ്വഭാവവാദത്തെ കൽക്കദോനിയ സുന്നഹദോസ് അധ്യവസാനം ചെയ്യുന്നു:

''ക്രിസ്തുവിൽ സമ്മിശ്രപ്പെടാതെയും മാററം വരാതെയും വിഭജിക്കപ്പെടാതെയും വേർതിരിക്കപ്പെടാതെയും ഏകവ്യക്തിത്വത്തിൽ (Person ക്നൂമാ) ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങളുണ്ട്. എന്നാൽ, അവിടുന്ന് രണ്ടു വ്യക്തികളായി വേർതിരിക്കപ്പെടുകയോ വിഭാഗിക്കപ്പെടുകയോ ചെയ്യാതെ നമ്മുടെ കർത്താവീശോമിശിഹായായ അവിടുന്നു പുത്രനും ഏകജാതനും എന്ന ഏക ആളായിരിക്കുന്നു.''[2]

ഏകസ്വഭാവവാദത്തെ വട്ടശ്ശേരി മാർ ദീവന്ന്യാസ്യോസ് തിരുമേനി നിർവ്വചിക്കുന്നു:

''സാക്ഷാൽ ദൈവമായ താൻ പുരഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ കന്യകയിൽ

---

[1] ജി, വിവേകാനന്ദൻ, പിടികിട്ടാത്തരോഗം

[2] Denzinger, 148

www.malankaralibrary.com



നിന്നു ജഡമെടുത്ത് സാക്ഷാൽ മനുഷ്യനായിത്തീരുകയും ദൈവസ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായിത്തീരുകയോ, മനുഷ്യസ്വഭാവം ഭേദപ്പെട്ടു ദൈവസ്വഭാവമായിത്തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോ കൂടിക്കലർന്നു വേറൊരു വസ്തുവായിത്തീരുകയോ ഒന്നിനാൽ ഒന്നു നശിച്ചുപോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവുമെന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ദൈവത്വത്തിൻെറയും, പാപമൊഴികെ മനുഷ്യത്വത്തിൻെറയും പൂർണ്ണ ലക്ഷണങ്ങളോടുകൂടി യോജിപ്പിക്കയും ചെയ്ത ഈ യോജിപ്പ് മഹാത്ഭുതമായിട്ടുള്ളതാകുന്നു. യോജിപ്പിൻെറ ശേഷം രണ്ടു സ്വഭാവങ്ങളായോ രണ്ടു ക്നൂമാകളായോ (ആളുകൾ) വേർതിരിക്കപ്പെടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും ഏക ആളും ഏകപർസൂപ്പായും (മുഖം) ഏക ഇഷ്ടവും ഏക വ്യാപാരവുമത്രെ. താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു.''(3)

ഏക സ്വഭാവം, ദ്വിസ്വഭാവം എന്നീ പ്രയോഗങ്ങളിൽ വ്യത്യാസമുണ്ട്. എന്നാൽ, അവയ്ക്കുന്ന നിർവ്വചനത്തിൽ എവിടെയാണന്തരം? കേവല വാക്പട, നിഴൽയുദ്ധം !

## C. വാദം വാശിയിലേക്കു നീങ്ങും

''വെളുക്കാൻ തേക്കുന്നത് പാണ്ടാ''കാറുണ്ട്. സംഭാഷണം പിടിവാശിയും കശപിശയും കലഹവുമായി പരിണമിക്കുന്നുണ്ട്. ഒരു കിട്ടുണ്ണിക്കുറുപ്പിൻെറയും കണ്ണപ്പൻനായരുടേയും രസകരമായ

[3] വട്ടശ്ശേരി മാർ ദീവന്നാസ്യോസ്, മതോപദേശ സാരങ്ങൾ, 3-ാം സംഗതി

www.malankaralibrary.com



സംഭാഷണം ഉറൂബ് ചിത്രീകരിക്കുന്നു. ഷൊർണ്ണൂരേക്കുള്ള ട്രെയിൻ പള്ളിപ്പുറം സ്റ്റേഷനിൽ നിന്നപ്പോൾ കണ്ണപ്പൻനായർ ഇരുന്ന സീററിനടുത്തു വന്ന് കിട്ടുണ്ണിക്കുറുപ്പ് ഇരുപ്പുറപ്പിച്ചു.

അവർ പല വിഷയങ്ങളും സംസാരിച്ചു. ഒടുവിൽ കണ്ണപ്പൻനായർ ചോദിച്ചു: ''കാന്താട്ടുമനയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താ കുറുപ്പേ ?''

''അവരുടെ സ്ഥിതി എന്തു പറയാനാണ് ? അടിക്കടി കയറിക്കയറി വരുന്നു. ഒന്നരലക്ഷം പറ നെല്ലാണിപ്പോൾ പാട്ടവും മിച്ചവാരവുമായി പിരിയാനുള്ളത്. മനസ്സിലായോ ?''

''ഒന്നരലക്ഷമോ ?''

''അതേ, ഒന്നരലക്ഷം. ഒക്കെ ആ മൂസുനമ്പൂതിരീടെ ഭാഗ്യമാണ്. മനസ്സിലായോ ?''

''അതൊന്നും ഉണ്ടാവില്യ'' കണ്ണപ്പൻനായർ തന്റെ ഉപേക്ഷാഭാവം അവതരിപ്പിച്ചു. ''ഒരെഴുപത്തയ്യായിരമുണ്ടാവും.''

''ആരേ പറഞ്ഞത് ? ഒന്നരലക്ഷം. ഒന്നരലക്ഷത്തിൽ ഒരുമണി കുറയില്ല. മനസ്സിലായോ ?

അപ്പോൾ 'ചാത്താത്തെ' മനയ്ക്കലോളം ഉണ്ടാവും എന്നാ പറഞ്ഞുകൊണ്ടുവരുന്നത്. ഹൈ ! കവിഞ്ഞത് എൺപതിനായിരമാകട്ടെ, അതിലപ്പുറമുണ്ടാവില്ല.''

''നിങ്ങളാ നിശ്ചയിക്കാൻ'' കുറുപ്പു വിട്ടില്ല ''കാന്താട്ടുമനയുടെയും ചാത്താത്തെയും സ്ഥിതി ഒന്നാ? ഒരു ചാത്താത്തുമന! കാന്താട്ടിന്റെ പുല്ലുവട്ടിക്കില്ല ചാത്താത്തെമന എല്ലാംകൂടി. മനസ്സിലായോ ?

www.malankaralibrary.com



"നിങ്ങറക്കറിയാത്തതൊന്നും പറയരുത്." കണ്ണപ്പൻനായർക്കും വാശിയായി. "ഈ കാന്തോട്ടും കീന്ത്രാട്ടുമൊക്കെ ഇന്നലെ ഇങ്ങു പൊട്ടിമുളച്ചതാണ്. ചാത്താത്തെ നില അതല്ല; പഴേ ജന്മികളാണ്. എല്ലാം അടിച്ചുകൂട്ടിയാൽ ചാത്താത്തേക്കു എൺപത്തിരണ്ടായിരത്തോളം വരവരിക്കും. അതിലപ്പുറം ഒരു മണിയുണ്ടാവില്ല. എന്താ നെല്ലുവാരലാണോ ?"

കറുപ്പു ഒരുമദിച്ച കാളയെപ്പോലെ കണ്ണപ്പൻനായരുടെ നേർക്കു തിരിഞ്ഞു. "ഞാൻ പറയട്ടെ. അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ചു നിങ്ങറ സംസാരിക്കരുത്. മനസ്സിലായില്ലേ ? എൺപത്തീരായിരം പോലും ! ചാത്താത്തെ നെല്ലിന്റെ കണക്കു നീങ്ങളുടെ കയ്യിലാ"

"പിന്നെ നിങ്ങളുടെ കൈയിലാണോ ?"

"അത് എന്റെ കൈയിൽ തന്നെയാണ്. എന്റെ നാട്ടിലെ ജന്മികളാണ് അവരു. മനസ്സിലായില്ലേ ?

"അതിനെന്താ ? നിങ്ങറ പൂജിച്ചോളിൻ ? ഒന്നരലക്ഷം പറ നെല്ല് ! നെല്ലുവാരലല്ലേ ?"

"പറഞ്ഞതു കേറക്കൂ ! ഒന്നരലക്ഷം പറ നെല്ലാണ്"

"ഇല്ല, ഉണ്ടാവില്ല. എൺപത്തീരായിരം വലിച്ചുവെച്ചു കൂട്ടിയാൽ"

"ഒന്നരലക്ഷം എന്നല്ലേ പറഞ്ഞത്"

"എൺപത്തീരായിരം"

"ഒന്നരലക്ഷം !"

"എൺപത്തീരായിരം !"

"താൻ അധികപ്രസംഗം പറയരുത്. മനസ്സിലായില്ലേ ?"

www.malankaralibrary.com



''താനും''

''എന്താടോ പറഞ്ഞത് ?'' കുറുപ്പ് എഴു ന്നേററു. കണ്ണപ്പൻ നായരും. അവർ ഒരങ്കത്തി നുള്ള പുറപ്പാടാണ്. പോർക്കുവിളിയും കഴി ഞ്ഞു. കുറുപ്പു കൈയുയർത്തും എന്ന നിലയാ യി. ഇരുവരും സമരത്തിനൊരുങ്ങിക്കഴിഞ്ഞു.

''താനല്ല തന്നെ സൃഷ്ടിച്ചവൻ പറഞ്ഞാൽ ഞാ നടങ്ങില്ല. മനസ്സിലായോ ?'' ഒരാൾ.

''അടങ്ങില്ലെങ്കിൽ ചെകിടത്തു തോലുണ്ടാ വില്ല.'' മറെറയാൾ.

വണ്ടി ഷൊർണ്ണൂരെത്തി. കുറുപ്പു പെട്ടിയും കെട്ടും കുടയുമെടുത്ത് വണ്ടിയിൽ നിന്നിറങ്ങി. ''ആവൂ'' പോകുമ്പോഴും അങ്ങോർ ചിററുന്നു ണ്ട്: ''എൺപത്തീരായിരം പറയാണു പോലും ! കഴുത ! അവനെന്തറിയാം, മനസ്സിലായോ ?''(1)

അഭിപ്രായവ്യത്യാസത്തിൻെറ ചെറുചിരങ്ങു ചൊറിഞ്ഞു ചൊറിഞ്ഞു മഹാവ്രണമാക്കിത്തീർ ക്കുന്ന ദുസ്ഥിതിയാണിവിടെ കാണുന്നത്. വി ട്ടുവീഴ്ചയില്ലാത്ത ശാഠ്യമാണു കാരണം. വാദം മൂത്ത് അടികലശലിൽ കലാശിക്കുന്ന ദുർഭഗത ! പാപ്പാധിപത്യത്തെക്കുറിച്ചു ഐ.സി. ചാക്കോയും കെ. എൻ. ഡാനിയലും തമ്മിൽ നടന്ന വിവാദം നല്ലൊരു ഉദാഹരണമാണ്.

വാദം മുഴുത്തു. ഡാനിയേലിൻെറ കൃത്രിമ ങ്ങളെക്കുറിച്ചു ഐ. സി. എഴുതി:

''മി. ഡാനിയൽ തൻെറ വാദങ്ങളും ഉപവാദ ങ്ങളും പ്രത്യാഖ്യാനങ്ങളും ഉപപ്രത്യാഖ്യാനങ്ങളും അവയുടെ ശാഖകളും ഉപശാഖകളും കൊണ്ട് നീ

(1) ഉറൂബിൻെറ തിരഞ്ഞെടുത്ത കഥകൾ, അഭിപ്രായഭേദം

www.malankaralibrary.com



രന്ധ്രമായ ഒരു അന്ധകാരത്തെ സൃഷ്ടിച്ചിരിക്കുന്നു. ഇങ്ങനെയുള്ള തമോനിർമ്മാണം പ്രാണരക്ഷയ്ക്കുവേണ്ടി വിശേഷബുദ്ധിയുള്ള മനുഷ്യർ മാത്രമല്ല, ക്ഷുദ്രജന്തുക്കളും ചെയ്യാറുണ്ട്. സീപ്യാ (Sepia) എന്നൊരു മത്സ്യം കടലിലുണ്ട്. അതിനെ ഗ്രസിക്കുന്നതിനായി അനുധാവനം ചെയ്യുന്ന ശക്തിമത്തരങ്ങളായ ജന്തുക്കളെ ഭ്രമിപ്പിക്കുന്നതിന് ഒരു വിദ്യ പ്രകൃതി അതിന് പ്രദാനം ചെയ്തിട്ടുണ്ട്. അതിന്റെ ഉള്ളിൽ മഷി നിറഞ്ഞിരിക്കുന്ന ഒരു സഞ്ചിയുണ്ട്. അനുധാവനം ചെയ്യുന്ന ജന്തുവിന്നഭിമുഖമായി ഈ മഷിയെ സീപ്യാ ബഹിഷ്കരിക്കുന്നു. മഷി വെള്ളത്തിൽ വ്യാപിച്ചു അനുധാവനം ചെയ്യുന്ന ജന്തുവിന്റെ മുമ്പിൽ ഭ്രാന്തികരമായ ഒരന്ധകാരത്തെ ഉളവാക്കുന്നു. ഈ അന്ധകാരം മൂലം അന്ധീകൃതമായി സംഭ്രമിക്കുന്ന ജന്തുവിന്റെ അത്യാസന്നമായിരുന്ന പിടിയിൽനിന്നു രക്ഷപ്പെട്ടു സീപ്യാ പലായനം ചെയ്തുകളയുകയും ചെയ്യുന്നു. മി. ഡാനിയൽ ശക്തിമത്തന്മാരായ പ്രതിയോഗികളുടെ പിടിയിൽപെടാതെയിരിക്കുന്നതിനു മാനസികമായ ഒരു മഹാതമസ്സിനെ സൃഷ്ടിക്കുന്നു.''(2)

വിവാദം ഒച്ചപ്പാടുണ്ടാക്കിയ വ്യവഹാരമായി ത്തീർന്നു. മി. ഡാനിയലിന്റെ കൃത്രിമങ്ങൾക്കും ഒളിപ്പുകൾക്കും അനേകം ഉദാഹരണങ്ങൾ—പ്രധാനമായി ഏഴെണ്ണം എടുത്തുകാണിച്ചുകൊ

(2) വിതണ്ഡാവാദധ്വംസനം, തിരുവനന്തപുരം, 1929, പുറം 5

www.malankaralibrary.com



ണ്ടും ദാനിയേലിൻെറ മാനനഷ്ടഹർജി തള്ളി ക്കൊണ്ടും കോടതിവിധിയുണ്ടായി. (3)

മോൺ. തോമസ് വടശ്ശേരിയുടെ 'തെങ്ങേലി പ്രസംഗ' ത്തെ തുടർന്നുണ്ടായ സംഭവങ്ങൾ വാദം വാശിയിലേക്കു നീങ്ങുന്നതിനു വേറൊരു ഉദാ ഹരണമാണ്. തിരുവല്ലായ്ക്കു സമീപമുള്ള തെ ങ്ങേലി എന്ന സ്ഥലത്തു 1955 ജൂലൈ 31—ാം തീയതി മാർ തോമസ് തറയിൽ തിരുമേനിയു ടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മോൺ. വടശ്ശേരി പ്രസംഗിച്ചു. അതിലെ ചില വാ ക്യങ്ങൾ ഏതാനുംപേർ തെററിദ്ധരിച്ചു. പ്രതി ഷേധമായി, പ്രകടനമായി, പത്രപ്രസ്താവനയാ യി, ഒച്ചപ്പാടായി. ക്നാനായഅസോസിയേ ഷൻ ഇങ്ങനെ പ്രതിഷേധപ്രമേയം പാസാക്കി:

"————ബ. വടശ്ശേരിൽ അച്ചൻ ചെയ്ത നിന്ദ്യവും നീചവും ക്രൈസ്തവധർമ്മത്തിനോ മാനുഷികമര്യാദകൾക്കു പോലുമോ ചേരാത്തതു മായ പ്രസ്താവനകളെ ഈ യോഗം അതീവ ഉൽ ക്കണ്ഠയോടു കൂടി വീക്ഷിക്കുകയും അതിലുള്ള ശക്തിയായപ്രതിഷേധം രേഖപ്പെടുത്തുകയും ആവിധ നടപടികൾ ആവർത്തിക്കാതിരിക്കുന്നതി ന് വന്ദ്യ തറയിൽ തിരുമേനിയെ ഉൽബോധിപ്പി ക്കുകയും ചെയ്യുന്നതോടൊപ്പം ഈ ദൃശപ്രവൃ ത്തികൾ തുടരാതിരിക്കുന്നതിന് ആവശ്യമായ നട പടികൾ കൈക്കൊള്ളുന്നതിന് ക്നാനായ കമ്മി ററിയെ അധികാരപ്പെടുത്തുകയും ചെയ്യുന്നു" [4]

(3) ഐ. സി.-ഡാനിയൽ മാനനഷ്ടക്കേസ് ജഡ്ജ്മെ ൻറ്, മി. എൻ. എസ്. രാമൻപിള്ള, ചെങ്ങന്നൂർ 110 ധനു 22-ാം തിയതി

(4) മലയാളമനോരമ, ആഗസ്ററ് 5, 1955

www.malankaralibrary.com



തെങ്ങേലിയിൽ നടത്തിയ പ്രതിഷേധയോഗത്തിന്റെ റിപ്പോർട്ടു പത്രങ്ങളിൽവന്നു.

"––– പ്രസ്തുതസമ്മേളനത്തിൽ സംബന്ധിക്കുന്നതിനും പ്രതിഷേധപ്രകടനങ്ങൾ നടത്തുന്നതിനുമായി വമ്പിച്ച ഒരു ജനസമൂഹം ജാഥയായി അലങ്കരിച്ച ലോറികളിലും കാറുകളിലുമായി ––– ചിങ്ങവനത്തുനിന്നും യോഗസ്ഥലത്തു വന്നുചേരുകയുണ്ടായി. കൂടാതെ വെളിയനാട്, കല്ലിശ്ശേരി, റാന്നി, ഇരവിപേരൂർ, വള്ളംകുളം, കറോടു മുതലായ സ്ഥലങ്ങളിൽ നിന്നും ജാഥകൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. തെങ്ങേലിയുടെ ചരിത്രത്തിൽ ഇത്ര വമ്പിച്ച ഒരു ജനസമൂഹം തടിച്ചുകൂടിയിട്ടില്ലെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്" (5)

പ്രതിഷേധപ്രകടനവാർത്തകൾക്കു നിറപ്പകിട്ടു കൊടുത്ത പത്രങ്ങൾ മോൺ. വടശ്ശേരിയുടെ പ്രസ്താവന പ്രസിദ്ധീകരിച്ചില്ല. 500 പുറങ്ങളുള്ള "എന്റെ തെങ്ങേലിപ്രസംഗം" എന്ന പുസ്തകം കൊണ്ടേ തന്റെ നിരപരാധത്വം വെളിപ്പെടുത്താൻ മോൺസിഞ്ഞോറിനു സാധിച്ചുള്ളു.

---

(5) കേരളഭൂഷണം, ആഗസ്റ്റ് 9, 1955

www.malankaralibrary.com



# D വിവാദവും അടവുകളും

പ്രതിയോഗിയെ അടിപെടുത്തുക എന്നതായിത്തീരുന്നു വിവാദമൽപ്പിടിത്തത്തിൻെറ ലക്ഷ്യം. പരാജയവീഴ്ചയിൽനിന്നു വഴുതിമാറാനും എതിരാളിയെ തകർത്തുതറപററിക്കാനും വിജയഭേരിതപം വരിക്കാനുള്ള വികാരാവേശം മൂലം വാഗ്വാദക്കാരൻ എന്തും പ്രവർത്തിക്കും; അടവുകരം ചവിട്ടും; കുയുക്തി പ്രയോഗിക്കും; പച്ചക്കള്ളം പറയും; പൊടിയിട്ടു വിളക്കും; ധർമ്മാധർമ്മാഭേദം ഗണിക്കയില്ല. ഈ കൗശലപദ്ധതികരം സത്യാന്വേഷണതപരയെ ഹനിക്കും.

വാദപ്രതിവാദവേളയിൽ പണ്ഡിതനായ ഒരു യുവവൈദികനെ കൂടെയുണ്ടായിരുന്ന കപ്യാരുടെ പൊടിക്കൈപ്രയോഗം തോൽവിയിൽ നിന്നു രക്ഷപ്പെടുത്തിയ കഥയുണ്ട്. ഒരു വിഷയത്തിലും ഉറച്ചുനിൽക്കാതെ വേദവാക്യങ്ങരം സ്ഥാനത്തും അസ്ഥാനത്തും തിരുകിക്കയററിക്കൊണ്ട് ശാഖാചംക്രമണം ചെയ്യുകയെന്നതായിരുന്നു യുവാവിൻെറ വാദരീതി. അവൻെറ ഏതോ വാദമുഖത്തിനു പെട്ടെന്നു മറുപടി പറയാൻ കഴിവില്ലാതെ വൈദികൻ കുഴങ്ങുന്നതുപോലെ സമീപം നിന്ന കപ്യാർക്കു തോന്നിപ്പോയി. കൈവശമുണ്ടായിരുന്ന ദൈവാലയപഞ്ചാംഗത്തിലെ ''ന. കു. പെ.'' എന്ന മൂന്നക്ഷരം കാട്ടിക്കൊണ്ട് അതെന്താണെന്നു കപ്യാർ യുവാവിനോടു ചോദിച്ചു. ഉത്തരം പറയാൻ കഴിവില്ലാതെ യുവാവു നിശ്ശബ്ദനായി. ''ന. കു. പെ'' എന്നതുപോലും അറിഞ്ഞുകൂടാത്ത നിങ്ങളാണോ ഞങ്ങളുടെ പണ്

www.malankaralibrary.com


ഡിതനായ അച്ചനോടു തർക്കിക്കാൻ വരുന്നത് എന്നാക്ഷേപിച്ചു യുവാവിനെ ഇളിഭ്യനാക്കിപറഞ്ഞയച്ചു. 'നമസ്കാരം, കുർബാന, പെരുന്നാൾ' എന്നീ മൂന്നു വാക്കുകളുടെ ചുരുക്കു രൂപമാണ് പഞ്ചാഗത്തിലെ "ന. കു. പെ".

"ആങ്ങള ചത്താലും ശരി, നാത്തൂന്റെ ദുഃഖം കാണണം" എന്ന ചിന്തക്കാരും വാദരംഗത്തുണ്ട്. സ്വന്തം താല്പര്യങ്ങളെ അപകടപ്പെടുത്തിക്കൊണ്ടുപോലും പ്രതിഭാഗവാദമുഖങ്ങളെ ഖണ്ഡിക്കുന്നതിനാണ് അവരുടെ ശ്രമം. ഒരുവന്റെ നായ് തന്റെ പിന്നാലെ ഓടി കാലു കടിച്ചു പറിച്ചിരിക്കുന്നു എന്നു കാണിച്ചു ഒരു മനുഷ്യൻ കോടതി മുമ്പാകെ ആവലാതി ബോധിപ്പിച്ചു. പ്രതിഭാഗം പത്രിക സരസസാഹിത്യകാരനായ സഞ്ജയൻ അവതരിപ്പിക്കുന്നു:

"നിസ്സർഗ്ഗനിസ്തേജനായ അന്യായക്കാരന്റെ കാലിന്മേൽ കടിക്കുവാൻ തക്കവണ്ണം എന്റെ നായ് തന്റെ തറവാടിത്തവും അന്തസ്സും മറന്നു കളിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അഥവാ, അതു സംഭവ്യമെങ്കിൽ, എന്റെ നായ്ക്കു പ്രായാധിക്യംകൊണ്ടു കിടന്നേടത്തുനിന്നിളകാൻ വയ്യാ. അഥവാ, ചെറുപ്പമായിരുന്നെങ്കിൽ തന്നെ, ജന്മനാ മുടന്തനായിരുന്നതുകൊണ്ടു അതിനു ഓടാൻ നിവൃത്തിയില്ല. അഥവാ, ഓടാൻ സാധിച്ചു എന്നുവിചാരിച്ചാൽപോലും, കുരുടനായിരുന്നതുകൊണ്ടു അതിനു ആളെ കാണാൻ അസാധ്യമാണ്. അഥവാ, കാണാമായിരുന്നുവെങ്കിൽക്കൂടി അതിനു കടിക്കുവാൻ വായിൽ ഒരൊററ പല്ലുപോലുമില്ല. അഥവാ, പല്ലുണ്ടായിരുന്നെങ്കിൽ, എന്റെ നായ് രണ്ടു കൊല്ലം മുമ്പ് ബസുകയറി മരിച്ചുപോയിരിക്കുന്നു. അഥവാ, മരിച്ചിട്ടില്ലെ

www.malankaralibrary.com



ങ്കിൽ, ഞാൻ ജനിച്ചതിനുശേഷം ഒരു നായയെ പോററിട്ടേയില്ല. അതുകൊണ്ടു കോടതി ദയചെയ്തു ഈ അന്യായം തള്ളണം''.

ഇതു തീർത്തും ഹാസ്യചിത്രീകരണമാണ്. അതിശയോക്തി കുറെ കവിഞ്ഞുപോയിട്ടുമുണ്ട്. എന്നാൽ, ഇക്കാലത്തും ഉയരുന്ന ചില വാദനിക്കങ്ങൾ ഇതിനോടു കുറച്ചെങ്കിലും സാദൃശ്യമുള്ളതാണ്. ''മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം'' എന്ന ഓർത്തഡോക്സുപക്ഷത്തിന്റെ അഭിനവ വാദത്തിനു യാക്കോബായപക്ഷത്തിന്റെ പ്രത്യുത്തരം ഇങ്ങനെ സംഗ്രഹിക്കാം: ''പത്രോസിന്റെ ശ്രേഷ്ഠസിംഹാസനമായ അന്ത്യോക്യയോടു ബന്ധപ്പെടാതെ മലങ്കരസഭയ്ക്കു സ്വതന്ത്രമായി നിൽക്കാൻ അവകാശമില്ല. മലങ്കരസഭ സ്വാതന്ത്ര്യം അവകാശപ്പെടാൻ മാർത്തോമ്മാശ്ലീഹാ ഇവിടെ സിംഹാസനം സ്ഥാപിച്ചിട്ടില്ല. സിംഹാസനം സ്ഥാപിക്കാൻ മാർത്തോമ്മാ മഹാപുരോഹിതനായിരുന്നില്ല. മഹാപുരോഹിതനായിരുന്നില്ലെന്നു മാത്രമല്ല, മാർത്തോമ്മാ പുരോഹിതൻപോലും ആയിരുന്നില്ല''. പാത്രിയർക്കീസിന്റെ കല്പനയുടെ ഒരു പ്രസക്തഭാഗമിതാ:

''മാർതോമ്മായുടെ സിംഹാസനമെന്നു പറയത്തക്ക വിധത്തിൽ മാർതോമ്മാശ്ലീഹാ ഏതെങ്കിലും ഒരു സിംഹാസനം സ്ഥാപിച്ചിട്ടേയില്ല. യൂഹാനോന്റെ ഏവൻഗേലിയോനിൽ നിന്നു (20, 21-24) വ്യക്തമാകുന്ന പ്രകാരം അദ്ദേഹം ഒരു പുരോഹിതനായിട്ടില്ലായിരുന്നു. ഒരു പുരോഹിതൻ പോലും ആകാതിരിക്കെ എങ്ങനെ മഹാപുരോഹിതനായി ? ഒരു മഹാപുരോഹിതൻ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിച്ചു---''(1)

---

(1) പാത്രിയർക്കീസ് 203—ാം നമ്പരായി കാതോലിക്കാബാവായ്ക്കു അയച്ച കല്പന, മലയാളമനോരമ ജൂലൈ 3, 1974

www.malankaralibrary.com


# E സംവാദത്തിൻെറ സ്വരൂപം

വിവാദവും സംവാദ (dialogue)വും ഒന്നല്ല. വിവാദത്തിലെ വൈകൃതങ്ങൾ സംവാദത്തിലില്ല. ഒരേ ലക്ഷ്യമല്ല രണ്ടിനുമുള്ളത്. സ്വാഭിപ്രായ സമർത്ഥനം വിവാദത്തിൻെറ ഉന്നമാകാം. സ്വാഭിപ്രായസമർത്ഥനമല്ല സംവാദത്തിൻെറ ലക്ഷ്യം.

മാനസാന്തരപ്രവർത്തനവും സംവാദവും തമ്മിൽ വ്യത്യാസമുണ്ട്. പ്രേഷിതൻ നിർവ്വഹിക്കുന്ന മാനസാന്തരയത്നം പ്രശംസനീയമാണ്. മാനസാന്തരം തീർത്തും വ്യക്തിഗതവും നിഗൂഢവുമാണ്. ദൈവികപ്രകാശത്തിൻെറ ഉപത്യകയിലേക്കു സ ധാ ര ണ ക്കാ ര നെ എടുത്തുയർത്തുന്നതിനുള്ള പരിശ്രമമാണ് പ്രേഷിതനുള്ളത്. സൗഹൃദാന്തരീക്ഷ സൃഷ്ടിക്കു പണിപ്പെടുന്ന ഡയലോഗുകാരൻെറ പ്രത്യക്ഷലക്ഷ്യം മാനസ്സാന്തരമല്ല. സൗഹൃദസംഭാഷണത്തിൻെറ ഫലമായി ചില മാനസാന്തരങ്ങൾ ഉണ്ടായെന്നുവരാം. അതു ഡയലോഗുകാരൻ ഉന്നംവയ്ക്കുന്നതല്ല. ഡയലോഗിൻെറ വിജയമോ പരാജയമോ ആയി അതിനെ ഗണിക്കുന്നതുമല്ല.

ശിഷ്യനും ഗുരുവും തമ്മിലുള്ളതുപോലെയുള്ള ഒരു ബന്ധമാണ് മാനസാന്തരത്തിനു വിധേയനായവനും വിധേയനാക്കിയവനും തമ്മിൽ ഉണ്ടാകുന്നത്. ശിഷ്യനെ ആജ്ഞാനുവർത്തിയാക്കുകയാണ് ഗുരു ചെയ്യുന്നത്. ഇത്തരം ആജ്ഞാനുവർത്തിത്വം ഡയലോഗിലില്ല. ഗുരുശിഷ്യ ബന്ധമല്ല അവിടെയുള്ളത്. സമഭാവനയോടെ

www.malankaralibrary.com


പരസ്പരം കൈകോർക്കുന്നവരുടെ ഒരു അഭിമുഖീകരണമാണ് ഡയലോഗ്. ഇവിടെ ഒരുവനും അപരൻെറമേൽ പഴിചാരുന്നില്ല; അപരനെ ആക്രമിച്ചു കീഴ്പ്പെടുത്തുന്നുമില്ല. തന്നിൽ നിന്നു വ്യതിരിക്തമായി അപരനുള്ള സവിശേഷതയെ ജിജ്ഞാസാപൂർവ്വം അറിയുവാനുള്ള ഒരു ശ്രമമാണിത്. ചരിത്രം ഉളവാക്കിയിട്ടുള്ള അഗാധഗർത്തങ്ങളെ മറികടക്കുന്നതിനുള്ള പാലംപണിയുടെ ശ്രമമാണിത്. പിണക്കിയകററുന്ന വ്യത്യസ്തതയുടെ തലമുടിനാരുകളെ വലുതാക്കി പെരുപ്പിക്കുന്നതിനോ വിദ്വേഷാഗ്നിയുടെ ചെറുപൊരികളെ ആളിക്കത്തിക്കുന്നതിനോ അല്ല, യോജിപ്പിൻെറ നറുമലരുകളെയെല്ലാം കൊരുത്തുകോർക്കുന്നതിനാണിവിടത്തെ ശ്രമം.

ഡയലോഗുകൊണ്ടു ഒരുവൻ ജയിക്കയോ തോൽക്കയോ ചെയ്യുന്നില്ല. എന്നാൽ, അപരനെപ്പററിയുള്ള അഗാധമായ അറിവുണ്ടാകുന്നതുകൊണ്ടു സംവാദം ഒരുവനെ പൂർവ്വാധികം സമ്പന്നനാക്കുന്നു. പരസ്പരമുള്ള ഈ ധാരണ ഗാഢസ്നേഹത്തെ ഉദിപ്പിക്കുന്നു. സ്നേഹത്തിൻെറ ഐക്യവും സത്യത്തിൻെറ ഐക്യവുമുണ്ട്. സ്നേഹത്തിൻെറ ഐക്യം പടുത്തുയർത്തുന്ന ബലിഷ്ഠമായ അടിത്തറയിൽ മാത്രമേ സത്യത്തിൻെറ ഐക്യം നിലനിൽക്കുകയുള്ളു. ആദ്യം സ്നേഹത്തിൻെറ ഐക്യം, തുടർന്നു സത്യത്തിൻെറ ഐക്യവും. സ്നേഹത്തിൻെറ ഐക്യത്തിനുവേണ്ടി, സൗഹൃദത്തിനുവേണ്ടി യത്നിക്കുന്നതിനുള്ള കടപ്പാടാണ് ഇന്നു നമുക്കുള്ളത്.

www.malankaralibrary.com

III

# സത്യം വെടിഞ്ഞു സ്നേഹം പാടില്ല

പ്രഥമസ്ഥാനം സ്നേഹത്തിനുതന്നെ നല്കണം, ശരിതന്നെ. എന്നാൽ, സത്യത്തെഗോപനം ചെയ്യുന്നതിനോ ബലികഴിക്കുന്നതിനോ ശ്രമിക്കാമോ? ആ പ്രവണത ഒട്ടും ശരിയല്ല.

റിച്ചാർഡു കാർഡിനൽ കുഷിംഗ് ഒരു സംഭവം രേഖപ്പെടുത്തുന്നു. കത്തോലിക്കാ മഹിളാസമാജത്തിൽ പ്രസംഗിക്കുന്നതിന് ഒരു വൈദികൻ ക്ഷണിക്കപ്പെട്ടു. സമാജം പ്രസിഡണ്ടു പ്രസംഗകനെ സമീപിച്ചു മുന്നറിവു നല്കി: ''അച്ചോ, യോഗത്തിൽ ധാരാളം പ്രോട്ടസ്റ്റൻറു മഹിളമാർ പങ്കെടുക്കും. അവർക്കു അരോചകമാകുന്ന വിഷയങ്ങരം സ്പർശിക്കാതിരിക്കാൻ അച്ചൻ സൂക്ഷിക്കണം''

''തീർച്ചയായും ചെയ്യാം'' വൈദികൻ പറഞ്ഞു: ''എന്തൊക്കെ വിഷയങ്ങരം ഉപേക്ഷിക്കണമെന്നാണ് നിങ്ങരം ആവശ്യപ്പെടുന്നത്?''

''പാപ്പായോ കന്യകമറിയാമോ വിഷയമാക്കാതിരുന്നാൽ മതി'' മഹിള കൂട്ടിച്ചേർത്തു: ''എക്യുമെനിക്കൽ കാലമല്ലേ? നമ്മരം സൂക്ഷിക്കണം''

പ്രസംഗത്തിനുള്ള സന്ദർഭം വന്നു. തയ്യാറെടുത്ത വിഷയമല്ല വൈദികൻ പ്രസംഗിച്ചത്. പകരം തെരഞ്ഞെടുത്ത വിഷയം, ''നമ്മെ പരസ്പരം അകററുന്ന ചില എക്യുമെനിക്കൽ കാര്യങ്ങരം'' എന്നതായിരുന്നു. പരിശുദ്ധ ദൈവമാതാവിനെപ്പററിയുള്ള കത്തോലിക്കാധാരണയേയും

www.malankaralibrary.com



വിശുദ്ധ പത്രോസിന്റെ അനന്തരഗാമികളെ ബന്ധിച്ചുള്ള കത്തോലിക്കാവിശ്വാസത്തേയും ചുററിപ്പററി അദ്ദേഹം സമർത്ഥമായി പ്രഭാഷണം നടത്തി. എക്യുമെനിക്കൽ ഡയലോഗിന് അവശ്യം ഉണ്ടായിരിക്കേണ്ട ആത്മാർത്ഥതയെക്കുറിച്ചു ആ ഗ്രൂപ്പിനെ ബോധ്യപ്പെടുത്തണമെന്നതായിരുന്നു പ്രസംഗകന്റെ ഉന്നം. സ്വന്തം വിശ്വാസങ്ങളെ വിഴുങ്ങുകയോ മൂടുപടമിട്ടു കാണിക്കയോ ആണ് എക്യുമെനിക്കൽഡയലോഗെന്നു അദ്ദേഹം ധരിച്ചില്ല. ശ്രോതാക്കൾ ആ പ്രസംഗം കേട്ടു. ആരും നെററി ചുളിച്ചില്ല; വിരസത കാട്ടിയില്ല; മുമ്പു ശ്രവിച്ചിട്ടില്ലാത്ത വിഷയം കേട്ടതിൽ അവർക്കു സംതൃപ്തിയാണുണ്ടായത്. കത്തോലിക്കാസുഹൃത്തുക്കളോട് ചോദിക്കാൻ മടിച്ചിട്ടുള്ള വിഷയങ്ങൾ പണ്ഡിതോചിതമായി വിവരിക്കുന്നതു കേട്ട ആ ശ്രോതാക്കൾ സന്തോഷനിമഗ്നരാകയാണു ചെയ്തത്: പ്രസംഗാനന്തരം വൈദികനെ സമീപിച്ച ആ അകത്തോലിക്കർ തങ്ങളുടെ സന്തോഷാധിക്യം പ്രകടിപ്പിക്കയും ചെയ്തു.(1)

ആത്മാർത്ഥതാരാഹിത്യം എക്യുമെനിസത്തിന്റെ കഴുത്തു ഞെരിക്കും. കൗൺസിൽ നിരീക്ഷകരോടായി പോപ്പുപോൾ പറഞ്ഞു: "നമ്മുടെ ശബ്ദം സൗഹൃദവും ആത്മാർത്ഥവുമാണ്. അതിൽ ചരടോ കെണിയോ ഇല്ല. ലൗകിക താല്പര്യങ്ങളൊന്നുമില്ല. വിശ്വാസത്തോടു നാം ഏററം കടപ്പെട്ടിരിക്കുന്നു. അതു ദിവ്യമാണ്, അതീവനിർമ്മലമാണ്: വിശ്വാസം രക്ഷക

(1) Richard Cardinal Cushing, Grass—Roots Steps to Unity, S C U, PP. 195, 196

www.malankaralibrary.com



ൻേറതാണ്, അത് ഐക്യത്തിൻെറ ഉറവിടമല്ലേ. വിഭജിതസഹോദരങ്ങളെ ഒരുമിപ്പിക്കുന്നതിൽ വിശ്വാസം വിലങ്ങുതടി ഉയർത്തുമെന്നു നാം ആശങ്കിക്കുന്നില്ല.'' (2)

നിഷ്ക്രിയത്വമാണ് എക്യുമെനിസം എന്നു ധരിക്കുന്നവരുണ്ട്. സ്വന്തവിശ്വാസം പഠിക്കയോ അയവിറക്കി ആസ്വദിക്കയോ അപരനെ ആസ്വദിപ്പിക്കയോ ചെയ്യാതെ അലസരായികഴിയുന്നവരാണവർ. അവരുടെ ഔദാസീന്യം എക്യുമെനിസത്തെയും ഉദാസീനതയിലാഴ്ത്തും.

എക്യുമെനിസത്തിൻെറ വിഖ്യാതചിന്തകനായ എമിലി ജോസഫ് ഡെ സ്മേ (Emile - Joseph De Smedt) രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഒന്നാം സമ്മേളനത്തിൽ ചെയ്ത പ്രഖ്യാപനം ശ്രദ്ധേയമാണ്: ''എക്യുമെനിസം നിഷ്ക്രിയത്വമല്ല. ഔദാസീന്യവും നിഷ്ക്രിയത്വവും ഡയലോഗുകാരൻ ഒഴിവാക്കിയേ മതിയാവൂ. അവികലമായ അവതരണമാണു ഡയലോഗിലുണ്ടാകേണ്ടത്. വിശ്വാസസത്യം സത്യസന്ധമായി വെളിപ്പെടുത്താൻ കത്തോലിക്കാ പക്ഷത്തിനു കഴിയുന്നില്ലെങ്കിൽ മററുള്ളവർക്കു അതു എവിടെനിന്നു ലഭിക്കും? സത്യത്തിൻെറ യഥാർത്ഥ ചിത്രീകരണം ഒരിക്കലും ഡയലോഗിനെതിരല്ല. സത്യസന്ധമല്ലാത്ത ഡയലോഗു ആ പേരിനുതന്നെ അർഹമല്ല. കുരുടൻ കുരുടനെ നയിക്കുന്ന അപകടം എത്ര വലുത് !

ഒരു കത്തോലിക്കൻ ഡയലോഗിലേർപ്പെടുന്നതിന് സ്വന്തം വിശ്വാസത്തെ സ്ഫടികസ്ഫുട

(2) പോപ്പുപോോൾ VI, വത്തിക്കാൻ കൗൺസിൽ, രണ്ടാം സമ്മേളനം, ഉൽഘാടനപ്രസംഗം.

www.malankaralibrary.com



മായി അവതരിപ്പിക്കുന്നതിനുള്ള കഴിവുമാത്രം പോരാ; താഴെപ്പറയുന്ന ലക്ഷണയുക്തതകൂടി ഉണ്ടായിരിക്കണം.

(1) ഓര്‍ത്തഡോക്സു പ്രോട്ടസ്റ്റന്റുസഭകളുടെ പ്രബോധനങ്ങളെക്കുറിച്ചു അയാള്‍ക്കു വ്യക്തമായ ധാരണ വേണം. അവരുടെ വിശ്വാസപ്രമാണം, ആരാധനാജീവിതം, ദൈവശാസ്ത്രം എന്നിവ അറിഞ്ഞിരിക്കണം;

(2) കത്തോലിക്കാപ്രബോധനങ്ങളെക്കുറിച്ചു അകത്തോലിക്കരുടെ അഭിപ്രായം അയാള്‍ അറിഞ്ഞിരിക്കണം. ശരിയായും തെററായും സഭയെപ്പററി അവര്‍ ധരിച്ചിരിക്കുന്ന കാര്യങ്ങള്‍ ഗ്രഹിക്കണം;

(3) അകത്തോലിക്കാദൃഷ്ടിക്ക് കത്തോലിക്കാവിശ്വാസസംഹിതയില്‍ പോരായ്മയോ അവ്യക്തതയോ തോന്നുന്ന വിഷയങ്ങള്‍ ഏവയെന്നു മനസ്സിലാക്കണം. (ഉദാഹരണം, ദൈവവചനത്തെക്കുറിച്ചും മതസ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള പ്രബോധനങ്ങള്‍).

(4) നമ്മുടെ പ്രയോഗരീതികളും അവതരണസമ്പ്രദായങ്ങളും വിയോജിതസഹോദരങ്ങള്‍ക്കു മനസ്സിലാക്കാന്‍ ബുദ്ധിമുട്ടു വരുത്തുന്നുണ്ടോ എന്നു ശോധന ചെയ്യണം. സ്കൊളാസ്റ്റിക്ക് തത്വസിദ്ധാന്തപദ്ധതി അകത്തോലിക്കര്‍ക്ക് കീറാമുട്ടിയാണ്. യുക്തിസമ്പൂര്‍ത്തു നിറഞ്ഞ ദൈവശാസ്ത്രാവതരണം പൗരസ്ത്യര്‍ക്കു പൊതുവേ ഹിതകരമല്ല. വേദപുസ്തകാനുസൃതമായും സഭാപിതാക്കന്മാരുടെ രീതിക്കൊപ്പിച്ചും നിരത്തിവയ്ക്കുന്ന വിശ്വാസസത്യം മുന്‍വിധിയും ആശങ്കയും ബുദ്ധിമുട്ടും കൂടാതെ അവര്‍ സ്വീകരിക്കയും ചെയ്യും.

www.malankaralibrary.com



(5) പ്രയോജനവത്തല്ലാത്ത എല്ലാവിധ വാഗ്വാദങ്ങളും ഉപേക്ഷിക്കണം. മുറിപ്പെടുത്താത്ത വിധത്തിൽ മാത്രമേ തെററു ചൂണ്ടിക്കാട്ടുന്നതിനു തുനിയാവൂ.'' (3)

## IV

## സ്നേഹം വെടിഞ്ഞു സത്യം പാടില്ല

സഹതാപബുദ്ധ്യാ സഹോദരനെ സ്വീകരിക്കാൻ സ്നേഹം പ്രേരിപ്പിക്കുന്നു. എങ്കിൽ, സഹോദരൻെറ അഭിപ്രായങ്ങളെ എങ്ങനെ സ്വീകരിക്കണം? അതും സഹതാപബുദ്ധ്യാ സ്വീകരിക്കണം. എന്തുകൊണ്ടാണിത്? ഇതാണ് സ്നേഹത്തിൻെറ പ്രകൃതി. വി. പൗലൂസ് പറയുന്നു: ''സ്നേഹം ദീർഘശാന്തതയും ക്ഷമയും ഉള്ളതാകുന്നു. .... .... സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തേയും അതിജീവിക്കുന്നു.'' (1)

സഹോദരവ്യക്തികളിൽ സ്നേഹം ഉണർത്താൻ പോരുന്നതാണ് യഥാർത്ഥ സഭാസ്നേഹം. അവജ്ഞ, തെററിദ്ധാരണ, മററുള്ളവനെ

(3) Emile-Joseph De Smedt, Tolerance, Freedom and Ecumenism, S C U, P. 164

(1) 1 കോരി. 13:4 – 7

www.malankaralibrary.com



ശ്രദ്ധിക്കുവാനുള്ള മനസ്സില്ലായ്മ, സ്വയ സാധൂകരണം, ഫരിസേയത്വം, മേൽക്കോയ്മഭാവം തുടങ്ങിയവയുടെ പുകച്ചുരുളുകളാണ് സഭാമമത ഉണ്ടാക്കുന്നതെങ്കിലോ? ആ സഭാസ്നേഹം യഥാർത്ഥ സഭാസ്നേഹമായിരിക്കയില്ല; അതു ക്രിസ്തു നല്കുന്ന സ്നേഹമായിരിക്കയില്ല. എക്യുമെനിസം സ്നേഹത്തെ പുടപാകം ചെയ്യുന്നു. അഭിപ്രായാന്തരങ്ങൾ ഉണ്ടായിരിക്കുമ്പോഴും ആദരവോടും ആസ്വാദനക്ഷമമാം വിധത്തിലും മററുള്ളവരെപ്പററി സംസാരിക്കാൻ പുതുയുഗത്തിൻെറ ഈ സൗഹൃദസംവിധാനം നമ്മെ പഠിപ്പിക്കുന്നു (2)

സ്നേഹവും സത്യവും പരസ്പരബദ്ധമായിരിക്കണം. ഒന്നു മറെറാന്നിൽ നിന്നു വേർപിരിയാൻ പാടില്ല. സ്നേഹത്തിൽ നിന്നു അകന്നുപോയ സത്യവും സത്യത്തോടു പുലബന്ധമില്ലാത്ത സ്നേഹവും പരിത്യജിക്കേണ്ടവയാണ്. സ്നേഹം കൂടാതെയുള്ള സത്യം തിരിച്ചടിക്കുന്ന അസഹിഷ്ണതയായി കലാശിക്കും; സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്, സഹനീയമല്ല. സത്യം കൂടാതെ സ്നേഹത്തിനുള്ള പ്രവണത വെറുപ്പുളവാക്കും. സ്നേഹത്തിൻെറയും സത്യത്തിൻെറയും സമഞ്ജസസമ്മേളനം ക്ഷിപ്രസാധ്യമല്ല. (3)

അപഹാസശരമാരി സഭയ്ക്കെതിരെ ചൊരിയവേ ഫാ. കെ. ററി. സ്കറിയാ ഇങ്ങനെ

---

(2) Gregory Baum, Drawing C oser together, SCU, P. 273

(3) Angnotin Cardinal Bea, Liberty of Conscince, SCU, PP. 287, 288

www.malankaralibrary.com



പ്രസംഗിച്ചു: "ക്ഥൽ" എന്ന സുറിയാനിപദത്തിന് കൊന്നു എന്നാണർത്ഥം. അതിൽനിന്നാണു കത്തോലിക്കാ എന്ന പദം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് കത്തോലിക്കർ എന്നു പറഞ്ഞാൽ കൊലപാതകികൾ എന്നാണ്"

ഈ അധിക്ഷേപത്തിനു കത്തോലിക്കാ നിരൂപകൻ മറുപടികൊടുക്കുന്നു: "സുറിയാനിയിൽ നിന്നല്ല, കത്തോലിക്കാ ശബ്ദനിഷ്പത്തി. സാർവ്വത്രികം എന്നർത്ഥം വരുന്ന ഗ്രീക്കുപദമാണത്. ദൈവത്താൽ വിളിക്കപ്പെട്ടവൻ എന്നർത്ഥം വരുന്ന ഒരു സുറിയാനി നാമമാണ് കറിയാ. മലയാളത്തിലെ 'കറി' എന്ന പദത്തിൽനിന്നാണ് കറിയാ ശബ്ദം നിഷ്പാദിക്കപ്പെടുന്നതെന്നു വാദിക്കുന്നതു ശരിയോ? അങ്ങനെയെങ്കിൽ കറികളുടെ അച്ചനോ കറിയാച്ചൻ? (4)

ഈ അധിക്ഷേപത്തെയും പ്രത്യുത്തരത്തെയും പററി എന്തഭിപ്രായമാണു തോന്നുന്നത്? കത്തോലിക്കർ കൊലപാതകികളെന്നുള്ള അന്ധജല്പനത്തിൽ സത്യമോ സ്നേഹമോ തൊട്ടുതെറിച്ചിട്ടില്ല. എന്നാൽ, അതിനു കൊടുക്കുന്ന മറുപടിയോ? ഉരുളയ്ക്കുപ്പേരിയായിട്ടുണ്ട്. അതിൽ സത്യമുണ്ട്. എന്നാൽ, സ്നേഹത്തിൻെറ കഥയോ? സ്നേഹം മുറിപ്പെട്ടു ചോരയൊഴുക്കുന്ന ദയനീയചിത്രമാണ് ഇവിടെ കാണുന്നത്.

ആംഗ്ലിക്കൻവൈദികനു സാധുവായ പട്ടമില്ലെന്നത്രേ കത്തോലിക്കാപക്ഷം. അതുകൊണ്ടു ആംഗ്ലിക്കൻ വൈദികൻെറ പേരിനോട് 'ഫാദർ'

---

(4) മോൺ. വടശ്ശേരി, കത്തോലിക്കാസഭയും യാക്കോബായവാദങ്ങളും, പുറം, 98

www.malankaralibrary.com



എന്ന വിശേഷണം ചേർക്കാൻ കത്തോലിക്കനു വൈമുഖ്യമാണ്. ''ഫാദർ സ്നോഡൻ'' എന്നു പറയുന്നതിനു പകരം ''ഡോക്ടർ സ്നോഡൻ' എന്നാക്കി തടുത്തപ്പുന്നു. ഡയലോഗിനെ ഇളംമുള യിലെ നുള്ളുവാൻ ഇത്തരം കല്ലുകടികൾ വേണ്ടുവോളം മതി. ''കത്തോലിക്കാ'' ശബ്ദത്തിനു തൊട്ടുമുമ്പായി അമിതപ്രാധാന്യം കൊടുത്തു പ്രോട്ടസ്റൻെറുകാർ മുഴപ്പിച്ചുപ്രയോഗിക്കുന്ന ''റോമാ'' വിശേഷണം അപസ്വരമായാണ് പലർക്കും തോന്നുക. ഒരോസഭയും കല്പിച്ചനുവദിച്ചിട്ടുള്ള ബഹുമതിനാമങ്ങൾ അതേപടി ഏവനും ഉപയോഗിക്കുക എന്നതാണ് മര്യാദ. പോപ്പിനെ പരിശുദ്ധപിതാവു എന്നു സംബോധന ചെയ്യുകയെന്നതാണ് തഴക്കമെങ്കിൽ എല്ലാവരും അങ്ങനെ ചെയ്യട്ടെ. ''പരിശുദ്ധ പാത്രിയർക്കീസ് മോറാൻ മോർ – – – '' എന്നു ഓർത്തഡോക്സു സഭാദ്ധ്യക്ഷനെ വിളിക്കുന്ന ക്രമം എല്ലാവരും അനുസ്യൂതം തുടരട്ടെ. സ്വർഗ്ഗസ്ഥനായ ഒരേ ഒരു പിതാവിനെയാണ് ഏവനും വിളിക്കുന്നതെന്നതത്രേ പ്രധാന സംഗതി. [5]

---

[5] John Cogley Commandments for the Ecumenical Age, S C U, 258

www.malankaralibrary.com

V

# അന്ധമായ ദോഷജല്പനം പാടില്ല

"ദേവമാതാവിന്റെ ഉത്തരീയ"മുള്ള ചാക്കോച്ചൻ എന്ന മുക്കുടിയന്റെ ചിത്രം ശ്രീപോഞ്ഞിക്കരെറാഫി വരച്ചു കാട്ടുന്നു. ഏലിയാവ് എന്ന ജൂതനെ തല്ലിയശേഷം അവന്റെ നേരെ തീരാത്ത കോപത്തോടെ വിരൽചൂണ്ടിക്കൊണ്ടു ചാക്കോച്ചൻ പറഞ്ഞു:

"ക്രിസ്ത്യാനിയാണെങ്കി യൂദനെ തല്ലണം! ദല്ലണോന്നാണ് ഞാൻ പറേണത്! യൂദനെ ഹാണുന്നോടത്ത് വെച്ചു ദല്ലണം! ഥല്ലണം. ഞാൻ ഥല്ലും! ഞീം ദല്ലും — — —"

"താനിന്ന് എത്ര കുപ്പി കുടിച്ചു?" ഒരുവൻ ചോദിച്ചു.

"കള്ളുകുടിച്ചത് എന്റെ വയററിലാണ് കിടക്ക്ണത് — —"

ചാക്കോച്ചൻ തുടർന്നു:" എന്റെ തലയ്ക്കു നല്ല ബോധമുണ്ട്. ബോധത്തോടു കൂടിയാണ് ഞാൻ ശംശാരിക്ക്ണത് ! സത്യക്രിസ്ത്യാനികാം ട രക്ഷകനാരാണെന്നാണ് ഞാൻ ശോധിച്ചത്.— — രക്ഷകൻ കർത്താവീശോമിശിഹാ — — —" നെഞ്ഞത്തു വീണ്ടും അടിച്ചുകൊണ്ട് :" എന്റെ രക്ഷകൻ കർത്താവീശോമിശിഹായാണ്! രക്ഷകനായ കർത്താവ്ശോമിശിഹായെ കുരിശിൽ തറച്ചു കൊന്നതു ജൂദന്മാരാണ് ! ജൂദച്ചെന്നായ്ക്കളാണ്. .... "വർദ്ധിച്ചു വർദ്ധിച്ചു വരുന്ന കോപത്തോടെ : "പള്ളില് അച്ചൻമാരു പ്രശം

www.malankaralibrary.com



ങ്ങും പറേണതു കേട്ടിട്ടില്ലേ? ഈ യൂദച്ചെന്നായ്ക്കളാണ് കർത്താവീശോമിശിഹായെ കൊന്നത്. യൂദനെ ഹാണനോടത്തു വച്ചു ദല്ലണോന്ന് .... ഞാൻ ദല്ലും; ഞാൻ ദല്ലും''[1]

ഒരു മുക്കുടിയൻെറ ആക്രോശമാണിത്.

കുടിക്കാത്തവരും അന്ധജല്പനങ്ങൾ മുഴക്കാറുണ്ട്. ഇതാ ക്ലാസ്സുമുറിയിലെ ഒരു രംഗം. ഗീത അരയത്തിയായതുകൊണ്ട് മീൻനാററവും ഉണ്ടായിരിക്കണം എന്നാണ് ത്രീസാസെബാസ്ററ്യൻെറയും അന്നമ്മ മാത്യുവിൻെറയും ആക്ഷേപം.

ത്രി. സെ:—''സിസ്ററർ, ഈ കുട്ടിയോടു ഇവിടെനിന്നു മാറിയിരിക്കാൻ പറഞ്ഞിട്ടു കേൾക്കിണില്ല.''

അ. മാ: ''ഈ കുട്ടിയെ മീൻനാറിയിട്ട് — മീനിൻെറ നാററം കൊണ്ട് ഇവിടെ ഇരിക്കാൻ പാടില്ല''

ത്രി. സെ: —''ഈ കുട്ടിയെ ഇവിടുന്നു മാററിയിരുത്തണം''

അ. മാ:— (ഗീതയോട്) എണീററുമാറാൻ കുട്ടിയോടല്ലേ പറേണത്? ഇവിടുന്നെണീററു പോ കുട്ടീ. എണീററു പോ''

ഗീത (കരഞ്ഞുകൊണ്ട്) ''സിസ്ററർ, മീനിൻെറ നാററമുണ്ടെന്നുപറയുന്നത് ഈ കുട്ടിയുടെ കുശുമ്പാണ് — മീനിൻെറ നാററമുണ്ടാകാനായിട്ടു ഇന്നു ഞാൻ മീൻ കണ്ടിട്ടുകൂടിയില്ല''

അ. മാ:— ''അല്ലെങ്കിലും ഇതരയത്തിയല്ലേ? വെടിപ്പും മെനയുമില്ലാത്ത ജാതി!''

---

(1) പോഞ്ഞിക്കര റാഫി, തെരഞ്ഞെടുത്ത കഥകൾ

www.malankaralibrary.com



ത്രി. സെ:– "ആ കുട്ടിയെ ഇനി നമ്മുടെ കൂടെ ഇരുത്താൻ പാടില്ല"

ഇങ്ങനെ ആ ചെറിയ അമ്മമാരുടെ ശബ്ദങ്ങൾ ഉയർന്നു അന്തരീക്ഷത്തെ ദുസ്സഹമാക്കി(2) അന്ധമായ ദോഷാരോപണം!

സുവിശേഷവേദിപോലും അന്ധജല്പനങ്ങൾക്കു ഉപയോഗിക്കുന്നതിന് ഉദാഹരണം ഒന്നും രണ്ടുമല്ല. ഭീമമായ തെററിദ്ധാരണയുടെയും മറുതലിപ്പിൻെറയും പിന്നിൽ സൗഹൃദസമ്പർക്കത്തിൻെറയും സമീപനത്തിൻെറയും അഭാവമാണ് പലപ്പോഴും കാണുന്നത്.

റിച്ചാർഡ് കാർഡിനൽ കുഷിംഗ് (Richard Cardinal Cushing) ഒരു സംഭവം രേഖപ്പെടുത്തുന്നു. ന്യൂ ഇംഗ്ലണ്ടിലെ ഒരു ചെറുപട്ടണത്തിലാണിതു നടന്നത്. കോൺഗ്രിഗേഷനൽ സമൂഹത്തിൽപെട്ട പ്രൊട്ടസ്ററൻറുകാർ എല്ലാ ഞായറാഴ്ചയും 10 മണിക്കു ആരാധനയ്ക്കു സമ്മേളിക്കും. മിനിസ്ററർ പ്രാർത്ഥന ആരംഭിച്ചു 20 മിനിട്ടു കഴിയുമ്പോഴേക്കു കേൾക്കാം സമീപത്തുള്ള കത്തോലിക്കാപ്പള്ളിയിൽനിന്നു ഇടതടവില്ലാത്ത ദുസ്സഹമണിനാദം. ഒന്നോ രണ്ടോ ഞായറുകളിലല്ല ഇതു തുടർന്നത്. പ്രൊട്ടസ്ററൻറു സമൂഹം ക്ഷോഭിച്ചു. തങ്ങളുടെ ആരാധന അലങ്കോലപ്പെടുത്താൻ കത്തോലിക്കർ കരുതിക്കൂട്ടി ചെയ്യുന്നതാണിതെന്നത്രേ അവർ ധരിച്ചുവശായത്.

ശുണ്ഠി അനിഷ്ഠമായി, അനിഷ്ടം കൊടുംവൈരമായി; പ്രാർത്ഥനാപരിപാടി പൊട്ടാസും

(2) പോഞ്ഞിക്കര റാഫി, തെരഞ്ഞെടുത്ത കഥകൾ

www.malankaralibrary.com



മനയോലയും കൂട്ടിമുട്ടി പൊട്ടുവാൻ കളമായി. ഈ സന്ദർഭത്തിലാണ് ഹാർവാർഡു ഡിവിനിററി സ്ക്കൂളിലെ ഒരു പ്രൊഫസർ അവിടം സന്ദർശിച്ചത്. ക്ഷുഭിതരായ കോൺഗ്രിഗേഷൻ സമൂഹത്തിന്റെ കടുത്ത അമർഷം തദവസരത്തിൽ പ്രകടിതമായി. വേണ്ടിവന്നാൽ കോടതിയെ സമീപിക്കുന്നതിനുപോലും അവർ തയ്യാറായി. കത്തോലിക്കരുമൊത്ത് ഏറെക്കാലം ഡയലോഗിലേർപ്പെട്ട പ്രൊഫസർക്ക് ഇത് അസ്വസ്ഥതയുണ്ടാക്കി.

''മണിനാദം ഉളവാക്കുന്ന ശല്യത്തെപ്പററി നിങ്ങൾ ആവലാതിപ്പെട്ടപ്പോൾ കത്തോലിക്കാപ്പള്ളിയിലെ വൈദികൻ എന്തു മറുപടിയാണു പറഞ്ഞത്?'' പ്രൊഫസർ ആരാഞ്ഞു.

ചോദ്യം മിനിസ്ററേയും കൂട്ടരേയും ഞെട്ടിച്ചു. ''എന്തു മറുപടി പറയണം.'' മിനിസ്ററർ ഉത്തരിച്ചു; ''ഇക്കാര്യം അവരെ തെര്യപ്പെടുത്തിയില്ല. തെര്യപ്പെടുത്തേണ്ട ആവശ്യം കണ്ടില്ല.''

''ഞായറാഴ്ച 10. 30—നുള്ള വി. കുർബാനയുടെ മണിനാദമാണ് കേട്ടതെന്നു വരരുതോ?'' പ്രൊഫസർ ചോദിച്ചു; ''നിങ്ങളുടെ ആരാധനാസമയത്തെക്കുറിച്ചു അടുത്ത പള്ളിക്കാർക്കു ബോദ്ധ്യമില്ലായിരന്നെന്നു കരുതരുതോ? നിങ്ങൾക്കു അലട്ടലുണ്ടാക്കാൻ അവർ നിനച്ചിരുന്നില്ലെന്നു ഊഹിക്കരുതോ?''

മനസ്സില്ലാമനസ്സോടെയാണ് അവർ കത്തോലിക്കാ വൈദികനെ സമീപിച്ചത്. അദ്ദേഹം അത്ഭുതപ്പെട്ടുപോയി. സമീപജനങ്ങൾക്കു ശുണ്ഠിയുണ്ടാക്കുന്നതിനു താൻ കാരണമാകുമെന്ന് അദ്ദേഹം സ്വപ്നേപി നിനച്ചിരുന്നില്ല. ഉ

www.malankaralibrary.com



ണ്ടായ ബുദ്ധിമുട്ടിൽ അദ്ദേഹം ദുഃഖിതനായി. എല്ലാവർക്കും സ്വീകാര്യമായ ഒരു ക്രമീകരണം ഉടനെതന്നെ അവിടെയുണ്ടാകയും ചെയ്തു.

സൗഹൃദസമ്പർക്കത്തിൻെറയും സമീപനത്തിൻെറയും അഭാവമാണ് ഈ തെററിദ്ധാരണയുടെ നാരായവേര്. സുഹൃത്തുക്കൾക്കുണ്ടായിരിക്കേണ്ട പരസ്പരതാല്പര്യം ഇരുകൂട്ടർക്കും ഇല്ലാതായി. സൗഹൃദത്തിൻേറതല്ലാത്ത അജ്ഞതയിൽ ഇരുകൂട്ടരും വേർതിരിയപ്പെട്ടു. പരസ്പരബന്ധം ദൃഢപ്പെടണമെങ്കിൽ സൗഹൃദത്തിൻെറ അനുരജ്ഞനം ആവശ്യമാണ്.(3)

തെററിദ്ധാരണയുടെ പടുകുഴിയിൽ നിന്നു മുളയെടുക്കുന്ന വൈരബുദ്ധി ചെറുഗ്രൂപ്പുകളെ മാത്രമല്ല തമ്മിലടിപ്പിക്കുന്നത്. വിഭിന്ന ക്രിസ്തീയ സഭാരംഗത്തും തെററിദ്ധാരണാജന്യമായ മാത്സര്യം പ്രകടമാണ്. ഒരു പ്രത്യേക കാഴ്ചപ്പാടോടുകൂടി ക്രിസ്തീയതയെ കാണുന്ന ഒരുകൂട്ടർക്കു വ്യത്യസ്തകാഴ്ചപ്പാടുള്ള മറെറാരു കൂട്ടരെ മനസ്സിലാക്കുവാൻ കഴിയുന്നില്ല. യുക്ത്യധിഷ്ഠിതനീക്കമൊണ് ദൈവശാസ്ത്രസംബന്ധിയായ കാര്യങ്ങൾക്കുപോലും കത്തോലിക്കർക്കിുള്ളത്. നിഗൂഢാർത്ഥത്തിനാണ് ഓർത്തഡോക്സുകാർ പ്രാധാന്യം കൊടുക്കുന്നത്. കഴിവതും വേദപുസ്തകാനുസാരിയാകാൻ പ്രോട്ടസ്ററൻറുകാരൻ യത്നിക്കുന്നു. പരിണത ഫലമോ? ഒരുകൂട്ടർക്കും മറുകൂട്ടരെ മനസ്സിലാക്കാൻ കഴുയാതെ പോകുന്നു. കത്തോലിക്കരുടെ യുക്ത്യധിഷ്ഠിതകടുംപിടിത്തം പ്രോട്ടസ്ററൻറുകാരനു

(3) Richard Cardidal Cushing, Grass - Roots Steps to Unity, S C U, PP. 193, 194

www.malankaralibrary.com



ഒട്ടും മനസ്സിലാകുന്നില്ല. യുക്തിയുടെ അടിത്തറയിൽ ഉറപ്പിക്കാത്ത പ്രോട്ടസ്റ്റൻറുകാരൻെറ അതിശിഥിലസ്ഥിതിയെ കത്തോലിക്കൻ അപലപിക്കുന്നു.

ഒരോ ഗ്രൂപ്പും കാത്തുസൂക്ഷിക്കുന്ന പ്രത്യേക മനോഭാവവും സംസ്കാരവുമുണ്ട്. ശീലവും സാമൂഹ്യസ്ഥിതിയും സ്വായത്തമാക്കിയിട്ടുള്ള ചരിത്രസ്മരണകളുമാണ് ഈ പ്രത്യേകമനോഭാവത്തെ പാലൂട്ടിവളർത്തുന്ന ഘടകങ്ങൾ. ഈ മനോഭാവം ഉളവാക്കുന്ന അനിച്ഛാനുസാരിയായ പ്രതികരണങ്ങൾ എതിരാളികളുടെ ബീഭത്സവും ഭീകരവുമായ ചിത്രമത്രേ ഉയർത്തുന്നത്. ഐക്യത്തിൻെറ ദൈവശാസ്ത്രപരമല്ലാത്ത തടസ്സമെന്നു ചിന്തകന്മാർ വിവക്ഷിക്കുന്നത് ഈ പ്രതികരണങ്ങളാണ്. (4)

വിദ്വേഷാഗ്നി തുപ്പുന്ന ഈ മനോഭാവത്തെ മുളയിലേ നുള്ളിയെങ്കിലേ അന്ധമായ ദോഷജല്പനങ്ങളെ ഇല്ലായ്മചെയ്യാനൊക്കൂ. ഒരു മുത്തശ്ശിയും കൊച്ചുമകനും തമ്മിലുള്ള മമതാധിക്യത്തെ കഥാകൃത്തായ ശ്രീ. വിവേകാനന്ദൻ ചിത്രീകരിക്കുന്നു. മുത്തശ്ശിയും കുഞ്ഞുമോനും തമ്മിൽ അതിസ്നേഹമാണ്. മുത്തശ്ശി എടുത്താലേ അവൻെറ കരച്ചിലടങ്ങൂ. മുത്തശ്ശി കൊടുത്താലേ അവൻ എന്തെങ്കിലും കഴിക്കൂ. മു

(4) Yves Congar, Conquering Our enmities, S C U P. 97

www.malankaralibrary.com



ത്തശ്ശി പറഞ്ഞാലേ അവൻ എന്തെങ്കിലും അനുസരിക്കൂ.

കുഞ്ഞുമോനു രോഗം.

''മുത്തശ്ശി കുഞ്ഞുമോനെ എടുത്തുകൂടാ'' ഡോക്ടർ പറഞ്ഞു: ''അവർക്കാണു രോഗം കലശലായി ബ്ബാധിച്ചിട്ടുള്ളത്.''

''പക്ഷേ മുത്തശ്ശിയോട് അതെങ്ങനെ പറയും.'' മകൻ ധർമ്മസങ്കടത്തിലായി.

''പറയണം''

''ഓ! അതൊക്കുമോ?''

''ഒക്കണം. ഒത്തില്ലെങ്കിൽ നിങ്ങളുടെ കുഞ്ഞിനു രോഗം പിടിപെട്ട്, ചുമച്ചുചുമച്ചു, കഫവും ചോരയും തുപ്പി, മരിക്കുന്നതു നിങ്ങൾ നോക്കിനിൽക്കേണ്ടി വരും.''

അയാൾക്കു ആകപ്പാടെ തലകറങ്ങുന്നതുപോലെ തോന്നി. ദു:ഖത്തിൻെറ ഒരു കറുത്തപടലം കൺമുമ്പിൽ മാറാലകെട്ടിനില്ക്കുന്നു.

കുഞ്ഞിൻെറ കരച്ചിൽ കേട്ടാണ് അയാൾ അകത്തേക്ക് ഓടിക്കയറിച്ചെന്നത്.

മുത്തശ്ശി കുഞ്ഞിനെ മാറോടണച്ചു അടുക്കിപ്പിടിച്ചുകൊണ്ട് അവൻെറ മുഖത്തു ചുണ്ടുകൾ അടുപ്പിച്ചു ഉമ്മവെച്ചു കരച്ചിൽ മാററുകയാണ്. അയാൾ അലറി:

''ഹൊ! പിശാചുക്കൾ! നിങ്ങൾ അവനെ കൊല്ലും! നിങ്ങൾ എൻെറ മോനെ കൊല്ലും! ദ്രോഹികൾ!!'' അയാൾ അവരെ വലിച്ചെടുത്തു ദൂരത്തിട്ടു.

www.malankaralibrary.com


''ഛരീ ! എന്തെരടായിത് ?'' മുത്തശ്ശക്കു അരിശം വന്നു.

''എന്തോന്ന് ! എന്തോന്ന് ! നിങ്ങൾക്കു കേൾക്കണോ എന്തോന്നെന്ന് ? നിങ്ങളുടെ രോഗം പകരുമെന്ന്. മനസ്സിലായോ പറഞ്ഞത് ? നിങ്ങൾ അടുത്തിരുന്നാൽ — നിങ്ങളുടെ ശ്വാസമേററാൽ അവൻ മരിച്ചുപോകുമെന്ന് ! എന്റെ മകനെ കൊല്ലാൻ — — — ''

അയാൾ പെട്ടെന്നു നിറുത്തി. മുഖംപൊത്തി ഏങ്ങിയേങ്ങികരഞ്ഞുകൊണ്ട് അവർ വരാന്തയിലേക്കിറങ്ങി.

''അമ്മാമ്മേ ! അമ്മാമ്മേ ! ''

ആ പൂമ്പൈതലിന്റെ കരച്ചിൽ അവിരാമമായി കേട്ടുകൊണ്ടിരുന്നു. (5)

സാംക്രമിക രോഗം പരത്തുന്ന മുത്തശ്ശിയെ വിട്ടുപിരിയാൻ കുഞ്ഞിനു മനസ്സില്ല. വിദ്വേഷപ്പനിയുടെ വിഷാണു പരത്തുന്ന സ്വന്തം സംസ്കാരവിശേഷത്തെയും മനോഭാവത്തെയും ഉപേക്ഷിക്കാൻ ഒരു ക്രിസ്തീയ ഗ്രൂപ്പും ഒരുക്കമല്ല. സ്വന്തം കാഴ്ചപ്പാട്ടിന്റെ മഞ്ഞക്കണ്ണടയിലൂടെ കാണുന്നതുകൊണ്ടാണ് മറുഗ്രൂപ്പുകളെ മനസ്സിലാക്കാൻ ഒരു ഗ്രൂപ്പിനും സാധിക്കാത്തത്.

---

(5) ജി. വിവേകാനന്ദൻ, അമ്മാമ്മ.

www.malankaralibrary.com

# VI

## മാന്യമാനിതചം പുലർത്തണം

"പാതിരി വില്ലിനു ബഹുവിശേഷമാ"

"ഇളയതായാൽ ഏററം നന്ന്" അർണ്ണോസു പാതിരിയും ഒരു ഇളയതും തമ്മിൽ നടന്ന സരസഭാഷണമായി ഇതിനെ ഗണിക്കാം.

"കുറുവാന എന്ന ആനയെ എവിടെയാണ് തളയ്ക്കുന്നത് ?"

"ബ്രഹ്മാവ് എന്ന മാവേൽ" ഇതിനെ സരസഭാഷണമെന്നു വിശേഷിപ്പിക്കാവുന്നതല്ല. കുറുവാനയേയും ബ്രഹ്മാവിനേയും താഴ്ത്തിക്കെട്ടുന്നതിനുള്ള ഒരു ശ്രമം ഇവിടെയുണ്ട്. ക്രിസ്ത്യാനികളല്ലാത്തവർക്കു "കുറുവാന" സ്വീകാര്യമല്ലായിരിക്കാം. എന്നാൽ, അതിനെ അതീവപൂജ്യമായി കരുതുന്ന കോടാനുകോടികളുണ്ട്. കുറുവാനയെ അംഗീകരിക്കാത്തവരും അതിനെ അനാദരിക്കുവാൻ പാടില്ല. ബഹുലക്ഷങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തയാവും ആ അനാദരവു വരുത്തുന്ന ഫലം. ബ്രഹ്മാവു ക്രിസ്ത്യാനിക്കു സ്വീകാര്യമല്ലായിരിക്കും. എങ്കിലും, ആ മൂർത്തിയെ അനാദരിക്കുമ്പോഠം ഹൈന്ദവമതവികാരം മുറിപ്പെടുകയാണ്. ഒരു കൂട്ടർ സമ്പൂജ്യമായി കരുതുന്നതിനെ മറുകൂട്ടർ അനാദരിക്കുവാൻ പാടില്ലാത്തതാണ്.

കത്തോലിക്കരുടെ ശുദ്ധകുർബാനയിലെ യഥാർത്ഥസന്നിഹിതീവാദം കർത്താവിൻെറ അന്ത്യഅത്താഴത്തെ അന്യഥാ ധരിക്കുന്നതിൻെറ ഫലമാണെന്നു ഗണിക്കുന്ന പ്രൊട്ടസ്ററൻറുകാരൻ

www.malankaralibrary.com


കത്തോലിക്കാപ്പള്ളിയിലെ സക്രാരിക്കു മുമ്പിൽ തലവണങ്ങുവാൻ കടപ്പെട്ടവനല്ല. അവിടെ മുട്ടു മടക്കുക യുക്തിസഹമായി അവൻ കരുതുന്നില്ല. എങ്കിലും, ലക്ഷോപലക്ഷം കത്തോലിക്കാസഹോദരങ്ങൾ വണങ്ങുന്ന വിശുദ്ധകുർബാനയുടെ മുമ്പിൽ തലവണങ്ങുവാൻ മര്യാദ അവനെ നിർബന്ധിക്കുന്നു. ഒരു പ്രോട്ടസ്റ്റന്റു പള്ളിയിൽ കയറുന്ന കത്തോലിക്കന് വി. കുർബാനയോ പുണ്യവാന്മാരുടെ രൂപങ്ങളോ ഇല്ലാത്ത ശുദ്ധശൂന്യമായ ഒരു ഹോളാണ് പ്രത്യക്ഷപ്പെടുക. ബലിവേദിക്കു പകരം പ്രസംഗപീഠമാണ് അവന്റെ മുമ്പിലെത്തുന്നത്. ഒരു ആഡിറേറാറിയത്തേക്കാൾ ഉപരിയായ സ്ഥിതി ഇതിനു കൊടുക്കുന്നില്ലെങ്കിൽ അവൻ വെറും പരുക്കനായിരിക്കും. പ്രാർത്ഥനയ്ക്കു പ്രതിഷ്ഠിച്ചിരിക്കുന്ന ആ സ്ഥലത്തെ അറിഞ്ഞുപചരിക്കുവാൻ അവൻ ബാദ്ധ്യസ്ഥനാണ്.

പരമമായ ആരാധന ദൈവത്തിനല്ലാതെ മറെറന്തിനുകൊടുത്താലും അത് വിഗ്രഹാരാധനയെന്നു കത്തോലിക്കർ ധരിക്കുന്നു. എന്നാൽ, കത്തോലിക്കാപ്പള്ളിയിൽ പുണ്യവാന്മാരുടെ രൂപങ്ങളുണ്ട്. അവയെ അലങ്കരിക്കുവാനും ബഹുമാനിക്കുവാനും അവർ മടിക്കുന്നില്ല. ക്രിസ്തീയധീരതയുടെ മാതൃകാപാഠം കാട്ടിയവരുടെ മധുരസ്മരണ ഉണർത്താനും അവരെ ബഹുമാനിക്കാനുമാണിങ്ങനെ ചെയ്യുന്നത്. ഈ തക്കംനോക്കി കത്തോലിക്കരെ ആസകലം "വിഗ്രഹാരാധനക്കാർ" എന്ന് ആക്ഷേപിക്കുന്നതിൽ ചിലർ ആത്മസംതൃപ്തി നേടുന്നു. വിഗ്രഹാരാധനച്ചളി കത്തോലിക്കരുടെമേൽ വാരിയെറിഞ്ഞു രസിക്കുന്നവർ മാതാപിതാക്കന്മാരുടെ ഫോട്ടോ വെച്ചല

www.malankaralibrary.com



ങ്കരിക്കാനും സാമൂഹ്യനേതാക്കന്മാരുടെ പൂർണ്ണകായപ്രതിമകൾ നിർമ്മിക്കാനും മറക്കാറില്ല. ഉപദേശിയുടെ പ്രസംഗം ഒരു കഥാകൃത്ത് ഹാസ്യവിഷയമാക്കുന്നതു നോക്കുക. "— — — തന്റെ വാക്കുകൾ എത്തിപ്പിടിച്ചു ആവർത്തിക്കുവാൻ ഒരു കൂട്ടുകാരനില്ലാതെ ആ വാചാലൻ പ്രസംഗിക്കാറില്ല. ശബ്ദ സഞ്ചാരിയായ ഉപദേശിയുടെ വാക്കുകൾ ചൂടുപോകാതെ പിടിച്ചെടുക്കുന്നത് നിസ്സാരമായ ഒരു സാമർത്ഥ്യമല്ല. ഒരു വില്ലിൽ നിന്നു സെക്കണ്ടിൽ നാല്പതു വീതം ചീറിപ്പാഞ്ഞുവരുന്ന അമ്പുകൾ നിഷ്പ്രയാസം കടന്നു പിടിച്ചു താഴെയിടുന്ന ഒരു അഭ്യാസിയുടെ സാമർത്ഥ്യമാണ് ഇത് ഓർമ്മയിൽകൊണ്ടുവരിക. ഈ വാക്കുകൾ ഇങ്ങനെ ആവർത്തിക്കുന്നതെന്തിന്; എന്നു ചോദിച്ചാൽ, ക്ഷീരബല എന്നതുപോലെ ആവർത്തിച്ചാവർത്തിച്ച് ഗുണം കൂട്ടുന്നതിന്. — — — — — — — — — — — — — — — ഈ പ്രസംഗങ്ങൾ കൊണ്ടു ആളുകളുടെ മനസ്സാണോ ഉപദേശിയുടെ തലയാണോ തിരിഞ്ഞതെന്നു നിശ്ചയമില്ല — — — — — — — — — പ്രാർത്ഥനകൊണ്ടു രോഗം ഭേദമാക്കുവാൻ ശ്രമിക്കുന്ന ഭക്തൻ ആ പ്രാർത്ഥനകൊണ്ടുതന്നെ ആഹാരകാര്യവും സാധിക്കാത്തത് അത്ഭുതമായിരിക്കുന്നു." (1)

ഹാസ്യഗർഭമായ പ്രയോഗങ്ങൾ ഒരു വിഭാഗത്തിന്റെ മേലും ആ വിഭാഗത്തിന്റെ ആദ്ധ്യാത്മിക നേതാവിന്റെ മേലും തൊടുത്തുവിടുന്നതു മര്യാദയല്ല. പാത്രിയർക്കീസിനെ ഓർത്തഡോക്സുകക്ഷി അപലപിക്കുന്നതു നോക്കുക: "പ.

(1) പൊൻകുന്നം വർക്കി, ബൈബിൾ.

www.malankaralibrary.com



പാത്രിയർക്കീസു ബാവായെ സന്ദർശിച്ചു അനധികൃതമായി മെത്രാന്മാരെ വാഴിക്കുന്നതിനെക്കുറിച്ചു പരാതിപറഞ്ഞ ഒരു ഓർത്തഡോക്സു വൈദികനോടു അതല്ല അതിലധികവും വരാനിരിക്കുന്നതേയുള്ളു എന്നു ബാവാ തിരുമേനി ഭീഷണിപ്പെടുത്തിയതായി അറിയാം. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരമായിരിക്കാം അദ്ദേഹം സ്താത്തിക്കോൻ കൊടുത്തുനിയോഗിച്ചിരിക്കുന്ന മേൽപ്പട്ടക്കാർ പ്രവർത്തിക്കുന്നത്. ബാവാതിരുമേനി എന്തു കല്പിച്ചാലും അതു വേദവാക്യമാണെന്നുള്ളതാണല്ലോ സത്യവിശ്വാസമായി യാക്കോബായപക്ഷം പ്രഖ്യാപിക്കുന്നത്. ശ്രേഷ്ഠകാതോലിക്കാബാവാതിരുമേനിയുടെ ശ്രേഷ്ഠനായ പിതാവ് പരേതനായ ജോസഫ്അച്ചൻ മലങ്കര സഭയുടെ ചരിത്രം എഴുതിയിട്ടുണ്ട്. മാർത്തോമ്മാശ്ലീഹാ സഭ സ്ഥാപിച്ചതും എപ്പിസ്കോപ്പന്മാരെ വാഴിച്ചുനിയമിച്ചതുമെല്ലാം അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പ. പാത്രിയർക്കീസുബാവാ മാർത്തോമ്മാശ്ലീഹായ്ക്കു പട്ടമില്ലെന്നും, ബാവാതന്നെ മുമ്പെഴുതിയ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതിനു വിരുദ്ധമായും പ്രഖ്യാപിക്കുമ്പോൾ ''സത്യവിശ്വാസം'' ഏററുപാടാൻ ശ്രേഷ്ഠകാതോലിക്കാബാവാതിരുമേനി നിർബന്ധിതനായിരിക്കുകയാണ്.''(2)

യാക്കോബായക്കാർ വൈദികപരിശീലനമില്ലാത്തവരെ പട്ടക്കാരായിവാഴിക്കുന്നുവെന്നും ഓർത്തഡോക്സുപള്ളികളിൽ കപ്യാരന്മാരായി സേവനമനുഷ്ഠിച്ച രണ്ടു ചെറുപ്പക്കാരെ പട്ടക്കാ

(2) ചർച്ചു വീക്ക്ലി, മുഖപ്രസംഗം, 1976 ആഗസ്ററ് 29

www.malankaralibrary.com



രാക്കിയ വിവരം അറിയാമെന്നും ചർച്ചു് വീക്കലി ആക്ഷേപിക്കുന്നു.(3)

തെററിദ്ധാരണ ഒഴിവാക്കണം. അതിനു ആരോപണവിരുതന്മാർ സൂക്ഷ്മത പാലിച്ചേ പററൂ. നല്ലവണ്ണം പരിചിന്തിച്ചതിനുശേഷമേ ആരോപണം ഉന്നയിക്കാവൂ. ഒരു കൂട്ടരുടെ പാരമ്പര്യത്തിനെതിരായി അറിവുകേടിൽ നിന്നു ഉടലെടുക്കുന്ന ആരോപണം നീതിരഹിതമെന്നു മാത്രമല്ല, ഭാവിയിൽ ഉണ്ടാകാവുന്ന ഉത്തമ ധാരണയ്ക്കു വിലങ്ങുതടിയായി വർത്തിക്കയും ചെയ്യും.

## VII

# അസന്ദിഗ്ദ്ധ കാര്യങ്ങളെക്കുറിച്ച് കുതർക്കം പാടില്ല.

ഇരുളടഞ്ഞ ഏടുകൾ സഭാചരിത്രത്തിലുമുണ്ട്. അസഹിഷ്ണുതയുടെയും മർദ്ദനത്തിൻെറയും തെററിദ്ധാരണയുടെയും സാമൂഹ്യവിപ്ലവങ്ങളുടെയും കാർമേഘപടലങ്ങൾ അക്കാലത്തെ ഇരുട്ടിൽ ആഴ്ത്തിയിട്ടുണ്ട്. പ്രൊട്ടസ്ററൻറുകാർ കത്തോലിക്കരെ മർദ്ദിച്ചു; കത്തോലിക്കർ പ്രൊട്ടസ്ററൻറുകാരെയും. മതത്തിൻെറപേരിൽ ന

(3) cfr സമാധാനശ്രമങ്ങളും വാദപ്രതിവാദങ്ങളും. ചർച്ച് വീക്ക്ലി, 1976 ആഗസ്ററ്, 29

www.malankaralibrary.com



ടന്ന ക്രൂരതയുടെയും കിരാതത്വത്തിന്റെയും ഇരുണ്ടചിത്രങ്ങൾ ഇരുകൂട്ടരുടെയും ഭൂതകാലചരിത്രത്തിലുണ്ട്. ക്രിസ്തീയതയുടെ വെൺമേനിയിൽ ബീഭത്സതയുടെ കറുത്ത പാടുകൾ അതുണ്ടാക്കിയിട്ടുണ്ട്. ഇരുകൂട്ടർക്കും രക്തസാക്ഷികളുണ്ട്. അവർ ധീരോദാത്തത കാട്ടിയിട്ടുള്ളവരുമാണ്. വിശുദ്ധരും സൗമ്യമനസ്കരുമായ സന്യാസികൾപോലും തങ്ങളുടെ പൂർവ്വികരുടെ രാക്ഷസീയവും അസഹിഷ്ണതാപരവുമായ നടപടികളെ നീതീകരിച്ചു പറയുക സർവ്വസാധാരണമായിരുന്നു.

കത്തോലിക്കാസ്പെയിനിന്റെ ചരിത്രത്തിൽ ഒരു ഇരുണ്ട അദ്ധ്യായം പ്രൊട്ടസ്റ്റൻറുകാർക്കു ചൂണ്ടിക്കാട്ടുവാനുണ്ടെങ്കിൽ അതേ കാലത്തെക്കുറിച്ചു തന്നെ തങ്ങൾക്കു ചേരുംവിധം വെള്ളയടിച്ച ഒരു സ്പെയിനിന്റെ ചിത്രം കത്തോലിക്കർക്കുണ്ട്. ''രക്തദാഹാർത്തയായ മേരി'' (Bloody Mary) യുടെ പെരുംക്രൂരതകൾ പ്രൊട്ടസ്റ്റൻറു ചരിത്രത്തിൽ തളംകെട്ടിക്കിടക്കുന്നു; ഈശോസഭക്കാരെ കൊലയ്ക്കുകൊടുത്ത ഒന്നാം ഏലിസബേത്തിന്റെ ക്രൂരചിത്രം കത്തോലിക്കാചരിത്രത്തിൽ മുഴച്ചുനിൽക്കുന്നു. മേരിയുടെ അസഹിഷ്ണത അസഹിഷ്ണതയായി സമ്മതിക്കാൻ കത്തോലിക്കർ ഒരുക്കമായിരുന്നില്ല. ഏലിസബത്തിന്റെ ചിത്രത്തിൽ കളങ്കംചാർത്തുവാൻ പ്രൊട്ടസ്റ്റൻറുകാരും സമ്മതിച്ചില്ല. ഈ മനസ്ഥിതിക്കു അടിമുടി മാററം വരുത്തുവാൻ എക്യുമെനിക്കൽ ചൈതന്യത്തിനു സാധിക്കുന്നു. സെൻറുബർത്തലോമ്യോ ദിനത്തിൽ കുരുതികഴിക്കപ്പെട്ട ഹ്യൂഗ്നോട്ടിന്റെ സ്മാരകത്തിലേക്കു ഫ്രാൻസിലെ കത്തോലിക്കർ പരിഹാരതീർത്ഥാ

www.malankaralibrary.com



ടനം നടത്തിത്തുടങ്ങിയിരിക്കുന്നു. ഫ്രാൻസിലെ പ്രോട്ടസ്റ്റൻറു കത്തോലിക്കാബന്ധം അഭിവൃദ്ധമാക്കാൻ ഇതു പ്രയോജകീഭവിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ ഭൂതകാലത്തേക്കാരം പ്രാധാന്യം വർത്തമാനകാലത്തിനാണ്. അസഹിഷ്ണതയും മർദ്ദനവും തെററിദ്ധാരണയും ലോകത്തിൽ നിന്നു മാറിമറഞ്ഞിട്ടില്ല. സ്ഫടികസ്ഫുടങ്ങളായ സത്യങ്ങളെ എതിർക്കയോ സാധൂകരിക്കാൻ മെന കെട്ടിട്ടു പ്രയോജനമില്ലാത്ത കാര്യങ്ങളെ ശരിയാക്കിക്കാണിക്കാൻ പണിപ്പെടുകയോ ചെയ്യാതിരിക്കയാണ് ഭംഗി. പറുങ്കികരം കേരളത്തിൽ കാട്ടിക്കൂട്ടിയ ഗോഷ്ടികരം നിരത്തിക്കാണിക്കുമ്പോരം ഒരു കത്തോലിക്കൻ മുഖം വീർപ്പിച്ചിട്ടുകാര്യമില്ല. പിന്തണ്ടു അച്ചന്മാർ വാഴിച്ച "പട്ട" മില്ലാത്തമെത്രാനെ തലയിലേററുവാനുള്ള ദൗർഭാഗ്യത്തെക്കുറിച്ചു പറയുമ്പോരം പുത്തൻകൂറുകാരും നെററി ചുളിക്കേണ്ടതില്ല. പട്ടത്വം ലഭിയ്ക്കാതെ ഏറെക്കാലം കഴിഞ്ഞ പുത്തൻകൂർ മെത്രാന്മാരുടെ സഹായത്തിനെത്തിയത് വിദേശത്തുനിന്നുമുള്ള യാക്കോബായമെത്രാന്മാരാണെന്നു പറയുമ്പോരം ഓർത്തഡോക്സുകാർ പിണങ്ങരുത്; കേരളത്തിൽ നിലവിലിരുന്ന ആരാധനാഭാഷ യാക്കോബായക്കാർക്കു തികച്ചും അപരിചിതമായ പൗരസ്ത്യസുറിയാനി (കൽദായസുറിയാനി) ആണെന്നു പറയുമ്പോരം പാത്രിയർക്കീസുകക്ഷിക്കാരും കലമ്പരുത്. മാർത്തോമ്മാശ്ലീഹായുടെ മലങ്കരസഭയ്ക്കു വ്യക്തിത്വവും സ്വാതന്ത്ര്യവും വേണം എന്ന വാദത്തെ യാക്കോബായവിഭാഗം നിഷേധിച്ചിട്ടു കാര്യമില്ല; മലങ്കരസഭ സാർവ്വത്രികസഭയോടു ബന്ധപ്പെട്ടിരിക്കണം എന്ന വാദത്തെ എതിർത്തിട്ടു ഓർത്തഡോക്സുകാർക്കും പ്രയോജനമില്ല.

www.malankaralibrary.com



സാധൂകരിക്കേണ്ട ആവശ്യമില്ലാത്ത ഇത്തരം കാര്യങ്ങളെ നീതീകരിക്കുന്നതിനുള്ള പ്രവണത എക്യുമെനിസത്തിന്റെ ഇളംമുളയ്ക്കു തിളച്ച വെള്ളം ഒഴിക്കലായിരിക്കും. ഇതിൽ പതിയിരിക്കുന്ന ദുഷ്ഫലങ്ങൾ പലതാണ്.

(1) അസഹിഷ്ണതയും സത്യരാഹിത്യവും ക്രൂരതയും വഞ്ചനയും എല്ലാമാണ് യഥാർത്ഥ വിശ്വാസത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നതെന്ന ധാരണ ഇതുണ്ടാക്കും;

(2) ഗ്രൂപ്പു ഉയർത്തിപ്പിടിക്കുന്ന ആദർശങ്ങളോടുള്ള കൂറിനേക്കാൾ മുൻതൂക്കം ഗ്രൂപ്പിനോടുള്ള കൂറിനാണെന്നതോന്നൽ ഇതുവരുത്തും;

(3) കത്തോലിക്കൻ ഏതു പ്രോട്ടസ്റ്റന്റുകാരനേക്കാളും മെച്ചമാണ്; അവൻ കൂടുതൽ സാധൂകരണത്തിനും സഹായത്തിനും അർഹനത്രേ എന്ന ചിന്ത കത്തോലിക്കനിലുണർത്തും; പ്രോട്ടസ്റ്റന്റുകാരൻ ഏതു കത്തോലിക്കനേക്കാളും മെച്ചമാണ്, അവൻ കൂടുതൽ സാധൂകരണത്തിനും സഹായത്തിനും അർഹനത്രേ എന്ന ചിന്ത പ്രോട്ടസ്റ്റന്റുകാരനിലും ഉളവാക്കും. ഇത്തരം ചിന്താഗതിക്കാർ ക്രിസ്തീയഐക്യത്തിന്റെ പാതയിൽ നടന്നെത്തുക പ്രയാസമാണ്.

www.malankaralibrary.com

# VIII

## ദൈവവിജ്ഞാനീയം

### ദൈവശാസ്ത്രജ്ഞർക്കു വിട്ടുകൊടുക്കുക.

ഒരു സാധാരണക്രിസ്ത്യാനിക്കു വേദപുസ്തകകഥകൾ പരിചിതമായിരിക്കും; വിശ്വാസപ്രമാണം നിശ്ചയമുണ്ടായിരിക്കും; വേദബോധനം നിർവ്വഹിക്കുന്നതിനുള്ള ഡിപ്ലോമാ കിട്ടിയിട്ടുണ്ടായിരിക്കും. ഇതുകൊണ്ടൊന്നും സഭാപ്രബോധനങ്ങളെക്കുറിച്ചുള്ള സമഗ്രചർച്ച നടത്തുവാനുള്ള അർഹത ലഭ്യമാകുന്നില്ല. ക്രൈസ്തവീയസഭകൾ വ്യത്യാസപ്പെട്ടിരിക്കുന്നത് വിശ്വാസസത്യങ്ങളുടെ പ്രബോധനങ്ങളിലാണ്.

പേരെടുത്ത പ്രൊട്ടസ്റ്റൻറുദൈവശാസ്ത്രജ്ഞനായ കാൾ ബാർത്തിൻെറ (Karl Barth) അഭിപ്രായമാരാഞ്ഞുകൊണ്ട് ഒരു അഭിമുഖസംഭാഷണമദ്ധ്യേ ഉന്നയിക്കപ്പെട്ട ചോദ്യം പ്രൊട്ടസ്റ്റൻറുസഭകളുടെയും കത്തോലിക്കാസഭയുടെയും ഐക്യത്തിനു വിലങ്ങുതടിയായിനിൽക്കുന്ന ഏററം വലിയ ഘടകം ഏതാണ് എന്നതായിരുന്നു. ബാർത്തു മറുപടി പറഞ്ഞു: പ്രൊട്ടസ്റ്റൻറുകാർ ഉയർത്തുന്ന എല്ലാ പ്രമേയങ്ങളുടെയും ഒടുവിൽ കത്തോലിക്കർ ചേർക്കുന്ന ഒരു കൊച്ചുശബ്ദമാണ് ഐക്യത്തിനുള്ള വലിയ പ്രതിബന്ധം. ആ കൊച്ചു ശബ്ദം ''ഉം'' (and) എന്ന സമുച്ചയഘടകശബ്ദമാണ്. പ്രൊട്ടസ്റ്റൻറുകാർ യേശു എന്നു പറയുമ്പോൾ കത്തോലിക്കർ യേശുവും മറിയവും എന്നുരുവിടും. കർത്താവായ യേശുക്രിസ്തുവിനെ മാത്രം അനുസരിക്കണമെന്നു ആംഗ്ലിക്കർ പഠിപ്പിക്കുമ്പോൾ കത്തോലി

www.malankaralibrary.com



ക്കർക്കു ക്രിസ്തുവും വികാരിയായ പാപ്പായും വേണം. കർത്താവേശുമിശിഹായുടെ യോഗ്യതയാൽ രക്ഷിക്കപ്പെടുന്നു എന്നു പ്രോട്ടസ്ററൻറു നവീകരണക്കാർ വിശ്വസിക്കുമ്പോരം "മനുഷ്യൻെറ നല്ല പ്രവൃത്തികളാലെയും" എന്നു കത്തോലിക്കർ കൂട്ടിച്ചേർക്കുന്നു. വെളിപാടിൻെറ ഒരേ ഒരു ഉറവിടം വേദപുസ്തകമെന്നു ആംഗ്ലിക്കർ ഉച്ചൈസ്തരം ഘോഷിക്കുമ്പോരം വേദപുസ്തകവും പാരമ്പര്യവും എന്നത്രേ കത്തോലിക്കൻെറ ഉദീരണം. തിരുവചനത്തിലുള്ള വിശ്വാസംകൊണ്ടു ഈശ്വരാവബോധം ഉണ്ടാകുമെന്നു പ്രോട്ടസ്ററൻറുകാർ കരുതുന്നു. കത്തോലിക്കർ യുക്തിവിചാരത്തെക്കൂടി കൂട്ടുപിടിക്കുന്നു.

കേരളത്തിലെ കത്തോലിക്കാ യാക്കോബായസഭകരം തമ്മിൽ മൂന്നു കാര്യത്തിൽ വൈരുദ്ധ്യമുണ്ടെന്നു കരുതുന്നവരുണ്ട്.

(1) പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവു പിതാവിൽ നിന്നു പുറപ്പെടുകയും പുത്രനിൽ നിന്നു എടുക്കപ്പെടുകയും ചെയ്യുന്നുവെന്നത്രേ യാക്കോബായബോധനം;

(2) ക്രിസ്തുവിൽ ദൈവികം മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവമുണ്ടെന്നു കത്തോലിക്കാ സഭയും ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമ്മിശ്രപ്പെടാതെ പരിപൂർണ്ണതയിൽ പാലിച്ചുകൊണ്ട് അത്ഭുതകരമായി യോജിക്കപ്പെട്ട ഒരു സ്വഭാവമെന്നു യാക്കോബായസഭയും പഠിപ്പിക്കുന്നു;

www.malankaralibrary.com



(3) ദൈവമാതാവ് അമലോത്ഭവയെന്നു കത്തോലിക്കാസഭ പറയുമ്പോഠം മാതാവിന്റെ പിറവിത്തിരുനാഠം കൊണ്ടാടുന്ന യാക്കോബായസഭ അമലോത്ഭവപദപ്രയോഗം നിഷേധിക്കുന്നു.

ഇവിടെ പുറമെ കാണപ്പെടുന്ന വൈരുദ്ധ്യം ഇരുകൂട്ടരും നല്കുന്ന വിശദീകരണത്തിന്റെ സാരാംശത്തിലില്ലെന്നും അതിനാൽ യഥാർത്ഥവൈരുദ്ധ്യം ഇവിടെയില്ലെന്നും ഉള്ളതു വെറും വാക്പട മാത്രമാണെന്നും യാക്കോബായ ദൈവശാസ്ത്രജ്ഞനായ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്യാസ്യോസ് സമർത്ഥിക്കുന്നു.

ഒരു കാലത്തു സന്ന്യാസഭവനങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന ചിന്തകന്മാർക്കു ഇത്തരം വിഷയങ്ങഠം അതീവതല്പരങ്ങളും സമയംപോക്കാൻ നല്ലൊരു ഉപായവും ആയിരുന്നിരിക്കാം, എന്നാൽ, ഇന്നത്തെ സാധാരണക്കാർക്ക് ഇവ അഗ്രാഹ്യങ്ങളും വിരസങ്ങളുമാണ്. അതുകൊണ്ടാണ് ദൈവവിജ്ഞാനീയചർച്ച ദൈവശാസ്ത്രജ്ഞന്മാർക്കു വിട്ടുകൊടുക്കണമെന്നു പറയുന്നത്.

ദൈവശാസ്ത്രചർച്ച ആവശ്യമാണ്. പക്ഷേ, അതു നിർവ്വഹിക്കുന്നതിന് ദൈവശാസ്ത്രപരിശീലനം കൂടിയേ തീരൂ. വിചാരസൂക്ഷ്മത, ചരിത്രബോധം, വിവിധ ദൈവശാസ്ത്ര പാരമ്പര്യങ്ങളിലുള്ള അവഗാഹത, എവിടെ ആരംഭിക്കുകയും എവിടെ പരസ്പരയോജ്യത കണ്ടെത്തുകയും ചെയ്യാമെന്നുള്ളതിനെക്കുറിച്ചുള്ള സൂക്ഷ്മജ്ഞാനം എന്നിവയെല്ലാം ഈ രംഗത്തിറങ്ങുന്നവർക്കു വേണ്ട അവശ്യഗുണങ്ങളാണ്. അയോഗ്യരുടെ പ്രവേശം ഇവിടെ ഗുണത്തിനു പകരം ദോഷം ചെയ്യും.

www.malankaralibrary.com



ദൈവവിജ്ഞാനത്തിൽ തീർത്തും അജ്ഞരത്രേ മതത്തിൻെറനേരെ കൊഞ്ഞനം കാണിക്കാൻ അതിവിരുത് പ്രകടിപ്പിക്കുന്നത്. ഒരു കഥാകൃത്ത് ഉപദേശിയെ ചിത്രീകരിക്കുന്നതു നോക്കുക. ''ഒരിക്കൽ ബൈബിൾ മണ്ഡലക്കാരിൽ ചിലർ വന്ന് ഉപദേശിയോടു ചോദിക്കയുണ്ടായി:

''ക്രിസ്തു മരിച്ചത് ദൈവസ്വഭാവത്തിലോ മനുഷ്യസ്വഭാവത്തിലോ ?''

''ക്രിസ്തു മരിച്ചില്ലല്ലോ !!''

''എങ്കിൽ, എങ്ങനെ അദ്ദേഹം ഉയിർത്തു ?''

''ദൈവസ്വഭാവത്തിൽ''

''ദൈവത്തിനു മരിക്കാൻ സാധിക്കുമോ ?''

''മനുഷ്യസ്വഭാവത്തിൽ''

''ഒരു മനുഷ്യൻ മരിച്ചാൽ ലോകത്തിനു രക്ഷയുണ്ടോ ?''

ഉപദേശി കുഴഞ്ഞു. അദ്ദേഹം ബൈബിളിൻെറ താളുകൾ തിരിച്ചും മറിച്ചും നോക്കിത്തുടങ്ങി.''(1)

ക്രിസ്തുവിൻെറ സ്വഭാവത്തെ സംബന്ധിച്ചു കൽക്കദോനിയാസുന്നഹദോസ് അധ്യവസാനം ചെയ്യുന്ന ദൈവശാസ്ത്രപ്രബോധനം ഒന്നുകിൽ, ഈ കഥയെഴുത്തുകാരന് അറിഞ്ഞുകൂടാ. അല്ലെങ്കിൽ, ക്രിസ്തുവിജ്ഞാനീയം തൊട്ടുതെറിച്ചിട്ടില്ലാത്തവരാണ് ഉപദേശിവേഷം കെട്ടി നടക്കുന്നതെന്ന് ആ പരിഷയെ ഒന്നടങ്കം അദ്ദേഹം ആക്ഷേപിക്കുന്നു. ഇതുരണ്ടുമല്ലെങ്കിൽ, മനസ്സറിഞ്ഞുകൊണ്ടു സാധാരണക്കാരെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു. ഈ മൂന്നിൽ എഴുത്തുകാരൻെറമേൽ പ്രയോഗിക്കാവുന്ന ഏററം കടുപ്പം കുറഞ്ഞ ആരോപണം ഒന്നാമത്തേതത്രേ.

---

(1) പൊൻകുന്നം വർക്കി, ബൈബിൾ

www.malankaralibrary.com



മുറിവൈദ്യം അപകടകാരിയാണ്. വൈദ്യശാസ്ത്രത്തിൽ അറിവില്ലാത്തവൻ ചികിത്സക്കു ഒരുങ്ങരുത്; ഖനനം നിശ്ചയമില്ലാത്തവൻ ആ വിഷയത്തെക്കുറിച്ചു വിധി പറയാൻ തുനിയരുത്. ശാസ്ത്രജ്ഞാനമില്ലാത്തവനു ശാസ്ത്ര രംഗത്തു സ്ഥാനം ലഭ്യമാകുന്നതല്ല. കലാവേദിയിലെ സ്ഥിതിയും വ്യത്യസ്തമല്ല. എന്നാൽ, ''വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാട്'' എന്നതാണ് ഇന്നു ദൈവശാസ്ത്രരംഗത്തെ സ്ഥിതി. യോഗ്യതയില്ലാത്ത പലരും ഈ രംഗത്തു വരുത്തിക്കൂട്ടുന്ന വിക്രിയകൾ കുറച്ചൊന്നുമല്ല. ഒന്നോ രണ്ടോ വേദപുസ്തകവാക്യങ്ങൾ ഉദ്ധരിച്ച ശേഷം ആധികാരികജല്പനങ്ങൾ നടത്തുന്നു; മാലാഖമാർ പ്രവേശിക്കുവാൻ മടിക്കുന്നിടത്തു ചെകുത്താൻമാർ നഗ്നതാണ്ഡവം ആടുന്നു. ''ഭയത്തോടും വിറയലോടും പ്രാർത്ഥിക്കുവിൻ'' എന്നു വേദപുസ്തകത്തിൽ പ്രസ്താവിച്ചിരിക്കെ ''എന്തേ, പ്രാർത്ഥനാവേളയിൽ വിറയ്ക്കുന്നില്ല?'' എന്നുവരെ ചോദിക്കുന്നവരെ ഇക്കൂട്ടരുടെയിടയിൽ കാണാവുന്നതാണ്.

ദൈവവിജ്ഞാനീയചർച്ച ഫലമണിയുന്നതിന് അവൈദികരുടെ രംഗപ്രവേശം അതീവ സ്വാഗതാർഹമാണ്. എന്നാൽ, ഇതിനു പോരും വിധം ദൈവശാസ്ത്ര ജ്ഞാനമുള്ള അവൈദികർ അംഗുലീപരിമിതമത്രേ. ദിവംഗതനായ രാജശ്രീ എ. പിലിപ്പോസ്ജഡ്ജിയുടെ സ്തുത്യർഹപ്രവർത്തനം ഇവിടെ എടുത്തുകാട്ടാവുന്ന ഉദാഹരണമാണ്. ദിവ്യശ്രീ ഫാദർ അലക്സിയോസ്, പൗരസ്ത്യ കാതോലിക്കാ മോറാൻ മോർ ബസേലിയോസ്, മലങ്കര മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ദീവന്യാസ്യോസ് എന്നിവർക്കെല്ലാം

www.malankaralibrary.com



സഭാവിഷയങ്ങളെ ആസ്പദമാക്കി അദ്ദേഹം കത്തുകൾ എഴുതിയിട്ടുണ്ട്. വിശുദ്ധസഭ, സഭയും അധികാരവും, മലങ്കരസഭയിലെ കുഴപ്പങ്ങൾ, മാതാവിന്റെ അമലോത്ഭവം, കൽക്കദോനിയാ സുന്നഹദോസും രാജശക്തിപ്രയോഗവും, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, പാപ്പായുടെ അപ്രമാദിത്വം തുടങ്ങിയ വിഷയങ്ങൾ അതിസമർത്ഥമായി പ്രസ്തുത കത്തുകളിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്.

ദൈവവിജ്ഞാനത്തിൽ അവഗാഹതയുള്ള ഇത്തരം വ്യക്തികൾ ഡയലോഗിന്റെ വിജയത്തിന് ആവശ്യമാണ്.

www.malankaralibrary.com

നാലാം ഭാഗം

# എക്യുമെനിസ ചിന്തകന്മാർ

1 ജോൺ ഓബ്രിയൻ
2 ആൽബർട്ടു കാർഡിനൽ മേയർ
3 ഫ്രാങ്ക്ളിൻ ലിററൽ
4 റോബർട്ടു മക്കഫീ ബ്രൗൺ
5 ഹ്യാൻസ് ക്യുങ്
6 കാൾ ബാർത്ത്
7 യാവ് കോംഗാർ
8 ബർണാർഡ് സി. പൗളി
9 മാക്സ് തുര്യൻ
10 എമിലി ജോസഫ് ഡെ സ്മെ
11 ഫ്രെഡ് പിയേഴ്സ് കോഴ്സൻ
12 റിച്ചാർഡു കാർഡിനൽ കുഷിംഗ്
13 മാർട്ടിൻ ഈ മാർട്ടി
14 കാൾ റാനർ
15 ഗ്രിഗറി ബാം
16 അഗസ്റ്ററിൻ കാർഡിനൽ ബയാ

www.malankaralibrary.com

## അദ്ധ്യായം 11

## എക്യുമെനിസചിന്തകന്മാർ

### I

# ജോൺ ഓബ്രിയൻ

നോട്ടർഡാംയൂണിവേഴ്സിററിയിലെ ദൈവശാസ്ത്ര പ്രൊഫസറാണ് ജോൺ എ. ഓബ്രിയൻ (John A. O'Brien). ചിക്കാഗോയൂണിവേഴ്സിററി, അമേരിക്കയിലും മെക്സിക്കോയിലുമുള്ള കത്തോലിക്കായൂണിവേഴ്സിററികൾ എന്നീ വിദ്യാകേന്ദ്രങ്ങളിലത്രേ ഈ ചിന്തകൻ പഠനം നടത്തിയിട്ടുള്ളത്. ഇല്ലിനോയി (Illinois) യൂണിവേഴ്സിററിയിൽനിന്നും പി എച്ച്. ഡി ബിരുദം കരസ്ഥമാക്കുകയും അതിനു ശേഷമുള്ള ഗവേഷണങ്ങൾ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡുയൂണിവേഴ്സിററിയിൽ നിർവ്വഹിക്കുകയും ചെയ്തു. ന്യൂമാൻഫൗണ്ടേഷൻ എന്ന സംഘടന സർവകലാശാലാവിദ്യാർത്ഥികളെ ഉദ്ദേശിച്ചു ഇല്ലിനോയി യൂണിവേഴ്സിററിയിൽ ഇദ്ദേഹം സ്ഥാപിച്ചതാണ്. വിവിധ വിശ്വാസാവലംബികളായ വി

www.malankaralibrary.com



ദ്യാർത്ഥികൾക്കുവേണ്ടി പ്രശംസാർഹമായ മത വിജ്ഞാന കോഴ്സ് അവിടെ സംഘടിപ്പിച്ചു പോരുന്നു.

തത്വശാസ്ത്രം, ദൈവശാസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലുള്ള വിഷയങ്ങളെ അധികരിച്ചുള്ള പതിനഞ്ചിലധികം ഉത്തമകൃതികളുടെ കർത്താവാണ് ഡോക്ടർ ഓബ്രിയൻ. പ്രഗത്ഭനായ ഈ എഴുത്തുകാരന്റെ പ്രഖ്യാതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ "ലക്ഷങ്ങളുടെ വിശ്വാസം" (The faith of Millions); "Truths Men Live by" എന്നിവ ഉൾപ്പെടുന്നു. ഇദ്ദേഹം പ്രസാധനം ചെയ്തിട്ടുള്ള പത്തോളം പ്രശസ്ത പുസ്തകങ്ങളിൽ "ഡമാസ്കസിലേക്കുള്ള വഴി" (The Road to Damascus) എന്നത് വിവിധ ഭാഷകളിൽ പരിഭാഷപ്പെടുത്തി പ്രശസ്തിയാർജ്ജിച്ചിട്ടുള്ളതാണ്. "അമേരിക്കൻസ്വപ്നത്തിന്റെ പൂരണം" (Fulfilling the American Dream) എന്ന പ്രബന്ധം ജോർജ്ജുവാഷിംഗ്ടൺ സ്മാരക അവാർഡിനാൽ സമ്മാനിതമായി.

ന്യൂമാൻഫൗണ്ടേഷന്റെ ഡയറക്ടർ എന്ന നിലയിൽ നിർവഹിച്ച സ്തുത്യർഹസേവനത്തെ അഭിനന്ദിച്ച് പ്രോട്ടസ്റ്റന്റുനേതൃത്വത്തിൽ നടത്തുന്ന ACACIA സംഘടനയും ജോൺ ഓബ്രിയനും അവാർഡു നല്കുകയുണ്ടായി.

ക്രൈസ്തവൈക്യം ലക്ഷ്യംവെച്ചുകൊണ്ട് ഈ ദൈവശാസ്ത്രചിന്തകൻ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ അതീവശ്രദ്ധാർഹമായിട്ടുള്ളവയത്രേ. "മതങ്ങൾ എന്തിനു മത്സരിക്കുന്നു?" (Why do Our Religions fight Each Other?); "ക്രൈസ്തവൈക്യം സാദ്ധ്യമോ?" (Can Christians

www.malankaralibrary.com



Unite?); ''യഹൂദരോടുള്ള നമ്മുടെ സമീപനം'' (Are you fair to jews?) എന്നീ പ്രബന്ധങ്ങൾ എടുത്തു പറയേണ്ടവയാണ്.

എക്യുമെനിസചിന്തകൊണ്ടു അനുഗൃഹീതമായ ഇക്കാലഘട്ടത്തെ ഒരു പുതിയ യുഗം (A New Era) എന്നത്രെ ഫാദർ ഓബ്രിയൻ വിശേഷിപ്പിക്കുന്നത്. ക്രിസ്തീയഭിന്നത വരുത്തിക്കൂട്ടിയ ഏടാകൂടത്തിൽ അദ്ദേഹം ദുഃഖിതനാണ്. ക്രിസ്ത്യൻമിഷനറി നീക്കങ്ങൾക്കു സഭാഭിന്നതയുയർത്തിയ പ്രതിബന്ധം അദ്ദേഹം നല്ലവണ്ണം കാണുന്നുണ്ട്. ഐക്യത്തിന് അനുകൂലമായി വിവിധ സഭകളിൽ ഉടലെടുത്തിട്ടുള്ള മുന്നേററങ്ങളിൽ ഓബ്രിയൻെറ ഹൃദയം സംതൃപ്തിപ്പെടുന്നു. ആധുനികക്രൈസ്തവൈക്യനീക്കങ്ങളിൽ കുതൂഹലചിത്തനായ അദ്ദേഹം ആ അലയടികൾക്കു തുടക്കം കുറിച്ച ഇരുപത്തിമൂന്നാം യോഹന്നാൻ, ആറാം പൗലൂസ് എന്നീ മാർപ്പാപ്പാമാർക്കു മുമ്പിൽ കൂപ്പുകൈയുയർത്തി ആദരവു പ്രകടിപ്പിക്കുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല ശാന്തിയും യോജിപ്പും വിലമതിക്കുന്നവരെല്ലാം അനുരഞ്ജനാന്തരീക്ഷത്തിൻെറ ഇന്നത്തെ വികാസത്തിൽ സന്തുഷ്ടരാകുമെന്നത്രേ ക്രൈസ്തവൈക്യത്തിൻെറ ഈവക്താവ് ദൃഢമായി വിശ്വസിക്കുന്നത്.

www.malankaralibrary.com



# 11

# ആൽബർട്ട് കാർഡിനൽ മേയർ

നല്ലപൊക്കം, മെല്ലിച്ച ശരീരം, ഭയാർദ്രമായ ഭാവം, യോഗിയുടെ നോക്ക്, പണ്ഡിതൻെറ വാക്ക്— വത്തിക്കാൻകൗൺസിൽ സമ്മേളനങ്ങളിൽ പ്രഭാഷണത്തിന് എഴുന്നേററുനില്ക്കുന്ന ആൽബർട്ടു കാർഡിനൽ മേയറിനെ (Albert Cardinal Meyer) ഇങ്ങനെയാണ് പലരും ഓർമ്മിക്കുക. അമേരിക്കൻഹയരാക്കിയുടെ പ്രമുഖവക്താവായ മേയറിൻെറ സ്വരം കൗൺസിലിനെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. എക്യുമെനിസചിന്താഗതിക്കു പരപ്പും ആഴവും കൊടുക്കാനും ഇദ്ദേഹത്തിൻെറ ലേഖനങ്ങളും പ്രസംഗങ്ങളും സഹായകമായി.

ഷിക്കാഗോയിലെ ആർച്ചുബിഷപ്പാണ് ആൽബർട്ടു കാർഡിനൽ മേയർ. അമേരിക്കൻ കത്തോലിക്കാമണ്ഡലത്തിലെ ഒരുജ്വലതാരവും പണ്ഡിതനുമാണിദ്ദേഹം. എക്യുമെനിസപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കയും ചെയ്യുന്നു.

1903 മാർച്ച് 9-ാം തീയതി മിൽവോക്കി (Milwaukee) എന്ന സ്ഥലത്ത് ആൽബർട്ടു മേയർ ഭൂജാതനായി. ജന്മനാട്ടിലുള്ള സെൻറുഫ്രാൻസിസ് സെമിനാരിയിലും റോമിലെ നോർത്തുഅമേരിക്കൻകോളജിലും വിദ്യാഭ്യാസം പൂർത്തിയാക്കി 1926-ൽ ഇദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പഠനം തുടർന്നു ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി. പൊന്തിഫിക്കൽ ബിബ്ളിക്കൽ ഇൻസ്ററിററ്യൂട്ടിൽനിന്നു വേദപുസ്തകവിഷയങ്ങളിൽ ബിരുദം സമ്പാദിച്ചു.

www.malankaralibrary.com



മാതൃവിദ്യാലയമായ സെൻറുഫ്രാൻസിസ് സെമിനാരിയിൽ വേദപുസ്തകവിഷയങ്ങളും ഡോഗ്മാററിക്ക് ദൈവശാസ്ത്രവും പഠിപ്പിക്കുന്നതിനായത്രേ യുവവൈദികനായ മേയർ നിയമിതനായത്. 1937-ൽ ആ വിദ്യാലയത്തിലെ റെക്ടറായിത്തീർന്നു. ഡൊമസ്ററിക്ക്പ്രിലേററ് എന്ന ബഹുമാന്യസ്ഥാനം 1937-ൽ ഇദ്ദേഹത്തിനു ലബ്ധമായി. എട്ടുകൊല്ലം കഴിഞ്ഞപ്പോഠം വിസ്കോൺസിനിലെ (Wisconsin) മെത്രാനായി മേയർ ഉയർത്തപ്പെട്ടു. ഭരണപാടവം, പാണ്ഡിത്യം എന്നിവകൊണ്ടു അനുഗൃഹീതനായ ഈ മെത്രാനെ 1953-ൽ മിൽവോക്കി അതിരൂപതയുടെ ആർച്ചുബിഷപ്പായി അവരോധിക്കുവാൻ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒട്ടുംതന്നെ സംശയിച്ചില്ല.

1958-ൽ 23-ാം ജോൺപാപ്പായിൽ നിന്നു സിദ്ധമായതാണ് മേയറുടെ കർദ്ദിനാഠം പദവി. അമേരിക്കയിലെ പൗരാവകാശപ്രശ്നങ്ങളിലേക്കു കർദ്ദിനാളിൻെറ ദൃഷ്ടി തിരിയുകയുണ്ടായി. മദ്ധ്യവർത്തികളായ നീഗ്രോകളുടെ അടിയന്തരാവശ്യങ്ങഠംക്കു മുമ്പിൽ കണ്ണടക്കാൻ പാടില്ലെന്ന അദ്ദേഹത്തിൻെറ ആഹ്വാനം രാഷ്ട്രം ചെവിക്കൊണ്ടു.

മതം ജീവിതത്തിൽ നിന്നു മാററിനിർത്തുവാൻ പാടില്ലെന്നും അനുദിനജീവിതത്തിൽ മതം പ്രതിഫലിതമാകണമെന്നുമത്രേ കർദ്ദിനാഠം മേയറിൻെറ ഉറച്ച അഭിപ്രായം. രാഷ്ട്രീയ, സാമൂഹ്യ, ഗാർഹിക, വ്യാവസായിക രംഗങ്ങളിൽ സുവിശേഷവൽക്കരണം വേണമെന്നു അദ്ദേഹത്തിനു നിർബന്ധമാണ്.

www.malankaralibrary.com



വിഘടിതക്രിസ്തീയത്വം ഉളവാക്കുന്ന ദുസ്ഥിതിയിൽ ഉൽക്കണ്ഠാകുലനാണ് കർദ്ദിനാൾ മേയർ. പിളർപ്പിന്റെ ഭീകരതയെക്കുറിച്ചു വേദപുസ്തകം നല്കുന്ന ചിത്രം ഇദ്ദേഹത്തിനു നന്നായറിയാം. ദീർഘകാലം വേർപിരിഞ്ഞു നിലകൊള്ളുന്നതിലുള്ള അലംഭാവത്തിന് ക്രൈസ്ത്യാനികൾ വിധിദിവസം കണക്കുപറയേണ്ടിവരുമെന്ന ഭീതിയും ഈ ചിന്താതരളിതഹൃദയനെ അലട്ടുന്നു.

എക്യുമെനിസത്തെ കർദ്ദിനാൾ മേയർ നിർവ്വചിക്കുന്നു: "വേർപിരിഞ്ഞുനിൽക്കുന്ന ക്രിസ്തീയ സഹോദരങ്ങളെ ആദരവോടും ധാരണയോടും പ്രത്യാശയോടും വീക്ഷിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഹൃദയഭാവമാണ് എക്യുമെനിസം. ക്രിസ്തീയസഹോദരങ്ങളെ ആദരപൂർവ്വം വീക്ഷിക്കുന്നതിനു നമ്മൾ നിർബന്ധിതരാകുന്നു; കാരണം, കർത്താവിൽ അവർ നമ്മുടെ സഹോദരരാണെന്നും ഒരിക്കലും എതിരാളികളല്ലെന്നും നാം അറിയുന്നു. ക്രിസ്തീയ സഹോദരങ്ങളെ ധാരണയോടുക്കൂടി നാം വീക്ഷിക്കുന്നു; കാരണം, അവരുമായി ഒത്തുചേർന്നു പങ്കിടുന്ന ദിവ്യസത്യങ്ങളെ നമ്മൾ അന്വേഷിച്ചറിയുകയും വിശ്വാസവിഷയങ്ങളിൽ നമ്മെ വേർപെടുത്തുന്ന കാര്യം മനസ്സിലാക്കുകയും ചെയ്യുന്നു. ക്രിസ്തീയ സഹോദരങ്ങളെ പ്രത്യാശയോടുകൂടി വീക്ഷിക്കുന്നതിനു നാം നിർബന്ധിതരാകുന്നു; കാരണം, ദൈവത്തിലും ക്രിസ്തുവിലും ഉള്ള ധാരണയിലും സ്നേഹത്തിലും നമ്മൾ ഒന്നുചേർന്നു വളരുന്നു."

www.malankaralibrary.com



## III

# ഫ്രാങ്ക്ളിൻ ലിററൽ

ചരിത്രത്തിൻെറ അഗാധമായ നീലക്കയത്തിൽ മുങ്ങിത്തപ്പി വിസ്മൃതിയിലാണ്ടുപോയ വിശിഷ്ടരത്നങ്ങളെ സുസൂക്ഷ്മം പൊക്കിയെടുത്ത് കമഴ്ത്തിയും മലർത്തിയും കാണിക്കുന്നതിനുള്ള അനിതരസാധാരണമായ വൈദഗ്ധ്യം കൊണ്ടു അനുഗൃഹീതനാണ് ഡോക്ടർ ഫ്രാങ്ക്ളിൻ എച്ച്. ലിററൽ. (Franklin H. Littel). ചിക്കാഗോയിലെ തിയോളജിക്കൽസെമിനാരിയിൽ സഭാചരിത്ര പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്ന എണ്ണപ്പെട്ട ഈ പണ്ഡിതന് എക്യുമെനിക്കൽ സംരംഭങ്ങളിലും സജീവപങ്കാളിത്തമാണുള്ളത്.

ന്യുയോർക്കിലെ സിറാക്കൂസിൽ (Syracuse) 1917 ജൂൺ 20—ാം തീയതി ലിററൽ ജനിച്ചു. കോർണൽ കോളജിലും യൂണിയൻ തിയോളജിക്കൽ സെമിനാരിയിലും പഠനം നടത്തി. യെയ്ൽ (Yale) യൂണിവേഴ്സിററിയിൽനിന്നു തത്വശാസ്ത്രത്തിലും മാർബർഗുയൂണിവേഴ്സിററിയിൽ നിന്നു ദൈവശാസ്ത്രത്തിലും ഡോക്ടർബിരുദം നേടി. ഡട്രോയിററിലും മിഷിഗണിലും മെത്തേഡിസ്ററു മിനിസ്റററായി സേവനം അനുഷ്ഠിക്കുന്നതിന് ഈ സഭാകേന്ദ്രനു സാധിച്ചിട്ടുണ്ട്.

ജർമ്മനിയിൽ ഒരു ദശാബ്ദത്തോളം ചെലവഴിച്ച ലിററൽ മെത്തേഡിസ്ററുസഭയെ പ്രതിനിധാനം ചെയ്ത് എക്യുമെനിക്കൽ സമ്മേളനങ്ങളിൽ പലതിലും പങ്കെടുത്തു. ആംസ്ററർഡാമിൽ 1939—ൽ കൂടിയ ക്രിസ്ത്യൻ യുവജനങ്ങ

www.malankaralibrary.com



ളുടെ അഖിലലോകകോൺഫ്രൻസിൽ ചരിത്രപ്രസിദ്ധമായ ഈ ഐക്യചിന്തകൻ ഒരു പ്രതിനിധിയായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മൂന്നാം സമ്മേളനത്തിൽ ഒരു നിരീക്ഷകനായിരിക്കുവാനും ഇദ്ദേഹത്തിനു കഴിഞ്ഞു. "എക്യുമെനിക്കൽ പഠനപത്രിക" (The Journal of Ecumenical Studies) "മതത്തേയും ബൈബിളിനേയും കുറിച്ചുള്ള പത്രിക." (The Journal of Bible and Religion) എന്നീ വിദഗ്ധപത്രങ്ങളുടെ ആധിപത്യം വഹിക്കുന്ന പണ്ഡിതസമിതിയിൽ ഫ്രാങ്ക്ളിൻ ലിററലുമുണ്ട്.

പല സർവ്വകലാശാലകളിലും സഭാചരിത്രത്തിന്റെ അധ്യാപനപീഠം ഈ ചരിത്രഗവേഷകനു നല്കിയിരിക്കുകയാണ്. വിവിധ യൂണിവേഴ്സിററികളിൽ പണ്ഡിതോചിതമായ പ്രഭാഷണം നടത്തിയിട്ടുള്ള ഡോക്ടർ ലിററലിന് അനേകം ഉത്തമഗ്രന്ഥങ്ങളുടെ കർത്താവെന്നുള്ള സ്ഥാനം കൂടിയുണ്ട്.

ഹാരിയററ് ഡി. ലേവിസ് (Harriet D. Lewis) എന്ന മഹതിയെ 1939–ൽ ഫ്രാങ്ക്ളിൻ വിവാഹം കഴിച്ചു. ആ ദമ്പതികൾക്കു നാലു സന്താനങ്ങളുണ്ട്.

ഫ്രാങ്ക്ളിൻ എച്ച്. ലിററിലിന്റെ അഭിപ്രായത്തിൽ ലഘുവായ ആഘാതമല്ല പിളർപ്പുമൂലം ക്രിസ്തീയതയ്ക്കു ഉളവായിട്ടുള്ളത്. ആധ്യാത്മികതയുടെ മന്ദീഭാവമാണ് ഭിന്നിപ്പു മൂലം വന്നുചേർന്നതായി അദ്ദേഹം കാണുന്ന വലിയ വിപത്ത്. ഏകാധിപത്യഭൗതികമാത്രവാദത്തിന്റെ കടന്നാക്രമണത്തെ ചെറുത്തു തോല്പിക്കുവാൻ പോരുന്ന ക്രിസ്തീയത്വം റഷ്യയിലെ ഓർത്തഡോക്സുകാർക്കും നാസിസത്തിന്റെ നഗ്നതാ

www.malankaralibrary.com



ണ്ഡവത്തെ ആട്ടിപ്പായിക്കുന്നതിനുള്ള ധീരത ജർമ്മൻക്രിസ്ത്യാനികൾക്കും ഉണ്ടായിരുന്നെങ്കിൽ കമ്മ്യൂണിസത്തിൻെറയും നാസിസത്തിൻെറയും കരാളദംഷ്ട്രം ഉയരുമായിരുന്നില്ലെന്നത്രേ ഫ്രാങ്ക്ളിൻെറ സത്യസന്ധമായ നിഗമനം. കത്തോലിക്കാപ്രൊട്ടസ്റ്ററൻറുമയങ്ങളായ രാജ്യങ്ങളിൽ മൂന്നിനും പതിനാറിനും ഇടയ്ക്കു ശതമാനം മാത്രമേ പ്രയോഗികക്രിസ്ത്യാനികളായുള്ളുവെന്നും അതുതന്നെ നാമമാത്രക്രിസ്ത്യാനികളെക്കൂടി ഉൾപ്പെടുത്തിയുള്ള കണക്കാണെന്നും ലിററൽ പറയുന്നു. ക്രിസ്ത്യാനികളുടെ ആധ്യാത്മികപാപ്പരത്തമത്രേ ഇതിലെല്ലാം അദ്ദേഹം കാണുന്നത്.

സഭാഭിന്നത വരുത്തിയ മറെറാരു ദുഷ്പരിണതി കൂണുകൾപോലെ എഴുന്നു നിൽക്കുന്ന അനേകം ദുർബലസഭകളെ മുളപ്പിച്ചുവെന്നതാണ്. രാജകീയശക്തിയുടെ താളത്തിനു ശിങ്കിടിതുള്ളുവാൻ ഇത്തരം സഭകൾ തയ്യാറായി. രാജകീയശക്തി സഭയെ ഉപയോഗപ്പെടുത്തുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തു. ഹെസിയിലെ ഫിലിപ്പ്, സാക്സണിയിലെ മൗറി, ഇംഗ്ളണ്ടിലെ ഹെൻട്രി എട്ടാമൻ, ഫ്രാൻസിലെ ഫ്രാൻസിസ്, സ്പെയിനിലെ ഫിലിപ്പ് രണ്ടാമൻ തുടങ്ങിയവർ ഉദാഹരണങ്ങളാണ്. സഭയ്ക്കു പിണഞ്ഞ ഈ ദയനീയതയിൽ ഫ്രാങ്ക്ളിന് വേദനയുണ്ട്.

രാജ്യശക്തിക്കു കീഴമർന്ന ദുർബലസഭകൾ നടത്തിയ സുവിശേഷപ്രവർത്തനം ആ പേരിനെ തരംതാഴത്തിക്കളഞ്ഞു. സുവിശേഷപ്രചാരണത്തിലൂടെ അവർ സാധിച്ചതു യൂറോപ്യവൽക്കരണമായിരുന്നു. വെള്ളക്കാരനുവേണ്ടി സാധുക്ക

www.malankaralibrary.com



ളെക്കൊണ്ടു അടിമപ്പണിയെടുപ്പിച്ചു വയലുകളും കാടുകളും ഖനികളും നേടുന്നതിനുള്ള ഉന്നം കരുതിക്കൂട്ടി വച്ചുകൊണ്ടുള്ളതായിരുന്നു ആ പ്രവർത്തനം. ക്രാസ്തീയപ്രേഷിതവേലകൾക്കു ഭവിച്ച ഈ അധോഗതിയിലും ലിററൽ ഖേദമുള്ളവനാണ്.

കത്തോലിക്കരും അകത്തോലിക്കരും അംഗീകരിക്കുന്ന പുതിയ സഭാചരിത്രത്തിൻെറ നിർമ്മാണം ക്രൈസ്തവൈക്യയത്നങ്ങൾക്കു വേഗത കൂട്ടുമെന്ന് ലിററലിന് അഭിപ്രായമുണ്ട്.

അത്മായപൗരോഹിത്യത്തിൻെറ സടകുടഞ്ഞെഴുന്നേൽക്കലിലൂടെ സഭാപ്രവർത്തനരംഗത്തു അത്മായന് ഉണ്ടായിട്ടുള്ള ഉണർവ്വ്, അനുരഞ്ജനനീക്കങ്ങളെ ഉത്തേജിപ്പിക്കുവാൻ പോരുന്ന ഡയലോഗിൻെറ ആഗമനം, മനസ്സാക്ഷിസ്വാതന്ത്ര്യത്തിൻെറ പ്രതിഷ്ഠ എന്നിവയെല്ലാം നല്ല ഭാവിയെ ചൂണ്ടിക്കാട്ടുന്ന പ്രകാശരശ്മികളായി ഡോക്ടർ ഫ്രാങ്ക്ളിൻ ലിററൽ കരുതുന്നു.

www.malankaralibrary.com



# IV

## റോബർട്ട് മക്കഫീ ബ്രൗൺ

"വിയോജിതസഭകൾക്കു ലോകം കരുത്തുററതായി തോന്നാം. വിഭജിതലോകത്തിന് കരുത്തുററ ഒരു സഭയെ ആവശ്യമുണ്ട്" എന്ന ആശയം മുറുകെപ്പിടിച്ചു മുന്നേറുന്ന നലംതികഞ്ഞ ഒരു എക്യുമെനിസ ചിന്തകനാണ് ഡോക്ടർ റോബർട്ടു മക്കഫീ ബ്രൗൺ. (Robert McAfee Brown)

1960-ൽ "ക്രിസ്ത്യൻ സെൻചുറി" Chirs-tian Century, "ദ് കോമൺവീൽ" (The Common weal) എന്നീ പത്രങ്ങളിൽ "ഡയലോഗിൻെറ നിബന്ധനകൾ" ഇദ്ദേഹം പ്രസിദ്ധീകരിച്ചു. "ടൈം" (Time) പത്രത്തിലും ഇതു പ്രകാശിതമായി. തുടർന്നു കത്തോലിക്കാ പ്രോട്ടസ്ററൻറു ചിന്തകന്മാരെല്ലാം ഡയലോഗിൻെറ രൂപരേഖയായി ഇതിനെ അംഗീകരിക്കയും ആദരിക്കയും ചെയ്തു. ഡയലോഗിനു ബ്രൗൺ നിർദ്ദേശിക്കുന്ന നിബന്ധനകൾ താഴെപ്പറയുന്നവയാണ്.

(1) ഓരോ കക്ഷിയും അപരകക്ഷിയുടെ ആത്മാർത്ഥത സമ്മതിക്കണം;

(2) സ്വന്തം വിശ്വാസത്തെക്കുറിച്ചു വ്യക്തമായ ധാരണ ഓരോ കക്ഷിക്കും വേണം;

(3) ഓരോ കക്ഷിയും അപരകക്ഷിയുടെ വിശ്വാസപ്രബോധനത്തെക്കുറിച്ചു അറിയുവാൻ ശ്രമിക്കണം;

(4) പിളർപ്പു ഉളവാക്കുന്നതിനും വളർത്തുന്നതിനും വേണ്ടി സ്വന്തം കക്ഷി വരുത്തി

www.malankaralibrary.com



യിട്ടുള്ളതും വരുത്തിക്കൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ വിനയത്തോടും അനുതാപത്തോടും ഉത്തരവാദിത്വത്തോടും സ്വീകരിക്കാനുള്ള സന്നദ്ധത ഓരോ കക്ഷിയും പ്രകടിപ്പിക്കണം;

(5) പിളർപ്പിനോ ഐക്യത്തിനോ കാരണമാകുന്ന കാര്യങ്ങളെ ഉടനുടൻ അഭിമുഖീകരിക്കാൻ ഒരു കക്ഷിയും മടിക്കരുത്;

(6) ഡയലോഗു കൊണ്ടു സാധിതമാകുന്നതെല്ലാം ദൈവത്തിന് സമർപ്പിക്കേണ്ടതാണെന്ന ബോദ്ധ്യം ഓരോ കക്ഷിക്കും വേണം.

എക്യുമെനിസത്തിന്റെ അന്തസ്സത്ത കണ്ടറിഞ്ഞിട്ടുള്ള, ഡോക്ടർ ബ്രൗണിനെപ്പോലുള്ളവർക്ക് മാത്രമേ സർവ്വസമ്മതങ്ങളായ ഇത്തരം നിബന്ധനകൾ ഡയലോഗിനു നല്കുന്നതിനു സാധിക്കയുള്ളു.

കാലിഫോർണിയാ സ്ററാൻഫോർഡു യൂണിവേഴ്സിററിയിലെ പ്രൊഫസറാണ് റോബർട്ടു മക്കഫീ ബ്രൗൺ. അമേരിക്കയിലെ കത്തോലിക്കാ പ്രോട്ടസ്ററൻറു അനുരഞ്ജനത്തിനുവേണ്ടി അദ്ദേഹം പണിപ്പെടുന്നു ഇല്ലിനോയിസിലെ കാർത്തേജിലാണ് ബ്രൗണിന്റെ ജനനം, 1920 മെയ് 28-ാം തീയതി. യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ പഠിക്കയും കൊളംബിയാ യൂണിവേഴ്സിററിയിൽനിന്നു പിഎച്ച്. ഡി ബിരുദം നേടുകയും ചെയ്തു. ഡോക്ടറേററിനു ശേഷമുള്ള ഗവേഷണപ്രവർത്തനം ഓക്സ്ഫോർഡിലെ മാൻസ്ഫീൽഡ് കോളജിലും സ്കോട്ടുലൻഡിലെ സെൻറ്ആൻഡ്രൂസ് യൂണിവേഴ്സിററിയിലും നിർവഹിച്ചു.

www.malankaralibrary.com



മക്കാളസ്റ്റർ (Macalester) കോളജ്, യൂണിയൻ തിയോളജിക്കൽ സെമിനാരി എന്നീ സ്ഥാപനങ്ങളിൽ 1951—മുതൽ ഡോക്ടർ ബ്രൗൺ പ്രൊഫസറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മെത്തേഡിസ്റ്റു സഭാംഗമായ ഇദ്ദേഹം വത്തിക്കാൻ കൗൺസിലിന്റെ രണ്ടാം സമ്മേളനത്തിൽ നിരീക്ഷകനായിരുന്നു. "ക്രിസ്ത്യാനിറ്റി ആൻഡ് ലൈഫ്, (Christianity and life) "പ്രെസ്ബിറ്റേറിയൻ ലൈഫ്" എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപസമിതിയിലും ബ്രൗൺ പ്രവർത്തിക്കുന്നു.

ഗ്രന്ഥകർത്താവ് എന്ന നിലയിലും മക്കഫീബ്രൗൺ പ്രസിദ്ധനാണ്. "റോമാനിരീക്ഷകൻ" (Observer in Rome), "വേദപുസ്തകം സംസാരിക്കുന്നു" (The Bible speaks to you), "സഭയുടെ പ്രാധാന്യം" (The significance of the Church), "ഗുസ്തേവു വെയ്ഗലും(Gustave Weigel) ആയുള്ള സംവാദം", "പ്രൊട്ടസ്റ്റൻറിസത്തിന്റെ ആത്മാവ്" (The spirit of Protestantism) തുടങ്ങിയവ ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്. പന്ത്രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള അൽമായരുടെ ദൈവശാസ്ത്ര ഗ്രന്ഥാവലി തയ്യാറാക്കുന്നതിന് ജനറൽ എഡിറ്റർ എന്ന ഭാരിച്ച ചുമതലയും ഇദ്ദേഹം തന്നെയാണ് വഹിച്ചിട്ടുള്ളത്. "ദ് കോമൺവീൽ" (The Common weal) എന്ന മാസികക്കു ലേഖനസഹായം ചെയ്യുന്നതിനും ഈ അധ്യാപനനിരതൻ സമയം കണ്ടെത്തുന്നു.

1944—ലാണ് ബ്രൗൺ വിവാഹിതനായത്, സിഡ്നി തോംസൺ എന്ന മഹിളയുമായി. നാലു സന്താനങ്ങൾ ആ ദമ്പതിമാർക്കുണ്ട്.

www.malankaralibrary.com



ഡയലോഗിനു കിട്ടുന്ന സന്ദർഭമെന്നും ഡോക്ടർ മക്കഫി പാഴാക്കാറില്ല. ഐക്യത്തിനുവേണ്ടി പിടയുന്ന ഈ ദൈവശാസ്ത്രജ്ഞൻെറ ചില അഭിപ്രായങ്ങരം ശ്രദ്ധിക്കുക:

(1) ''അഞ്ചിലേറെ കൊല്ലക്കാലം കത്തോലിക്കദൈവശാസ്ത്രഗ്രന്ഥങ്ങരം പഠനവിഷയമാക്കിയതു മൂലം ലഭ്യമായതിനേക്കാരം ഉപരിയായ കത്തോലിക്കാഭിരുചി ആഴ്ചയിൽ അഞ്ചുതവണവീതം പത്തു ആഴ്ചവട്ടം വി. കുർബാനയിൽ പങ്കുകൊള്ളുകയും കൗൺസിലിനോടൊത്തു പ്രാർത്ഥിക്കയും ചെയ്തതിൽനിന്നു തനിക്കുണ്ടായി''

(2) ''ഇരുകക്ഷികളും പരസ്പരം കുററം ഏററുപറയുകയും ഇരുകക്ഷികളും പരസ്പരം ക്ഷമിക്കയും ചെയ്യുന്ന മനോഹരസംവിധാനത്തിൽ യഥാർത്ഥഅനുരഞ്ജനത്തിൻെറ അടിത്തറ പടുത്തുയർത്തുന്നതിനു പരിശുദ്ധാത്മാവിനു സാധിക്കും''

(3) ''മനുഷ്യരുടെ പ്രത്യാഗമനം കാത്തുകൊണ്ട് സഭ കൈയുംകെട്ടിയിരുന്നാൽ പോരാ; പിന്നെയോ, ആന്തരിക നവീകരണത്തിനു തയ്യാറാകകൂടിവേണം''

(4) ''വിയോജിതത്വത്തെ മറന്ന് സാഹോദര്യത്തിൻെറ അമിതാഹ്ലാദത്തിൽ നമ്മരം ആമഗ്നമാകരുത്; സാഹോദര്യത്തെ വിസ്മരിച്ച് നമ്മുടെ വിയോജിത സ്ഥിതിയിൽ അലംഭാവം കൊള്ളാനും പാടില്ല''

(5) ''സ്നേഹപൂർവ്വമായ വിമർശനം സ്വീകരിക്കുന്നതും അത്തരം വിമർശനം നടത്തുന്നതും പക്വതയുടെ ലക്ഷണമാണ്''

www.malankaralibrary.com



(6) ''ജീവന്റെ മേശയിൽനിന്നു അപ്പവും വീഞ്ഞും പങ്കിടുന്ന പരിശുദ്ധകർമ്മത്തിൽ സഹകരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് സാമൂഹ്യാസൂത്രണത്തിന്റെ വട്ടമേശസമ്മേളനത്തിലെ പൗരാവകാശപരമായ കാര്യങ്ങളിൽ ഒന്നിച്ചണിനിരക്കുവാൻ പററില്ലെന്നു പറയുന്നത് ഉത്തരവാദിത്വത്തിൽനിന്നുള്ള ഒഴിഞ്ഞുമാറലാണ്''

(7) ''എക്യുമെനിസത്തിന്റെ ഫലമായി ഉദയംകൊള്ളുന്നത് ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ആയിരിക്കും''

(8) ''പിളർക്കപ്പെട്ട ക്രിസ്തീയ സഹോദരന്മാർക്കു തങ്ങളുടെ വിശ്വാസത്തെ ശാണഘർഷണം ചെയ്തുകാണുന്നതിനുള്ള പൊതുവേദി വേദപുസ്തക പഠനത്തിന്റേതു തന്നെയാണ്''

(9) ''എവിടെയാണു ക്രിസ്ത്യാനിയുടെ ഇന്നത്തെ നിലനിൽപ്പെന്നു അറിയുവാൻ എവിടെനിന്നാണു വരുന്നതെന്ന പരിശോധന ഒത്തൊരുമിച്ചു നമുക്കു ചെയ്യാവുന്ന ഒരു വലിയ സംരംഭമാണ്.''

www.malankaralibrary.com



V

# ഹാൻസ് ക്യൂങ്

1963 ൽ രണ്ടു മാസക്കാലം അമേരിക്കൻപര്യടനം നടത്തിയ പ്രൊഫസർ ഹാൻസ് ക്യുങ്ങിന് ആവേശോജ്വലമായ സ്വീകരണമാണ് ലഭിച്ചത്. യൂണിവേഴ്സിററികളിലും നഗരകേന്ദ്രങ്ങളിലും അദ്ദേഹം പ്രസംഗിച്ചു. ആ വചോവിലാസം ശ്രവിക്കുവാൻ ആയിരങ്ങൾ തടിച്ചുകൂടി. എല്ലാവരുടെയും അകമഴിഞ്ഞ പ്രശംസകൾ പിടിച്ചുപററുവാൻ ആ പ്രസംഗങ്ങൾക്കു കഴിഞ്ഞു. ഒരു ദൈവശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം ഇത് അഭിമാനാർഹമാണ്.

സഭാചിന്തകന്മാരുടെ അംഗീകരണത്തിനും അഭിനന്ദനത്തിനും ക്യുങ്ങ് നേരത്തെതന്നെ പാത്രമായിരുന്നു. കത്തോലിക്കാസഭയേയും പ്രൊട്ടസ്ററൻറുസഭയേയും വേർതിരിക്കുന്ന ഒരു കനത്ത മതിൽക്കെട്ട് നിരപ്പാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. തീരാവൈരത്തിൽ കഴിഞ്ഞ പ്രസ്തുത സഭകകളെ പരസ്പരം അകററിയിരുന്ന അതിപ്രധാനമായ ഒരു വിശ്വാസവിഷയം ''നീതീകരണ'' (justification) ത്തെക്കുറിച്ചുള്ളതായിരുന്നു. ''നീതീകരണം, കാൾബാത്തിൻെറ സിദ്ധാന്തവും കത്തോലിക്കാ പഠനവും'' (Justification: The Doctrine of Karl Barth with a Catholic Reflection)എന്നതായിരുന്നു ഡോക്ടർ ബിരുദലബ്ധിക്കുവേണ്ടി ഹാൻസ് ക്യുങ്ങു സമർപ്പിച്ച ഗവേഷണപ്രബന്ധം.

www.malankaralibrary.com



നീതീകരണത്തെ(justfication)സംബന്ധിച്ചു പ്രോട്ടസ്റ്റൻറു ചിന്തകനായ കാറംബാത്തിൻെറ സിദ്ധാന്തവും കത്തോലിക്കാപഠിപ്പിക്കലും തമ്മിൽ സാരാംശത്തിൽ വ്യത്യാസപ്പെടുന്നില്ല എന്നത്രേ ഹാൻസ് ക്യുങ്ങിൻെറ നിഗമനം. മാർഗ്ഗദർശകമായ ഈ പഠനത്തിൻെറ പ്രണേതാവിനു മുമ്പിൽ ലോകത്തെമ്പാടുമുള്ള കുതൂഹലചിത്തരായ കത്തോലിക്കാ പ്രോട്ടസ്റ്റൻറു ചിന്തകന്മാർ ആദരാജ്ഞലികരം നിരത്തി. കാറംബാർത്തിൻെറ സമ്മതപത്രത്തിനും ക്യുങ്ങ് അർഹനായി; അദ്ദേഹമാണ് ഗ്രന്ഥത്തിന് ഉപോൽഘാതം എഴുതിയിട്ടുള്ളത്.

എക്യുമെനിസത്തിൻെറ പേരെടുത്ത കത്തോലിക്കാവക്താവായ ഹാൻസ് ക്യുങ്ങ് ററുബിംഗൻ (Tubingon) യൂണിവേഴ്സിററിയിലെ പ്രൊഫസറാണ്. മൗലികദൈവശാസ്ത്ര (Fundamental Theology)മാണ് അദ്ദേഹം പഠിപ്പിക്കുന്ന വിഷയം. പ്രകൃതിഭംഗി കവിഞ്ഞൊഴുകുന്ന സ്വിററ്സർലണ്ടുരാജ്യം സഭയ്ക്കു പ്രദാനം ചെയ്ത ഈ വിലപ്പെട്ട ചിന്തകൻ 1928 മാർച്ചു 19-ാം തീയതിയാണ് പിറന്നത്. സഭാപരിഷ്കരണ വിപ്ലവത്തിൻെറ തീപ്പൊരി ചിതറുന്ന ഈ ജ്ഞാനസിദ്ധൻ റോമിലുള്ള പൊന്തിഫിക്കൽ ജർമ്മൻ കോളജിലും ഗ്രീഗോറിയൻ യൂണിവേഴ്സിററിയിലും പഠനം നടത്തി; പാരീസിലെ കാത്തലിക്ക് ഇൻസ്ററിററ്യൂട്ടിൽ നിന്നു ഡോക്ടർബിരുദം നേടി.

"കൗൺസിലും നവീകരണവും പുനരൈക്യവും" (The Council, Reform and Reunion) എന്താണ് എക്യുമെനിസ വിഷയകമായി ക്യുങ്ങ് രചിച്ച പ്രസിദ്ധ കൃതി. ഫ്രഞ്ച്, ഡച്ച്, സ്പാനിഷ്, ഇംഗ്ലീഷു തുടങ്ങിയ ഭാഷകളിൽ ഇതു വിവർത്ത

www.malankaralibrary.com


നം ചെയ്യപ്പെട്ടിട്ടുണ്ട്. കത്തോലിക്കരും പ്രോട്ട സ്റ്റന്റുകാരും ഒരേ സ്വരത്തിൽ ഇക്കൃതിയെ പുകഴ്ത്തിപ്പാടുന്നു.

പ്രസ്തുത പുസ്തകത്തിലൂടെ ക്യൂങ്ങ് അവ തരിപ്പിക്കുന്ന തീസിസ് ഇങ്ങനെ സംഗ്രഹിക്കാം: ഐക്യത്തിനു മുമ്പായി പ്രോട്ടസ്റ്റന്റുസഭയും കത്തോലിക്കാസഭയും ആന്തരികനവീകരണത്തിനു വിധേയമാകണം. കത്തോലിക്കർ കത്തോലിക്കാന വീകരണം നടത്തുമെങ്കിൽ പ്രോട്ടസ്റ്റന്റുകാർ അവരുടെ നവീകരണത്തിനു ശ്രമിക്കും. ഇരുകൂ ട്ടരുടെയും നവീകരണം വേദപുസ്തകാനുസൃത മായിരിക്കയും വേണം. അപ്പോരം ഐക്യം സ്വ പ്നമേഖലയിൽ നിന്നു യാഥാർത്ഥ്യമേഖലയി ലേക്കു വന്നുചേരുന്നതാണ്. ആ പുനരൈക്യം പ്രോട്ടസ്റ്റന്റു പ്രത്യാഗമനമോ കത്തോലിക്കാ കീഴടങ്ങലോ ആയിരിക്കുകയില്ല; പ്രത്യുതയോ; ഇരുഭാഗത്തു നിന്നുമുള്ള സഹോദരനിർവ്വിശേഷമി യ സമീപനമായിരിക്കും.

23—ാം ജോൺപാപ്പാ ക്യൂങ്ങിനെ കൗൺസിലി ന്റെ ഔദ്യോഗിക ദൈവശാസ്ത്രജ്ഞനായി നി യോഗിച്ചു. "ലോകം വിശ്വസിക്കുന്നതിന" (That the World May Believe); "സഭാഘടന" (Structures of the Church); "കൗൺസിൽ പ്ര വൃത്തിപഥത്തിൽ" (Council in Action); "ക്രി സ്തു ലോകത്തിൽ" (Christ in the World), "ഹെഗലിന്റെ ക്രിസ്തുശാസ്ത്രം" (The Christology of Hegel) തുടങ്ങിയവയാണ് ക്യൂങ്ങി ന്റെ ഇതരകൃതികൾ.

ആ പണ്ഡിതൻ സഭയെ ഓർമ്മപ്പെടുത്തുന്ന അപരിത്യാജ്യകാര്യങ്ങൾ രണ്ടാണ്; ഒന്ന്, ഏകാ

www.malankaralibrary.com



ധിപത്യരാഷ്ട്രങ്ങളുടെ രീതികളെ ഉപേക്ഷിക്കണം; രണ്ട്, മനസ്സാക്ഷിയെ ബലംപ്രയോഗിച്ചു നിർബന്ധിക്കുക, വിശ്വാസം അടിച്ചേല്പിക്കുക തുടങ്ങിയ ഏതു ശ്രമത്തേയും പരിത്യജിക്കണം.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഭാവന ക്യുങ്ങിന്റെ ദൃഷ്ടിയിൽ സ്വാഗതാർഹമാണ്.

(1) സ്വതന്ത്രവും സജീവവുമായ ഒരു സഭയുടെ ആയിരിക്കേണ്ടതുപോലെ തന്നെയുള്ള ഒരു സ്വരൂപം ക്രിസ്ത്യാനികൾക്കും ലോകത്തിനു മുഴുവനും കാണിച്ചുകൊടുക്കാൻ കൗൺസിലിനു കഴിഞ്ഞിട്ടുണ്ട്;

(2) പ്രൊട്ടസ്റ്റന്റു നിരീക്ഷകരുടെ സാന്നിദ്ധ്യവും അവർക്കു ലഭിച്ച സ്വീകരണവും എക്യുമെനിസപ്രശ്നത്തിലേക്കു കത്തോലിക്കാ സഭ പൂർണ്ണമായും ശ്രദ്ധതിരിച്ചിട്ടുണ്ടെന്ന വസ്തുത വെളിപ്പെടുത്തി;

(3) പ്രായോഗികവും അജപാലനപരവുമായ കാര്യങ്ങളിലാണ് കൗൺസിലിന്റെ ചിന്ത കേന്ദ്രീകരിച്ചത്, പിളർപ്പിന്റെ വിടവുവളർത്തിയേക്കാവുന്ന വിശ്വാസസത്യനിർവ്വചനങ്ങൾ ബോധപൂർവ്വം ഉപേക്ഷിച്ചു;

(4) ആരാധനക്രമപരിഷ്കരണമാണ് കൗൺസിലിന്റെ ഒന്നാമത്തെ നിശ്ചയമെന്നത് എക്യുമെനിക്കൽ വീക്ഷണത്തിലൂടെ കാണുമ്പോൾ പ്രാധാന്യമർഹിക്കുന്നതാണ്.

www.malankaralibrary.com



# VI

# കാറൽ ബാർത്ത്

പൊക്കമില്ലാത്ത ശരീരം, നീലക്കണ്ണ്, ചാര നിറമുള്ള മുടി, രമ്യതയും സഹിഷ്ണതയും നിഴലിക്കുന്ന മുഖഭാവം, അല്പം സംസാരിക്കുമെങ്കിൽ ഒന്നാംതരം ഫലിതങ്ങളുടെ വഴിഞ്ഞൊഴുകൽ– ഒന്നു പരിചയപ്പെട്ടുകഴിഞ്ഞാൽ പ്രൊഫസർ കാറംബാത്തിനെ ഒരിക്കലും മറക്കുകയില്ല. ദൈവശാസ്ത്രപാരംഗതനായ വി. തോമസ് അക്വിനാസിനു കത്തോലിക്കാസഭയിൽ കൊടുത്തിട്ടുള്ള സ്ഥാനമാണ് പ്രോട്ടസ്റ്റന്റുസഭയിൽ കാറംബാർത്തിനു നല്കിയിട്ടുള്ളത്. പ്രോട്ടസ്റ്റന്റുസഭയിലെ അതിശ്രദ്ധേയമായ ഒരു ദൈവശാസ്ത്ര സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി ബാർത്തിനെ കരുതുന്നു.

സ്വിററ്സർലണ്ടിന്റെ മണ്ണും വളവുമാണ് ബാർത്തിനെ വളർത്തിയത്. 1886 മെയ് 8–ാംതീയതിയാണ് ജനനം. ഒരു സെമിനാരിയിൽ ദൈവശാസ്ത്രം പഠിപ്പിച്ച വൈദികന്റെ പുത്രൻ ദൈവശാസ്ത്രത്തിലേക്കു ശ്രദ്ധ തിരിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. ബർലിനിലെ റ്റ്യൂബിംഗനിലുള്ള ബേൺ യൂണിവേഴ്സിററിയിലും മാർബർഗ്ഗിലും ബാർത്തു പഠിച്ചു. പേരെടുത്ത ചില പ്രോട്ടസ്റ്റന്റു ദൈവശാസ്ത്രജ്ഞരുടെ ശിക്ഷണം അധ്യേസനകാലത്തു ഇദ്ദേഹത്തിനു ലഭിച്ചു.

"റോമർ ബ്രീഫ്" എന്ന പ്രഥമകൃതി ബാർത്തു 1919–ൽ പ്രസിദ്ധീകരിച്ചു. പൗലൂസുശ്ലീഹ റോമർക്കു എഴുതിയ ലേഖനത്തിന്റെ ഒരു വ്യാഖ്യാനമാണിത്. വിമർശകരുടെയും ആസ്വാദ

www.malankaralibrary.com



കരുടെയും സവിശേഷശ്രദ്ധ പിടിച്ചെടുക്കുവാൻ ഇക്കൃതിയിലൂടെ ബാർത്തിനു സാധിച്ചു.

ഗോട്ടിംഗൻ (Gottingon), മുൺസ്ററർ(Munster) തുടങ്ങി വിവിധ യൂണിവേഴ്സിററികളിൽ കാറംബാർത്ത് പ്രൊഫസറായി പ്രവർത്തിച്ചിട്ടുണ്ട്. നാസിസത്തെ അതിനിശിതമായി വിമർശിച്ചതുകൊണ്ട് 1935—ൽ ബോൺ(Bonn) യൂണിവേഴ്സിററിയിൽ നിന്നു ഇദ്ദേഹം നിഷ്കാസിതനായി. തുടർന്നു ബെയ്സ്ലി(Basly) യൂണിവേഴ്സിററിയിൽ ബാർത്തിനുവേണ്ടി പ്രത്യേകം സൃഷ്ടിച്ച ദൈവശാസ്ത്രതസ്തികയിൽ സേവനം തുടർന്നു.

1962 ഏപ്രിലിൽ അമേരിക്കൻ പര്യടനം നടത്തിയ കാറംബാർത്ത് ചിക്കാഗോയിലെയും പ്രിൻസ്ററനിലെയും ദൈവശാസ്ത്ര സെമിനാരികളിൽ പ്രഭാഷണപരമ്പര നിർവ്വഹിക്കുകയുണ്ടായി. ബഹുദൂരം കാൽനടയായിപ്പോലും യാത്രചെയ്തവരുറംപ്പെടെ അനേകസഹസ്രങ്ങളാണ് പ്രസ്തുത പ്രഭാഷണങ്ങറം ശ്രവിച്ചത്. ജീവിതകാലം മുഴുവൻ ദൈവശാസ്ത്രഗവേഷണത്തിനു വിനിയോഗിച്ച ഈ ചിന്താബന്ധുരന് ഡി. ഡി. ബിരുദം നല്കുവാൻ ചിക്കാഗോ യൂണിവേഴ്സിററി മടിച്ചില്ല.

"ചർച്ച് ഡോഗ്മാററിക്സ്" (Church Dogmatics) എന്ന ബൃഹത്ഗ്രന്ഥപരമ്പരയാണ് ബാർത്തിൻെറ സ്ഥാനപ്പൊലിമയ്ക്കു കാരണം. പന്ത്രണ്ടു വാല്യങ്ങളുള്ള പ്രസ്തുത കൃതിയെ കത്തോലിക്കാസഭയിലെ വി. തോമസ് അകിനാ

www.malankaralibrary.com



സിൻെറ ''സുമ്മാ''യ്ക്കു (Summa Theologica) സമാനമായി പലരും ഗണിക്കുന്നു.

വയലിൻ സംഗീതനിഷ്ണാതയായ നെല്ലി ഹോഫ്മാൻ (Nelly Hoffman)ആണ് സഹധർമ്മിണി. അവർക്കു നാലു സന്താനങ്ങളുണ്ട്.

ക്രൈസ്തവൈക്യത്തെപ്പററി ശുഭാപ്തിവിശ്വാസമുള്ളവനാണ് ഈ എക്യുമെനിസചിന്തകൻ. കത്തോലിക്കാപ്രൊട്ടസ്ററൻറു സൗഹൃദം പൂർവ്വാധികം ദൃഢതരമായിട്ടുണ്ടെന്നത്രേ ഇദ്ദേഹം അഭിപ്രായപ്പെടുന്നത്. ഇന്നു ഇരുകൂട്ടരും പരസ്പരം സഹകരിക്കയും അറിയാൻ ശ്രമിക്കയും ചെയ്യുന്നു. മുമ്പ് ഇങ്ങനെയായിരുന്നില്ല. വിദ്യാർത്ഥിയായിരുന്ന കാലത്ത് കത്തോലിക്കാചിന്തകന്മാരുടെ കൃതികൾ വായിക്കുക തനിക്ക് ഊഹിക്കാൻപോലും കഴിയുമായിരുന്നില്ല എന്നു ബാർത്തു തീർത്തുപറയുന്നു. വിമർശനകൃതികളിലൂടെ മാത്രമേ പ്രൊട്ടസ്ററൻറുആശയം കത്തോലിക്കർക്കും ലഭിച്ചിരുന്നുള്ളു.

ഈ 'ഉരുക്കുമറ' ഇന്നു മാററപ്പെട്ടിരിക്കുന്നു. പൂർണ്ണമാനസിക സംതൃപ്തിയോടുകൂടി കത്തോലിക്കാദൈവശാസ്ത്രജ്ഞന്മാർക്കിടയിൽ കഴിയാൻ ഇന്നു സാധിക്കുന്നുവെന്നത്രേ ബാർത്തിൻെറ സമാശ്വാസം. കത്തോലിക്കാ ചിന്തകനായ ഹാൻസ്ക്യുങ്ങിൻെറ കൃതിക്കു അവതാരിക എഴുതാൻ കഴിഞ്ഞതിൽ അദ്ദേഹത്തിനു ചാരിതാർത്ഥ്യം വളരെയാണ്. പ്രൊട്ടസ്ററൻറുകാരൻ അവതാരിക എഴുതിയതുകൊണ്ട് ആ കത്തോലിക്കാഗ്രന്ഥത്തിനു ഇംപ്രിമാത്തൂർ (Imprimatur)ലഭിക്കാതെ പോ

www.malankaralibrary.com



കയോ എന്തെങ്കിലും ചേതമുണ്ടാകയോ ചെയ്തതായി അറിവില്ല. പരസ്പരം അറിയുന്നതിൽനിന്നാണ് അനുരഞ്ജനം ഉണ്ടാകുന്നത്. ശ്രമിക്കുന്നതിനനുസരണമായി നമ്മൾ പരസ്പരം അറിയും. ക്രിസ്തീയവിശ്വാസം ഒന്നുമാത്രമാണെന്നും ആ സത്യവിശ്വാസം അവതരിപ്പിക്കുന്നതിന് ഭിന്നമാർഗ്ഗങ്ങളുണ്ടെന്നും ആ ചിന്തകൻ കരുതുന്നു.

രണ്ടാം വത്തിക്കാൻകൗൺസിൽ വളരെയേറെ ഫലപ്രദമായിട്ടുണ്ടെന്നുതന്നെയാണ് ബാർത്തിന്റെ പക്ഷം. പ്രോട്ടസ്റ്റന്റു നിരീക്ഷകർക്കു അവിടെ ലഭിച്ച സ്വീകരണം അത്യന്തം ശ്രദ്ധേയമായിരുന്നു. അവർ എല്ലാ സമ്മേളനങ്ങളിലും പങ്കെടുത്തു. ക്രൈസ്തവൈക്യകാര്യാലയത്തിന് തങ്ങളുടെ ആശയം കൊടുക്കുന്നതിനായി ഓരോ സമ്മേളനശേഷം അവർ ക്ഷണിക്കപ്പെട്ടു. കൗൺസിൽ പിതാക്കന്മാരുടെ ചർച്ചകളിൽ പങ്കുചേരുന്നതിന് ഇതുമൂലം അവർക്ക് ഒരുവിധം സാധിച്ചു.

www.malankaralibrary.com



## VII

## യാവ് കോംഗാർ

ശ്രദ്ധതിരിക്കാതിരിക്കാൻ പററാത്തവിധം ഫ്രെഞ്ചുകാരുടെയിടയിൽ മുഴങ്ങിധ്വനിച്ച പ്രമുഖ എക്യുമെനിസശബ്ദം യാവ് മരിയ കോംഗാറിൻേറതാണ്. വത്തിക്കാൻ കൗൺസിലിൻെറ ദൈവശാസ്ത്ര കാര്യാലയത്തിലെ ആലോചനാംഗമായ ഇദ്ദേഹം നല്ലതികഞ്ഞ എഴുത്തുകാരനാണ്. ആർദിനെ (Ardennes)യിലെ സീഡനിൽ (Sedan) 1904 ഏപ്രിൽ 13-ാം തീയതി ജനിച്ച കോംഗാർ 1930-ൽ വൈദികനാകയും ലേ സോറംഷുവാർ (Le Saulchoir) എന്ന സ്ഥലത്തുള്ള ഡൊമിനിക്കൻ ഹൗസിൽ ദീർഘകാലം മൗലികദൈവശാസ്ത്രം (Fundamantal Theology) പഠിപ്പിക്കയും ചെയ്തു. പണ്ഡിതനായ ഈ വൈദികാദ്ധ്യാപകനെ രണ്ടാം ലോകമഹായുദ്ധകാലത്ത് നിർബന്ധസൈന്യസേവനത്തിന് വിധേയനാക്കിയിട്ടുണ്ട്.

കോംഗാറിൻെറ കൃതികൾ യൂറോപ്പിൽ പരക്കെ അംഗീകൃതങ്ങളായിട്ടുള്ളവയാണ്. ''ക്ഷീണിക്കാത്ത മനീഷ''യോടുകൂടിയ ഈ ചിന്തകൻെറ തൂലികത്തുമ്പിൽ നിന്നു അടർന്നുവീണിട്ടുള്ള കൃതികൾ ഒന്നും രണ്ടുമല്ല. ''വിയോജിതക്രിസ്ത്യാനികൾ'' (Disunited Christians); ''കത്തോലിക്കാ എക്യുമെനിസത്തിൻെറ തത്വങ്ങൾ'' (Principles for Catholic Ecumenism) ''സഭാ നവീകരണത്തിലെ തെററും ശരിയും'' (True and false Reform in the Church); ''അല്മായ ദൈവശാസ്ത്രത്തിൻെറ ഘട്ടങ്ങൾ'' (Stages in a Theology for Lay People); ''കൂടാര രഹസ്യം'' (Mystery of

www.malankaralibrary.com



the temple); ''ജീവിക്കുന്ന ദൈവത്തിൻെറ വഴികഠം'' (The ways of the Living God); ''വൈദികനും അലമായനും'' (The Priest and Lay man); ''വിശുദ്ധ സഭ'' (The Holy Church); ''പാരമ്പര്യവും പാരമ്പര്യങ്ങളും'' (Tradition and Traditions); ''പാരമ്പര്യവും സഭാജീവിതവും'' (Tradition and the Life of the Church); ''ക്രിസ്തുവും മേരിയും സഭയും'' (Christ, Mary and the Church); ''വിശ്വാസവും ദൈവശാസ്ത്രവും'' (Faith and Theology); ''പൗരസ്ത്യഛിദ്രം'' (Nine Hundred Years Afterwards) തുടങ്ങിയവയാണ് പ്രധാനകൃതികഠം.

വിവിധ പ്രസിദ്ധീകരണങ്ങഠംക്കും വിജ്ഞാനകോശങ്ങഠംക്കും വേണ്ടി കോംഗാർ എഴുതിയിട്ടുള്ള ലേഖനങ്ങഠം വളരെയേറെയാണ്.

ഐക്യനീക്കത്തിലെ കനത്തപ്രതിബന്ധങ്ങഠം കോംഗാർ കാണുന്നുണ്ട്. നീണ്ടകാലത്തെ പീരങ്കിസജ്ജീകരണത്തിനും അത്യധ്വാനത്തിനും ശേഷം എതിർപ്പുകളെയെല്ലാം അതിജീവിച്ചു എന്ന ഭാവത്തോടെ മുമ്പിലേക്കു കാലാഠംപ്പടയെ നയിക്കുമ്പോഠം കാണപ്പെടുന്ന മുള്ളുവേലിക്കുരുക്കുകളോടാണ് ഇന്നത്തെ പ്രതിബന്ധങ്ങളെ അദ്ദേഹം സാദൃശ്യപ്പെടുത്തുക. ഐക്യത്തിൻെറ ദൈവശാസ്ത്രപരമല്ലാത്ത തടസ്സങ്ങളാണ് പ്രധാനമായും ഈ കുരുക്കുകഠം ഉണ്ടാക്കുന്നത്.

ഒരോ ഗ്രൂപ്പും കാത്തുസൂക്ഷിക്കുന്ന പ്രത്യേക മനോഭാവവും സംസ്കാരവും ഉളവാക്കുന്ന അനിച്ഛാനുസാരിയായ പ്രതികരണങ്ങഠം എതിരാളികളുടെ ഭീകരവും ബീഭത്സവുമായ ചിത്രമേ ഉയർത്തുന്നത്. ശീലവും സാമൂഹ്യസ്ഥിതിയും സ്വായത്തമാക്കിയിട്ടുള്ള ചരിത്രസ്മരണ

www.malankaralibrary.com


കളുമാണ് ഈ പ്രത്യേക മനോഭാവത്തെ പാലൂട്ടി വളർത്തുന്ന ഘടകങ്ങൾ. ഐക്യത്തിന്റെ ദൈവശാസ്ത്രപരമല്ലാത്ത തടസ്സമെന്നു ചിന്തകന്മാർ വിവക്ഷിക്കുന്നത് ഈ മനോഭാവം ഉളവാക്കുന്ന പ്രതികരണങ്ങളാണ്.

നിസ്സ്വാർത്ഥമായ സ്നേഹപ്രകടനത്തെപ്പോലും ദയയുടെ ലേശമില്ലാതെ തെററിദ്ധരിക്കുന്ന ക്രൂരത ക്രിസ്ത്യാനികളുടെ ഇടയിൽ കോംഗാർ കാണുന്നു. 1920—ൽ കൊടുംപട്ടിണികൊണ്ട് റഷ്യ വറുതിയിൽ നിന്നു വറുതിയിലേക്കു നീങ്ങിയപ്പോൾ പരിശുദ്ധസിംഹാസനം സഹായമെത്തിക്കാൻ മടിച്ചില്ല. ആ ജീവകാരുണ്യത്തിൽ ഏർപ്പെട്ടവരുടെ ആത്മാർത്ഥതയെ കോംഗാറിനു നേരിട്ടറിയാം. നീചമായ മുതലെടുപ്പിനുവേണ്ടിയുള്ള വത്തിക്കാന്റെ കുടിലതന്ത്രമായി ഇതിനെ ചിത്രീകരിക്കാൻ ചില ഓർത്തഡോക്സുവൃത്തങ്ങൾ തന്റേടം കാണിച്ചു. നിഷ്കളങ്കസ്നേഹം പോലും തെററിദ്ധരിക്കുന്ന ക്രൂരവിനോദം!

പരസ്പര വിശ്വാസമില്ലായ്മയും സംശയവുമാണ് ഈ ശത്രുതക്കു കാരണം. പ്രോട്ടസ്ററൻറുസഭയോടു വിടവാങ്ങുന്നതിനു നാലുകൊല്ലം മുമ്പ് ന്യൂമാൻ ഒരു കത്തോലിക്കാസുഹൃത്തിനെഴുതിയ കത്ത് കോംഗാർ ഉദ്ധരിക്കുന്നു.: ‘‘നമ്മൾ തമ്മിലുള്ള വേർപാടിന്റെ പ്രധാന കാരണം പരസ്പരവിശ്വാസമില്ലായ്മയും സംശയാലുത്വവുമാണ്. വിശ്വാസത്തിൽ എത്രമാത്രം അടുപ്പം കണ്ടെത്തിയാലും ഞങ്ങളുടെ ജനങ്ങൾക്കു നിങ്ങളോടുള്ള വൈരം മുറുകുകയേ ഉള്ളൂ. ഈ ദുസ്ഥിതി തുടരുന്നിടത്തോളം നമ്മൾ ഇരുകൂട്ടരും വേർപാടിന്റെ വേദന സഹിക്കയേ നിർവ്വാഹമുള്ളു; ഞങ്ങൾക്കു ഈ പ്രതിബന്ധം മാററാൻ

www.malankaralibrary.com



കഴികയില്ല. നിങ്ങളാണ് ഈ തടസ്സം മാറേറണ്ട ത്. നിങ്ങരം ഞങ്ങളെ ഭയപ്പെടുന്നില്ല; ഞങ്ങരം നിങ്ങളെ ഭപ്പെടുന്നു. നിങ്ങളോടുള്ള ഭയപ്പാടു നീ ങ്ങാത്തിടത്തോളം നിങ്ങളെ സ്നേഹിക്കുവാൻ ഞ ങ്ങരംക്കു കഴിയുകയില്ല''.

ന്യൂമാൻ വിരലൂന്നുന്ന ''റോമാവിരുദ്ധമ നോഭാവ''ത്തെ കോംഗാർ വിശദീകരിക്കുന്നു. ബോ ധനസ്വഭാവത്തോടുകൂടിയ ചോദ്യം ചെയ്യാവത ല്ലാത്ത ഒരു അധികാരകേന്ദ്രമായും സുസംഘടിത മായ ഒരു അധീശശക്തിയായുമത്രേ കത്തോലി ക്കാസഭ പ്രത്യക്ഷപ്പെടുക. അധികാരത്തേയും ശക്തിയേയും എതിർത്തു സ്വയരക്ഷ നേടാൻ ജനങ്ങരം ശ്രമിക്കുന്നു. റോമാവിരുദ്ധമനോഭാവ ത്തിന്റെ അടിസ്ഥാനം ഇവിടെയാണ്.

സൗഹൃദപുനസ്ഥാപനമാണ് കോംഗാർ നിർ ദ്ദേശിക്കുന്ന പ്രതിവിധി: ഒന്നിച്ചു ഭക്ഷിക്കയും ഒന്നിച്ചു പ്രാർത്ഥിക്കയും ഒന്നിച്ചു സംസാരിക്ക യും ചെയ്തുകഴിഞ്ഞതിനു ശേഷമേ ചില വി ഷയങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ പരസ്പരം ശ്ര വിക്കാനും മനസ്സിലാക്കാനും സാധിക്കയുള്ളു. സൗഹൃദപുനസ്ഥാപനം അപ്പോഴേ ഉണ്ടാകയുള്ളു. സൗഹൃദപുനസ്ഥാപനത്തിന് പോപ്പ് ജോൺ ഉ ന്നയിക്കുന്ന മൂന്നു ഘട്ടങ്ങരം കോംഗാർ എടുത്തു കാണിക്കുന്നു.

(1) പരസ്പരം കൂടിക്കാഴ്ചയിലും ഡയ ലോഗിലും കഴിയുന്ന സാമാന്യം ദീർഘമായ ഘട്ടം;

(2) പരസ്പരം വെറുപ്പുളവാക്കുന്ന കാര്യങ്ങ ളെന്നതിനേക്കാരം തമ്മിൽ യോജിപ്പിക്കുന്ന കാര്യ ങ്ങളിലേക്കു ശ്രദ്ധ തിരിയുന്ന ഘട്ടം;

(3) ഒന്നിച്ചു ജീവിക്കാൻ ഹൃദയപൂർവ്വം അ ഭിവാഞ്ഛിക്കുന്ന ഘട്ടം.

www.malankaralibrary.com



ക്രിസ്ത്യാനികളുടെ ഇടയിലെ ശത്രുതാഭാവം മാററിയെടുക്കുന്നതിനാണ് കോംഗാറിന്റെ ശ്രമം. ശത്രുതയെ ജയിച്ചടക്കണം. പൂർവ്വവൈരം, അവിശ്വാസം, മുൻവിധി, ഇടുക്കുമനസ്ഥിതി, ഇവയെല്ലാം ഒഴിവായെങ്കിലേ ഉന്നം നേടാനൊക്കു. വിശുദ്ധ നിക്കൊളാസിന്റെ ജീവചരിത്രത്തിലെ ഒരു കഥ കോംഗാർ ഉദ്ധരിക്കുന്നു.

നിക്കൊളാസ് ഒരു ന്യായാധിപനായിരുന്നു. അഴകൊഴുകുന്ന ലൂസറിൻ തടാകത്തിന്റെ തീരത്തുള്ള ശാന്തസുന്ദരമായ ഏകാന്തതയിൽ അദ്ദേഹം വിശ്രമജീവിതം നയിച്ചു. വിഷമപ്രശ്നങ്ങൾക്കു ഉപദേശമാരാഞ്ഞുകൊണ്ട് പലരും അദ്ദേഹത്തെ അവിടെ സന്ദർശിച്ചിരുന്നു. ഉഗ്രങ്ങളായ അഭിപ്രായസംഘട്ടനം മൂലം സ്വിററ്സർലണ്ടിലെ രാഷ്ട്രീയകക്ഷി പൊട്ടിപ്പിളരുമെന്ന ഘട്ടം വന്നു.

ഒരു നിവേദകസംഘം വിശുദ്ധനെ സമീപിച്ചു തർക്കവിഷയം വിവരിച്ചു. രണ്ടാംമുണ്ടെടുത്ത് അതിൽ ഒരു കുരുക്ക് ഉണ്ടാക്കിക്കൊണ്ട് നിക്കൊളാസ് അവരോടു ആവശ്യപ്പെട്ടു. ''ഈ കുരുക്ക് അഴിക്കുവാൻ നിങ്ങൾക്കു കഴിയുമോ ?''

അതിവേഗം അവർക്കതു സാധിച്ചു.

''ഇപ്രകാരം നിങ്ങളുടെ പ്രശ്നക്കുരുക്കുകൾ അഴിക്കാനും അതിവേഗം സാധിക്കും'' അദ്ദേഹം പറഞ്ഞു.

''ഇതു എളുപ്പമല്ല'' നിവേദകസംഘത്തിലെ ഇംഗ്രണ്ട് എന്നയാൾ പ്രതിഷേധിച്ചു.

''കുരുക്കിന്റെ ഒരുതുമ്പു ഞങ്ങൾ വലിച്ചു മുറുക്കിയാൽ ഈ കടുംകെട്ട് അഴിക്കുന്നതിന് നിനക്കും സാധ്യമല്ല. ഇതാണ് മനുഷ്യൻ പലപ്പോഴും ചെയ്യാൻ ശ്രമിക്കുന്നത്.''

www.malankaralibrary.com



VIII

# ബർണാർഡ് സി. പൗളി

വത്തിക്കാൻകൗൺസിലിനെക്കുറിച്ചുള്ള ഒരു അകത്തോലിക്കന്റെ വിലയിരുത്തലാണ് കാനൻ ബർണാർഡ് സി. പൗളി (Bernard C. Pawley) യുടെ "ഒരു ആംഗ്ലിക്കന്റെ കൗൺസിൽ വീക്ഷണം" (An Anglican Views the Council) എന്ന പ്രബന്ധം. ഈ കൃത്യത്തിന് കാനൻ പൗളി സർവ്വഥാ അർഹനാണ്. സുന്നഹദോസുചലനങ്ങളെ ഇത്ര സൂക്ഷ്മതയോടെ പഠിക്കുവാനും വിധി പറയാനും പാണ്ഡിത്യവും സമചിത്തതയുമുള്ള മറ്റൊരു വ്യക്തിയെ തിരഞ്ഞെടുക്കുവാൻ ആംഗ്ലിക്കൻ സമൂഹത്തിനു സാധ്യമല്ല.

ഇംഗ്ലണ്ടിലെ എക്യുമെനിസമുന്നേറ്റത്തിന്റെ നടുനായകസ്ഥാനം എലി (Ely) കത്തീഡ്രൽ കാനനായ ബർണാർഡ് സി. പൗളിക്കുള്ളതാണ്. യൂറോപ്പിലെ വിവിധ ക്രൈസ്തവസഭകളുടെ ദൈവാലയങ്ങളും പുണ്യതീർത്ഥങ്ങളും സന്ദർശിക്കുവാനും പഠനവിഷയമാക്കുവാനും ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. 1956—ൽ അന്നു മിലാൻ മെത്രാപ്പോലീത്തായായിരുന്ന ആറാം പോൾ പാപ്പായുടെ വ്യക്തിത്വം അടുത്തറിയുവാനും സുഹൃത്താകുവാനും ഈ സഹൃദയന് സാധിച്ചു. 1960—ൽ കാന്റർബറി ആർച്ചുബിഷപ്പ് ഡോക്ടർ ജോഫ്രിഫിഷർ (Dr Geoffrey Fisher) 23—ാം ജോൺപാപ്പായെ സന്ദർശിച്ചപ്പോൾ കർദ്ദിനാൾ ബയാ അഭ്യർത്ഥിക്കുകയുണ്ടായി, കൗൺസിലിന്റെ ഒരുക്കത്തെ പഠിക്കുന്നതിനും റിപ്പോർട്ടു സമർപ്പിക്കുന്നതിനും ആംഗ്ലിക്കൻ സഭ

www.malankaralibrary.com



യെ പ്രതിനിധാനം ചെയ്യുന്ന ഒരു ഡലഗററു വേണമെന്ന്. ആ സ്ഥാനത്തേക്കു 1961—ൽ കാനൻ പൗളി നിയമിതനായി. ക്രൈസ്തവൈക്യത്തിനു വേണ്ടിയുള്ള കാര്യാലയത്തിന്റെ വിശിഷ്ടാതിഥിയായി 1962 മുതൽ അദ്ദേഹം കൗൺസിൽ നിരീക്ഷകനായിത്തീർന്നു. കാന്റർബറിയിലെയും യോർക്കിലെയും ആർച്ചുബിഷപ്പന്മാരുടെ പ്രതിനിധിയായിട്ടത്രേ പൗളിയുടെ കൗൺസിൽ നിരീക്ഷണം. ആംഗ്ലിക്കൻസഭയുടെ വീക്ഷണത്തെ പ്രതിഫലിപ്പിക്കുവാൻ ഏററം സമർത്ഥനായ വ്യക്തി ഈ ചിന്തകൻതന്നെയെന്ന് കാന്റർബറി ആർച്ചുബിഷപ്പ് മൈക്കിൾ റാംസെയും ലാക്രോസ് ബിഷപ്പ് ജോൺ പി. ട്രസിയും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതെല്ലാം കൗൺസിലിനെക്കുറിച്ചു വിധിപറയുവാൻ അദ്ദേഹത്തെ അംഗീകൃതനാക്കി.

ഇംഗ്ലണ്ടിലെ പോർട്ട്സ്മൗത്തിൽ 1911 ജനുവരി 24-ാം തീയതി ജനിച്ച ബർണാർഡ് പൗളി 1936—ൽ വൈദികനായി. പട്ടാളചാപ്ലയിനായി കുറേക്കാലം സേവനമനുഷ്ഠിച്ചതിനിടയിൽ 1940-മുതൽ രണ്ടുവർഷം യുദ്ധത്തടവിൽ കഴിയുകയും ചെയ്തു.

പണ്ഡിതനായ പൗളിയെ ആശ്ചര്യപ്പെടുത്തുന്ന രംഗങ്ങൾ കൗൺസിൽ തലത്തിലുണ്ടായി. യാഥാസ്ഥിതികകത്തോലിക്കാസഭയിൽ കാര്യമായ മാററം നിരീക്ഷകർ പ്രതീക്ഷിച്ചിരുന്നില്ല. ശുദ്ധാത്മാവായ 23-ാം യോഹന്നാൻ പാപ്പായെ സഭയിലെ യാഥാസ്ഥിതികത്വം തേജോവധം ചെയ്യുമെന്നായിരുന്നു അവരുടെ മുൻവിധി. കൗൺസിൽ ചർച്ചകളിൽ അനുഭവപ്പെട്ടതോ? തികച്ചും

www.malankaralibrary.com



വ്യത്യസ്തരീതിയിൽ അംഗങ്ങരം പൂർണ്ണസ്വാത ന്ത്ര്യത്തോടെ വിഷയങ്ങരം കൈകാര്യം ചെയ്യുന്നു. യാഥാസ്ഥിതികരും ഉൽപ്പതിഷ്ണുക്കളുമായ സഭാപിതാക്കന്മാർ ഉഗ്രസംഘട്ടനത്തിൽ ഏർപ്പെടുന്നു. കത്തോലിക്കാ സഭയിലോ ഈ വാക്സമരം? എന്നിട്ടു, പരമശാന്തമായി മഹാ ഭൂരിപക്ഷത്തോടെ പ്രമേയങ്ങരം പാസാക്കുന്നു. പരിശുദ്ധാത്മാവിൻെറ നേതൃത്വത്തിൽ നടന്ന ഈ ഉജ്വല വാദകോലാഹലം നിരീക്ഷകരെ കോരിത്തരിപ്പിച്ചു.

സഭാസംവിധാനത്തിൽ വരുത്തിയ പരിവർത്തനം ആംഗ്ലിക്കൻ നിരീക്ഷകനു മതിപ്പുളവാക്കി. പാപ്പായോടൊത്തു അന്തർദേശീയ സ്വഭാവമുള്ള മെത്രാന്മാരുടെ സെനററ് അഥവാ സബ്കമ്മിററി പ്രവർത്തിക്കുക; പ്രാദേശിക കാര്യങ്ങരം പ്രാദേശിക മെത്രാന്മാരുടെ കോൺഫ്രൻസു തീരുമാനിക്കുക; മെത്രാന്മാരുടെ സമ്പൂർണ്ണ സമൂഹം പോപ്പിനോടൊത്തുനീങ്ങുക—തുടങ്ങിയ തീരുമാനങ്ങളിൽ നിരപ്പുകേടു കാണുവാൻ ആംഗ്ലിക്കൻ സഭയുടെ ഹൃദയം കണ്ടിട്ടുള്ള കാനൻ പൗളിക്കു കഴിഞ്ഞില്ല.

എക്യുമെനിസത്തോടുള്ള സഭയുടെ കൈകോർക്കലിൽ പൗളിക്കു സന്തുഷ്ടിയുണ്ട്. ഒന്നിച്ചു പ്രാർത്ഥിക്കാനും ഒന്നിച്ചു പ്രവർത്തിക്കാനും ഒന്നിച്ചു ആശയവിനിമയം നടത്താനും ക്രിസ്ത്യാനികരംക്കു ഇതുമൂലം സാധിക്കുന്നല്ലൊ. എന്നാൽ, ഏകസത്യസഭാസിദ്ധാന്തം കത്തോലിക്കാസഭ ഉപേക്ഷിക്കാത്തതിൽ ആംഗ്ലിക്കൻ നിരീക്ഷകനു കിരുകിരുപ്പുണ്ട്. വിയോജിത സ

www.malankaralibrary.com



ഹോദരന്മാർ ഒരു പ്രത്യേകാർത്ഥത്തിൽ (in a certain sense) സഭാംഗങ്ങളാണെന്നും ഒരു തരത്തിലുള്ള (in a Certain Sense) ബന്ധം സഭയുമായുണ്ടെന്നും ഉള്ള സിദ്ധാന്തത്തിൽ ആംഗ്ലിക്കർ സംതൃപ്തരല്ല.

കടുംപിടിത്തമുള്ള വിശ്വാസസത്യങ്ങളുടെ ഏറ്റുമുട്ടൽകൊണ്ടല്ല, വ്യക്തികളുടെ ഭാവനാത്മകമായ സമ്പർക്കംകൊണ്ടത്രേ എക്യുമെനിസത്തിന്റെ പ്രാരംഭഘട്ടം വിജയിക്കേണ്ടത്. ഈ പാഠമാണ് വിശുദ്ധനാട്ടിലേക്കു തീർത്ഥാടനത്തിനും ഓർത്തഡോക്സു പാത്രിയർക്കീസുമായുള്ള കൂടിക്കാഴ്ചക്കും നിശ്ചയിച്ചുകൊണ്ടുള്ള പോപ്പുപോളിന്റെ പ്രഖ്യാപനം നല്കുന്നതെന്നു കാനൻ പൗളി വിശ്വസിക്കുന്നു.

www.malankaralibrary.com



IX

# മാക്സ് തുര്യൻ

സ്വിററ്സർലണ്ടിലെ ക്രിസ്തീയവിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായ റോജർ ഷൂട്ട്സ് (Roger Schutz) രണ്ടാംലോകമഹായുദ്ധാനന്തരം സൈക്കിൾസവാരി ചെയ്ത് ഫ്രാൻസിന്റെ വടക്കുഭാഗത്തുള്ള ആരും തിരിഞ്ഞുനോക്കാത്ത തസേ (Taize) ഗ്രാമത്തിൽ എത്തുകയും ഒരു ആശ്രമം സ്ഥാപിക്കയും ചെയ്തു. 1942 ജനുവരിയിൽ മാക്സ് തുര്യൻ (Max Thurian) ആ ആശ്രമസംഘാടകനോടു ചേരുകയും ഇരുവരും ഒരുമിച്ചു ആശ്രമാദ്ധ്യക്ഷനായും ഉപാദ്ധ്യക്ഷനായും പ്രവർത്തിക്കയും ചെയ്തു. ആശ്രമം വളർന്നു. ലൂഥറൻ സഭയിലെ പ്രഥമ സന്ന്യാസസമൂഹം ഇതത്രെ.

ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനയും പ്രവർത്തനവുമാണ് ഈ ആശ്രമസ്ഥരുടെ പ്രഥമ ഉന്നം. ബർഗണ്ടിയിലെ ഈ കൊച്ചുഗ്രാമത്തിലേക്കു സന്ദർശകന്മാർ ഒഴുകി. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള കത്തോലിക്കരും പൗരസ്ത്യ ഓർത്തഡോക്സുകാരും പ്രോട്ടസ്ററൻറുകാരും ആ സന്ന്യാസികളുടെ ക്രൈസ്തവൈക്യപ്രാർത്ഥനയിൽ പങ്കുകൊള്ളുവാൻ അവിടെയെത്തി.

1949-നു ശേഷം മാക്സ് തുര്യൻ സഹപ്രവർത്തകനായ ആശ്രമാദ്ധ്യക്ഷനോടൊപ്പം അനേകം കത്തോലിക്കാമെത്രാന്മാരെയും ഉന്നതസ്ഥാനികളേയും സന്ദർശിച്ചിട്ടുണ്ട്. പന്ത്രണ്ടാം പീയൂസ് പാപ്പായുമായി രണ്ടു സ്വകാര്യ സന്ദർശനവും

www.malankaralibrary.com



23–ാം ജോൺപാപ്പായുമായി നാലു സ്വകാര്യ സന്ദർശനവും അവർക്കു ലഭിച്ചു.

1927 ആഗസ്റ്റ് 16–ാംതീയതി ജനീവയിലാണ് മാക്സ് തുര്യൻ ജനിച്ചത്. ജനിവായൂണിവേഴ്സിററിയിൽ ദൈവശാസ്ത്രം പഠിക്കയും വൈദികനാകയും ചെയ്തു. സഭകളുടെ അഖില ലോക കൗൺസിലിൻെറ ആഭിമുഖ്യത്തിൽ 1952–ൽ മോൺട്രീലിലും (Montreal) 1961–ൽ ന്യൂഡൽഹിയിലും നടത്തപ്പെട്ട കോൺഫ്രൻസുകളിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ദൈവശാസ്ത്രപ്രസിദ്ധീകരണങ്ങൾക്കു ധാരാളം ലേഖനങ്ങൾ എഴുതുന്ന മാക്സ് തുര്യൻ അനേകം ഉത്തമഗ്രന്ഥങ്ങളുടെ കർത്താവുമാണ്. ''ഏററുപറച്ചിൽ'' (Confession): ''വിവാഹവും ബ്രഹ്മചര്യവും'' (Marriage and Celibacy); ''തൈസെയിലെ വിശുദ്ധബലി'' (Eucharist at Taize); ''കന്യകാമറിയം'' (The Virgin Mary); ''കാണപ്പെടുന്ന ഐക്യവും പാരമ്പര്യവും'' (Visible Unity and Tradition); ''ആധുനികമനുഷ്യനും ആധ്യാത്മിക ജീവിതവും'' (Modern Man and Spiritual Life) തുടങ്ങിയവയാണ് അദ്ദേഹത്തിൻെറ പ്രധാനകൃതികൾ.

സഭൈക്യകാര്യാലയത്തിൻെറ വിശിഷ്ടാതിഥി എന്ന നിലയിൽ മാക്സ് തുര്യൻ വത്തിക്കാൻ കൗൺസിൽ നിരീക്ഷകനായിരുന്നു. ''എല്ലാവരും ഒന്നാകുന്ന''തിനുള്ള ക്രിസ്തുനാഥൻെറ പ്രാർത്ഥനയുടെ പ്രതിധ്വനിയാണ് മാക്സ് തുര്യൻെറ പ്രവർത്തനങ്ങളിലൂടെ തൈസെയിലും പരിസരങ്ങളിലും മുഴങ്ങുന്നത്.

www.malankaralibrary.com



23–ാം ജോൺപാപ്പാ ഉണർത്തിയ അധുനാതനീകരണത്തിൽ തുര്യൻ അതീവ ഉത്തേജിതനാണ്. വിശ്വാസസത്യങ്ങളിലുള്ള മാററമല്ല അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും വിശ്വാസസത്യങ്ങളെ കാലോചിതമായി അവതരിപ്പിക്കുന്നതിനുള്ള ശ്രമമാണിവിടെ ഉള്ളതെന്നും തെസെയിലെ ഈ സന്ന്യാസി നല്ലവണ്ണം മനസ്സിലാക്കുന്നു. ഇതു ക്രൈസ്തവൈക്യത്തിനു വഴിതെളിക്കുമെന്നുതന്നെയാണ് ഈ യോഗിയുടെ പ്രത്യാശ.

ദാരിദ്ര്യത്തെ സ്നേഹിക്കുന്നവളായി സഭ പ്രത്യക്ഷപ്പെടണമെന്നുള്ള കൗൺസിൽനീക്കത്തെ ഈ ലൂഥറൻ ചിന്തകൻ തുറന്നഭിനന്ദിക്കുന്നു. സഭയുടെ അവകാശത്തെ പരിശുദ്ധാത്മദാനമായും സഭയുടെ അധികാരത്തെ സേവനമായും കാണുന്ന സഭയുടെ ചിത്രമാണ് കൗൺസിലിൻെറ മുമ്പിലുള്ളത്. ദരിദ്രയും സേവനമനുഷ്ഠിക്കുന്നവളുമായ സഭ "വിജയഭേരിത്വം" (triumphalism) സഭയുടെ മേൽ ആരോപിക്കുന്നവർക്കു നല്ലൊരു തിരിച്ചടിയായിരിക്കും എന്നത്രേ മാക്സ് തുര്യൻെറ ഉറച്ച നില.

www.malankaralibrary.com



X

# എമിലി ജോസഫ് ഡെ സ്മേ

അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ വേണ്ടുവോളം നേടിയെടുത്ത വത്തിക്കാൻകൗൺസിലിലെ ഒരുജ്വല ശബ്ദത്തിന്റെ ഉടമയാണ് എമിലി ജോസഫ് ഡെ. സ്മേ (Emile-Joseph De Smedt) ഇദ്ദേഹം ബൽജിയത്തിലെ ബ്രൂഗ്സ് രൂപതയുടെ മെത്രാനാണ്. 1933 സെപ്തംബർ 13-ാം തീയതി വൈദികനായ ഈ ഉൽകൃഷ്ടചിന്തകൻ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിററിയിൽ നിന്നു തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടർബിരുദം സമ്പാദിച്ചിട്ടുണ്ട്.

സെൻറുജോസഫ് സെമിനാരിയുടെയും പിന്നീടു മാലിനെയിലെ ഗ്രാൻറുസെമിനാരിയുടെയും ഡയറക്ടറായി യുവവൈദികനായ ജോസഫ് സ്മെ പ്രവർത്തിച്ചു. 1952-ൽ ബ്രൂഗ്സ് രൂപതാദ്ധ്യക്ഷനായി ഇദ്ദേഹം അവരോധിതനായി. സഭൈക്യകാര്യാലയത്തിന്റെ കാര്യദർശിസ്ഥാനവും അസാധാരണധിഷണാവൈഭവത്തോടെ നിർവഹിക്കാൻ ഈ ബൽജിയംമെത്രാനു സാധിക്കുന്നു.

രണ്ടാം വത്തിക്കാൻകൗൺസിലിന്റെ ഒന്നാം സമ്മേളനത്തിൽ വെളിപാടിന്റെ ഉറവിടത്തെപ്പററി ചർച്ചചെയ്യവേ സഭൈക്യകാര്യാലയത്തിന്റെ വക്താവെന്ന നിലയിൽ എക്യുമെനിക്കൽ ഡയലോഗിന്റെ ലക്ഷണങ്ങളെപ്പററി എമിലി ജോസഫ് ഡേ. സ്മേ പ്രഭാഷണം നടത്തി. കൗൺസിൽ സഭാതലത്തെ ഇളക്കംകൊണ്ടുണർത്തുവാൻ ആ ഗംഭീര പ്രതിപാദനത്തിനു കഴിഞ്ഞു. "കൗൺസിലിലെ ഗൗരവമേറിയ മുഹൂർത്തങ്ങളിലൊന്ന്"

www.malankaralibrary.com



എന്നത്രേ ഇതിനെ പത്രറിപ്പോർട്ടർ വിശേഷിപ്പിച്ചത്. സഭയെപ്പററിയുള്ള ചർച്ചാവേളയിൽ ബിഷപ്പ് സ്മെ ചെയ്ത പ്രഭാഷണവും കൗൺസിൽ തലത്തെ ഒന്നടങ്കം ആനന്ദപുളകിതമാക്കി. കൗൺസിലിൻെറ അകമേനിന്നും പുറമേനിന്നും അഭിനന്ദനത്തിൻെറ പട്ടും വളയും നേടുവാൻ ഈ പ്രഭാഷണത്തിനു കഴിഞ്ഞു.

ഒട്ടും ഭിന്നമല്ലാത്ത പ്രതികരണങ്ങൾ തന്നെയാണ് കൗൺസിലിൻെറ രണ്ടാം സമ്മേളനത്തിൽ എക്യുമെനിസത്തേയും മതസ്വാതന്ത്ര്യത്തേയും കുറിച്ചുള്ള ബിഷപ്പ് സ്മേയുടെ പ്രസംഗങ്ങൾ ഉളവാക്കിയത്. ആശയവും ആവേശവും പകരുന്ന പ്രസംഗം!

ഉത്തമഗ്രന്ഥങ്ങളുടെ കർത്താവെന്ന നിലയിലും ഈ ചിന്തകൻ പരിഗണനീയനാണ്. "വിവാഹം" (Marriage); "വലിയ രഹസ്യം" (The great Mystery); "ക്രിസ്തു എൻെറ കാലത്ത്" (Christ in my Quarter); "ദാമ്പത്യസ്നേഹം" (Conjugal Love); "വിശ്വാസികളുടെ പൗരോഹിത്യം" The Priesthood of the Faithful) തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ഗൗരവമേറിയ വിഷയങ്ങൾ സരസമായി അവതരിപ്പിക്കുന്നതിനുള്ള കഴിവാണ് എമിലി ജോസഫ് സ്മേയുടെ രചനകളെ ചേതോഹരമാക്കുന്നത്.

സഭയിൽ അല്മായർക്കുള്ള സ്ഥാനത്തെക്കുറിച്ചു സഭൈക്യകാര്യാലയത്തിൻെറ ഈ കാര്യദർശിക്കു നല്ലവണ്ണമറിയാം. "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനവും ദൈവത്തിൻെറ സ്വന്തം ജനപദ

www.malankaralibrary.com



വുമാണ്'' (1പത്രോ. 2, 9) എന്ന വേദപുസ്തക വാക്യത്തിലേക്കു അദ്ദേഹം ഇറങ്ങിച്ചെല്ലുന്നുണ്ട്. വിശ്വാസികളുടെ പൗരോഹിത്യത്തെ അരക്കിട്ടുറപ്പിക്കുന്ന മാഗ്നാകാർട്ടാ തന്നെയാണ് പരിശുദ്ധാത്മനിവേശിതമായ ഈ വാക്യം.

എന്തു ദൗത്യമാണ് വിശ്വാസികളുടെ പൗരോഹിത്യം ചുമത്തുന്നത്?

വിശ്വാസികളിലൂടെയാണ് ക്രിസ്തുവിന്റെ പൗരോഹിത്യം തുടർന്നുകൊണ്ടു പോകുന്നത്;

സുവിശേഷസദ്വാർത്ത സകല ജാതികളോടും അറിയിക്കേണ്ടതു വിശ്വാസികളിലൂടെയാണ്;

പാപമുളവാക്കുന്ന മുറിവുകൾ നികത്തി കർത്താവിന്റെ ഏകീകരണപ്രവർത്തനത്തോടു സഹകരിക്കുവാനുള്ള ചുമതല വിശ്വാസികൾക്കുണ്ട്.

ഹയരാർക്കിയെ പഠിപ്പിക്കുന്ന സഭയെന്നും അൽമായരെ പഠിക്കുന്ന സഭയെന്നും ഉള്ള തരംതിരിവ് സഭയിലുണ്ടെന്ന ആരോപണം തെററിദ്ധാരണയുടെ ഫലമെന്നത്രെ സ്മേയുടെ ഉറച്ചപക്ഷം.

പാപ്പായ്ക്കും മെത്രാന്മാർക്കും പുരോഹിതപ്പരിഷയ്ക്കുമുള്ള അമിതാധികാരം എവിടെ നിന്നു? എന്ന മറുചോദ്യം അദ്ദേഹം കണാതിരിക്കുന്നില്ല. കത്തോലിക്കാ പ്രോട്ടസ്റ്ററൻറു ചിന്താഗതിയിലുള്ള അഗാധമായ ഒരു വ്യത്യസ്തത ഇവിടെയാണ് സ്മേ എടുത്തുകാണിക്കുന്നത്. പത്രോസിനും സഹപ്രവർത്തകരായ അപ്പസ്തോലന്മാർക്കും കൊടുത്ത ദൗത്യം എന്നേക്കുമായി തുടരുന്നതിനുള്ള അവകാശം വേദപുസ്തകത്തിലൂടെ തെളിയിക്കപ്പെടാവുന്നതല്ലെന്ന

www.malankaralibrary.com


ത്രേ പ്രോട്ടസ്റ്റൻറു പക്ഷം. തന്മൂലം, ആരാധനാസംവിധാനത്തിനും വിശുദ്ധിയുടെ നിക്ഷേപത്തെ സംരക്ഷിക്കുന്നതിനുമുള്ള അവകാശം സഭയ്ക്കില്ലാതെയായിപ്പോകുന്നു.

പത്രോസാകുന്ന പാറമേൽ (മത്താ: 16, 18) പണിയപ്പെട്ട സഭ അവസാനംവരെ നിലധിൽക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചിരുന്നു; "കാലത്തിൻെറ അവസാനംവരെ എന്നും ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും" (മത്താ: 28, 20) എന്ന വാഗ്ദാനം പത്രാസിൻെറ പിൻഗാമികളെയാണ് ഉദ്ദേശിക്കുന്നത്— എന്നീ കാര്യങ്ങളിൽ അചഞ്ചലമായി വിശ്വസിച്ചുകൊണ്ട് അപ്പസ്തോലകാലത്തിൻെറ തനിപിന്തുടർച്ച കാത്തോലിക്കർ അവകാശപ്പെടുന്നു.

വ്യത്യസ്തചിന്തയുടെ ഈ അഗാധഗർത്തത്തെ മറികടക്കാൻ കൗൺസിലിനു കഴിയുന്നുണ്ടോ? ബുദ്ധിമുട്ടുള്ള പ്രശ്നംതന്നെ. കത്തോലിക്കാഹയരാർക്കിയുടെ സഹോദരനിർവ്വിശേഷമായ പ്രവർത്തനം കൗൺസിലിലൂടെ പ്രത്യക്ഷപ്പെട്ടത് അകത്തോലിക്കാസമൂഹത്തിൻെറ പല മുൻവിധികളും തിരുത്താൻ കഴിഞ്ഞിരിക്കുമെന്നു സ്മേ വിശ്വസിക്കുന്നു. പ്രാദേശികസഭകളിലെ എല്ലാ മെത്രാന്മാരും ഒരേ പാപ്പായുടെ അദ്ധ്യക്ഷതയിൽ അണിനിരന്നിരിക്കുന്നതിലെ അനിഷേധ്യമായ പ്രയോജനവും ദൈവകൃപയുടെ സൗകുമാര്യവും കൗൺസിലിലൂടെ കാണുവാൻ നിരീക്ഷകർക്കു സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം കരുതുന്നു.

സഭയെ സംബന്ധിച്ച പ്രമാണരേഖയുടെ അവതരണവും അതിനെക്കുറിച്ചുള്ള അകത്തോലിക്കാ നിരീക്ഷകരുടെ അവലോകനവും കലക്കിലെടു

www.malankaralibrary.com



ത്താൽ പ്രത്യാശയ്ക്കു തീർച്ചയായും വഴിയുണ്ടെന്നത്രേ എമിലിജോസഫ് സ്മേയുടെ ഉറച്ച വിശ്വാസം. പാപ്പായുടെ പരമാധികാരവും അപ്രമാദിത്വവും മെത്രാന്മാരുടെ ദൗത്യവുമെല്ലാം ചർച്ചയ്ക്കു വിധേയമായിട്ടുണ്ട്. സഭയുടെ അധികാരത്തെക്കുറിച്ചുള്ള ഭീതിയാണ് അകത്തോലിക്കരെ ബുദ്ധിമുട്ടിക്കുന്നത്. ഹയരാർക്കിയുടെ അവകാശം എന്നതുകൊണ്ടു വിവക്ഷിതമാകുന്നത് സുവിശേഷാധിഷ്ഠിതമായ ശുശ്രൂഷ അഥവാ സേവനമാണെന്നു കൗൺസിൽ വ്യക്തമാക്കുന്നു. ത്രിമാനസേവനങ്ങളാണ് സഭക്കുള്ളത്. ആരാധനയിലുള്ള സേവനം, ബോധനത്തിലുള്ള സേവനം, വഴികാട്ടലിലുള്ള സേവനം. സേവനത്തിന്റെ സഭയെ എന്തിനു ഭയപ്പെടണം ?

ക്രൈസ്തവൈക്യത്തിന്റെ സുഗമത്വമാണ് ഇവിടെയെല്ലാം സ്മേ ദർശിക്കുന്നത്.

www.malankaralibrary.com



# XI

## ഫ്രെഡ് പിയേഴ്സ് കോഴ്സൺ

''ക്രിസ്തീയഭിന്നതയുടെ ഭീകരഗർത്തം നികത്തുന്നതിനുള്ള പാലം പൊന്തിയുയർന്നുകൊണ്ടിരിക്കുന്നു; ഇരുവശത്തും പണി ത്വരിതഗതിയിൽ നടങ്ങുന്നു. ദൈവമാണു ശില്പിയെങ്കിൽ, അനുയായികൾ പ്ലാനനുസരിച്ചു പണിയുമെങ്കിൽ പ്രതീക്ഷിക്കുന്ന സമയത്തിനു മുമ്പുതന്നെ പണിക്കുറ തീരുന്നതാണ്''.

ഫ്രെഡ് പിയേഴ്സ് കോഴ്സൺെറ (Fred Pierce Corson) അഭിപ്രായമാണിത്. മികച്ച ദൈവശാസ്ത്ര വിജ്ഞാനിയും തികഞ്ഞ വിദ്യാഭ്യാസചിന്തകനുമാണദ്ദേഹം. ''യുദ്ധാനന്തരലോകത്തെ വിദ്യാഭ്യാസ തത്ത്വശാസ്ത്രം'' (A Philosophy of Education for the Postwar World); ''ക്രിസ്തീയ ഉപരിവിദ്യാഭ്യാസവും വൈദികനും'' (The Minister and Christian Higher Education)); ''നമ്മുടെ വിദ്യാഭ്യാസം—ഇന്നുള്ളതും വേണ്ടതും'' (The Education We Have and the Education We Need); ''ഫ്രീമേസൺ സമിതിയും ഭരണഘടനാ രൂപീകരണവും'' (Free Masonry and the Framing of the Constitution); ''ക്രിസ്തീയ വിദ്യാഭ്യാസത്തിനു കൊടുക്കേണ്ട ശ്രദ്ധ'' (The Needed Emphasis in Christian Education); ''നിൻെറ സഭയും നീയും'' (Your Church and You); ''ജീവിത വിജയത്തിനു മാതൃക'' (Pattern of Successful Living) തുടങ്ങിയ ചിന്തോദ്ദീപകഗ്രന്ഥങ്ങളാ

www.malankaralibrary.com


ണ് അദ്ദേഹത്തിന്റെ വിദഗ്ദ്ധതൂലിക സംഭാവന ചെയ്തിട്ടുള്ളത്.

ഫിലാഡൽഫിയായിലെ മെത്തേഡിസ്റ്റുമെത്രാനായ ഫ്രെഡ് പീയേഴ്സ് കോഴ്സൺ ന്യൂജേർസിയിലെ മിൽവിൽ(Millville) എന്ന സ്ഥലത്ത് 1896 ഏപ്രിൽ 11—ാം തീയതി ജനിച്ചു. അവാർഡുകളും ഉന്നതവിജയങ്ങളും കൊണ്ട് ഈ പ്രഗത്ഭമതിയുടെ വിദ്യാർത്ഥിക്കാലം ശോഭനമായിരുന്നു. മെത്തേഡിസ്റ്റുപാസ്റ്റർ ആയി സേവനമനുഷ്ഠിച്ച കോഴ്സൺ 1934 മുതൽ പത്തുവർഷം ഡിക്കിൻസൺ കോളജു (Dickinson College) പ്രസിഡണ്ടായി തുടർന്നു; ബിഷപ്പുസ്ഥാനലബ്ധിയോടെയാണ് അവിടെനിന്നു പിരിഞ്ഞത്.

പെൻസിൽവേനിയാ കോളജ് അസോസിയേഷൻ പ്രസിഡണ്ട്, മെത്തേഡിസ്റ്റുയൂണിവേഴ്സിററി സെനററു മെംബർ, ബിഷപ്പ്കൗൺസിൽ പ്രസിഡണ്ട്, മെത്തേഡിസ്റ്റു വിദ്യാഭ്യാസകൗൺസിൽ പ്രസിഡണ്ടു തുടങ്ങി വിവിധ നിലകളിൽ സ്തുത്യർഹപ്രവർത്തനം നടത്തുവാൻ ബിഷപ്പു പീയേഴ്സ്കോഴ്സണു സാധിച്ചിട്ടുണ്ട്.

അഖിലലോകമെത്തേഡിസ്ററു കൗൺസിലിന്റെ അദ്ധ്യക്ഷനായി 1961—ൽ അവരോധിതനായ പീയേഴ്സൻ ''വേൾഡ് ഔട്ടു ലുക്ക് അവാർഡ്'' (World Outlook Award) എന്ന പാരിതോഷികത്തിന് അർഹനായി. പെൻസിൽവേനിയായിലെ ഭരണഘടനാപരിഷ്കരണത്തിനുള്ള ഗവർണ്ണറുടെ കമ്മീഷനിൽ ഈ സവിശേഷനിയമജ്ഞനും അംഗമായിരുന്നു. ഏഴായിരം പേരുടെ അംഗസംഖ്യാബലമുള്ള ഒരു ക്രിസ്തീയ യുവജനപ്ര

www.malankaralibrary.com


സ്ഥാനത്തിന്റെ സ്ഥാപകനും സംഘടാകനും ഇദ്ദേഹമാണ്. വത്തിക്കാൻകൗൺസിലിന്റെ രണ്ടു സമ്മേളനങ്ങളിലും നിരീക്ഷകനായിരുന്നു കൊണ്ട് കൗൺസിൽ പിതാക്കന്മാരുടെയും നിരീക്ഷകരുടെയും ചിന്താവികാസങ്ങളെ സുസൂഷ്മം കാണുവാൻ ഈ കുർമ്മബുദ്ധിക്കു സാധിച്ചു.

വത്തിക്കാൻസുന്നഹദോസിനു കളംതെളിച്ച സാഹചര്യങ്ങളിലേക്കു കോഴ്സൻ ശ്രദ്ധതിരിക്കുന്നു.

അതിശീഘ്രം പായുന്നതും ഭാവം പകരുന്നതുമായ ഒരു സമൂഹത്തിൽ സ്വന്തം അസ്തിത്വം നിലനിർത്തുന്നതിനു നിശ്ചലഭാവം യോജിച്ചതല്ലെന്നു സഭ ബുദ്ധിപൂർവ്വം മനസ്സിലാക്കി.

ജീവിതത്തിന്റെ എല്ലാതലങ്ങളിലുമുള്ള സാമൂഹ്യബന്ധങ്ങൾ അനുദിനം അടുത്തടുത്തുവരുമ്പോൾ ക്രിസ്തീയത മാത്രം എന്തേ, അകന്നകന്നു പോകുവാൻ എന്നു സാധാരണക്കാരിൽ ഉരുണ്ടുയർന്ന വികാരവായ്പായിരിക്കണം കൗൺസിലിനു കളംതെളിച്ചതു.

ക്രിസ്തീയസംസ്കാരം തലമുറകളായി സ്വാധീനിച്ചിരുന്ന മണ്ഡലങ്ങളെ ഭൗതികത കടന്നാക്രമിച്ചപ്പോൾ സ്വയനിലനില്പിനു അധുനാതനീകരണവും പുനഃരേകീകരണവും സഭയ്ക്കു ആവശ്യമായി തോന്നിയിരിക്കണം.

ഏതാണ്ടു ഇരുപതിലേറെ കൊല്ലങ്ങൾക്കു മുമ്പ് പ്രോട്ടസ്റ്റന്റുസഭയിലുടലെടുത്ത ഐക്യസംരംഭവും സഭയ്ക്കുപ്രചോദനം നല്കിയിട്ടുണ്ടാവണം.

www.malankaralibrary.com



മുൻപറഞ്ഞ കാരണങ്ങളെല്ലാം ഉണ്ടെങ്കിലും പരിശുദ്ധാത്മപ്രേരകം എന്നു കൗൺസിലിനെ വിശേഷിപ്പിക്കുന്നതിലാണ് കോഴ്സനു കൂടുതൽ സംതൃപ്തി. നീണ്ട ഒരുക്കങ്ങളുടേയും സംഘടനാപാടവത്തിന്റെയും കൊച്ചുമുഴക്കോലുകൾ കൊണ്ടാണ് ലോകം ആ മഹാസംഭവത്തെ അളന്നത്. ആ അളക്കലിലും കണക്കുകൂട്ടലിലും തൃപ്തി കണ്ടെത്തുന്നതിനു ലോകത്തിനു കഴിഞ്ഞിരിക്കും. എന്നാൽ, ലോകകാര്യങ്ങളിൽ പരിശുദ്ധാത്മാവുവഴി ദൈവത്തിന്റെ പ്രവർത്തനമാണ് കോഴ്സനു കൗൺസിൽ നീക്കത്തിലൂടെ ദൃശ്യമായത്.

ക്രിസ്തീയൈക്യം കൗൺസിലിലൂടെ വർദ്ധമാനമായിട്ടുണ്ടെന്നതിനു വ്യക്തമായതെളിവ് ഇതു ദൈവത്തിന്റെ പ്രവർത്തനമെന്നുള്ള കത്തോലിക്കരുടെയും പ്രോട്ടസ്റ്റന്റുകാരുടെയും ബോധ്യമാണ്.

ഐക്യത്തിനുവേണ്ടിയുള്ള അപ്രതിരോധ്യമായ ഒരു മുന്നേററമത്രേ സുന്നഹദോസിലൂടെ ആരംഭിച്ചിട്ടുള്ളത്.

കൗൺസിലിന്റെ അന്ത്യത്തോടുകൂടി ക്രൈസ്തവൈക്യം എന്തുകൊണ്ടു സമ്പൂർണ്ണമായില്ല എന്നു ചോദിക്കുന്നവരുണ്ട്. രണ്ടു കാര്യങ്ങളാണ് കോഴ്സനു അവരോടു പറയാനുള്ളത്.

ഒന്ന്, ദീർഘകാലമായി നിൽക്കുന്ന പിളർപ്പ് ഉളവാക്കിയിട്ടുള്ള അനേകപ്രശ്നങ്ങൾ ഒററയടിക്കു തീർക്കാവതല്ല; അതിനു സാവകാശം വേണം.

രണ്ട്, അതിശീഘ്രം ചലിച്ചുകൊണ്ടിരിക്കുന്ന ലോകഗതിയിൽ കഴിയുന്ന മനുഷ്യൻ അച

www.malankaralibrary.com



ഞ്ചലമായ ഒരു ആധ്യാത്മികസൗധമല്ല അഭില ഷിക്കുന്നത്. മാററമുള്ള ലോകത്തിൽ മാററമില്ലാത്ത സുവിശേഷത്തിനുള്ള പ്രസക്തി തീർച്ചയായും കണ്ടെത്തണം. ഭാവം പകരുന്ന കാലഘട്ടം വത്തിക്കാൻ കൗൺസിലുകളുടെ ആഗമനം അവസരംതോറും പ്രതീക്ഷിക്കുന്നു.

പുതിയചില ശബ്ദങ്ങൾ പ്രദാനം ചെയ്യുവാനും വേദസത്യം പുതിയ രീതിയിൽ അവതരിപ്പിക്കുവാനും സൗഹൃദസംഭാഷണം കാണിച്ചുതരാനും കൗൺസിലിനുകഴിഞ്ഞതത് ക്രിസ്തീയ ഐക്യത്തെ ത്വരിതപ്പെടുത്താതിരിക്കയില്ല.

എല്ലാ പിഴയും കത്തോലിക്കർക്കു നല്കിക്കൊണ്ട് നല്ലപിള്ള ചമയുന്ന പ്രൊട്ടസ്ററൻറു മനോഭാവത്തെ കോഴ്സൻ വെറുക്കുന്നു. മെത്തേഡിസ്ററു വൈദികനായ ജോൺ വെസ്ലിയെ അദ്ദേഹം ഉദ്ധരിക്കുന്നു: ''ഇണക്കക്കേടും പാരുഷ്യവും മുഴുവൻ കത്തോലിക്കൻെറ തലയിൽ കെട്ടിവയ്ക്കുന്നതു ശരിയല്ല''

''പോപ്പു ജോണിൻെറ വിനീതഭാവം കണ്ടപ്പോൾ എൻെറ പ്രതിഷേധം ഞാൻ മറന്നുപോയി''. എന്നു ഒരു വിമർശകൻ പറഞ്ഞകാര്യം എടുത്തുകാട്ടിക്കൊണ്ട് പോപ്പുജോണിൻെറ വ്യക്തിപ്രഭാവത്തെ ഭക്ത്യാദരപൂർവ്വം കോഴ്സൻ സ്മരിക്കുന്നു. ''പോപ്പുജോൺ സഭയുടെ ഹൃദയം ലോകത്തെ കാണിച്ചു; പ്രൊട്ടസ്ററൻറിസത്തിൻെറ ഹൃദയത്തെ സഭയിലും കാണിച്ചു''.

www.malankaralibrary.com



## റിച്ചാർഡു കാർഡിനൽ കുഷിംഗ്

ജാതിമതഭേദമെന്യേ എല്ലാ തലങ്ങളിലുമുള്ള ആളുകൾ ഇഷ്ടപ്പെടുന്ന ഒരു എക്യുമെനിസപ്രവർത്തകനാണ് റിച്ചാർഡ് കാർഡിനൽ കുഷിംഗ്. (Richard Cardinal Cushing) ബോസ്ററൺ ആർച്ചുബിഷപ്പാണിദ്ദേഹം. ദക്ഷിണബോസ്ററണിലേക്കു അയർലണ്ടിൽനിന്നു കുടിയേറിപ്പാർത്ത പാട്രിക്കിൻെറയും മേരികുഷിംഗിൻെറയും പുത്രനായി 1895 ആഗസ്ററ് 24–ാം തീയതി റിച്ചാർഡു ജനിച്ചു. ബോസ്ററൺ കോളജിലും ബ്രൈററനിലുള്ള സെൻറു ജോൺസ് സെമിനാരിയിലും പഠിച്ചതിനുശേഷം 1921–ൽ വൈദികനായി. ഇടവകസേവനത്തിനു കുറച്ചുസമയമേ കിട്ടിയുള്ളു. അതിവേഗം ഈ തീക്ഷ്ണമതി വിശ്വാസപ്രചാരണസംഘത്തിൻെറ ഡയറക്ടറായി; ഇരുപതുവർഷ അങ്ങനെ തുടരുകയും ചെയ്തു.

1944–ൽ ബോസ്ററൺ മെത്രാപ്പോലീത്തായായി അവരോധിതനായ കാർഡിനൽ കുഷിംഗ് ആതുരസേവനത്തിലും സാമൂഹ്യപ്രവർത്തനത്തിലും ദത്തശ്രദ്ധനായി. യഹൂദരുടെയും പ്രോട്ടസ്ററൻറുകാരുടെയും കത്തോലിക്കരുടെയും ഭക്ത്യാദരവുകൾ ഒന്നുപോലെ സമ്പാദിക്കുവാൻ ഈ സേവനോത്സുകനു സാധിച്ചു.

പോപ്പു ജോൺ 23–ാമനാണ് കുഷിംഗിനെ കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തിയത്. കൗൺസിൽ, വിശ്വാസപ്രചാരണം, സെമിനാരിയും യൂണിവേഴ്സിററിയും തുടങ്ങി വിവിധ പ്രവർത്തന മണ്ഡലങ്ങളിൽ വർത്തിക്കാൻ കോൺഗ്രിഗേഷ

www.malankaralibrary.com



നെ ബോസ്റ്ററൺ കർദ്ദിനാരം സഹിയിച്ചിട്ടുണ്ട്.

അമേരിക്കയിലെ കത്തോലിക്കാപ്രവർത്തനങ്ങളുടെ ജീവനാഡിയാണ് കാർഡിനൽ കുഷിംഗ്. ''വേദപുസ്തക കഥകരം'', ''സന്യാസികരംക്കുള്ള ധ്യാനം'', ''കൃപാവരത്തിൻെറ അരുവികരം'' തുടങ്ങിയവ ഇദ്ദേഹത്തിൻെറ കൃതികളാണ്.

ക്രൈസ്തവൈക്യം സാധിതമാകും. എന്നാൽ, അനിതരഭാവിയിൽ അതു പ്രതീക്ഷിക്കരുത്; ഐക്യത്തിനു കളമൊരുക്കുകയാണു നമ്മുടെ കടമ—എന്നതത്രേ റിച്ചാർഡു കുഷിംഗിൻെറ അഭിപ്രായം.

ദൈവശാസ്ത്രപരങ്ങളായ വാഗ്വാദങ്ങളല്ല, സാധാരണക്കാരുടെ സൗഹൃദസഹകരണമാണ് ഐക്യത്തിനു കർദ്ദിനാരം നിർദ്ദേശിക്കുന്ന മാർഗ്ഗം. ഇതിനു ഉപോത്ബലകമായി എടുത്തുകാട്ടുവാൻ വേണ്ടുവോളം സ്വാനുഭവങ്ങരം ഈ ധിഷണാശാലിക്കുണ്ട്. വെറുപ്പുജനിപ്പിക്കുന്ന വിഷയങ്ങരം വിസ്മരിക്കയും പരസ്പരം രഞ്ജിപ്പിക്കുന്ന ഘടകങ്ങരം ഉയർത്തിക്കാണിക്കയും ചെയ്യുക, സഹോദരങ്ങളെപ്പോലെ സമീപിക്കുക, ക്രിസ്തുസഹജമായി സംസാരിക്കുക, ആത്മാർത്ഥമായും നിഷ്കപടമായും പെരുമാറുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഈ അനുഭവസമ്പന്നന് നല്കുവാനുള്ളത്.

പരസ്പരസഹകരണത്തിന് ഇന്നത്തെ സഭാഭിന്നത ബാധകമല്ലെന്ന് ഒരു സംഭവകഥകൊണ്ടു കുഷിംഗ് ഉദാഹരിക്കുന്നു.

അടുത്തടുത്തുള്ള കത്തോലിക്കാപള്ളിയിലേയും എപ്പിസ്കോപ്പൽപള്ളിയിലേയും ഇടയന്മാർ ഉററസ്നേഹിതരായി. അവർ കൂടെക്കൂടെ ഒന്നി

www.malankaralibrary.com



ച്ചുകൂടും, സൽക്കാരങ്ങളിൽ പങ്കെടുക്കും, പുസ്തകങ്ങൾ കൈമാറും. എപ്പിസ്കോപ്പൽപള്ളി വളരെ പഴഞ്ചനും ചിതമില്ലാത്തതും അഴിച്ചുപണി അർഹിക്കുന്നതുമായിരുന്നു. പള്ളി പുതുക്കിപ്പണിയാൻ തീരുമാനമായി, ഫണ്ടുപിരിവിന്റെ ആവശ്യം വന്നു.

എപ്പിസ്കോപ്പൽ വൈദികൻ ആദ്യം സമീപിച്ചത് കത്തോലിക്കാപ്പള്ളിയിലെ ഉററസുഹൃത്തിനെയാണ്.

''ഞങ്ങളുടെ പള്ളിപുതുക്കലിനെ സഹായിക്കുന്നതിനെപ്പററി നിങ്ങളുടെ കാനൻനിയമം എന്തുപറയുന്നെന്നു അച്ചാ, എനിക്കറിഞ്ഞുകൂടാ. നിങ്ങളുടെ ബിഷപ്പു എന്തുചെയ്യുമെന്നും നിശ്ചയമില്ല. എങ്ങനെയാണെങ്കിലും ഞാൻ അങ്ങേക്കു ഒരു സന്ദർഭംതരുന്നു''

കത്തോലിക്കാവൈദികൻ അല്പം ചിന്തിച്ചു. ചെക്കുബുക്കു എടുക്കാൻ താമസിച്ചില്ല. സുഹൃത്തിനെ ആശ്ചര്യപ്പെടുത്തത്തക്ക ഒരു സംഖ്യയാണ് അദ്ദേഹം കുറിച്ചത്. ചെക്കു നല്കിക്കൊണ്ടു പറഞ്ഞു:

''പള്ളിപണിയിലുള്ള സംഭാവനയെപ്പററി നീയമത്തിന്റെ അനുശാസനം ഞാൻ നോക്കിയില്ല. എങ്കിലും, ഒന്നു ധരിച്ചുകൊള്ളു. ഈ സംഭവനയെ ബിഷപ്പു എതിർക്കയില്ല. പുതിയപള്ളി പണിയുന്നതിനല്ല ഈ സംഭാവന. പഴയതു പിച്ചിച്ചീന്തുന്നതിനുള്ള ചെലവുകൾ നികത്തുന്നതിനാണ്''.

www.malankaralibrary.com



# XIII

## മാർട്ടിൻ ഈ. മാർട്ടി

എഴുത്തുകാരനും എക്യുമെനിസപ്രവർത്തകനും എന്ന നിലയിൽ ഒരുജ്ജ്വല ശബ്ദമാണ് മാർട്ടിൻ ഈ. മാർട്ടി (Martin E. Marty) അമേരിക്കയിൽ മുഴക്കുന്നത്. "ക്രിസ്ത്യൻ സെഞ്ച്വറി" (Christian Century) എന്ന പത്രത്തിൻെറ സഹപത്രാധിപരും ചിക്കാഗോ യൂണിവേഴ്സിററിയിലെ ഡിവിനിററി സ്കൂളിൽ സഭാചരിത്രപ്രൊഫസറുമാണ് ഈ പ്രതിഭാശാലി. 1928 ഫെബ്രുവരി 5—ാം തീയതി ജനിച്ച മാർട്ടി ചിക്കാഗോയിലുള്ള കൺകോർദിയാ സെമിനാരിയിലും ലൂതറൻ തിയോളജിക്കൽ സെമിനാരിയിലും പഠനം പൂർത്തിയാക്കയും 1956-ൽ ചിക്കാഗോ യൂണിവേഴ്സിററിയിൽ നിന്നു പിഎച്ച്. ഡി. ബിരുദം നേടുകയും ചെയ്തു.

"അമേരിക്കൻ പ്രൊട്ടസ്ററൻസുകാർക്കു രണ്ടാം സന്ദർഭം" (Second Chance for American Protestants) എന്ന മാർട്ടിയുടെ പുസ്തകം ജനലക്ഷങ്ങളുടെ ശ്രദ്ധ പിടിച്ചുപററിയിട്ടുണ്ട്. "സ്വാധീനം ചെലുത്തുകയെന്ന സുഖപ്രദമായ മുകൾത്തട്ടിലെ സ്ഥിതിയിൽ നിന്ന് ക്രിസ്തീയ സഭകൾ തള്ളിമാററപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്തുവെന്നും മതരാഹിത്യം വർദ്ധിച്ചുവരുന്ന ലോകത്തിൽ ക്രിസ്ത്യാനികൾ, ബൈബിളിൽ പരാമർശിതമായിരിക്കുന്നതുപോലെ ഒരിക്കൽകൂടി "അപരിചിതരും വിദേശവാസികളും" ആയിത്തീരുന്നുവെന്നും ഇക്കൃതിയിലൂടെ ഡോക്ടർ മാർട്ടി സമർത്ഥിക്കുന്നു.

www.malankaralibrary.com



''ക്രിസ്തീയതയുടെ ഒരു ചെറുചരിത്രം'' (A short History of Christianity); ''അമേരിക്കയിലെ മതത്തിൻെറ പുതിയരൂപം'' (A New Shape of Amercan Riligion); ''വിശ്വാസഹീനൻ— സ്വാതന്ത്ര്യചിന്തയും അമേരിക്കൻ മതവും'' (The Infidel: Free Thought and American Religion); ''അവിശ്വാസ്തതയുടെ വിവിധരൂപങ്ങൾ'' (The Varieties of Unbelief); ''സഭൈക്യവും സഭയുടെ ദൗത്യവും'' (Church Unity and Church Mission)തുടങ്ങിയവയാണ് മാർട്ടിയുടെ പ്രധാനകൃതികൾ.

ബൈബിളിനെ അടിസ്ഥാനമാക്കുന്ന പ്രകർത്തം കത്തോലിക്കർക്കുണ്ടായിത്തുടങ്ങിയിരിക്കുന്നതുപോലെ പാരമ്പര്യത്തിലേക്കു തിരിയുന്ന മനസ്ഥിതി പ്രോട്ടസ്റ്റൻറുകാരനിലും കണ്ടുതുടങ്ങിയിരിക്കുന്നത് സ്വാഗതാർഹമായ വ്യതിയാനമായി ഈ നിരീക്ഷകൻ കരുതുന്നു. പാരമ്പര്യത്തെ നിഷേധിച്ചുകൊണ്ടുള്ള പ്രോട്ടസ്റ്റൻറുനീക്കം ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്നതിലും മനുഷ്യകേന്ദ്രീകൃതമായ ദൈവശാസ്ത്രം പടുത്തുയർത്തുന്നതിലും വരെ ചെന്നെത്തിയതായി അദ്ദേഹം ദുഃഖിക്കുന്നു. ഫ്രെഡറിക്ക് ഷെർമാർക്കർ(Fredrick Schleiermacher), ആൽബർട്ട് റിച്ചൽ(Albrect Ritschel) തുടങ്ങിയ പ്രോട്ടസ്റ്റൻറുദൈവശാസ്ത്രജ്ഞന്മാരുടെ ചിന്തകളെ സശ്രദ്ധം പഠിച്ചപഗ്രഥിച്ചതിനുശേഷമത്രേ ഡോക്ടർ മാർട്ടി ഈ അഭിപ്രായം പുറപ്പെടുവിക്കുന്നത്. പുതിയ നിയമത്തിലെ ആദ്യപുസ്തകം ഉണ്ടായിക്കഴിയുന്നതിനു മുമ്പുതന്നെ സഭയും പാരമ്പര്യവും ഉണ്ടായിക്കഴിഞ്ഞിരുന്നുവെന്ന ചരിത്രവസ്തുതയും മാർട്ടി അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com



പ്രോട്ടസ്റ്റൻറു ചിന്താധാരയിൽ സമീപകാലത്തു പ്രത്യക്ഷപ്പെടുന്ന മറെറാരു പ്രവണത സഭയോടും കൂദാശകളോടുമുള്ള അടുപ്പമാണ്. സഭയെപ്പററിയുള്ള വ്യാഖ്യാനത്തിൽ ഇക്കഴിഞ്ഞ അൻപതു കൊല്ലങ്ങളായി വിവിധ പ്രോട്ടസ്റ്റൻറു സഭകാം അടുത്തടുത്തുവരികയാണ്.

ചുററുപാടുമുള്ള ഭൗതികലോകത്തെ കണക്കിലെടുത്തു രൂപപ്പെടുത്തുന്ന ഒരു ദൈവശാസ്ത്രത്തിനു വേണ്ടിയുള്ള ഏകയോഗമായ നീക്കമാണ് പ്രോട്ടസ്റ്റൻറു ചിന്തകന്മാരിൽ ഡോക്ടർ മാർട്ടി കാണുന്ന അനുമോദനാർഹമായ മറെറാരു വ്യതിയാനം. സുഖവും വിശേഷ പദവികളും വെടിഞ്ഞ് പീഡയേൽക്കയും മഹത്വം പ്രാപിക്കയും ചെയ്തു ക്രിസ്തുവിനോടു ചേർന്നുള്ള ഒര അജ്ഞേയ ജീവിതത്തിനാണ് ഇത് ക്രിസ്ത്യാനികളെ പ്രേരിപ്പിക്കുന്നത്.

അതിശീഘ്രം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സനാതനസത്യത്തെ പുണരുവാനായി കത്തോലിക്കാ, പ്രോട്ടസ്റ്റൻറു, ഓർത്തഡോക്സു തലങ്ങളിൽ നടക്കുന്ന ധീരനീക്കത്തോടു സഹകരിക്കുവാനുള്ള കടമ എല്ലാ ക്രിസ്ത്യാനികാംക്കുമുണ്ടെന്നത്രേ ഡോക്ടർ മാട്ടിൻ ഈ മാർട്ടിയുടെ വ്യക്തമായ അഭിപ്രായം.

www.malankaralibrary.com



## XIV

# കാൾ റാനർ

ആരാണ് ഇരുപതാംനൂററാണ്ടിലെ ഏററം ശ്രദ്ധേയനായ കത്തോലിക്കാദൈവശാസ്ത്രജ്ഞൻ എന്ന ചോദ്യത്തിന് കാറം റാനർ (Karl Rahner) എന്നായിരിക്കും ഒന്നാമത്തെ ഉത്തരം. ഇദ്ദേഹത്തെക്കാളുപരിയായി വത്തിക്കാൻ കൗൺസിലിനെ സ്വാധീനിച്ച മറെറാരു വ്യക്തിയില്ല. കൗൺസിലിൻെറ ഔദ്യോഗികദൈവശാസ്ത്രജ്ഞന്മാരായി പോപ്പുജോൺ തെരഞ്ഞെടുത്ത സംഘത്തിൽ കാറം റാനർ അപ്രധാനസ്ഥാനത്തല്ല. വേദപുസ്തകത്തെയും പാരമ്പര്യത്തെയും കുറിച്ചുള്ള പ്രമാണരേഖ തയ്യാറാക്കിയത് ഈ ചിന്തകനാണ്.

ദക്ഷിണജർമ്മനിയിലുള്ള ഫ്രെയിബർഗ്ഗിലാണ് 1904 മാർച്ച് 5-ാം തീയതി കാറം റാനർ ജനിച്ചത്. മുളയിൽ തന്നെ കാറം കരുത്തു കാണിച്ചു. ഒരു ലാററിൻ ഭാഷാപണ്ഡിതൻെറ പുത്രനായ കാറം കുട്ടിയായിരിക്കെത്തന്നെ പാണ്ഡിത്യത്തിൻെറ വാസനാമുകുളങ്ങൾ പ്രത്യക്ഷപ്പെടുത്തി. ''ഈശോ സഭ'' (Society of Jesus) എന്ന സന്യാസസമൂഹത്തിൽ പ്രവേശിച്ച ഈ വിജ്ഞാനോപാസകൻ ഹോളണ്ട്, ജർമ്മനി, ആസ്ത്രിയ എന്നിവിടങ്ങളിലുള്ള സർവ്വകലാശാലകളിലാണ് പഠനം നടത്തിയത്. മാർട്ടിൻ ഹെയ്ഡഗ്ഗർ (Martin Heidegger) എന്ന പ്രസിദ്ധചിന്തകൻെറ ശിഷ്യനാകുവാനും ഇദ്ദേഹത്തിനു കുറെക്കാലം സാധിച്ചു. 1932—ൽ വൈദികനായ റാനർ ഇൻസ്ബേർക്കുയൂണിവേഴ്സിററിയിലെ അദ്ധ്യാപകനായി 1937-ൽ നിയമിതനായി. 1964-ൽ

www.malankaralibrary.com



മ്യൂനിച്ചു യൂണിവേഴ്സിററിയിലെ ഡോഗ്മാററിക്ക്ത്യയോളജിയുടെ അധ്യക്ഷസ്ഥാനത്തേക്കു ഉയർത്തപ്പെടുന്നതുവരെ ഈ തസ്തിക തുടർന്നു.

ഗംഭീരം, സർഗ്ഗാത്മകം എന്നെല്ലാമുള്ള വിശേഷണങ്ങളാണ് റാനറുടെ പ്രബന്ധങ്ങാക്കും പ്രസംഗങ്ങാക്കും സർവ്വസമ്മതി. ഈ പകപമതിയുടെ കൃതികാ കുറച്ചൊന്നുമല്ല. എണ്ണത്തിലും വണ്ണത്തിലും അവ മുമ്പിൽതന്നെ. നല്ലവണ്ണം തയ്യാററായതിനുശേഷമേ ഈ മിതഭാഷി എന്തും അവതരിപ്പിക്കുകയുള്ളു. 3. 30 A. M. തുടങ്ങി 11 P M വരെയാണ് പ്രവൃത്തിസമയം. നാലരമണിക്കൂറേ ഉറക്കമുള്ളു.

കാറ റാനർ സഹപത്രാധിപരായി ബൃഹത്തായ ഒരു ദൈവശാസ്ത്രവിജ്ഞാനകോശം പ്രസാധനം ചെയ്തിട്ടുണ്ട്. സാധാരണക്കാർക്കു മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് റാനറിന്റെ ചിന്തോദ്ദീപകശൈലിയെന്നു പരാതിയുണ്ട്. ഈ പ്രാമാണിക ദൈവശാസ്ത്രജ്ഞന്റെ നിരവധി കൃതികാ പ്രസിദ്ധം ചെയ്തിട്ടുള്ളവയിൽ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിട്ടുള്ളത് താഴെപ്പറയുന്നവയാണ്. ''സഭയിലെ അഭിപ്രായ സ്വാതന്ത്ര്യം'' (Free Speech in the Church); ''മൗനത്തെ അഭിമുഖീകരിക്കൽ'' (Encounter with Silence); ''മരണത്തിന്റെ ദൈവശാസ്ത്രം'' (On the Theology of Death); ''ദൈവശാസ്ത്ര സൂക്ഷ്മശോധന'' (Theological Investigation); ''ക്രിസ്തീയ കർത്തവ്യം'' (Christian Commitments); ''പ്രാർത്ഥനയിലൂടെയുള്ള ആനന്ദം'' (Happines Through Prayer); ''ബൈബിളിലെ ദൈവനിവേശിതത്വം'' (Inspiration in the Bible).

www.malankaralibrary.com


"കത്തോലിക്കരുടെ വൈമാതൃവണക്കം കുറെ കൂടിപ്പോകുന്നുണ്ട്. ഇതു സഭൈക്യത്തിനു വലിയൊരു വിലങ്ങുതടി തന്നെ. മാതാവിനെ "സഹപരിത്രാണക" (Co – Redemptress) എന്നുവരെ പ്രഖ്യാപിക്കാൻ കത്തോലിക്കാസഭ മടിക്കയില്ല" എന്നുള്ള കാറംബാർത്തിന്റെ പ്രസ്താവനയെപ്പററി ഒരു അഭിമുഖ സംഭാഷണ മദ്ധ്യേ ഉയർത്തപ്പെട്ട ചോദ്യത്തിന് റാനർ മറുപടി പറഞ്ഞു:

"പ്രോട്ടസ്ററൻറു നവീകരണത്തിന്റെ ആരംഭഘട്ടത്തിൽ മരിയഭക്തി വിഭജനത്തിനു ഹേതുവായിരുന്നില്ല. ദൈവമാതൃഭക്തിയിലെ അപഭ്രംശങ്ങളെ ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ദൈവമാതൃത്വത്തേയും കന്യാത്വത്തേയും ആദരിച്ചംഗീകരിക്കാൻ ആദിമപ്രോട്ടസ്ററൻറുസഭ ഉത്സുകയായിരുന്നു.

മാതാവിന്റെ അമലോത്ഭവത്തെയും സ്വർഗ്ഗാരോപണത്തെയും കുറിച്ചുള്ള വിശ്വാസസത്യങ്ങളെ പ്രോട്ടസ്ററൻറുസഭ എതിർക്കുന്നുണ്ട്. ഇതു എക്യുമെനിക്കൽ ഡയലോഗിനു ബുദ്ധിമുട്ടുണ്ടാക്കയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ കൃപാവരമുളവാക്കുന്ന വിജയത്തിന്റെയും സഭയ്ക്കുവേണ്ടി മറിയത്തിലൂടെ ഗോചരീഭവിച്ചിട്ടുള്ള പൂർണ്ണ പരിത്രാണത്തിന്റെയും പ്രകടനങ്ങളാണ് മറിയത്തെപ്പററി സഭയുടെ പ്രഖ്യാപനങ്ങൾ.

ദൈവപുത്രനിലും അവന്റെ ചരിത്രപരമായ അസ്തിത്വത്തിലും അവന്റെ കൃപാവരവിജയത്തിലും വിശ്വസിക്കുവാൻ എല്ലാവരും സന്നദ്ധരാണ്. അങ്ങനെയുള്ളവർ തങ്ങളോടൊപ്പം ദൈവമാതൃസ്നേഹത്തിലും മാതാവിനെക്കുറിച്ചുള്ള പഠനത്തിലും സഹകരിക്കുന്ന സന്ദർഭം തീർച്ചയായും ഉണ്ടാകുമെന്നത്രേ കത്തോലിക്കരുടെ പ്രത്യാശ.

www.malankaralibrary.com


ക്രിസ്തുവിൻെറയും ക്രിസ്തുവിൻെറ കൃപാവരത്തിൻെറയും ശക്തികൊണ്ട് ക്രിസ്തുവിൻെറ മൗതിക ശരീരത്തിലെ ഓരോ അംഗവും മൗതികശരീരത്തിലെ ഇതരഭാഗങ്ങളുടെ രക്ഷയെ സംവഹിക്കുന്നവരായിത്തീരുന്നു. ക്രിസ്തുവിൻെറ കൃപാവരത്തിൻെറ ശക്തിയിൽ ഉത്തമമായ ''രക്ഷയുടെ സംവാഹക'' എന്ന സ്ഥാനം മൗതികശരീരത്തിൽ മറിയത്തിനുണ്ട്. ഇതാണു മറിയത്തിൻെറ പ്രാധാന്യം.

വേദപുസ്തകം മറിയത്തിനു വ്യത്തമായി നല്കുന്ന സ്ഥാനം മാത്രമേ കത്തോലിക്കർ മറിയത്തിനു കൊടുക്കുന്നുള്ളു. ആ കന്യക സ്വതന്ത്രമനസ്സോടെ ഉരുവിട്ട സമ്മതംമൂലമാൽ ദൈവവചനത്തെ നമുക്കുവേണ്ടി സ്വീകരിച്ചു. എല്ലാ തലമുറകളാലും അവരം പ്രശംസിക്കത്തക്കവളായി. മറിയത്തിൻെറ മദ്ധ്യസ്ഥതയെന്നും സഹപരിത്രാണം എന്നും പറയുമ്പോരം കത്തോലിക്കർ വിവക്ഷിക്കുന്ന അർത്ഥം പ്രോട്ടസ്റ്റൻറുകാർ മനസ്സിലാക്കേണ്ടതുണ്ട്. ആശയത്തെ ബലികഴിക്കാതെ വേണമെങ്കിൽ ഈ വാക്കുകളെ മാററാവുന്നതാണ്. ഈ വാക്കുകരം പ്രോട്ടസ്റ്റൻറു സഹോദരങ്ങളെ പേടിപ്പെടുത്തുന്നു. ക്രിസ്തുവിനുമാത്രമുള്ള മദ്ധ്യസ്ഥതയും പരിത്രാണവും ഈ വാക്കുകരം അപഹരിച്ചുകളഞ്ഞേക്കുമെന്നത്രേ അവരുടെ പേടി''.

www.malankaralibrary.com


## XV

# ഗ്രിഗറി ബാം

ക്രൈസ്തവൈക്യചിന്തകന്മാർക്ക് അറിവും ആവേശവും പകരുന്ന ഒന്നത്രേ ന്യൂയോർക്കിലെ പൗളിസ്ററുപ്രസ്സിൽനിന്നു പ്രസിദ്ധീകരിക്കുന്ന "ദ് എക്യുമെനിസ്ററ്" എന്ന പത്രം. ഗ്രിഗറി ബാം(Gregory Baum)ൻെറ വിദഗ്ദ്ധ ലേഖനങ്ങൾ ഈ പ്രമുഖ പത്രികയ്ക്കു മാററു വർദ്ധിപ്പിക്കുന്നു. പത്രത്തിൻെറ ആധിപത്യവും ഇദ്ദേഹത്തിൻെറ കരുത്തുററ കൈകളിൽ നിക്ഷിപ്തമായിരിക്കുന്നു.

സഭൈക്യകാര്യാലയത്തിൻെറ ആലോചനാസമിതിയിൽ ഗ്രിഗറി ബാം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ദൈവശാസ്ത്ര വിശേഷജ്ഞനായി ഇദ്ദേഹം വത്തിക്കാൻ കൗൺസിലിൽ സംബന്ധിക്കയും ചെയ്തു.

അമേരിക്കയിലെ പ്രസിദ്ധനായ ഈ എക്യുമെനിസചിന്തകൻ ജനിച്ചത് ജർമ്മനിയിലെ ബർളിനിൽ 1923 ജൂൺ 20-ാം തീയതിയാണ് യഹൂദമാതാപിതാക്കന്മാരുടെ പുത്രനായ ഈ ക്രിസ്തീയ വിജ്ഞാനപടു പറയത്തക്ക മതപഠനം ഒന്നും കൂടാതെ വളർന്നു. ജർമ്മനിയിൽ നിന്നു 1939-ൽ ഇംഗ്ലണ്ടിലേക്കു കുടിയേറിപ്പാർത്തതു മൂലം അന്നു ജർമ്മനിയിൽ യഹൂദന്മാർക്കു അനുഭവപ്പെട്ടുകൊണ്ടിരുന്ന ദുർവ്വിധിയിൽ നിന്നു രക്ഷപ്പെടുന്നതിനു ഈ ഭാഗ്യശാലിക്കു സാധിച്ചു.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്നു ജർമ്മൻകാരനായ ബാം അതിർത്തിവിട്ടു പോകരുതെന്നുള്ള വ്യവസ്ഥയിൽ തടവ

www.malankaralibrary.com



ഖാക്കപ്പെടുകയും കാനഡായിലെ തടങ്കൽപ്പാളയത്തിൽ അടയ്ക്കപ്പെടുകയും ചെയ്തു. ജർമ്മൻകാരായ ധാരാളം അഭയാർത്ഥികളോടൊപ്പം രണ്ടു വർഷക്കാലം ബാം തടവിൽ കിടന്നു. 1942-ലാണ് വിമോചിതനായത്. 1946 വരെ ഹാമിൽട്ടനിലെ മാക്ക്മാസ്ററർ (Mc Master) യൂണിവേഴ്സിററിയിലും അനന്തരം ഒഹായോ (Ohio) സ്റേററു യൂണിവേഴ്സിററിയിലും പഠിച്ചു ഗണിതശാസ്ത്രത്തിൽ എം. എ. ബിരുദം നേടി.

വി. അഗസ്തിനോസിൻെറ "ഏററുപറച്ചിൽ" (Confessions) എന്നഗ്രന്ഥം വായിച്ചാസ്വദിച്ചു അയവിറക്കിയതിൻെറ ഫലമായി 1946-ൽ ഗ്രിഗറി ബാം കത്തോലിക്കാ മതാവലംബിയായി. ഒരു സന്യാസ സമൂഹത്തിൽ ചേരണമെന്നുള്ള ആഗ്രഹം നിമിത്തം 1947—ൽ അഗസ്ററീനിയൻ സമൂഹത്തിൽ ചേർന്നു, ഗ്രീക്കു, ലാററിൻ, ഫിലോസഫി എന്നിവയുടെ പഠനത്തിനും സന്യാസപരിശീലനത്തിനും ശേഷം സ്വിററ്സർലണ്ടിലെ ഫ്രെയിബർഗ്ഗു യൂണിവേഴ്സിററിയിൽ നിന്നു 1956—ൽ ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിക്കുവാൻ ഈ ഗണിതജ്ഞനു പ്രയാസം നേരിട്ടില്ല.

ടൊറൻേറായിലെ സെൻറുബേസിൽ സെമിനാരിയിലും, ടൊറൻേറാ യൂണിവേഴ്സിററിയിലെ സെൻറുമൈക്കിൾസ് കോളജിലും ഡോക്ടർ ബാം അധ്യാപകസേവനം അനുഷ്ഠിച്ചിട്ടുണ്ട്. സെൻറു മൈക്കിൾസ് കോളജിൽ സ്ഥാപിതമായ എക്യുമെനിക്കൽ പഠനസമിതിയുടെ ഡയറക്ടറായും ഈ ദൈവശാസ്ത്ര വിശാരദൻ വർത്തിച്ചു.

www.malankaralibrary.com



"അവർ ഒന്നാകുന്നതിന്" (That They May Be One); "യഹൂദന്മാരും സുവിശേഷവും" (The Jews and the Gospel); "പുരോഗതിയും വീക്ഷണവും" (Progress and Perspective) തുടങ്ങിയ പ്രശസ്തങ്ങളായ കൃതികളാണ് ഗ്രിഗറി ബാമിന്റെ ചിന്താസന്താനങ്ങൾ.

ക്രിസ്തീയവിശ്വാസത്തിന്റെ ഇന്നത്തെ ഏററം വലിയശത്രു പദാർത്ഥമാത്രസിദ്ധാന്തമോ ഈശ്വരനിഷേധപ്രസ്ഥാനമോ അല്ലെന്നത്രേ ഗ്രിഗറിബാമിന്റെ വാദം. സത്യാസത്യങ്ങളെ അലസമായി കാണുന്ന മനോഭാവത്തെയാണ് അദ്ദേഹം ഏററമധികം വെറുക്കുന്നത്. സത്യാധിഷ്ഠിതമല്ലാതെ വികാരാധിഷ്ഠിതമായി മാത്രം നിലകൊള്ളുന്ന മതം നീണ്ടുനില്ക്കുകയില്ലെന്ന കാര്യത്തിൽ ഇദ്ദേഹത്തിനു സംശയമില്ല. പള്ളികൾ ശൂന്യമാകയും ക്രിസ്ത്യാനികൾ വെറും നാമധാരികൾ മാത്രമാകയും ചെയ്യുന്നതിന്റെ കാരണം മറെറാന്നല്ല. എതിർപ്പില്ലാത്ത ക്രിസ്തീയകേന്ദ്രങ്ങളിലാണ് ഈ ദുസ്ഥിതി അധികമായി കാണുന്നത്. സ്വീഡൻ, ഇററലി തുടങ്ങിയ നാടുകൾ ഉദാഹരണമായി ബാം എടുത്തു കാണിക്കുന്നു.

വ്യക്തിപരപരിവർത്തനം ആകാമോ എന്ന ചോദ്യത്തിന് നിഷേധാത്മകമല്ല ബാം നല്കുന്ന ഉത്തരം കാതൊലികവും ശ്ലൈഹികവുമായ ഏക വിശുദ്ധസഭയെന്ന കത്തോലിക്കാഅവകാശവാദത്തിൽ ഉത്തമ ബോദ്ധ്യമുണ്ടാകുന്ന ഒരു പ്രൊട്ടസ്ററന്റുകാരന് മനസ്സാക്ഷിസ്വാതന്ത്ര്യമനുസരിച്ചു നീങ്ങുന്നതിനുള്ള കടപ്പാടുണ്ടെന്നത്രേ ബാമിന്റെ വാദം. ഏതായാലും വ്യക്തികളുടെ പരിവർത്തനത്തിനുള്ള ഈ

www.malankaralibrary.com



സ്വാതന്ത്ര്യം എക്യുമെനിസമേഖലയെ ഇല്ലാതാക്കുന്നില്ല എന്നത്രേ അദ്ദേഹം തുടർന്നു പറയുന്നത്. എല്ലാ ക്രിസ്ത്യാനികളേയും സ്പർശിക്കുന്നതിനും എല്ലാ ക്രിസ്തീയ സഭകളേയും ഉൾപ്പെടുത്തുന്നതിനും കൂട്ടുപ്രവർത്തനത്തിനു അധികം വിസ്തൃതമായ മേഖല കണ്ടെത്തുന്നതിനും ആധുനികലോകത്തിനു ക്രിസ്ത്യാനികളുടെ ഒരു പൊതുസാക്ഷ്യം നല്കുന്നതിനും എല്ലാ ക്രിസ്ത്യാനികളേയും കുടുതൽ ഉണർവ്വുള്ള ക്രിസ്ത്യാനികളാക്കുന്നതിനും വേണ്ടിയുള്ളതാണ് എക്യുമെനിസം. ക്രിസ്തീയതയിൽ ഇനിയും അഭ്യുവൃദ്ധിപ്പെടുമെങ്കിൽ നമ്മൾ ഐക്യത്തിന്റെ പാതയിൽ തന്നെ, സംശയമില്ല.

www.malankaralibrary.com



# XVI

## അഗസ്ററിൻ കാർഡിനൽ ബയാ

''ഭൂതകാലചെയ്തികളെ വിധിപറയുന്നതിനുള്ള അവകാശം നമുക്കു ചരിത്രപഠിതാക്കൾക്കു നല്കാം; അവർക്കതിനു കാരണം കാണും, വിഭവം കാണും. ഭൂതകാലചെയ്തികളെ ഉപരിവിധിക്കു വിധേയമാക്കണമെങ്കിൽ അതിനുള്ള അധികാരം ദൈവത്തിനു സമർപ്പിക്കാം. വിധിപറയുകയല്ല നമ്മുടെ ലക്ഷ്യം. നമുക്കു കരണീയം ഒന്നു മാത്രമാണ്, നൂററാണ്ടുകൾക്കു മുമ്പു നഷ്ടപ്പെട്ടുപോയ നമ്മുടെ ഐക്യത്തിൻെറ വീണ്ടെടുക്കൽ''

അഗസ്ററിൻ കാർഡിനൽ ബയായുടെ വാക്കുകളാണിവ. പോപ്പുജോണും പോപ്പുപോളും കഴിഞ്ഞാൽ വത്തിക്കാൻ കൗൺസിലിൻെറ ശ്വാസകോശം കാർഡിനൽ ബയാ ആയിരുന്നു.

ജർമ്മനിയിലെ ഒരു നാട്ടിൻപുറമാണ് റീഡ് ബോറിംഗൻ (Ried bohringen). ഇടതൂർന്ന കാനനത്തിനു തൊട്ടടുത്താണ് അതിൻെറ കിടപ്പ്. ശാലീനത നിറഞ്ഞ ആ ഗ്രാമത്തിലത്രേ 1881 മെയ് 23–ാം തീയതി അഗസ്ററിൻ ബയാ ജാതനായത്. ഈശോസഭ എന്ന സന്ന്യാസസമൂഹത്തിൽ ചേർന്ന ഇദ്ദേഹം ബർലിനിലെ ഇൻസ്ബർക്കിൽ പഠിത്തം നടത്തി 1912–ൽ വൈദികനാകയും ജസ്യൂട്ട് സമൂഹത്തിൻെറ പ്രാദേശികാദ്ധ്യക്ഷനായി നിയമിക്കപ്പെടുകയും ചെയ്തു. റോമിലെ പ്രസിദ്ധമായ പൊന്തിഫിക്കൽ ഇൻസ്ററിററൂട്ടിൻെറ റെക്ടർ സ്ഥാനത്തേക്കുള്ള കയററം കിട്ടിയത് 1930-ലാണ്. വേദപുസ്തക പഠനം ഐച്ഛികവിഷയമാക്കിയിട്ടുള്ള ഈ പണ്ഡിതൻ ചരിത്രം, പുരാവസ്തു വിജ്ഞാനം, തത്വശാസ്ത്രം, ഭാഷാശാസ്

www.malankaralibrary.com



ത്രം, ദൈവശാസ്ത്രം എന്നിവയിലെ ആധുനിക നിഗമനങ്ങളുമായി വേദപുസ്തകഭാഷ്യത്തെ പൊരുത്തപ്പെടുത്താൻ ചെയ്തിട്ടുള്ള ശ്രമം അതീവ ശ്രദ്ധാർഹമാണ്.

ജർമ്മൻ, ലാററിൻ, ഇററാല്യൻ എന്നീ വിവിധഭാഷകളിലായി കാർഡിനൽ ബയായുടെ പ്രബന്ധങ്ങരം പരന്നുകിടക്കുന്നു. 12–ാം പീയൂസ് പാപ്പായുമായി ഉററസമ്പർക്കത്തിലാണ് ഇദ്ദേഹം കഴിഞ്ഞത്. പോപ്പുജോൺ 23–ാമൻ ഇദ്ദേഹത്തെ കർദ്ദിനാരം സ്ഥാനത്തേക്കുയർത്തുകയും പുതുതായി രൂപീകരിച്ച സഭൈക്യകാര്യാലയത്തിൻെറ പ്രസിഡണ്ടാക്കുകയും ചെയ്തു. സ്വീകരിച്ച സ്ഥാനത്തിനു ഏററം അനുയോജ്യനാണ് താനെന്നു കൗൺസിൽ പ്രവർത്തനങ്ങളിലൂടെ തെളിയിക്കുവാൻ കാർഡിനൽ ബയായ്ക്കു സാധിച്ചു.

എക്യുമെനിസത്തിൻെറ അന്തസ്സത്തയിലേക്കു കടന്നുചെല്ലുന്ന കർദ്ദിനാരം ബയാ സ്നേഹത്തിനും സത്യത്തിനും അവിടെ ഉണ്ടായിരിക്കേണ്ട പരസ്പരബന്ധത്തെ അടുത്തു കാണുന്നു. സ്നേഹവും സത്യവുമായുള്ള ചേർച്ചയിൽ ഒന്നിനും പ്രാധാന്യം നഷ്ടപ്പെടരുത്; രണ്ടും ഇരിക്കേണ്ടിടത്തു ഇരിക്കണം; ഒന്നിനും ന്യൂനത വരാൻ പാടില്ല; പരസ്പരം മിഴിവേകിക്കൊണ്ടായിരിക്കണം യോജിപ്പ്. ഇതു എങ്ങനെ സാധിക്കാമെന്നതിലാണ് ബുദ്ധിമുട്ട്. സ്നേഹം കൂടാതെയുള്ള സത്യം അസഹിഷ്ണതയാകും, മറുതലിപ്പുണ്ടാക്കും; സത്യം കൂടാതെയുള്ള സ്നേഹം അന്ധമാണ്, നിലനിൽക്കുകയില്ല. സ്നേഹത്തെയും സത്യത്തെയും വേർപെടുത്തുന്ന പ്രവണതയ്ക്കെതിരായി നമ്മരം ജാഗരൂകരായിരിക്കണം.

www.malankaralibrary.com

# ശുദ്ധിപത്രം

| പുറം | വരി | തിരുത്ത് |
|---|---|---|
| 26 | 7 | എക്യുമെനിസമനോഭാവം. |
| 52 | 17 | മനസ്സിലാക്കിക്കൊടുക്കുന്ന |
| 56 | 22 | എങ്കിലേ, |
| 59 | 26 | Smile a while and |
| 63 | 4 | അന്തരം |
| 76 | 9,10 | ഉറപ്പിക്കപ്പെട്ടിട്ടുള്ളതെന്ന |
| 83 | 24 | മുറവിളിക്കു |
| 90 | 21 | വ്യക്തിത്വവികസനവിഷയത്തിൽ |
| 105 | 30 | ജനതകളുടെ പ്രകാശം. |
| 121 | 19 | കീഴ്പ്പെടുന്നില്ല |
| 124 | 9 | പാത്രിയർക്കീസാണ് |
| 154 | 11 | പകിട്ടു കൊടുക്കുവാൻ |
| 154 | 12 | 'തൻപിള്ള പൊൻപിള്ള' നയം |
| 159 | 15 | ചികിത്സക്കുവേണ്ടി |
| 166 | 20 | അവയ്ക്കുള്ള |
| 176 | 11 | സാധാരണക്കാരനെ |
| 183 | 30 | Augustin Cardinal Bea |
| 184 | 2 | അതിൽനിന്നാണ്. |
| 190 | 21 | കത്തോലിക്കർക്കുള്ളത്. |

www.malankaralibrary.com

# എക്യുമെനിസം

ഫാ: വറുഗീസ് കിളിച്ചിമല

ആധുനിക ക്രൈസ്തവചരിത്രത്തിലെ ഏററം വലിയ ചലനത്തിൻെറ സമഗ്രചിത്രീകരണമാണ് 'എക്യുമെനിസം' എന്ന ഇപ്പുസ്തകം. എക്യുമെനിസം എന്ത്?, പിളപ്പും നെട്ടവീപ്പും, പുനരൈക്യവും എക്യുമെനിസവും, ഭിന്നതയുടെ വൈകാരിക കാരണങ്ങൾ, സൗഹൃദാന്തരീക്ഷസൃഷ്ടി, ഡയലോഗിന്റെ ലക്ഷണങ്ങൾ, എക്യുമെനിസചിന്തകന്മാർ തുടങ്ങി പതിനൊന്ന് അദ്ധ്യായങ്ങളിലൂടെ എക്യുമെനിസത്തിൻെറ അന്തർധാര വിശദമാക്കുന്നു. ഭിന്നതയുടെ ഗത്തം നികത്താമോ എന്ന ചോദ്യത്തിൻെറ സമത്ഥമായ മറുപടിയാണ് ഇതിന്റെ താളുകളിലുള്ളത്. ജോൺ ഒബ്രിയൻ, കാർ ധിനൽമേയർ, ഫ്രാങ്ക്ളിൻ ലിററൽ, മക്കഫീബ്രൗൺ, കാൾബാത്ത്, യാവ് കോംഗാർ, എമിലി ജോസഫ് ഡെ സ്മെ, കാൾ റാനർ, ഗ്രിഗറിബാം, കാഡിനൽ ബെയാ തുടങ്ങിയ വിവിധ മേഖലകളിലുള്ള പണ്ഡിതന്മാർ ക്രൈസ്തവഭിന്നതയുടെ ഭീകരഗത്തം മറികടക്കുന്നതിനുള്ള പാലം പണിയിൽ പ്രകടിപ്പിക്കുന്ന കോരിത്തരിപ്പിക്കുന്ന വൈദഗ്ദ്ധ്യം ഇവിടെ കാണാം. ആഴത്തിൽനിന്നും ആഴത്തിലേക്കിറങ്ങുന്ന വിഷയങ്ങളും വിഷയം സുഗ്രാഹ്യമാക്കുന്ന പ്രതിപാദനവും.

വിതരണം:

**ശാന്തിനിലയം, തിരുവല്ലാ**

Cover printed at J. M. Bros., Ktym.